The House expresses thanks to the Honourable Governor for the address delivered by her on such and such day to the members of this house..........എന്നുള്ള നിലയിൽ അഡ്മിററ് ചെയ്യണം. അതാണ് അതിന്റെ പ്രോപ്പർ ഫോം. ഇത് പ്രമേയം എഴുതാൻ അറിയാത്തവരാരോ എഴുതികൊടുത്തതാണ്. ഇത് ആർഡറിലല്ല. അതുകൊണ്ട് അത് മൂവ് ചെയ്യാൻ അനുവദിച്ചുകൂട.

മി. സ്പീക്കർ :— പ്രമേയം ആർഡറിലായതുകൊണ്ടാണ് അനുവാദം കൊടുത്തത്. അതുകൊണ്ട് ശ്രീ. തച്ചടി പ്രഭാകരന് മൂവ് ചെയ്യാം.

(ബഹളം)

ശ്രീ. ഇ. അഹമ്മദ് :— ബഹുമാനപ്പെട്ട സി. ബി. സി. യെ പോലെ പ്രശസ്തനായ ഒരാൾ ഇങ്ങനെ ചെയറിനെ ചോദ്യം ചെയ്യുന്നത് ശരിയല്ല, അത് അനുവദിക്കരുത്.

II ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെ കുറിച്ചുള്ള ചർച്ച

ശ്രീ. തച്ചടി പ്രഭാകരൻ : സർ, ഞാൻ താഴെ പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു.

"ഗവർണ്ണർ 1982 ജനുവരി 29-ാം തീയതി നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് കേരള നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി പ്രകാശിപ്പിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സർ, ഈ പ്രമേയം സഭയുടെ മുമ്പിൽ അവതരിപ്പിക്കുന്ന ഈ അവസരത്തിൽ കഴിഞ്ഞ രണ്ടു ദിവസമായി ഈ ഗവൺമെന്റ് അധികാരം ഏറ്റെടുത്തതിനെ ചോദ്യം ചെയ്തുകൊണ്ട് നടന്ന ദീർഘമായ ചർച്ചയിൽ പല പ്രശ്നങ്ങളും ഇവിടെ അവതരിപ്പിക്കുകയുണ്ടായി. അങ്ങനെ അവതരിപ്പിക്കപ്പെട്ട പ്രശ്നമായതുകൊണ്ട് അതിനെക്കുറിച്ച് ഒരു ആവർത്തനം നടത്താൻ ഞാൻ മുതിരുന്നില്ല. കഴിഞ്ഞ ഒരു മാസക്കാലമായി (ബഹളം)

ശ്രീ പി. എസ്. ശ്രീനിവാസൻ : പ്രമേയം അവതരിപ്പിച്ചു കഴിഞ്ഞാൽ അതിനുള്ള അമൻറ്മെൻറ് അവതരിപ്പിക്കണം. അതിനുശേഷമേ പ്രസംഗം തുടരാൻ അനുവദിക്കാവൂ.

മിസ്ററർ സ്പീക്കർ : അങ്ങനെ പ്രത്യേകമായി ഒരു നിയമമില്ല. പരിശോധിച്ചു തന്നെയാണ് ചെയ്തിട്ടുള്ളത്. പ്രമേയം അവതരിപ്പിച്ചു പ്രസംഗിച്ചതിനു അതിനെ പിൻതാങ്ങിയിട്ട് അമൻറ്മെൻറ് മൂവ് ചെയ്യുന്നതിനുള്ള സൗകര്യമുണ്ട്.

ശ്രീ. പി. എസ്. ശ്രീനിവാസൻ : അങ്ങയുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയല്ല. സാധാരണ ഗതിയിൽ ഒരു പ്രമേയം അവതരിപ്പിച്ചു കഴിഞ്ഞാൽ ആ പ്രമേയത്തിലെ ഭേദഗതി എന്താണെന്ന് അറിയാതെ ചർച്ച നടത്തുന്നത് എങ്ങനെയാണ്. അതുകൊണ്ട് പ്രമേയത്തിന് ഭേദഗതി അവതരിപ്പിച്ചിട്ട് ഇവിടെ പ്രസംഗിക്കുന്നത് ആയിരിക്കും നല്ലത്.

ശ്രീ. തച്ചടി പ്രഭാകരൻ : ഞങ്ങൾ ഈ പ്രമേയം അവതരിപ്പിച്ച അവസരത്തിൽ വളരെ വീറോടു കൂടി വന്ന ഒരു പ്രതിപക്ഷത്തെയാണ് കാണാൻ സാധിച്ചത് ഒരു ന്യൂനപക്ഷ മന്ത്രിസഭയാണ് ശ്രീ. കരുണാകരന്റെ നേതൃത്വത്തിൽ ഇവിടെ രൂപംകൊണ്ടതെന്നു പറഞ്ഞ് ഒരു മാസക്കാലം തെരുവിൽ നടന്ന് സമരം ചെയ്തതിനുശേഷം നിയമസഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്ന് 71 ആളുകളുടെ ഭൂരിപക്ഷം ഉണ്ടായിക്കഴിഞ്ഞതോടുകൂടി വെള്ളത്തിൽ വീണ എലിയെപ്പോലുള്ള ഒരു പ്രതിപക്ഷത്തിന്റെ മുമ്പിലാണ് എനിക്ക് ഈ പ്രമേയം അവതരിപ്പിക്കേണ്ടിവന്നത്.

സർ, ശ്രീ. കരുണാകരന്റെ നേതൃത്വത്തിൽ എങ്ങനെ ഇവിടെ ഒരു ഗവൺമെന്റ് ഉണ്ടായി. കഴിഞ്ഞ 1980-ൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ഒരു ഇടതുപക്ഷ ജനാധിപത്യ ഐക്യമുന്നണി ഇവിടെ ശ്രീ. ഇ. കെ. നായനാരുടെ നേതൃത്വത്തിൽ രൂപം കൊണ്ടു. ഇന്നലെ ശ്രീ. നായനാർ ഇവിടെ സൂചിപ്പിച്ചതുപോലെ ഇടതുപക്ഷ ജനാധിപത്യ ഐക്യമുന്നണി എന്നത് കേരളത്തിലും ഇൻഡ്യയിലും കോൺഗ്രസും ജനാധിപത്യകക്ഷികളും ചേർന്ന പുതിയ ഒരു പരീക്ഷണമാണ്. ആ പരീക്ഷണം ഉണ്ടായപ്പോൾ ഞങ്ങൾ വളരെ വ്യക്തമായ ഭാഷയിൽ മാർക്സിസ്റ്റ് നേതൃത്വത്തോട് ഒരു കാര്യം പറയുകയുണ്ടായി. നിങ്ങൾ 1957-ലും 67-ലും കേരളം ഭരിച്ച ആളുകളാണ്. 1956 നവംബർ മാസം 1-ാം തീയതി രൂപം കൊണ്ട പുതിയ കേരളത്തിൽ 1957-ൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ആദ്യമായി ബാലററു പേപ്പറിൽകൂടി അധികാരത്തിൽ വന്നു. കേരളത്തിലും ഇൻഡ്യയിലും ലോകത്തിലും ബാലററു പേപ്പറിൽക്കൂടി കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം അധികാരത്തിൽ വന്നത് 57-ൽ ആണ്. എന്തു സംഭവിച്ചു സർ ? അധികാരം കൈവശം വന്നപ്പോൾ എന്തു സംഭവിച്ചു എന്നുള്ളത് കേരളത്തിലെ ജനങ്ങൾക്കറിയാം. കുട്ടിസഖാക്കളുടെ സെൽഭരണം കേരള വ്യാപകമായി ആരംഭിച്ചു. കേരളത്തിൽ അധികാരത്തിലേക്ക് ഉയർത്തപ്പെട്ട ജനങ്ങളുടെ നേരെ അക്രമങ്ങളും മർദ്ദനങ്ങളും കുട്ടിസഖാക്കൾ കേരള വ്യാപകമായി ആരംഭിച്ചു. അന്ന് ഇന്ദിരാഗാന്ധിയല്ല ഇൻഡ്യയിൽ ഭരണം നടത്തിയിരുന്നത്. ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളെ സഹായിച്ചുകൊണ്ടിരുന്ന, ലോക സമാധാനത്തിന്റെ സന്ദേശവാഹകനായ ശ്രീ. പണ്ഡിററ് ജവഹരിലാൽ നെഹ്റു ആയിരുന്നു ഇൻഡ്യയുടെ പ്രധാനമന്ത്രി. അതുപോലെ ഐക്യരാഷ്ട്ര സഭയിൽ പല രാഷ്ട്രങ്ങൾക്കും അനുകൂലമായി പ്രസംഗം നടത്തിയ ശ്രീ. വി. കെ. കൃഷ്ണമേനോൻ അടക്കമുള്ളവരായിരുന്നു ഇൻഡ്യയുടെ കേന്ദ്ര ഭരണകൂടത്തിൽ അന്നുണ്ടായിരുന്നത്. പണ്ഡിററ് ജവഹരിലാൽ നെഹ്റുവിനും. വി. കെ. കൃഷ്ണമേനോനും രക്ഷപ്പെടുത്താൻ കഴിയാത്ത ആളുകളാണ് കമ്മ്യൂണിസ്ററുകളെന്ന് 1959-ൽ കേരളം തെളിയിച്ചു. 29 മാസക്കാലത്തെ ഭരണത്തിൽ നിന്നും കമ്മ്യൂണിസ്ററുകാരെ നിഷ്കാസനം ചെയ്തതിനു ശേഷം എന്താണു സർ കേരളത്തിൽ നടന്നത്. 1960-ൽ ജനവിധി ഉണ്ടായി. 29 മാസക്കാലത്തെ ഭരണത്തിനു ശേഷം ഉള്ള ജനവിധി, കമ്മ്യൂണിസ്ററു പ്രസ്ഥാനത്തെ കേരളത്തിലെ ജനങ്ങൾ 29 മാസക്കാലത്തെ ഭരണത്തെ വിലയിരുത്തിക്കൊണ്ട് ഒരു മൂലയിൽ കൊണ്ട് ചാരിവച്ചു. അതു കഴിഞ്ഞതിനു ശേഷമുള്ള സംഭവവികാസങ്ങൾ എന്താണ്.

സർ, ഇന്നലെ ഇവിടെ സഖാവ് പി. കെ. വാസുദേവൻനായരും, ബേബി ജോണും പ്രസംഗിച്ചു. നിങ്ങൾക്കു നാണമില്ലേ എന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 1967-ൽ 133 നിയമസഭാസാമാജികൻമാരിൽ 117 ആളുകളെ ചേർത്ത് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ ഒരു മാർക്സിസ്റ്റ് ഐക്യമുന്നണിയുണ്ടാക്കി. മാർക്സിസ്റ്റ് പാർട്ടിക്ക് എപ്പോൾ അധികാരം കൊടുത്താലും കുരങ്ങന്റെ കൈയിൽ പൂമാല കൊടുക്കുന്നതുപോലെയാണ്. ഇന്ന് ഇപ്പോൾ കരുണാകരൻ ഇവിടെ ഇരിക്കുന്നു. നായനാർ ഇരിക്കേണ്ടിടത്തു കൊണ്ടുചെന്നിരിത്തിയിരിക്കുന്നു. 133 അംഗങ്ങളിൽ 117 പേരുടെ ഭൂരിപക്ഷത്തോടുകൂടി 5 വർഷക്കാലത്തേയ്ക്ക് കേരളം ഭരിക്കുന്നതിനുവേണ്ടി

2/2077/G

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുക്കപ്പെട്ടിട്ട് 32 മാസക്കാലം അധികാരത്തിലിരുന്നിട്ട് പിന്നീട് എന്താണ് സംഭവിച്ചത് ? അന്ന് പി. കെ. വി. യുടെ കക്ഷിയും ബേബി ജോണിന്റെ കക്ഷിയും എന്താണ് പറഞ്ഞതെന്ന് ഉള്ളതിന് ഈ സഭ സാക്ഷ്യം വഹിച്ചിട്ടുണ്ട്. എന്താണ് പറഞ്ഞത് ? കേരളത്തിൽ ഏതു ചെകുത്താൻ അധികാരത്തിൽ വന്നാലുംശരി മാർക്സിസ്റ്റു പാർട്ടിയെ അധികാരത്തിലിരുത്താൻ പാടില്ലെന്നാണ്. (ബഹളം)...............

ശ്രീ. പി. കെ. ശ്രീനിവാസൻ : ഒരു പോയിന്റ് ഓഫ് ഓർഡർ, തച്ചടി പ്രഭാകരൻ ചെയ്ത പ്രസംഗത്തിൽ പി. കെ. വി. ക്കും മററും നാണമില്ലേ എന്നു ചോദിച്ചു. ജീവിതത്തിൽ ഒരിക്കലും നാണം എന്തെന്ന് അറിഞ്ഞുകൂടാത്ത ഒരു വ്യക്തി നാണത്തെപ്പററി ചോദിക്കുന്നത് ഓർഡറിലാണോ ? .

മി. സ്പീക്കർ : ഇതിൽ പോയിന്റ് ഒന്നുമില്ല.

ശ്രീ. തച്ചടി പ്രഭാകരൻ : പത്തു പതിനൊന്നു കൊല്ലക്കാലം കോൺഗ്രസിന്റെ കൂടെ അധികാരത്തിലിരുന്ന് അപ്പക്കഷണങ്ങൾ പററിയ ആളുകൾക്ക് ഇപ്പോൾ നിരാശയാണ്. അതുകൊണ്ടാണ് ശ്രീനിവാസൻ ഇതു പറയുന്നത്. ശ്രീനിവാസനെ കുററപ്പെടുത്തിയിട്ടു കാര്യമില്ല. പക്ഷേ നിങ്ങൾ ജനാധിപത്യത്തെക്കുറിച്ച് പറയുന്നതുകൊണ്ടാണ് പറയുന്നത്. 133-ൽ 117 പേരുടെ ഭൂരിപക്ഷത്തോടുകൂടി 5 വർഷക്കാലത്തേക്ക് അധികാരത്തിലേക്ക് ഉയർത്തിയിട്ട് മാർക്സിസ്ററ് പാർട്ടി കേരളം ഭരിക്കാൻ പാടില്ല. ഏതു ചെകുത്താൻ കേരളം ഭരിച്ചാലും മാർക്സിസ്ററു പാർട്ടി കേരളം ഭരിക്കാൻ പാടില്ലെന്നു പറഞ്ഞ് സഖാവ് അച്ചുതമേനോൻ........(ബഹളം)

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : ഈ കഴിഞ്ഞ പത്തുമുപ്പതു കൊല്ലക്കാലത്തെ രാഷ്ട്രീയ ജീവിതത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുമായ കൂട്ടുകൂടിയതുകൊണ്ടല്ലേ ഈ നിയമസഭാ മന്ദിരം കാണാൻ തച്ചടി പ്രഭാകരനെന്ന കൊള്ളക്കാരന് അവസരം കിട്ടിയത്. (ബഹളം)....

ശ്രീ. തച്ചടി പ്രഭാകരൻ : ഗോവിന്ദക്കുറുപ്പ് ഈ സഭയിൽ വരാൻ കാരണം തച്ചടി പ്രഭാകരനും കോൺഗ്രസും ഉള്ളതുകൊണ്ടാണെന്ന കാര്യം മറക്കരുത്. ശ്രീമതി കെ. ആർ. ഗൗരിയും പി. കെ. വാസുദേവൻ നായരും എല്ലാം ആലപ്പുഴ ജില്ലയിൽ നിന്ന് ജയിച്ചത് അതുകൊണ്ടാണ്. വയലാറും, പുന്നപ്രയും, കുട്ടനാട്ടിലെ കർഷകത്തൊഴിലാളികളും എല്ലാം ഉള്ളിടത്തു നിന്ന് 1977-ൽ മാർക്സിസ്ററു പാർട്ടിയെ നിഷ്കാസനം ചെയ്തതാണ് അനുഭവം. ശ്രീമാൻ എ. കെ. ആന്റണിയുടെയും മററു ജനാധിപത്യകക്ഷികളുടെയും സഹായത്തോടുകൂടി അധികാരത്തിൽ വന്ന ആളുകൾ ജനാധിപത്യത്തെക്കുറിച്ച് പ്രസംഗിക്കാതിരിക്കുന്നതാണ് നല്ലത്. ഞാൻ സൂചിപ്പിച്ചകാര്യം എന്താണ് ? 133 അംഗങ്ങളിൽ 117 അംഗങ്ങളെ നമ്പൂതിരിപ്പാടിന്റെ കൈയിൽ ഐക്യമുന്നണി നേതൃത്വത്തിൽ ഏൽപ്പിച്ചു. അങ്ങനെ ഏൽപ്പിച്ചിട്ട് എന്താണ് കേരളത്തിൽ സംഭവിച്ചത്. അന്ന് ആലപ്പുഴ ജില്ലയിൽ നിന്ന് സഖാവ് ടി. വി. തോമസ് ഈ സഭയിൽ ഉണ്ടായിരുന്നു. അന്ന് അദ്ദേഹം പറഞ്ഞത്, മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി എന്നു പറഞ്ഞാൽ ഒരു അൾസേഷ്യൻ നായയാണ് എന്നാണ്. അൾസേഷ്യൻ നായയെ കണ്ടാൽ ഭയക്കും. പക്ഷെ ടി. വി. തോമസ് പറഞ്ഞത്, അതിന്റെ മൂക്കിലോട്ട് രണ്ടു വിരൽ ഇട്ടു കഴിഞ്ഞാൽ അവൻ കുരയ്ക്കത്തുമില്ല, ആരെയും ഭയപ്പെടുത്തുകയുമില്ല എന്നാണ്. സർ, മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി 1969-ന്, ശേഷം പതിനൊന്ന് വർഷക്കാലം ഈ രാജ്യത്ത് അധികാരത്തിൽ ഇല്ലായിരുന്ന ഒരു രാഷ്ട്രീയ പാർട്ടിയാണ്. അവർ പറയും ഞങ്ങൾ വലുതാണ്, വമ്പൻമാരാണ് എന്ന്. ഇന്നലെ ശ്രീ. സീതിഹാജി 127 സീററ് എന്നു പറഞ്ഞു.

ഞപ്പോൾ ഇവർ പറഞ്ഞു, ആൻറണി പറഞ്ഞിരിക്കുന്നത് 100 സീററ് ആണെന്ന്. സർ, ഈ കരുണാകരൻെറ നേതൃത്വത്തിൽ ഇന്ന് രൂപം കൊണ്ടിരിക്കുന്ന ഐക്യമുന്നണി തെരഞ്ഞെടുപ്പിൽ മൽസരിച്ചാൽ 3 അക്കമുള്ള സംഖ്യയോടുകൂടി ജയിച്ചുവരാൻ കഴിയും. എന്നാൽ പിന്നെ എന്തുകൊണ്ട് അങ്ങനെയുള്ള സാഹചര്യത്തിലേയ്ക്ക് പോയില്ല എന്നു ചോദിച്ചേക്കാം. അതിൻെറ കാര്യത്തെക്കുറിച്ച് ഞാൻ സൂചിപ്പിക്കാം സർ.

സർ, സഖാവ് ഇ. കെ. നായനാർ കഴിഞ്ഞ 20-ാം തീയതി മുഖ്യമന്ത്രി സ്ഥാനത്തുനിന്ന് രാജി വയ്ക്കുകയുണ്ടായി. സർ, ബുദ്ധിയുള്ള ഒരു മുഖ്യമന്ത്രിയാണെങ്കിൽ ഒരു മുഖ്യമന്ത്രിസ്ഥാനം രാജിവച്ചാൽ ഗവർണ്ണർക്ക് ഏതെങ്കിലും ഒരു ഉപദേശം കൊടുക്കും. ഒന്നുകിൽ ജനവിധി തേടാൻ ഗവർണ്ണർ നടപടി സ്വീകരിക്കണമെന്നു പറയും. അതല്ലെങ്കിൽ ഒരു ജനകീയ ഭരണകൂടം ഉണ്ടാക്കാനുള്ള സാഹചര്യം ആരായണമെന്നു പറയും. പക്ഷെ നായനാർ രാജിവച്ചിട്ട് ഇത് യാതൊന്നും പറഞ്ഞില്ല. 5 വർഷത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഒരു നിയമസഭയിൽ രാഷ്ട്രീയ മാററങ്ങൾ ഉണ്ടാകുന്ന അവസരത്തിൽ ജനാധിപത്യരാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ജോലിയാണ് ഒരു ജനകീയ ഭരണം ഉണ്ടാക്കാനുള്ള സാഹചര്യം ഉണ്ടാക്കുകയെന്നുള്ളത്. ഒരു ജനകീയ ഭരണം ഉണ്ടാകാനുള്ള നടപടികൾ സ്വീകരിക്കാമെന്നു ജനാധിപത്യ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പറഞ്ഞപ്പോൾ അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾ പറഞ്ഞത്, അവിടെ ഒരു ജനകീയ ഭരണം ഉണ്ടാകാൻ പോകുന്നില്ല, ഇവിടെ ഒരു മന്ത്രിസഭ ഉണ്ടാകാൻ പോകുന്നില്ല എന്നാണ് ഓരോ രാഷ്ട്രീയ കക്ഷിയും അതിൻെറ രാഷ്ട്രീയ നിലപാട് സൂചിപ്പിക്കാൻ കുറെ കാലതാമസം എടുത്തു. ദേശീയാടിസ്ഥാനത്തിലുള്ള ജനതാ പാർട്ടിയും ദേശീയാടിസ്ഥാനത്തിലുള്ള മററു രാഷ്ട്രീയപ്രസ്ഥാനങ്ങളും അവരുടെ നിലപാട് സ്വീകരിക്കുന്നതിന് കാലതാമസമുണ്ടായിക്കഴിഞ്ഞപ്പോൾ പറഞ്ഞു, കേരളത്തിൽ ഒരു മന്ത്രിസഭ ഉണ്ടാക്കാൻ സാദ്ധ്യമല്ലെന്ന്.

സർ, ഇന്നലെ പ്രതിപക്ഷ നേതാവു പറഞ്ഞത് ഇതൊരു ന്യൂനപക്ഷ മന്ത്രിസഭയാണെന്നാണ്. ന്യൂനപക്ഷ മന്ത്രിസഭ ഉണ്ടാക്കണമെങ്കിൽ 3 മാസക്കാലം ഇവിടെ താമസിക്കേണ്ടകാര്യമുണ്ടോ ?. ഞാൻ പ്രതിപക്ഷത്തെ സുഹൃത്തുക്കളോടു ചോദിക്കുന്നു, രണ്ട് ഐക്യമുന്നണികൾ ഒരു തെരഞ്ഞെടുപ്പിൽ മൽസരിക്കുന്നു. 141-ൽ 71 ഒരു ഭാഗത്ത്. മറുഭാഗത്ത് 70. സർ ഈ രാജ്യത്ത് ഒരു മന്ത്രിസഭ ഉണ്ടാകണ്ടെന്നാണോ പ്രതിപക്ഷത്തിൻെറ വാദം., ഞാൻ ഒരു ഭരണഘടനാ വിരുദ്ധനല്ല. ഭരണഘടന 153-ം 157-ം വകുപ്പുകളെക്കുറിച്ച് ഞാൻ പറയുന്നില്ല. ഈ രാജ്യത്തെ ഒരു പൗരൻ എന്ന നിലയിൽ ഞാൻ ചോദിക്കുന്നു, 141 ആളുകൾ ഉള്ളതിൽ 71 ആളുകൾ ഭരണകക്ഷിയുടെ ഭാഗത്ത് മുഖ്യമന്ത്രിക്ക് പിൻതുണ നൽകുന്നു. ഇന്നലെവരെ തെരുവിൽ അനാവശ്യമായി കറുത്ത കൊടിയും പിടിച്ച് ഈ ഗവൺമെൻറിന് ഭൂരിപക്ഷം ഇല്ലെന്നുപറഞ്ഞ് സമരം നടത്തിയ ആളുകൾക്ക് ഇന്നലെ ഈ ഗവൺമെൻറിന് 71 ആളുകളുടെ ഭൂരിപക്ഷം ഉണ്ടെന്ന് ബോദ്ധ്യമായി; സ്പീക്കറുടെ കാസ്ററിംഗ് വോട്ടുകൂടി വന്നപ്പോൾ. എന്നിട്ട് ഇതിനെ കാസ്ററിംഗ് മന്ത്രിസഭയെന്നു പറഞ്ഞു നാണമില്ലാത്ത ആളുകൾ.

<u>ശ്രീ. സി. ബി. സി. വാര്യർ :</u> സർ, ഒരു പോയിൻറ് ഓഫ് ഓർഡർ ബഹുമാനപ്പെട്ട തച്ചടി പ്രഭാകരൻ ഇപ്പോൾ പ്രസംഗിച്ചു നിറുത്തിയത് ഈ മുഖ്യമന്ത്രിക്ക് 71 പേർ പിൻതുണ നൽകുന്നു എന്നാണ്. സർ, സ്പീക്കർ കാസ്ററിംഗ് വോട്ട് ചെയ്താൽ പോലും വ്യക്തമായി ഇങ്ങനെ സ്പീക്കർ മുഖ്യമന്ത്രിയെ പിൻതാങ്ങുന്ന ആളാണെന്ന് പരാമർശിക്കുന്നത് ഓർഡറിലാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ : അതല്ല ഞാൻ പറഞ്ഞത്. 71 ഉള്ളതിൽ ഒരാൾ സ്പീക്കറായിപ്പോയതുകൊണ്ടാണ് ഇങ്ങനെ വന്നതെന്നാണ്.

ശ്രീ. സി. ബി. സി. വാര്യർ : സ്പീക്കർ ഗവൺമെൻറ് കക്ഷിയുടെ ഭാഗമാണോ ? അതു വ്യക്തമായി പറയണം.

മി. സ്പീക്കർ : ഈ സഭയിലെ ഓരോ മെമ്പറും പ്രസംഗിക്കുന്നത് എന്ത് ഉദ്ദേശത്തോടുകൂടിയാണെന്നതിനെ സംബന്ധിച്ച് ഒരു ക്ലാരിഫിക്കേഷൻ ചെയറിൽ നിന്ന് തരാൻ സാധിക്കുമോ ? അദ്ദേഹത്തിനു പറയാനുള്ളതു പറഞ്ഞു എന്നു മാത്രം.

(ബഹളം)

ശ്രീ. ഇ. കെ. നായനാർ : ബഹുമാനപ്പെട്ട സ്പീക്കർ സർ, ഇവിടെ പ്രശ്നം അതല്ല. ബഹു : തച്ചടി പ്രഭാകരൻ അദ്ദേഹത്തിന്റെ ഭാഷയിൽ 71 പേരുടെ പിൻതുണ ഭരണകക്ഷിക്ക് ഉണ്ടെന്ന് പറയുമ്പോൾ നിഷ്പക്ഷനായി ഇരിക്കേണ്ട ബഹുമാന്യനായ അങ്ങയെ കൂടി അദ്ദേഹത്തിന്റെ. പാർട്ടിയുടെ അംഗമായിട്ട് കണക്കാക്കിയാണ് പരാമർശിച്ചത്.

ശ്രീ. പി. സീതിഹാജി:—ബഹു: തച്ചടി പ്രഭാകരൻ പറഞ്ഞത് 71 ആളുടെ ഭൂരിപക്ഷത്തോടുകൂടിയാണ് കരുണാകരൻ മന്ത്രിസഭ രൂപീകരിച്ചത്, അന്ന് ആ ചെയറിൽ ബഹു : കുര്യനാണ് ഉണ്ടായിരുന്നത് എന്നാണ്. അങ്ങയെ ഈ ഭാഗത്തുനിന്നും ഞങ്ങൾ നാമനിർദ്ദേശം ചെയ്തതല്ലാതെ ഞങ്ങൾക്ക് 71 ആളുകളുടെ ഭൂരിപക്ഷമുള്ള സഭയിലാണ് ഞങ്ങൾ മന്ത്രിസഭ രൂപീകരിച്ചത് എന്നാണ്.

(ബഹളം)

മി: സ്പീക്കർ:—ബഹുമാനപ്പെട്ട സി. ബി. സി. ഒരു പോയിൻറ് ഓഫ് ഓർഡർ ഉന്നയിച്ചു. അതിനെക്കുറിച്ച് ഞാൻ റൂളിംഗ് തന്നു.

(ബഹളം)

ശ്രീ. ബേബിജോൺ:—സർ, അങ്ങ് റൂളിംഗ് നടത്തുന്നതിന് മുമ്പ് ഒരു വാചകമേ പറയാനുള്ളു. നമ്മുടെ പാർലമെൻററി ജനാധിപത്യത്തിൽ ഭരണകക്ഷിയുടെ ഒരു ലിംബാണ് സ്പീക്കർ എന്ന അർത്ഥം വരത്തക്കവണ്ണം അങ്ങ് പ്രസംഗിച്ചാലും അത് ഞങ്ങൾക്ക് അപമാനമാണ്; സഭയ്ക്ക് അപമാനമാണ്. അതുകൊണ്ട് അങ്ങനെ വരരുത്. ഉപദേശം കൊടുക്കണമെന്നാണ് പറയുന്നത്.

മി: സ്പീക്കർ:—ബഹു; മെമ്പർമാർ പ്രസംഗിക്കുന്നത് എന്തെല്ലാം ഉദ്ദേശത്തോടുകൂടിയാണെന്ന് ചെയറിൽനിന്ന് ഒരു റൂളിംഗ് കൊടുക്കാൻ നിവൃത്തിയില്ല.

ശ്രീ. തച്ചടി പ്രഭാകരൻ:—ഞാൻ പറഞ്ഞത് പ്രതിപക്ഷം തെററിദ്ധരിച്ചാണ് പറയുന്നതെന്നുതോന്നുന്നു. ഞാൻ പറഞ്ഞത് കരുണാകരൻ മന്ത്രിസഭ രൂപീകരിച്ചപ്പോൾ നിർണ്ണായകമായ 71 ആളുടെ ഭൂരിപക്ഷം ഉണ്ടായിരുന്നു എന്നാണ്.

ശ്രീ. എ. വി. താമരാക്ഷൻ;—സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട തച്ചടി പ്രഭാകരൻ ഇപ്പോൾ ഇവിടെ സൂചിപ്പിച്ചത് ശ്രീ. കരുണാകരൻ മുഖ്യമന്ത്രിയായി മന്ത്രിസഭ ഉണ്ടാക്കുമ്പോൾ 71 പേരുടെ ഭൂരിപക്ഷം ഉണ്ടായിരുന്നു എന്നാണ്. എന്നാൽ ഇന്നലെ ഈ സഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കമലവും ശ്രീ. ചന്ദ്രശേഖരനും അടക്കം പറഞ്ഞു; കരുണാകരനെ മുഖ്യമന്ത്രിയാകാൻ ഗവർണ്ണർ വിളിക്കുമ്പോൾ അവർ എഴുതിക്കൊടുത്തിട്ടില്ലെന്ന്. ആ സ്ഥിതിക്ക് ശ്രീ. പ്രഭാകരൻ അങ്ങനെ പറയുന്നത് ഓർഡറിലാണോ ?

(ബഹളം)

ശ്രീ. തച്ചടി പ്രഭാകരൻ: ശ്രീ. താമരാക്ഷനൊക്കെ 1967 മുതൽ ഞങ്ങളുടെ തണലോടെ ഭരിച്ച്, ഇപ്പോൾ പ്രതിപക്ഷത്തിരിക്കുമ്പോൾ എന്തിനാണ് ഈ നിരാശ. ഒരു നിയോജകമണ്ഡലത്തിൽ പോലും കെട്ടിവച്ച കാശു കിട്ടാത്ത ആളുകൾ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ കാരുണ്യത്തിൽ 11 വർഷക്കാലം അധികാരത്തിൽ ഇരുന്ന് ഇപ്പോൾ അധികാരം നഷ്ടപ്പെട്ടപ്പോൾ നിരാശ ഉണ്ട്; സഹതാപമുണ്ട്. ശ്രീകണ്ഠൻനായർ ഇല്ലാത്ത ആർ. എസ്. പി. 11 കൊല്ലത്തെ ഭരണം കൊണ്ട് ഉണ്ടായി. കേരളത്തിൽ ഒരു കാലഘട്ടത്തിൽ ശ്രീകണ്ഠൻനായർ ആരായിരുന്നുവെന്ന് ഞാൻ പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല ഇന്ന് ശ്രീകണ്ഠൻനായർ ഇല്ലാത്ത ആർ. എസ്. പി., എസ്. എ. ഡാങ്കേ ഇല്ലാത്ത സി. പി. ഐ. ആ സ്ഥിതിയിലേക്ക് കഴിഞ്ഞ കാലം നിങ്ങളെ കൊണ്ടെത്തിച്ചു. എന്തായാലും ശരി ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. 10, 11 വർഷക്കാലം അധികാരത്തിലിരുന്നിട്ട് ഒരു സുപ്രഭാതത്തിൽ അധികാരം നഷ്ടപ്പെട്ടതിന് വേദനയുള്ള ആളുകളാണ് നിങ്ങളെന്ന് അറിയാം.

സർ, മാർക്സിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം 3 വർഷക്കാലം കേരളത്തിൽ പരീക്ഷണം നടത്തിയ ആളുകളാണ്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ ഉത്തരവാദിത്വമുള്ള ഒരു രാഷ്ട്രീയ കക്ഷിയാണെങ്കിൽ മുഖ്യമന്ത്രി ഗവർണ്ണർക്ക് രാജി സമർപ്പിക്കുമ്പോൾ ഒന്നുകിൽ തെരഞ്ഞെടുപ്പു നടത്തണമെന്നു പറയാനുള്ള ചങ്കൂറ്റം കാണിക്കണം. സർ, എന്താണ് നടന്നത്, രാജി വച്ചതിനു ശേഷം മാർക്സിസ്റ്റുകാർ മക്കയിൽ പോയി നമ്മൾ കേട്ടിട്ടുണ്ടോ? മക്കയിൽ പോയ സി. എച്ച്. മുഹമ്മദ് കോയയുടെ അടുത്ത് മാർക്സിസ്റ്റ് പാർട്ടി ഒരു ദൂതനെ അയച്ചിരുന്നു. എന്തിന് എ. കെ. ജി. സെൻററിൽ നമ്പൂതിരിപ്പാട് വന്ന് ഒരു പ്രസ് കോൺഫറൻസ് നടത്തി. കുതിരക്കച്ചവടത്തിൻെറയും ചാക്കിട്ടു പിടുത്തത്തിൻെറയും കാര്യം പറയുന്ന മാർക്സിസ്റ്റുകാർ സി. എച്ച്. മുഹമ്മദ്കോയയെ മുഖ്യമന്ത്രിയാക്കാമെന്നു പറഞ്ഞ് ഒരു ഏജൻറിനെ മക്കയിൽ അയച്ചു. എന്തിനാണ്. ഇതിനു തടസ്സമുണ്ടാക്കാൻ വേണ്ടി. കാലുമാററക്കാരുടെ കഥയെക്കുറിച്ച് ഞാൻ കൂടുതൽ പറയുന്നില്ല. ശ്രീ. ചന്ദ്രശേഖരൻെറ പുറകെ എം. വി. രാഘവനും കുഞ്ഞിക്കണ്ണനും എത്ര ദിവസം നടന്നു. അങ്ങയെ, ചന്ദ്രശേഖരനെ മുഖ്യമന്ത്രിയാക്കിക്കൊള്ളാം. നിരുപാധികമായ പിൻതുണ നൽകാം എന്നു പറഞ്ഞ് കഴിഞ്ഞ 3 മാസക്കാലം കുതിരക്കച്ചവടത്തിന് നടന്ന് നിരാശാഭരിതരായ ആളുകൾ 71 ആളുകളുടെ ഭൂരിപക്ഷത്തോടുകൂടി ശ്രീ. കരുണാകരൻ മന്ത്രിസഭ രൂപീകരിച്ചപ്പോൾ ഭൂരിപക്ഷമില്ലാത്ത മന്ത്രിസഭയെന്നു പറഞ്ഞുനടന്നു. സർ, ഞാൻ അതിൻെറ മററു പശ്ചാത്തലത്തിലേയ്ക്കൊന്നും കടക്കാൻ ആഗ്രഹിക്കുന്നില്ല. എന്താണ് സർ, കേരളത്തിൻെറ ചിത്രം? ഇപ്പോൾ തിരഞ്ഞെടുപ്പു നടത്തണമെന്നാണ് പറയുന്നത്. തിരഞ്ഞെടുപ്പു നടത്തുന്നതിൽ ഞങ്ങൾക്കാർക്കും ഭയമില്ല. സാമാന്യ ബുദ്ധിയുള്ള കേരളത്തിലെ ജനങ്ങൾക്കറിയാം മാർക്സിസ്റ്റ് പാർട്ടിയെ ഒരു മൂലയിൽ കൊണ്ടുചെന്നിരുത്താൻ തിരഞ്ഞെടുപ്പു മാത്രമേ കരണീയമായിട്ടുള്ളു എന്ന്. ജനാധിപത്യ കക്ഷികളുടെ താൽപ്പര്യം സംരക്ഷിക്കാനും ജനങ്ങളോടുള്ള ഉത്തരവാദിത്വം നിറവേററാനും ഒരു ജനകീയ ഭരണം ഉണ്ടാകേണ്ടത് അനുപേക്ഷണീയമാണെന്നുള്ളതുകൊണ്ടാണ് ശ്രീമാൻ കരുണാകരൻെറ നേതൃത്വത്തിലുള്ള ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നത്. കഴിഞ്ഞ 21 മാസക്കാലത്ത് ഈ സംസ്ഥാനത്തുണ്ടായ സംഭവവികാസങ്ങളെക്കുറി

LIBRARY ARCHIVES Kerala Legislative Assembly

ച്ചൊക്കെ ഇന്നലെ ബഹുമാനപ്പെട്ട സുധീരൻ ഇവിടെ വിശദീകരിച്ചു. ധാനമായും മര്യാദയായും ഘടക കക്ഷികളോടു പെരുമാറാൻ അറിയാൻവയ്യാത്ത ആളുകളാണ് മാർക്സിസ്റ്റുപാർട്ടിക്കാർ. അവർ 11 വർഷക്കാലം അധികാരത്തിലി ല്ലാതിരുന്നപ്പോൾ ഒരു പാഠം പഠിച്ചുകാണുമെന്നാണ് ഞങ്ങൾ വിചാരിച്ചത്. പക്ഷേ, നായുടെ വാല് പന്തീരാണ്ട്കാലം കുഴലിലിട്ടാലും വളഞ്ഞേ ഇരിക്കുകയുള്ളൂ എന്നു പറഞ്ഞതുപോലെയാണ് അവരുടെ കാര്യം. അതേക്കുറിച്ചെല്ലാം കഴിഞ്ഞ രണ്ടു ദിവസമായി ഇവിടെ പ്രതിപാദിച്ചു കഴിഞ്ഞതുകൊണ്ട് ഞാനിപ്പോൾ അതിലേക്കൊന്നും കടക്കുന്നില്ല. മാർക്സിസ്റ്റ് പാർട്ടി ഭരണം നടത്തിയപ്പോൾ ജനങ്ങളുടെ നേരെ നടത്തിയ ഭീകര മർദ്ദനത്തിന്റെ ചിത്രമൊക്കെ നമ്മുടെ മുമ്പിലുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുണ്ടാക്കിയത് ഈ രാജ്യത്തെ വർഗ്ഗീയ ശക്തികളെ ഇല്ലാതാക്കാൻ വേണ്ടിയാണെന്നാണ് നയനാർ പറഞ്ഞത്. ഈ 21 മാസക്കാലം കൊണ്ട് കേരളത്തിൽ മുമ്പില്ലാത്ത രീതിയിൽ ആർ. എസ്. എസ്. വളർന്നു. ആർ. എസ്. എസ്. ആക്രമണമുണ്ടായപ്പോൾ മാർക്സിസ്റ്റ് പാർട്ടിയുടെ കണ്ണൂർ ജില്ലാ കമ്മിറ്റി ഒരു രാഷ്ട്രീയ അസസ്മെന്റ് നടത്തി. നായനാർ മുഖ്യമന്ത്രിയും ടി. കെ. രാമകൃഷ്ണൻ ആഭ്യന്തരമന്ത്രിയും ആയിരിക്കുന്നതുകൊണ്ട് നമ്മുടെ സഖാക്കൾ 23 ആർ. എസ്. എസ്. കാരെ കൊല്ലാനുള്ള സാഹചര്യം ഉണ്ടാക്കി എന്ന് വിലയിരുത്തൽ നടത്തുന്ന ഒരു രാഷ്ട്രീയ കക്ഷിയുടെ രാഷ്ട്രീയ പാപ്പരത്തത്തെക്കുറിച്ചെന്തു പറയാനാണ്? നമ്പൂതിരിപ്പാട് മാർക്സിസ്റ്റ് പാർട്ടിയുടെ നേട്ടങ്ങളെക്കുറിച്ച് വിജയവാഡയിൽ ഒരു റിപ്പോർട്ട് സമർപ്പിച്ചു. എന്താണതിൽ പറഞ്ഞിട്ടുള്ളതെന്നോ? ഈ രാജ്യത്തെ ബൂർഷ്വാ ജനാധിപത്യ രാഷ്ട്രീയ കക്ഷികളെ ഭിന്നിപ്പിക്കാൻ ഞങ്ങൾക്കു കഴിയും എന്നാണ് പറഞ്ഞിട്ടുള്ളത്. അവരുടെ ഭിന്നിപ്പിക്കൽ നയത്തിന്റെ സന്തതികളാണ് ശ്രീമാൻ പി. സി. ചാക്കോയും എ. സി. ഷൺമുഖദാസും ഞങ്ങൾ കോൺഗ്രസ് ഐ. യുടെ ഏജന്റന്മാരും പ്രവാചകന്മാരുമാണെന്നും ആ പാളയത്തിലേക്ക് ഞങ്ങൾ പോകുന്നുവെന്നുമൊക്കെ ഇന്നലെ ശ്രീ. പി. സി. ചാക്കോ പറഞ്ഞു. ശ്രീമാൻ ചാക്കോയോടു ഞാനൊന്നു ചോദിക്കട്ടെ, ചാക്കോയ്ക്ക് മനസ്സാക്ഷി എന്ന ഒന്നുണ്ടോ? ചാക്കോ ആന്റണിയെ ഇപ്പോൾ തള്ളിപ്പറയുന്നല്ലോ? കഴിഞ്ഞ പത്തു പന്ത്രണ്ട് വർഷക്കാലം എ. കെ. ആന്റണിയുടെ കൂടെ പെട്ടിയുമെടുത്ത് ഇൻഡ്യയിലും കേരളത്തിലും നടന്ന് ആന്റണിയും ചാക്കോയും എന്ന പേരുമെടുത്ത് കിട്ടാവുന്നതു മുഴുവൻ കിട്ടിക്കഴിഞ്ഞ ശേഷമല്ലേ ചാക്കോ ഇങ്ങനെ പറയുന്നത്? അമ്മയുടെ മുലപ്പാൽ മുഴുവൻ കുടിച്ച് അത് തീർന്നുകഴിയുമ്പോൾ മുലപ്പാലിന് ഉപ്പില്ലെന്ന് പറയുന്നതു പോലെയാണ് ചാക്കോയുടെ ഈ പറച്ചിൽ. അതൊക്കെ ഈ രാജ്യത്തുള്ള എല്ലാവർക്കുമറിയാവുന്നതാണ്. ഈ ആറുപേരെ യാത്രയാക്കാൻവേണ്ടി ബഹുമാനപ്പെട്ട ബേബിജോൺ എയർപോർട്ടിൽ പോയപ്പോൾ അവിടെവച്ചു കണ്ട കർണ്ണാടക മന്ത്രി വീരപ്പമൊയ്‌ലിയുമായി ചർച്ച നടത്താൻ കഴിഞ്ഞ ഒരു വർഷക്കാലം ശ്രീമാൻ ചാക്കോ ശ്രമം നടത്തിയില്ലേ? എന്നിട്ടാണിപ്പോൾ തള്ളിപ്പറയുന്നത്. മനഃസാക്ഷിയെന്ന ഒന്നുണ്ടെങ്കിൽ ഇങ്ങനെ തള്ളിപ്പറയരുത്.

സർ, ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ആഭ്യന്തരം ഏറ്റെടുത്തതിനു ശേഷമുള്ള കാര്യത്തെക്കുറിച്ചും ഇവിടെ വിമർശനങ്ങൾ നടന്നു. 19-ാം തീയതി ഇവിടെ പ്രകടനം നടന്നു എന്നു പറഞ്ഞു. കമ്മ്യൂണിസ്റ്റുകാർക്കിപ്പോൾ ഇതു പറയാൻ എങ്ങനെ തോന്നി? പണ്ട് ഇ. എം. എസ്. തീസിസ് അവതരിപ്പിച്ചിരുന്നത് ഹങ്കറിയിലേയും പോളണ്ടിലേയും മററും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെക്കുറിച്ചാണ്. പക്ഷേ, ഇപ്പോൾ വിജയവാഡയിൽ അതേക്കുറിച്ചൊരക്ഷരം പോലും പറഞ്ഞിട്ടില്ല. എന്നും തിയറിയും തീസിസുമായി നടന്നിട്ട് ഇപ്പോൾ പോളണ്ടിനെക്കുറിച്ചൊരക്ഷരം പറയാൻ വിജയവാഡയിൽ അവസരം ഉണ്ടായില്ല.

LIBRARY ARCHIVES Kerala Legislative Assembly

മാർക്സിസ്റ്റ് പാർട്ടിയെ മൂലയിലിരുത്തുന്നതിനുവേണ്ടി വളരെവേഗം തിരഞ്ഞെടുപ്പു നടത്തണമെന്നാണെന്റെ അഭ്യർത്ഥന. പാർട്ടിയെ വെട്ടിപ്പിളർന്ന നമ്മുടെ സഹപ്രവർത്തകരായ ആളുകൾ, ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ ത്രിവർണ്ണ പതാകയുടെ കീഴിൽ പരിശീലിച്ച ആളുകൾ മേലാൽ ഈ നിയമസഭയിൽ വരാതിരിക്കണമെങ്കിൽ ഒരു തിരഞ്ഞെടുപ്പുമാത്രമേ കരണീയമായിട്ടുള്ളു. ഈ നന്ദിപ്രമേയം ഏകകണ്ഠമായി അംഗീകരിക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി: സർ, ഞാൻ ഈ നന്ദി പ്രമേയത്തെ പിൻതാങ്ങുന്നു. 21 മാസക്കാലത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ദുർഭരണത്തിനു ശേഷം കേരള ജനതയുടെ ആഗ്രഹത്തിനും അഭിലാഷത്തിനും അനുസരിച്ച് കേരളത്തിലെ ജനാധിപത്യ വിശ്വാസികളുടേതായ ഒരു ഗവൺമെന്റ് അധികാരമേറെറടുത്തിരിക്കുകയാണ്. ആ ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട സംസ്ഥാന ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തെ ഞാൻ സർവ്വാത്മനാ പിൻതാങ്ങുന്നു; അനുമോദിക്കുന്നു. കാലാവസ്ഥയെ ആശ്രയിച്ചു കാർഷികവൃത്തി ചെയ്യുന്ന, ജനസാന്ദ്രത കൂടുതലുള്ള, വിദ്യാസമ്പന്നരായ ചെറുപ്പക്കാർ അധികമുള്ള, വ്യാവസായികമായ അടിത്തറയില്ലാത്ത നമ്മുടെ കേരള സംസ്ഥാനത്തിന് അടിസ്ഥാനപരമായ ഒരു പുരോഗതി വിഭാവനം ചെയ്തുകൊണ്ട് 82 ഖണ്ഡികകളിലായി ബഹുമാനപ്പെട്ട ഗവർണ്ണർ അവതരിപ്പിച്ചിരിക്കുന്ന പ്രസംഗത്തിലെ ചില ഭാഗങ്ങൾ അവലോകനം ചെയ്യാൻ ഞാൻ ആഗ്രഹിക്കുകയാണ്. 25 മാസത്തിന് മുമ്പ് സംസ്ഥാനത്ത് അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തകർന്നുവീണ ദുഃഖകരമായ രാഷ്ട്രീയ പശ്ചാത്തലത്തെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ അവിടവിടെയായി സ്പർശിച്ചിട്ടുണ്ട്. അവരുടെ പതനത്തിന്റെ കാരണം ജനാധിപത്യ വിശ്വാസികളായ നിയമസഭാസാമാജികൻമാർ ശാന്തമായിരുന്ന് ചിന്തിക്കണമെന്ന് ഞാൻ വിനയപൂർവം അഭ്യർത്ഥിക്കുകയാണ്. ആ പതനം ഞങ്ങളുടെ കുററംകൊണ്ടുണ്ടായതല്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ ഏററവും വലിയ കക്ഷിയായ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അവരുടെ ചരിത്രം പോലെതന്നെ ബഹുജനങ്ങളോടുള്ള ഉത്തരവാദിത്വത്തിൽ വിമുഖത കാണിച്ചു എന്നുള്ളതായിരുന്നു യാഥാർത്ഥ്യം. കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽവന്ന ജനകീയ ചൈനയിലും സോവിയററ് റഷ്യയിലും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലുമെല്ലാം മനുഷ്യാവകാശത്തിനെതിരായ നിലപാടാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കും കമ്മ്യൂണിസ്റ്റ് പാർട്ടിക്കും ഉള്ളത് എന്നത് ചരിത്രം വ്യക്തമാക്കുന്ന വസ്തുതകളാണ്. എന്തിനേറെ പറയുന്നു? നമ്മുടെ സംസ്ഥാനത്തിനുതന്നെ....................

ശ്രീ. ബി. എം. ഷെരീഫ്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ സംബന്ധിച്ചും കമ്മ്യൂണിസ്റ്റ് പാർട്ടിയെ സംബന്ധിച്ചുമൊക്കെ അവർ സ്വീകരിക്കുന്ന നിലപാടിനെതിരായി ശ്രീ. കുട്ട്യാലി ഇങ്ങനെ സംസാരിക്കുന്നത് ഓർഡറിലാണോ ?

ശ്രീ. മണിമംഗലത്ത് കുട്ട്യാലി: കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ അധികാരത്തിലിരിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി മനുഷ്യാവകാശത്തിനെതിരായി പ്രവർത്തിക്കുന്നു എന്നുള്ളത് ഞങ്ങളുടെ പാർട്ടി വ്യക്തമായി അംഗീകരിച്ച കാര്യമാണ്. പോളണ്ടിലും ചെക്കോസ്ലോവാക്യയിലും ഹംഗറിയിലുമെല്ലാം വിദ്യാർത്ഥികളും ബുദ്ധിജീവികളുമൊക്കെ പ്രകടനം നടത്തുന്നത് മനുഷ്യാവകാശത്തിനു വേണ്ടിയാണ് എന്നുള്ളത് വ്യക്തമായി ഞങ്ങൾക്കറിയാം,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്തിനേറെ പറയുന്നു? 1957-ൽ സംസ്ഥാനത്തധികാരത്തിൻ വന്ന സാക്ഷാൽ കമ്മ്യൂണിസ്റ്റ് പാർട്ടി 32 മാസക്കാലം ഭരണം നടത്തി. എന്തുകൊണ്ട് ആ മന്ത്രിസഭ തകർന്നുവീണു? ജനങ്ങളോടുള്ള ഉത്തരവാദിത്വം നിറവേററുന്ന കാര്യത്തിൽ പരാജയപ്പെട്ട ആ ഗവൺമെൻറിനെ ബഹുജനങ്ങൾക്കുതന്നെ പുറത്താക്കേണ്ടിവന്നു; ഒരു വലിയ പ്രക്ഷോഭണം നടത്തിക്കൊണ്ട്. അതും കഴിഞ്ഞ് പത്തു കൊല്ലത്തിനു ശേഷം 1967-ൽ കണ്ണിലെ കൃഷ്ണമണി പോലെ ഐക്യം കാത്തുസൂക്ഷിക്കാൻ ബാദ്ധ്യതപ്പെട്ട ഐക്യമുന്നണിയുമായി അധികാരത്തിൽ വന്ന കമ്മ്യൂണിസ്ററുസർക്കാർ 28 മാസം പോലും പൂർത്തിയാക്കാതെ കൃഷ്ണമണിയും കുത്തിപ്പൊട്ടിച്ചുകൊണ്ട് ഇറങ്ങിപ്പോയി. അതിനാരാണുത്തരവാദി? അപ്പോഴും ജനങ്ങളോടുള്ള ഉത്തരവാദിത്വം നിറവേററിയില്ല. അതുംകഴിഞ്ഞ് 12 വർഷത്തെ വനവാസത്തിനു ശേഷം 1980-ൽ വീണ്ടും അധികാരത്തിൽ വന്നു. ആദ്യം 32 മാസവും രണ്ടാമത് 28 മാസവും ഭരിച്ച ഇവർക്ക് മൂന്നാമത്തെ പ്രാവശ്യം 21 മാസം പോലും പൂർത്തിയാക്കാൻ സാധിക്കാതെ പുറത്ത് പോകേണ്ടിവന്നു. എന്താണ് കാരണം? വ്യക്തമായി നമുക്കറിയാം. ജനങ്ങളോടുള്ള ഉത്തരവാദിത്വത്തിലും കാഴ്ചപ്പാടിലും മാററം വരുത്തി. എൻെറ നാട്ടിൽ ഒരു ചൊല്ലുണ്ട്. 'കാട്ടുകോഴിക്കെന്തു ചങ്കിരാന്തി' എന്ന്. അതുപോലെ ഉത്തരവാദിത്വമില്ലാതെ, ജനങ്ങളോട് താൽപ്പര്യമില്ലാതെ നടപടി എടുത്തു എന്നതാണ് ഈ 21 മാസക്കാലത്തെ മാർക്സിസ്ററ് ഭരണത്തിൻെറ നേട്ടം. വിശദാംശങ്ങളിലേക്ക് കടന്നുപോകാൻ ആഗ്രഹിക്കുന്നില്ല.

പോലീസ് നയം എന്തായിരുന്നു? ഗവൺമെൻറ് പറയുന്ന കണക്കുകൾ വിശ്വസിക്കാമെങ്കിൽ 888 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നു ഈ സംസ്ഥാനത്ത്. 175 ചെറുപ്പക്കാർ കത്തിക്കുത്തേററ് ഈ സംസ്ഥാനത്ത് മരിച്ചുവീണു. 313 പിടിച്ചുപറി നടന്നു ഈ സംസ്ഥാനത്ത്. 79 പെൺകുട്ടികളെ ബലാൽസംഗം ചെയ്തു ഈ സംസ്ഥാനത്ത്. 1500-ൽ ചില്വാനം ക്രിമിനൽ കുററങ്ങൾ നടന്നു ഈ സംസ്ഥാനത്ത്. പൊട്ടിച്ചിരിച്ചതുകൊണ്ടും ഹോ ഹോ എന്നാക്കിയതുകൊണ്ടും കാര്യമില്ല. നിങ്ങൾക്കൊന്നു തലശ്ശേരിയിൽ വരാമോ? 42 വീടുകളിലെ അമ്മമാർ പൊട്ടിപ്പൊട്ടി നിലവിളിക്കുന്നു, അവരുടെ മക്കൾ നഷ്ടപ്പെട്ടുപോയതിൻെറ പേരിൽ. 27 ചെറുപ്പക്കാരികളായ യുവതികൾ ഭർത്താവ് നഷ്ടപ്പെട്ട് വിധവകളായി. ''ഞഞ്ഞാപിഞ്ഞാ'' പറയാനറിയാൻ വയ്യാത്ത 11 കൊച്ചുകുട്ടികൾ ''അച്ഛാ അച്ഛാ'' എന്നു വിളിച്ചുകൊണ്ട് മുററത്ത് ഓടിനടക്കുന്നു. ഈ രാജ്യത്തെ പൊതുജനങ്ങളോടു നന്ദിയും കൂറുമില്ലാത്ത വർഗ്ഗവഞ്ചകരേ, നിങ്ങളാ പാവപ്പെട്ട പെൺകുട്ടികളുടെ കണ്ണീർ തുടയ്ക്കാൻ ഒന്നവിടെവരെ പോയി അന്വേഷിക്കുമോ? മേപ്പാടിയിലെ ഒരു കമ്മ്യൂണിസ്ററുകാരനെ കുത്തിക്കൊന്നു, രണ്ടുമാസം കഴിഞ്ഞപ്പോൾ രണ്ട് കമ്മ്യൂണിസ്ററ്കാരനെ തിരിച്ചു കുത്തിക്കൊന്നു. ഞങ്ങൾ നിയമസഭയിൽ പറഞ്ഞു ഈ രാജ്യത്ത് ഒററ മാർക്സിസ്ററുകാരനും കത്തിക്കുത്തേററ് ചോര ഒഴുക്കി നിലത്തു വീഴാൻ ഞങ്ങളുടെ രാഷ്ട്രീയ പ്രസ്ഥാനം അനുവദിക്കുകയില്ലെന്ന്. ഈ രാജ്യത്തെ ഒരൊററ മുസ്ലിം ചെറുപ്പക്കാരൻെറ ചോര ഈ മണ്ണിൽ വീഴാൻ പാടില്ലെന്നനുശാസിക്കുന്ന ഏററവും വലിയ ദേശീയ പ്രസ്ഥാനത്തിൻെറ പ്രതിനിധികളാണ് ഞങ്ങൾ. അന്ന് ഇവിടത്തെ ഗവൺമെൻറ് പറഞ്ഞത് ഇവിടത്തെ നിയമസമാധാനനില ഭദ്രമാണെന്നായിരുന്നു. പക്ഷേ എന്താണ് സംഭവിച്ചത്? വാസുദേവൻ നായരുടെ പാർട്ടി മാർക്സിസ്ററ് കമ്മ്യൂണിസ്ററുകാരെ കുത്തിയപ്പോൾ മാർക്സിസ്ററ് കമ്മ്യൂണിസ്ററുകാരൻ തിരിച്ചു കുത്തിയപ്പോൾ ഇത് നിറുത്തണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടു. അപ്പോൾ പറഞ്ഞത്, കമ്മ്യൂണിസ്ററുകാർ തമ്മിലുള്ള കുത്ത് കോൺഗ്രസ് നോക്കേണ്ടതില്ലെന്നാണ്. ഞങ്ങൾ ഏറിയകൂത്തും കണ്ടിട്ടുണ്ട്. 'അക്കുത്ത് ഇക്കുത്ത് ആനവരും കുത്ത്', അമ്മായിഅമ്മേടേ

നെറുകെക്കുത്ത്" ഇതിനെക്കാൾ വലിയ കാരി കുത്ത് മാർക്സിസ്റ്റ് പാർട്ടിയുടെ ഭരണകാലത്തു മാത്രമേ കണ്ടിട്ടുള്ളു. അത്രയും വഞ്ചന തൊഴിലാളി വർഗ്ഗത്തോടു കാണിച്ച ഗവൺമെൻറായിരുന്നു അക്കാലത്ത് ഉണ്ടായിരുന്നത് എന്നത് യാഥാർത്ഥ്യമായിരുന്നു. പള്ളിത്തുറയിൽ മൽസ്യത്തൊഴിലാളികൾ തിങ്ങിത്താമസിക്കുന്ന കടപ്പുറത്തെ പെണ്ണുങ്ങളെ കൂട്ടമായി ബലാൽസംഗം ചെയ്തപ്പോൾ ഞങ്ങൾ നിയമസഭയിൽ വന്നുപറഞ്ഞു; ഈ രാജ്യത്തെ പെൺകുട്ടികൾക്ക് രക്ഷയില്ലെന്ന്. പാലക്കാട്ടെ കുഴൽമന്ദം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ വച്ച് വല്ലി എന്നു പറയുന്ന പെൺകുട്ടിയെ പോലീസുകാർ ബലാത്സംഗം ചെയ്തപ്പോൾ ഞങ്ങൾ നിയമസഭയിൽ വന്നു പറഞ്ഞു ഈ രാജ്യത്തെ പെൺകുട്ടികൾക്ക് രക്ഷയില്ലായെന്ന്. അതൊന്നും ഉത്തരവാദിത്വത്തോടുകൂടി ഏറ്റെടുക്കാൻ ഇവിടത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിൽ ഒരു ആൺകുട്ടിപോലും ഉണ്ടായിരുന്നില്ല. എന്ന് ഉറപ്പിച്ചു പറയാൻ ആഗ്രഹിക്കുന്നു.

കാർഷികമേഖല എങ്ങനെയിരിക്കുന്നു? കാർഷികമേഖലയിൽ കർഷകരും കർഷകത്തൊഴിലാളികളും തമ്മിൽ സംഘട്ടനമാണ്. കർഷകരും കർഷകത്തൊഴിലാളികളും തമ്മിൽ ജീവിതത്തിൽ ഒരിക്കലും ഇല്ലാത്ത സ്പർദ്ധ ഉണ്ടായിരിക്കുന്നു. ആരാണ് അതിന് ഉത്തരവാദി? ഈ രാജ്യത്തെ കർഷകനും കർഷകത്തൊഴിലാളികളും തമ്മിൽ കാലാകാലങ്ങളായി ഇരുന്ന സൗഹൃദ ബന്ധം തകർത്ത് തരിപ്പണമാക്കിയതിന്റെ ഫലമല്ലേ വിലങ്ങാട്ടു കാവിലും പാറയും കുററിയാടിയിലും വാണിമേലും മററു പ്രദേശങ്ങളിലും നമുക്കു കാണാൻ സാധിക്കുന്നത്? കർഷകനെ വെടിവെച്ചുകൊന്നു. കർഷകത്തൊഴിലാളക്കെതിരായി കർഷകനേയും കർഷകനെതിരായി കർഷകത്തൊഴിലാളിയേയും സംഘടിപ്പിച്ചുകൊണ്ട് അവിടെ എന്തു നേടി എന്നറിയാമോ? മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ കർഷകസംഘത്തിലെ കുറച്ചാളുകൾക്ക് കള്ളത്തേങ്ങ പറിച്ചു വിററ് പണമുണ്ടാക്കാൻ സാധിച്ചു. അതിൽ കവിഞ്ഞ് ഇവിടെ യാതൊരു തരത്തിലുള്ള കാർഷിക വികസനവും ഉണ്ടാക്കാൻ സാധിച്ചില്ല. കഴിഞ്ഞ രണ്ടുകൊല്ലത്തിനപ്പുറമുള്ള കാർഷികമേഖലയുടെ പുരോഗതിയും അതിനുശേഷമുള്ള പുരോഗതിയും താരതമ്യപ്പെടുത്താൻ തയ്യാറുണ്ടെങ്കിൽ വെല്ലുവിളിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ കാർഷിക പുരോഗതി തകർന്നു തരിപ്പണമായിപ്പോയിരിക്കുന്നു. അതിനു നേതൃത്വം കൊടുത്തത് ഈ രാജ്യത്തെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയാണെന്നു തുറന്നുപറയാൻ ഞാനാഗ്രഹിക്കുന്നു. അതായിരുന്നു ഭരണം. ആ ഭരണത്തിനെതിരായി ജനാധിപത്യവിശ്വാസികളുടെ രക്തം തിളച്ചുപൊന്തിയപ്പോൾ കേരള സംസ്ഥാനത്തെ ജനാധിപത്യ പ്രസ്ഥാനത്തിന് ചൂടും ചോരയും കൊടുത്ത ജനാധിപത്യ വിശ്വാസികൾ കൈകോർത്തുപിടിച്ചപ്പോൾ ഇപ്പോൾ കമ്മ്യൂണിസ്റ്റുകാർ പറയുന്നു, കോൺഗ്രസ് ഐ. യും കോൺഗ്രസ് എസ്സും. തമ്മിൽ വളരെ വ്യത്യാസമുണ്ടെന്ന്. കോൺഗ്രസ് ഐ.യും എസ്സും. തമ്മിലുള്ള വ്യത്യാസം കോട്ടയ്ക്കൽ ആര്യവൈദ്യശാലയും ആര്യവൈദ്യഫാർമസിയും തമ്മിലുള്ള വ്യത്യാസമാണ്. അതിന്റെ പൈതൃകം ഒന്നാണ്. അതിന്റെ ചൈതന്യം ഒന്നാണ്. അതിന്റെ സ്വഭാവം ഒന്നാണ്. രണ്ടു ഷോപ്പുകളിലായി കച്ചവടം നടത്തുന്നു എന്നു മാത്രമേ ഉള്ളു. അതുകൊണ്ട് ഈ രാജ്യത്തെ കോൺഗ്രസുകാർ എല്ലാം ഒന്നാകും. ജനാധിപത്യവിശ്വാസികൾ ഒന്നിച്ച് കൈകോർത്തുപിടച്ച് മുന്നോട്ടുപോകാം. ബഹുമാനപ്പെട്ട ഗവർണ്ണർ ഇവിടെ പ്രഖ്യാപിച്ച പ്രസംഗത്തിന് നന്ദിപറഞ്ഞുകൊണ്ട് ബഹുമാന്യനായ തച്ചടി പ്രഭാകരൻ അവതരിപ്പിച്ചിരിക്കുന്ന നന്ദിപ്രമേയത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊള്ളുന്നു.

2//2077G.

LIBRARY ARCHIVES Kerala Legislative Assembly

താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടു.

ശ്രീ. സി. എ. കുര്യൻ ;—സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

താഴെ പറയുന്നവ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു ;

(1) കഴിഞ്ഞ ഒരു മാസക്കാലമായി സംസ്ഥാന വ്യാപകമായി നടന്നു വരുന്ന ലാത്തിചാർജ്ജുകൾ ലോക്കപ്പ് മർദ്ദനം, കൂട്ടയറസ്റ്റുകൾ എന്നിവയ്ക്കുണ്ടായിട്ടുള്ള സാഹചര്യം പ്രസംഗത്തിൽ പറയുന്നില്ല.

(2) സംസ്ഥാനത്തെ ഇപ്പോഴത്തെ ന്യൂനപക്ഷ മന്ത്രിസഭയെ അവരോധിക്കുവാനുള്ള കാരണങ്ങൾ പ്രസംഗത്തിൽ പറയുന്നില്ല.

(3) പട്ടിണിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന കയർ, കശുവണ്ടി വ്യവസായ രംഗത്തുള്ള ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് ആശ്വാസം നൽകുന്ന യാതൊന്നും പ്രസംഗത്തിൽ കാണുന്നില്ല.

(4) നായനാർ മന്ത്രിസഭ അനുവദിച്ച സ്കൂളുകളുടെ ഭാവി നടത്തിപ്പിനെക്കുറിച്ച് പ്രസംഗത്തിൽ പരാമർശിക്കുന്നില്ല.

(5) കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയം മൂലവും വെളിച്ചെണ്ണ ഇറക്കുമതി മൂലവും കേരകൃഷിക്കാരുടെ നട്ടെല്ല് തകർന്നുകൊണ്ടിരിക്കുന്ന ഗുരുതരമായ സ്ഥിതിയെക്കുറിച്ച് പ്രസംഗത്തിൽ പരാമർശിക്കുന്നില്ല.

(6) ദേവികുളം, ഉടുമ്പൻചോല, പീരുമേട് തുടങ്ങിയ താലൂക്കുകളിൽ താമസിക്കുന്ന ആയിരക്കണക്കിന് കൃഷിക്കാർക്ക് കൈവശസ്ഥലം പതിച്ചു കൊടുക്കുവാൻ തീരുമാനിച്ച മുൻ ഗവൺമെന്റിന്റെ നയം തുടർന്നും നടപ്പിലാക്കുമെന്ന് പ്രസംഗത്തിൽ പരാമർശിക്കുന്നില്ല.

Sri Ramachandran Kadannappally: Sir I move my amendment

Add at the end of the Motion:

"but regrets the mention of unrealistic interpretation of the recent political developments in the state in the second and third paragraphs of this address"

Shri V. C. Kabir: Sir, I move my amendment

Add at the end of the Motion:

"but regrets the mention of unrealistic interpretation of the recent political developments in the state in the second and third paragraphs of this address":

Shri P. C. Chacko: Sir, I move my amendment

Add at the end of the Motion:

"but regrets the mention of unrealistic interpretation of the recent political developments in the state in the second and third paragraphs of this address".

Shri E. Chandrasekharan Nair: Sir, I move my amendment

Add at the end of the Motion:

"but regrets that the address did not mention (i) the unconstitutional way in which the present council of ministers was constituted (ii) the violation of rule of law rampant in the State after installation of the present

LIBRARY ARCHIVES Kerala Legislative Assembly

ministry (iii) the crisis of rural economy due to the unprecedented fall in prices of cash crop like Coconut, Rubber etc., by the import of these commodities. (iv) the discriminatory policy followed by the Government of India, in fixing the plan outlay for the State (v) the atrocities committed by the police in general and especially on the working class, students etc."

Shri C. B. C. Warrier: Sir, I move my amendment

Add at the end of the motion the following:

"but regrets that no mention had been made regarding (i) the fact the Ministry headed by Shri Karunakaran does not enjoy the confidence of the majority of the members of this House and had been put in power in violation of the provisions of the Constitution (ii) The heinous Police atrocities perpetrated against the students, youth, workers and common people at various places in the State after the coming into power of this ministry, especially cruel lathicharge on youth at Alleppey and other places on 30-12-1982 barbareus and heinous police attack on student leaders inside the Kerala University Senate Hall and promises on 21-1-1982, and in human attack by police on the guardians, students and others assembled at the Schools Youth Festival at the Cannanore on 22-1-1982 (iii) the permissive attitude taken by police while R. S. S. goondas attacked the student of S. N. College, Quilon on 4-1-1982 resulting in the murder of a student, Sreekumar (iv) Wanton arrests, lock-up cruelties and goonda attacks let loose against the general strike on 19-1-1982 and (v) the atrocities committed during the last one month on Harijans especially at Bathery and other places.

<u>ശ്രീ. വി. വി. ദക്ഷിണാമൂർത്തി</u> :—സർ, ഗവർണ്ണർ ഇവിടെ വായിച്ചിട്ടില്ലാത്ത നയപ്രഖ്യാപനത്തിന് നന്ദിപ്രഖ്യാപിച്ചുകൊണ്ട് പ്രമേയം അവതരിപ്പിച്ച അവതാരകൻ നയപ്രഖ്യാപനത്തിനകത്തേയ്ക്ക് കടന്നുപോയില്ല. കാരണം നയപ്രഖ്യാപനത്തിൽ പുതുതായി ഒന്നും തന്നെഇല്ല എന്നുള്ളതുതന്നെ. 84 ഖണ്ഡികകൾ എന്നുമാത്രം പറഞ്ഞുകേട്ടല്ലോ. പ്രധാനപ്പെട്ട പല കാര്യങ്ങളും മുൻ ഗവൺമെൻറ് നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നതും നടപ്പാക്കിക്കൊണ്ടിരുന്നതുമായ പലതും വിട്ടുകളഞ്ഞുകൊണ്ടുണ്ടാക്കിയ നയപ്രഖ്യാപന രേഖയാണ്. അതിൽ ഒരു നയവുമില്ല. അതിലേക്ക് കടക്കുന്നില്ല. ഇവിടെ പരാമർശിക്കപ്പെടേണ്ട ഒരു കാര്യമുണ്ട്. ഈ പ്രമേയം അവതരിപ്പിക്കാൻ സർവ്വഥാ യോഗ്യനായ ഒരാളായി ശ്രീ. തച്ചടി പ്രഭാകരനെയാണ് കരുണാകരൻ തെരഞ്ഞെടുത്തത്. കാരണം ഗാന്ധി ശിഷ്യനും അദ്ദേഹത്തിൻെറ ആദർശങ്ങൾ അക്ഷരംപ്രതി അനുസരിക്കുന്ന അനുയായിയും എന്ന രീതിയിൽ ശ്രീ. തച്ചടി പ്രഭാകരനെ ഈ നന്ദിപ്രമേയം അവതരിപ്പിക്കാൻ ശ്രീ. കരുണാകരൻ തെരഞ്ഞെടുത്തത് ഏററവും ഉചിതമായി എന്നുമാത്രമേ പറയാനാഗ്രഹിക്കുന്നുള്ളൂ. അദ്ദേഹം സാർവ്വദേശീയ കമ്മ്യൂണിസ്ററ് പ്രസ്ഥാനത്തെപ്പററി, ചെക്കോസ്ലാവാക്യ, ഹങ്കറി, പോളണ്ട്, അഫ്ഗാനിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളെപ്പററിയൊക്കെ പറഞ്ഞു. ആ കാര്യങ്ങളിലേക്കൊന്നും കടന്നുപോകാൻ ആഗ്രഹിക്കുന്നില്ല. കേരളത്തിൽ ഒതുങ്ങി നിൽക്കാൻ, ഇൻഡ്യയിൽ ഒതുങ്ങിനിൽക്കാൻ മാത്രമേ ആഗ്രഹിക്കുന്നുള്ളൂ.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. സി. എസ്. നീലകണ്ഠൻ നായർ]

എന്താണ് പ്രശ്നം ? ഇടതുപക്ഷജനാധിപത്യ മുന്നണി തകർന്നു പോകുന്നിടയായ സാഹചര്യത്തെപ്പററി ശ്രീ. തച്ചടി പ്രഭാകരൻ ചിലതു പറയുന്നതു കേട്ടു. മുഴുവൻ എനിക്ക് കേൾക്കാൻ കഴിഞ്ഞില്ല. എന്താണു കാര്യം ?

5

LIBRARY ARCHIVES Kerala Legislative Assembly

കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിക്കെതിരായി കമ്മ്യൂണിസ്റ്റ് വിരോധത്തിന്റെ അടിസ്ഥാനത്തിൽ ഇവിടെ ഒരു പ്രസ്ഥാനം ഉയർത്താൻ കഴിയും എന്നു കരുതുന്നു എന്നാണു പറയുന്നത്. ഇത് പുതിയ കാര്യമല്ല. സർ, ഞാനിവിടെ ആദ്യമായി ഉദ്ധരിക്കാനാഗ്രഹിക്കുന്നത് 1981 ജൂൺ മാസം 4-ാം തീയതി വീക്ഷണം പത്രത്തിൽ വന്ന ഒരു മുഖപ്രസംഗത്തിൽ നിന്നാണ്. എന്താണ് കോൺഗ്രസ്സിനകത്ത് സംഭവിക്കാൻ പോകുന്നതെന്ന്, അതിൽ ഒരു വിഭാഗം —താൽപര്യമനുസരിച്ച്, ആഗ്രഹമനുസരിച്ച് അധികാരം കിട്ടാതിരുന്ന ഒരു വിഭാഗം ഇടതുപക്ഷജനാധിപത്യ മുന്നണിയെ തകർക്കാൻവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്ന്, മുന്നറിയിപ്പു നൽകിക്കൊണ്ട് വീക്ഷണം പത്രം എഴുതി. ആ വാചകം വായിക്കാൻ ഞാനാഗ്രഹിക്കുന്നു. "കമ്മ്യൂണിസ്റ്റ് വിരോധം ആളിക്കത്തിപ്പിക്കാമോ എന്നാണു മറ്റൊരു ശ്രമം. കോൺഗ്രസ്സുകാർ അടിസ്ഥാനപരമായി ജനാധിപത്യ വിശ്വാസികളായതുകൊണ്ട് കമ്മ്യൂണിസ്റ്റ് വിരോധമുൾക്കൊള്ളുന്നവരാണെന്നു ധരിച്ചുവച്ചിരിക്കുന്ന ചിലരുണ്ട്. നേതൃമണ്ഡലങ്ങളിലും അതിൽ ചിലരെ കണ്ടുവെന്നുവരാം. ഇടതുപക്ഷജനാധിപത്യമുന്നണി എന്ന ആശയം അവർക്ക് രുചിച്ചിട്ടില്ല. തെരഞ്ഞെടുപ്പു വിജയത്തിന് സഹായിക്കുന്നതാണം പ്രസ്ഥാനം എന്നു കരുതി മുന്നണിയുടെ കൊടിയും പിടിച്ചു നടന്നവരുണ്ട്. അവരാഗ്രഹിച്ച സ്ഥാനങ്ങൾ ലഭ്യമാകാതായപ്പോൾ മുന്നണിയെന്നത് ഒരനർത്ഥമാണെന്നും അവർക്ക് തോന്നിയിരിക്കണം." സർ, തച്ചടി പ്രഭാകരനേയും വയലാർ രവിയേയുംപ്പറ്റി ആന്റണിയുടെ പത്രമായ വീക്ഷണം എഴുതിയ മുഖപ്രസംഗമാണിത്. ആഗ്രഹിച്ച സ്ഥാനങ്ങൾ ലഭിക്കാതായപ്പോൾ മുന്നണിയെന്നത് ഒരനർത്ഥമായി അവർക്ക് തോന്നിയിരിക്കണംഎന്ന്. "ഇടതുപക്ഷജനാധിപത്യമുന്നണി എന്ന പ്രസ്ഥാനത്തിന്റെ പിന്നിലുള്ള അടിസ്ഥാനപരമായ ആശയങ്ങളൊന്നും അവർക്ക് ബോദ്ധ്യമായിട്ടില്ല. ആശയങ്ങളുടെ അടിസ്ഥാനത്തിൽ രാഷ്ട്രീയ പ്രസ്ഥാനങ്ങളെ വിലയിരുത്താൻ കഴിവില്ലാത്തതുകൊണ്ടായിരിക്കാം ഇങ്ങനെ സംഭവിക്കുന്നത്. അവരെ സംബന്ധിച്ചിടത്തോളം മുന്നണി ബന്ധങ്ങളിൽ മാററം വേണമെന്ന വാദത്തിനു പ്രസക്തിയുണ്ട്. അവസരവാദത്തിന്റെ തടവറയിലായിരിക്കുന്ന അത്തരക്കാർക്കുള്ളതല്ല ഇടതുപക്ഷജനാധിപത്യമുന്നണി പോലെയുള്ള ഒരു വേദി. കമ്മ്യൂണിസ്റ്റ് വിരോധമെന്ന ദുർബലമായ ചരടിൽ കോർത്തിണക്കിയ ജനകീയപ്രസ്ഥാനമുണ്ടാക്കാൻ കഴിയും എന്നു ചിലർ സ്വപ്നം കാണുന്നു. ആ സ്വപ്നം ഇനിയും ഇവിടെ ഒരു യാഥാർത്ഥ്യമാവുകയില്ല."

ഇപ്പോൾ തച്ചടി പ്രഭാകരന്റേയും വയലാർ രവിയുടേയും കുരുക്കുകളിൽപ്പെട്ടിട്ടുള്ള ശ്രീമാൻ ആന്റണിക്ക് വീക്ഷണം പത്രം കൊടുത്തിട്ടുള്ള ഒരു മുന്നറിയിപ്പാണിത് എന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. ശ്രീമാൻ കുട്ട്യാലി ചോദിച്ചു എങ്ങനെയാണ് ഇടതുപക്ഷജനാധിപത്യമുന്നണി തകർന്നത് എന്ന്. കോൺഗ്രസ് (എസ്)-നകത്തുള്ള കുതികാൽവെട്ടികൾ, വീക്ഷണം പത്രത്തിന്റെ ഭാഷയിൽ അവസരവാദികളായ ഒരുപററം ആളുകൾ, അധികാരദുർമോഹികളായ ഒരുപററമാളുകൾ, അവരുടെ ആഗ്രഹത്തിനുവേണ്ടി ഇതു പൊളിച്ചു എന്നതാണു വസ്തുത. നിയമസമാധാനരാഹിത്യത്തെപ്പററി ശ്രീ. കുട്ട്യാലി പറഞ്ഞു. എന്താണ് കുട്ട്യാലി, അഖിലേന്ത്യാടിസ്ഥാനത്തിൽ നടക്കുന്ന സംഭവങ്ങൾ? അതുപോലെ ഗവർണ്ണർഭരണം കേരളത്തിലടിച്ചേൽപ്പിച്ചശേഷമുണ്ടായിട്ടുള്ള സ്ഥിതി വിശേഷങ്ങളെപ്പററി നിങ്ങൾക്കറിയാമോ? എന്താണിവിടെ സംഭവിച്ചത്? കൊലപാതകങ്ങളെപ്പററി വേദനയോടുകൂടി ശ്രീമാൻ കുട്ട്യാലി പറയുന്നു. ഇവിടത്തെ ഇന്ദിരാ കോൺഗ്രസ്സുകാർ വിജയാഘോഷം നടത്തിയപ്പോൾ ആദ്യമായി കൊല ചെയ്തത് ഒരു സ്ത്രീയെ ആയിരുന്നു. കുറുമ്പ എന്നൊരു കർഷകത്തൊഴിലാളി സ്ത്രീയെ കൊലചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടാണു തങ്ങളുടെ വിജയാഘോഷം കോൺഗ്രസ് (ഐ) ക്കാർ കേരളത്തിൽ നടത്തിയത്. അതിനുശേഷം നടന്ന വെടിവയ്പുകൾ, കൊലപാതകങ്ങൾ ! ഞാനവയിവിടെ ഉദാഹരിക്കുന്നില്ല. എസ്. എൻ. കോളേജിൽ നടന്ന കൊലപാതകം. ശ്രീകുമാരൻ എങ്ങനെയാണ് കൊലചെയ്യപ്പെട്ടത് ? പോലീസുകാരന്റെ മുൻപിൽവച്ചാണ്. ശ്രീമാൻ ഉമ്മൻചാണ്ടി പറയുന്നു ജീവനും സ്വത്തിനും സംരക്ഷണം നൽകുമെന്ന്. കലാലയത്തിലേക്കു ചെന്ന ശ്രീകുമാരനെന്ന ആ കൊച്ചു വിദ്യാർത്ഥിയെ ആർ. എസ്. എസ്. ഗുണ്ടകൾ കൊലചെയ്തതു പോലീസിന്റെ കൺമുൻപിൽ വച്ചായിരുന്നു. സംരക്ഷണം നൽകിയില്ല എന്നുള്ള വസ്തുത ശ്രീമാൻ ഉമ്മൻചാണ്ടിക്ക് നിഷേധിക്കാൻ കഴിയുമോ ? ഇവിടെ ഉമ്മൻ ചാണ്ടിയെ സംബന്ധിച്ച് പറയുമ്പോൾ ഒരു കാര്യം ഞാനോർമ്മിക്കുകയാണ്. ഒരു കാലത്ത് ഒരണാസമരത്തിലൂടെ രാഷ്ട്രീയത്തിൽ കടന്നുവന്ന ശ്രീമാൻ ഉമ്മൻചാണ്ടി ഓർമ്മിക്കണം. ഇവിടെയൊരു സമരം നടന്നിരുന്നു. പാരലൽ കോളേജ് വിദ്യാർത്ഥികളുടെ സമരം. ബസ് ചാർജ്ജു വർദ്ധനവിനെതിരായി. നിലവിലുള്ള ആനുകൂല്യങ്ങൾ നിഷേധിച്ചപ്പോൾ നമ്മുടെ സംസ്ഥാനത്തിലെ വിദ്യാർത്ഥികൾ സമരം നടത്തി. രാഷ്ട്രീയാഭിപ്രായവ്യത്യാസമില്ലാതെ എല്ലാ വിഭാഗങ്ങളിലുംപെട്ട വിദ്യാർത്ഥികൾ യോജിച്ചുനടത്തിയ സമരം. ആ സമരത്തെ ആദ്യമായി അടിച്ചമർത്താൻ ഉമ്മൻചാണ്ടിയുടെ പോലീസാണു തയ്യാറായത്. പേരാമ്പ്രയിൽ നടന്ന ഒരു ലാത്തി ചാർജ്ജിനെപ്പററി മി. ഉമ്മൻചാണ്ടി ഓർമ്മിക്കണമെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. വിദ്യാർത്ഥികളെ പിടിച്ചുകൊണ്ടുപോയി പോലീസ് ലോക്കപ്പിൽ നഗ്നരാക്കി നിർത്തി മർദ്ദിച്ചു. അതിൽ പ്രതിഷേധിക്കാൻവേണ്ടി പഞ്ചായത്തു പ്രസിഡൻറിന്റെ നേതൃത്വത്തിൽ ഒരു പ്രകടനം നടന്നു. ആ പ്രകടനത്തെ തല്ലിപ്പിരിച്ച; കോൺഗ്രസ് (ഐ) യുടെ ഒരു സുഹൃത്തുൾപ്പെടെ നട്ടെല്ലു പൊട്ടി ആശുപത്രിയെ അഭയം പ്രാപിക്കേണ്ടിവന്നു. അതിക്രൂരമായ ലാത്തി ചാർജ്ജ്. പേരാമ്പ്രയിൽ കടകമ്പോളങ്ങളടച്ചിട്ട് ഹർത്താലാചരിച്ചു. നിങ്ങൾക്കറിയാമോ ? ഒരുപക്ഷേ അറിഞ്ഞുകാണുകയില്ല. അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്തുപ്രമേയം പാസാക്കിയയച്ചു. അങ്ങയുടെ കക്ഷിയിലുൾപ്പെട്ടവരുണ്ട്. ഇന്ദിരാ കോൺഗ്രസ്സിലുള്ളവരുണ്ട്. അവരോടു ചോദിച്ചു മനസ്സിലാക്കൂ, പോലീസ് നടത്തിയ നഗ്നതാണ്ഡവം. പേരാമ്പ്രയുടെ ചരിത്രത്തിൽ കഴിഞ്ഞ മുപ്പത്തിനാലു സംവൽസരമായി ഒരു ലാത്തിചാർജ്ജ് ഉണ്ടായിട്ടില്ല. ഇപ്പോഴാണ്, അങ്ങ് ആഭ്യന്തരമന്ത്രിയായശേഷമാണ്, അവിടെ ലാത്തിചാർജ്ജ് ഉണ്ടായത്. വിദ്യാർത്ഥികൾക്കെതിരായി ക്രൂരമായ മർദ്ദനം അവിടെവച്ച് നടന്നു. അവിടെ മാത്രമല്ല. നീലേശ്വരത്തു ലാത്തിചാർജ്ജ് ഉണ്ടായി, വിദ്യാർത്ഥികൾക്കെതിരായി. മുക്കത്തു ലാത്തിചാർജ്ജുണ്ടായി, വിദ്യാർത്ഥികൾക്കെതിരായി. വിദ്യാർത്ഥികൾക്കെതിരായി നടത്തിയ ക്രൂരമായ ലാത്തിചാർജ്ജുകളുടെ അനുഭവങ്ങൾ. എത്ര വിദ്യാർത്ഥികളെ ആശുപത്രിയിലെത്തിച്ചു. അങ്ങയ്ക്കറിയാമോ അങ്ങ് കടന്നുവന്ന പ്രസ്ഥാനം ? ചവിട്ടിക്കടന്നുവന്ന പടവുകൾ ഓർമ്മിക്കുവാൻ കഴിയുമോ ? പോലീസുകാരെക്കൊണ്ട് ആദ്യം തല്ലിച്ചത് വിദ്യാർത്ഥികളെയായിരുന്നു. അതാണ് കേരളത്തിൽ നടന്നത്. ഇന്നലെ സഖാവു പി. കെ. വി. വികാരനിർഭരമായി ആ കാര്യങ്ങൾ വിശദീകരിച്ചു. ആ കാര്യത്തിലേക്ക് അധികം കടക്കാൻ ഞാനാഗ്രഹിക്കുന്നില്ല. നിയമസമാധാനം! എന്താണ് ഇൻഡ്യയിലെ സ്ഥിതി ? ബത്തേരിയിലെ ആദിവാസികളെ കൊലചെയ്തു. കോൺഗ്രസ് (ഐ) എം. എൽ. എ. മാരെ അയച്ചിട്ടുള്ള, കമലച്ചേച്ചിയെ അയച്ചിട്ടുള്ള വയനാട് ! ആ വയനാട്ടിൽ ആദിവാസികളെ കൊലപ്പെടുത്തിയിട്ട് എത്ര ദിവസം കഴിഞ്ഞാണ് നിങ്ങൾ അവിടെ എത്തിയത് ? നിങ്ങൾക്ക് എന്തു ചെയ്യാൻ കഴിഞ്ഞു. ഒരക്ഷരം ഉരിയാടിയോ ? ഉരിയാടിയില്ല. നിയമസമാധാനത്തെപ്പററി പറയുന്നു. ഇൻഡ്യയിലെ നിയമസമാധാനത്തിന്റെ സ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly

എന്താണ്? ഇന്ദിരാ കോൺഗ്രസ് ഭരണാധികാരി വർഗ്ഗം ഇൻഡ്യയിലെ സാമൂഹ്യ വിരുദ്ധ ശക്തികളുമായി, കൊള്ളക്കാരുമായി, കൈകോർത്തു പിടിച്ചുകൊണ്ടാണ് ഹരിജനങ്ങളെയും ആദിവാസികളെയും കൊല ചെയ്യുന്നത് എന്നുള്ള വസ്തുത നിങ്ങൾക്ക് നിഷേധിക്കാമോ? ഇന്നത്തെ ഇൻഡ്യൻ എക്സ്പ്രസ് പത്രത്തിലുണ്ട്: Proof for Congress (I) leaders' links with dacoits ഉത്തർപ്രദേശ് അസംബ്ലിയിൽ ഹാജരാക്കിയ ഒരു രേഖ. അവിടത്തെ പോലീസ് ഉദ്യോഗസ്ഥന്മാരയച്ചുകൊടുത്തതാണ്. സുരേന്ദ്ര സിംഗ് എന്നൊരു കോൺഗ്രസ് (ഐ) എം. എൽ. എ.; ആ എം. എൽ. എ. യാണ് അവർക്ക് തോക്കുകൊടുത്തത്, ആയുധം കൊടുത്തത്; പണം കൊടുത്തത് എന്ന് അസംബ്ലിയിൽ ഹാജരാക്കിയ രേഖയിൽ പറയുന്നു. അവിടത്തെ കൊള്ളക്കാരുമായി കൂട്ടുചേർന്നിരിക്കുകയാണ്. സാധുപ്പൂരിൽ 10 ഹരിജനങ്ങളെ വെടിവച്ച് കൊലപ്പെടുത്തിയ കേസിലെ പ്രതി കൊടുത്ത തെളിവനുസരിച്ച് ചോദ്യം ചെയ്തപ്പോൾ അറിഞ്ഞത് ഇന്ദിരാ-കോൺഗ്രസിന്റെ എം. എൽ. എ. പണം കൊടുത്തും ആയുധം കൊടുത്തും സഹായിച്ചാണ് കൊലപാതകം നടത്തിയതെന്നാണ്. ആ രേഖയുടെ ഫോട്ടോസ്റ്റാറ്റ് കോപ്പി ഉത്തർപ്രദേശ് അസംബ്ലിയിൽ ലോക്ദളിന്റെ നേതാവ് ഹാജരാക്കിയിരിക്കുന്നു. നിഷേധിക്കാൻ കഴിയുമോ? ഒറീസയിൽ ഒരു മന്ത്രി ജീപ്പുകട്ട കേസിൽ പ്രതിയായി ശിക്ഷിക്കപ്പെട്ടു. നിങ്ങൾക്കറിയാം കർണ്ണാടകത്തിൽ നടന്നത്. മഹാരാഷ്ട്രയിലെ ആന്തുലേയുടെ കാര്യം. കോൺഗ്രസ് (ഐ) ഈ രാജ്യത്തു നിയമരാഹിത്യം സൃഷ്ടിച്ചിരിക്കുന്നു. ഹരിജനങ്ങളെയും ആദിവാസികളെയും ന്യൂനപക്ഷങ്ങളെയും കൊല ചെയ്യുന്നു. പോലീസുകാർക്കുപോലും രക്ഷയില്ല. ഒൻപതു പോലീസുകാരെ വെടിവച്ചുകൊന്നു. പതിനഞ്ചു ബററാലിയൻ പോലീസിനെ അവിടെ നിറുത്തിയിട്ടുപോലും വീണ്ടും കൊലപാതകം നടന്നു. ഇതുപോലെ നിരന്തരമായ കൊലപാതകങ്ങൾ. നിരന്തരമായി കവർച്ച നടക്കുന്നു. ബാങ്കുകളിൽ കൊള്ള നടക്കുന്നു. ഡൽഹിയിൽ 119 പെൺകുട്ടികളെ തട്ടിക്കൊണ്ടുപോയി മൂന്നുമാസക്കാലത്തിനകത്ത് എന്ന് ശ്രീമാൻ മകവാനയാണ് പാർലമെന്റിൽ പറഞ്ഞത്. നിഷേധിക്കാൻ കഴിയുമോ?

ശ്രീ. കെ. അനിരുദ്ധൻ: സർ, ഒരു പോയിന്റ് ഓഫ് ആർഡർ, ഈ കാര്യത്തെക്കുറിച്ച് ഗൗരവമായി ചർച്ചചെയ്തുകൊണ്ടിരിക്കുമ്പോൾ സൗകര്യപ്രദമായി ഭരണം കിട്ടിയെന്നു വിചാരിച്ച് മെമ്പർമാർ മന്ത്രിമാരെക്കൊണ്ട് കാര്യങ്ങൾ സാധിക്കാൻ ഇവിടെ കടലാസുകൾ നീക്കിക്കൊണ്ടിരിക്കുന്നത് ആർഡറിലാണോ; മന്ത്രിമാരെങ്കിലും ഇതൊന്നു ശ്രദ്ധിക്കേണ്ടതല്ലേ?

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: നിയമസമാധാനം സംരക്ഷിക്കാൻ ശ്രീമാൻ എൻ. പി. മൊയ്തീൻ പോയിച്ചേർന്നത് കോൺഗ്രസ് (ഐ) യുടെ കൂടെയാണ്. കോഴിയെപ്പോററാൻ കുറുക്കന്റെ കൈയിൽ കൊടുത്തിരിക്കുന്നു. നിയമസമാധാനമാണല്ലോ അഭിപ്രായവ്യത്യാസത്തിന്റെ ഏററവും വലിയ പ്രശ്നം. കക്കുഴി കണ്ണനെ തല്ലിക്കൊന്നിട്ട് ആ പോലീസുദ്യോഗസ്ഥന്മാർക്കെതിരായി നടപടിയെടുക്കുന്നതിനുവേണ്ടി അന്നത്തെ കോൺഗ്രസ് നേതാക്കന്മാർ ചെന്നിട്ട് നടപടിയെടുക്കാതിരുന്ന കരുണാകരനോടൊപ്പമാണ് പോയി ചേർന്നിരിക്കുന്നത്. കഴിഞ്ഞ നിയമസഭയിൽ ശ്രീമാൻ എൻ. പി. മൊയ്തീൻ പ്രസംഗിച്ചു, കരുണാകരന്റെ നിയമസമാധാനത്തെക്കാൾ മെച്ചപ്പെട്ട നിയമസമാധാനമാണ് കേരളത്തിലുള്ളതെന്ന്. അങ്ങ് പറഞ്ഞില്ലേ മി. മൊയ്തീൻ? എന്നിട്ട് എന്താണ് സ്ഥിതി? ഇപ്പോൾ കരുണാകരനോടൊപ്പം ചേർന്ന് ശ്രീമാൻ ഉമ്മൻചാണ്ടി പോലീസ് നയം നടപ്പി

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ് (ഐ) നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പോലീസ് നയം കേരളത്തിൽ നടപ്പാക്കുകയാണ്. സാമൂഹ്യവിരുദ്ധരുമായി, കൊള്ളക്കാരുമായി, ബന്ധമുള്ള കോൺഗ്രസ് (ഐ)—അതിലെ മന്ത്രിമാർ, എം. പി. മാർ, എം. എൽ. എ. മാർ, സാമൂഹ്യവിരുദ്ധരുമായും കൊള്ളക്കാരുമായും കൂട്ടുചേർന്ന് അക്രമം നടത്തുന്ന ഒരു പുതിയ രാഷ്ട്രീയ പ്രവണത ഇൻഡ്യൻ രാഷ്ട്രീയത്തിൽ ഉയർന്നുവന്നിരിക്കുന്നു. അതിന്റെ വക്താവായിട്ടാണ് ശ്രീമാൻ കരുണാകരൻ ഇവിടെ ഉള്ളത്. അതിന്റെ ഭാഗമായിട്ടാണ് നിങ്ങൾ അവിടെ പോയത്. ഭൂരിപക്ഷത്തെപ്പററി പറഞ്ഞു. ശ്രീ തച്ചടി പ്രഭാകരൻ പറഞ്ഞു 71 എന്ന്. തിരഞ്ഞെടുക്കപ്പെട്ട 140 പേരെ ഇവിടെയുള്ളൂ. സീതിഹാജി പറഞ്ഞു 71–ഉം 70–ഉം പേരെ തിരഞ്ഞെടുത്താൽ എന്താണ് സ്ഥിതിയെന്ന്. അങ്ങനെ തിരഞ്ഞെടുക്കുന്ന സ്ഥിതി നമ്മുടെ കേരളത്തിൽ ഇല്ല. 69–ഉം 71–ഉം ആയിട്ടേ തിരഞ്ഞെടുപ്പു നടക്കൂ. അതാണ് 140. പിന്നീട് നോമിനേഷനാണ്. ഭൂരിപക്ഷമുള്ള ഭരണകക്ഷിയുടെ നിർദ്ദേശാനുസരണം ഗവർണ്ണർ നോമിനേററുചെയ്യുന്ന അംഗമുൾപ്പെടെയാണ് 141. ഒരു നിയോജക മണ്ഡലത്തിലും തിരഞ്ഞെടുക്കാത്ത അംഗമുൾപ്പെടെ സ്പീക്കറെയും കൂട്ടി ആണ് 71 എന്ന അവകാശവാദമുന്നയിക്കുന്നത്.

സർ, പാർലമെൻററി ജനാധിപത്യത്തിൽ ഇത്രയധികം ഹീനമായ ലംഘനം ഉണ്ടായിട്ടുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. സ്പീക്കറെക്കൂടി ചേർത്തുകൊണ്ട് 71 വോട്ടാണ് കിട്ടിയത്. ബഹുമാനപ്പെട്ട സ്പീക്കറോടുള്ള എല്ലാ ബഹുമതിയും ആദരവും നിലനിറുത്തിക്കൊണ്ടുതന്നെ ഞാൻ ഒരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. അങ്ങ് അവിടെ ഇരിക്കുമ്പോൾ 71 എന്ന് ഭരണകക്ഷികളോടൊപ്പം ഉൾപ്പെടുത്തിയപ്പോൾ "അംഗങ്ങൾക്ക് എന്തും പറയാൻ അവകാശമുണ്ട് എനിക്ക് അതിൽ ഇടപെടാൻ സ്വാതന്ത്ര്യമില്ല" എന്നു പറഞ്ഞുകൊണ്ട് ഒഴിയാൻ ശ്രമിക്കുന്നത് അങ്ങയുടെ പദവിക്ക് ഭൂഷണമാണോയെന്ന് ചോദിക്കാൻ ആഗ്രഹിക്കുകയാണ്. പല ആളുകളും ഇരുന്ന സ്ഥലമാണെന്ന് പറഞ്ഞു. ഇപ്പോൾ ഭരണകക്ഷികളുടെ ഭാഗത്ത് സ്പീക്കറെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ആണ് ഭൂരിപക്ഷം ഉണ്ടാക്കിയിരിക്കുന്നത്. ഇത്രയധികം പാർലമെൻററി ജനാധിപത്യത്തിന്റെ ലംഘനം വേറെ വരാനുണ്ടോ ? അതുകൊണ്ട് പാർലമെൻററി ജനാധിപത്യം ലംഘിച്ചുകൊണ്ട് ഒരു ന്യൂനപക്ഷ ഗവൺമെൻറ് ഇപ്പോഴും അധികാരത്തിലിരിക്കുന്നു. ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം അധികാരത്തിൽ തുടരാൻ യാതൊരു വിധത്തിലും അർഹതയില്ലെന്നുള്ളതാണ് വസ്തുത. അത് നിഷേധിക്കാൻ ആർക്കും സാധിക്കുകയില്ല.

സർ, ഈ നയപ്രഖ്യാപനരേഖയിൽ ഞാൻ വായിച്ചു നോക്കിയപ്പോൾ ഒരു കാര്യം കാണുന്നില്ല. കർഷകതൊഴിലാളി പെൻഷൻ ഉണ്ടെന്ന് ഇന്നലെ പറഞ്ഞു. പക്ഷേ കർഷകതൊഴിലാളി പെൻഷൻ പുന:പരിശോധിച്ചു ഇല്ലാതാക്കാനുള്ള ഒരു വകുപ്പ് കൊടുത്തിട്ടുണ്ട്. എന്നാൽ തൊഴിലില്ലായ്മ വേതന പദ്ധതി കാണുന്നില്ല. എവിടെപോയി ? ശ്രീ ആൻറണിയുടെ കാലത്ത് കേരളത്തിൽ നടപ്പിലാക്കിയെന്ന് അവകാശപ്പെട്ടിട്ടുള്ള തൊഴിലില്ലായ്മ വേതന പദ്ധതി ഈ നയപ്രഖ്യാപന രേഖകളിൽ എങ്ങനെ ഇല്ലാതായി, തൊഴിലില്ലായ്മവേതനത്തോടുള്ള നിങ്ങളുടെ നയം എന്താണ് എന്നുള്ളത് അറിയണം. നിങ്ങൾ ഭരിക്കുമോ ഇല്ലയോ എന്നുള്ളത് വേറെ പ്രശ്നമാണ്. പക്ഷേ തൊഴിലില്ലായ്മാ വേതന പദ്ധതി ഇതിൽ ഉൾപ്പെടുത്താതിരുന്നത് ബോധപൂർവ്വം ആണ്. കേരളത്തിലെ യുവജനങ്ങൾ നേടിയെടുത്ത ഈ ആനുകൂല്യം ഒററപ്പെട്ടതല്ല. എല്ലാ വിഭാഗത്തിലുംപെട്ട പഠിച്ചിട്ടുള്ളതോ പഠിച്ചിട്ടില്ലാത്തതോ ആയ ചെറുപ്പക്കാരായ ആളുകൾ സമരം ചെയ്ത് നേടിയെടുത്ത തൊഴിലില്ലായ്മാ വേതനം ഇല്ലാതാക്കാൻ ഈ ന്യൂനപക്ഷ ഗവൺമെൻറിന് കഴിയുമെന്ന് കരുതി

LIBRARY ARCHIVES Kerala Legislative Assembly

യാൽ അത് നേടിയെടുത്ത അതേ യുവാക്കൾ തന്നെ അത് തിരിച്ചെടുക്കുമെന്നുള്ള കാര്യത്തിൽ സംശയം വേണ്ട. അത് നിങ്ങൾക്ക് നിഷേധിക്കാൻ സാധിക്കുകയില്ല. ഈ ന്യൂനപക്ഷ ഗവൺമെൻറ് അധികാരത്തിൽ വരുന്നതിനെക്കുറിച്ച് ഇന്നലെ പറഞ്ഞു. ചാക്കിട്ട് പിടിത്തത്തെക്കുറിച്ച് പറഞ്ഞപ്പോൾ ചിലർക്ക് വിഷമം വന്നു. പത്രങ്ങളുടെ അഭിപ്രായങ്ങൾ എന്തായിരുന്നു. ഇവിടെ നിങ്ങൾക്ക് ഭരിക്കാൻ അവകാശമുണ്ടെന്ന് നിങ്ങളെ അനുകൂലിക്കുന്ന പത്രങ്ങൾ പോലും പറഞ്ഞിട്ടുണ്ടോ ? മാതൃഭൂമി മുഖപത്രം പ്രസിദ്ധീകരിച്ച രണ്ടു മുഖപ്രസംഗങ്ങൾ നിങ്ങളെ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നിങ്ങൾ മാതൃഭൂമിയെ തള്ളിപ്പറയുമെന്ന് എനിക്ക് തോന്നുന്നില്ല. അതുകൊണ്ടാണ് മാതൃഭൂമിയെ ഉദ്ധരിക്കുന്നത്. മാതൃഭൂമി നവംബർ മാസം 7-ാം തീയതി മുഖപ്രസംഗമെഴുതി. "അവിഹിതമായ അടവുകൾ അവലംബിച്ച് പാർട്ടികളിൽ പിളർപ്പുണ്ടാക്കി വല്ലവിധവും ഒരു മന്ത്രിസഭ തട്ടിക്കൂട്ടേണ്ട കാര്യമില്ല. ജനാധിപത്യമുന്നണിയുടെ സാരഥികൾ അത്രത്തോളം തരം താഴുകയില്ലെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. "അതു കഴിഞ്ഞ് അവസാനം പറയുന്നത്" കൃത്രിമ ഭൂരിപക്ഷത്തിൽ അധിഷ്ഠിതമായ ഒരു ഭരണത്തിന് ജനാഭിലാഷങ്ങൾ തൃപ്തിപ്പെടുത്താനും. ഏറെക്കാലം നിലനിൽക്കാനും സാധിക്കുകയില്ലെന്ന് മന്ത്രിസഭയുടെ ചരിത്രം നമ്മെ പഠിപ്പിക്കുന്നു. വീണ്ടും ജനവിധി തേടുക മാത്രമാണ് രാഷ്ട്രീയമായ ഇന്നത്തെ അനിശ്ചിതത്തിന് സ്വീകാര്യവും ആശാവഹവും മാന്യവുമായ ഒരു പോംവഴി. വീണ്ടും നവംബർ 24-ാം തീയതി മാതൃഭൂമി മുഖപ്രസംഗം എഴുതി. "ഈ ആറുപേരുടെ വിടവു് നികത്താൻ ജനാധിപത്യ മുന്നണിയിലില്ലാത്ത മററ് ഏതെങ്കിലും കക്ഷികളിൽപ്പെട്ട എം. എൽ. എ. മാരെ ചാക്കിട്ട് പിടിക്കേണ്ടിവരും. അങ്ങനെയെല്ലാം ഒരു മന്ത്രിസഭ തല്ലിക്കൂട്ടി ഉണ്ടാക്കാൻ കഴിഞ്ഞാൽ തന്നെ അതിന് ഭദ്രത ഉണ്ടാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിച്ചു കൂട. പിന്നെ എന്തിന് ഈ വ്യർത്ഥ വ്യായാമം" നിങ്ങൾക്ക് അനുകൂലമായ പത്രമായ മാതൃഭൂമിയാണ് ഇത് എഴുതിയിരിക്കുന്നത്. നിങ്ങൾ നിഷേധിക്കുകയില്ലെന്ന് വിശ്വസിക്കുന്നു. കേരളത്തിൽ തെരഞ്ഞെടുപ്പ് നടത്തുക മാത്രമേ പോംവഴിയുള്ളൂ എന്നുള്ള ശ്രീ. രാജീവ് ഗാന്ധിയുടെ അഭിപ്രായം ഇത്തരുണത്തിൽ ഓർക്കാവുന്നതാണ്. "ഏതായാലും കോൺഗ്രസ് ഐയും കോൺഗ്രസ് എസ്സും കൂടി കൂട്ടുചേരാൻ തീരുമാനിച്ച സ്ഥിതിക്ക് അവർ ജനാധിപത്യ മുന്നണിയിൽ ചേർന്നുകൊണ്ട് വ്യക്തമായ നയപരിപാടികളുടെ അടിസ്ഥാനത്തിൽ പുതുതായ ജനവിധി തേടുന്നതായിരിക്കും അഭികാമ്യമെന്ന് ഞങ്ങൾക്ക് തോന്നുന്നു" എന്നും പറഞ്ഞിട്ടുണ്ട്. നിയമസഭ പിരിച്ചുവിട്ടു...

ശ്രീ. എം. കെ. കേശവൻ : ഈ ന്യൂനപക്ഷ ഗവൺമെൻറിനെ അധികാരത്തിൽ കൊണ്ടുവന്ന ഗവർണ്ണറെ പിരിച്ചു വിടുകയോ രാജിവച്ച് പോവുകയോ ചെയ്യുന്നില്ലെങ്കിൽ ഇവിടെ ശ്രീ. രാമസ്വാമി അയ്യരുടെ മൂക്കു മുറിച്ചതുപോലെ മൂക്കു മുറിച്ചു പറഞ്ഞയക്കാൻ കേരളത്തിലെ ജനങ്ങൾ ഒരുങ്ങുകയില്ലേ ?

ശ്രീ. വി. വി. ദക്ഷിണാമൂർത്തി : "നിയമസഭ പിരിച്ചുവിട്ട് അതിനുള്ള സാഹചര്യം ഒഴിവാക്കാൻ ഇനിയും വൈകിക്കേണ്ടതില്ല." ഇത് ഒരു പത്രത്തിൻെറ അഭിപ്രായമല്ല. നിരവധി പത്രങ്ങൾ "പൊതു തെരഞ്ഞെടുപ്പ് നടത്തുകയാണ് പോംവഴി" എന്ന് എഴുതിയിട്ടുണ്ട്. നിങ്ങൾക്ക് ഭരിക്കാൻ അവകാശമില്ല. ഭൂരിപക്ഷം കൃത്രിമമായി ഉണ്ടാക്കികൂടാ എന്നിങ്ങനെയുള്ള ഒരേ അഭിപ്രായങ്ങളാണ് പത്രങ്ങളിലൂടെ വന്നത്. ചാക്കിട്ട് പിടിക്കരുതെന്ന മുന്നറിയിപ്പ് നിങ്ങളെ അനുകൂലിക്കുന്ന പത്രങ്ങൾ പോലും നിങ്ങൾക്ക് നൽകി; നിങ്ങളെ ഉപദേശിച്ചു സാരോപദേശം ചെയ്തു. പക്ഷേ അത് അംഗീകരിക്കാൻ നിങ്ങൾ തയ്യാറായില്ല. പിന്നെയും [illegible]ചടഞ്ഞുകൂടാനാണ് നിങ്ങൾ ആഗ്രഹിക്കുന്നത്. അനേകം ആനുകൂല്യങ്ങൾ അവിഹിതമായി നൽകികൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇന്ന് ഉദ്യോഗസ്ഥൻമാരെ കണ്ടമാനം സ്ഥലം മാററിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് ഇഷ്ടമില്ലാത്ത കളക്ടറെ ഉൾപ്പെടെ ഫോണിലൂടെവിളിച്ചു പറഞ്ഞ് സ്ഥലം മാററിക്കൊണ്ട് അഴിമതി നടത്താൻ സൗകര്യമുണ്ടാക്കുകയാണ്. സിമൻറ് കൊടുത്തിട്ടില്ലാത്ത കളക്ടർമാരെ എം. എൽ. എ. മാരുടെ നിർദ്ദേശാനുസരണം സ്ഥലംമാററുന്നു. ചില മന്ത്രിമാരെപ്പററിതന്നെ അഴിമതി ആരോപണങ്ങൾ വന്നുകഴിഞ്ഞിരിക്കുകയാണ്. അഴിമതി നടത്താൻ മാത്രമാണ് നിങ്ങൾ ഇവിടെ ചടഞ്ഞുകൂടിയിരിക്കുന്നത്. ഈ ന്യൂനപക്ഷ മന്ത്രിസഭ നിലനിറുത്താൻ ഓരോ എം. എൽ. എ.ക്കും ആനുകൂല്യം നൽകികൊണ്ട് അഴിമതി മാത്രം നടത്താൻ ചടഞ്ഞുകൂടിയിട്ടുള്ള ഈ മന്ത്രിസഭയ്ക്ക് ഭരിക്കാൻ കഴിയുമോയെന്ന് ഇനിയും പരീക്ഷണം നടത്താൻ തയ്യാറാകരുതെന്നാണ് എനിക്ക് പറയാനുള്ളത്. ജനങ്ങളുടെ ക്ഷമ ഇനിയും പരീക്ഷിക്കാൻ തുനിയാതെ കഴിഞ്ഞ ഏതാനും നാളുകളിൽ നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിമാർക്കുണ്ടായ അനുഭവം വച്ചുകൊണ്ട് ഒരു നിമിഷംപോലും ചടഞ്ഞുകൂടാതെ ഇറങ്ങിപോകണമെന്ന് സ്നേഹബുദ്ധ്യാ പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു. ഈ പ്രമേയത്തെ ഞാനെതിർക്കുന്നു.

ശ്രീ. എൻ. പി. മൊയ്തീൻ : സർ, ശ്രീ. തച്ചടി പ്രഭാകരൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. വ്യക്തമായ കാഴ്ചപ്പാടോടും ലക്ഷ്യബോധത്തോടും ഉള്ള ഒരു സർക്കാരിൻെറ തികച്ചും ജനക്ഷേമകരമായ പ്രവർത്തനങ്ങളുടെ തുടക്കമാണ് ഗവർണ്ണർ അവരുടെ പ്രസംഗത്തിലൂടെ ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. താറുമാറായി കിടക്കുന്ന കേരളത്തിലെ ക്രമസമാധാനനില മെച്ചപ്പെടുത്താൻ വ്യക്തമായ പരിപാടികളോടും വ്യക്തമായ കാഴ്ചപ്പാടോടും കൂടി നീങ്ങുന്ന ഒരു സർക്കാരിൻെറ നയപ്രഖ്യാപനത്തെ അനുകൂലിച്ചുകൊണ്ട് സംസാരിക്കുന്നതിന് എനിക്ക് സംതൃപ്തിയും സന്തോഷവും ഉണ്ട്. കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പിക്കാൻ കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും അത് കൂടുതൽ ആദായകരമാക്കുന്നതിനും വേണ്ടിയുള്ള സർക്കാരിൻെറ നടപടികൾ തികച്ചും സ്വാഗതാർഹമാണ്. അപ്പുറത്തിരിക്കുന്ന പ്രതിപക്ഷ സ്നേഹിതൻമാർ ജനങ്ങളുടെപേരിൽ എതിർക്കുമെന്ന് എനിക്ക് തോന്നുന്നില്ല. രാഷ്ട്രീയ വൈരാഗ്യത്തിൻെറ പേരിലല്ലാതെ ജനക്ഷേമകരമായ കാര്യങ്ങളുടെ പേരിൽ നിങ്ങൾക്ക് ഇതിനെ എതിർക്കാൻ സാധിക്കുകയില്ല. അർഹരായിട്ടുള്ളവർക്ക് കർഷകത്തൊഴിലാളികൾക്ക് കഴിഞ്ഞകൊല്ലങ്ങളിൽനൽകിയിരുന്നതുപോലുള്ള കർഷകതൊഴിലാളി പെൻഷൻ തുടർന്നും കൊണ്ടുപോകാനുള്ള സർക്കാരിൻെറ നടപടി തികച്ചും അഭിനന്ദനമർഹിക്കുന്ന കാര്യമാണ്. ഗവർണ്ണറുടെ പ്രസംഗത്തിൽ എനിക്ക് ശ്രദ്ധേയമായി തോന്നിയ മറെറാരു കാര്യം പൊതുപ്രവർത്തകൻമാരുടെ അഴിമതിയെക്കുറിച്ച് ഉള്ളതാണ്. പൊതു പ്രവർത്തകൻമാരുടെ അഴിമതിയെക്കുറിച്ച് സംസാരിക്കുമ്പോൾ കേരളത്തിലേയും ഇൻഡ്യയിലേയും രാഷ്ട്രീയ കക്ഷികളും പൊതു പ്രവർത്തകരും അങ്ങോട്ടുമിങ്ങോട്ടും വലിച്ചെറിയുന്ന ചെളികൾ ഈ രാജ്യത്തെ ബഹുജനങ്ങൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങളെ, രാഷ്ട്രീയ പ്രവർത്തകരെ എങ്ങനെ നോക്കികാണുമെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം സാവധാനമായിയെങ്കിലും ചിന്തിക്കണമെന്ന് അപ്പുറത്തിരിക്കുന്ന സ്നേഹിതൻമാരോട് പറയാൻ ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണിയിൽനിന്നും കോൺഗ്രസ് എന്താണ് വിട്ട് പോയത്, വിട്ടുപോകാൻ ഇടയാക്കിയ സാഹചര്യങ്ങൾ എന്തായിരുന്നു. ഇൻഡ്യൻ നാഷണൽ കോൺഗ്രസ് എന്തുകൊണ്ടാണ് ബദൽഭരണ സംവിധാനത്തിൽ പങ്കാളികളായത്, അതിൽ പങ്കാളികളാകാൻ കേരളത്തിൽ ഉണ്ടായ രാഷ്ട്രീയ സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നു എന്നിങ്ങനെയുള്ള കാര്യങ്ങൾ എൻെറ രാഷ്ട്രീയ പാർട്ടിയുടെ കാഴ്ചപ്പാടിൽ വിശദീകരിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് അവകാശമുണ്ട്. അത് വിശദീകരിക്കാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു.

കഴിഞ്ഞ 21 മാസക്കാലത്തിനു മുമ്പ് കേരളത്തിൽ രൂപംകൊണ്ട ഇടതുപക്ഷ ജനാധിപത്യമുന്നണിയിലെ പ്രബലമായ ഒരു രാഷ്ട്രീയപാർട്ടിയായിരുന്നു ഞങ്ങളുടെ പാർട്ടി. കഴിഞ്ഞ 21 മാസക്കാലത്തെ ഭരണത്തെ പൂർണ്ണമായും തള്ളിക്കളയാൻ തയ്യാറല്ലെങ്കിൽപ്പോലും കഴിഞ്ഞ 21 മാസക്കാലം കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയും കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇൻഡ്യൻനാഷണൽ കോൺഗ്രസും ഒക്കെ ഉള്ള ഘടകകക്ഷികൾ തമ്മിൽ പല പ്രശ്നങ്ങളിലും അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നു എന്നുള്ള വസ്തുത അപ്പുറത്തിരിക്കുന്ന മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടി ഒഴികെയുള്ള രാഷ്ട്രീയ കക്ഷികൾ സമ്മതിക്കുമെന്നാണ് എനിക്ക് തോന്നുന്നത്.

സർ, കാവിലംപാറയിൽ നടന്ന സംഭവം ഞാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ അന്നുകൊണ്ടുവന്നതാണ്. ഈ രാജ്യത്തെ പാവപ്പെട്ട കർഷകർ കൃഷിചെയ്യുന്ന കുരുമുളകുവള്ളികൾ ഒരുകൂട്ടം തെമ്മാടികൾ ഒരുകൂട്ടം സാമൂഹ്യദ്രോഹികൾ വെട്ടിനശിപ്പിക്കുകയും കാർഷികമേഖലയിൽ കുഴപ്പം ഉണ്ടാക്കുമ്പോൾ കുഴപ്പമുണ്ടാക്കുന്നവരുടെ പേരിൽ നടപടിഎടുക്കുകയും ചെയ്യണമെന്നാവശ്യപ്പെട്ടപ്പോൾ അന്നത്തെ ആഭ്യന്തരമന്ത്രി എന്തെങ്കിലും നടപടി സ്വീകരിച്ചോ? ഒരു നടപടിയും സ്വീകരിക്കുവാൻ ശ്രീ. ടി. കെ. രാമകൃഷ്ണൻ തയ്യാറായില്ലെന്നുള്ളതാണ് വസ്തുത. അതുപോലെതന്നെ വാണിമേൽ നടന്ന സംഭവമെന്താണ്? അവിടത്തെ കൃഷിക്കാരുടെ നാളികേരം മുഴുവൻ സാമൂഹ്യദ്രോഹികൾ പറിച്ചെടുത്തു. അതിനെ എതിർത്തുകൊണ്ട് നാദാപുരംനിയോജകമണ്ഡലത്തിലെ എന്റെ സ്നേഹിതൻ സംസാരിക്കുമെങ്കിൽപ്പോലും വസ്തുതകൾ എന്താണെന്ന് എനിക്കും അദ്ദേഹത്തിനും ശ്രീ. ദക്ഷിണാമൂർത്തിക്കും അറിയാവുന്നതാണ്. ഈ രാജ്യത്ത് നാളികേരകൃഷിക്കാരുടെ നാളികേരം മോഷണം നടത്തി പാർട്ടിക്ക് ഫണ്ടും പാർട്ടിക്ക് ജീപ്പും പാർട്ടിക്ക് സ്വന്തമായി കെട്ടിടവും ഉണ്ടാക്കുന്ന തരംതാഴ്ന്ന രാഷ്ട്രീയ പ്രവർത്തനങ്ങൾ ആയിരുന്നില്ലേ അന്നത്തെ ആഭ്യന്തരവകുപ്പുമന്ത്രിയും അദ്ദേഹത്തിന്റെ പോലീസും നടത്തിയിരുന്നത്. അത് നിഷേധിക്കുവാൻ ശ്രീ. ടി. കെ. രാമകൃഷ്ണന് സാധിക്കുമോ? വിലങ്ങാട്ട് എന്താണ് നടന്നത്? അവിടെ അര ഏക്കറിലും മുക്കാൽ ഏക്കറിലും കൃഷി ചെയ്യുന്ന പാവപ്പെട്ട കൃഷിക്കാരാണല്ലോ നിങ്ങളുടെ കാഴ്ചപ്പാടിൽ വലിയ മുതലാളിമാർ. അപ്പോൾ ടാററയും ബിർളയും ഒന്നും നിങ്ങളുടെ കാഴ്ചപ്പാടിൽ വലിയ മുതലാളിമാർ അല്ല. ഈ രാജ്യത്ത് പത്ത് സെൻറ് ഭൂമിയുള്ള വരെ കൊല്ലുന്നതിനാണ് നിങ്ങളുടെ വർഗ്ഗവിപ്ലവം കിടക്കുന്നത്. പാവപ്പെട്ട മാത്യുവിനെ മാർക്സിസ്റ്റ് പാർട്ടിക്കാർ വെട്ടിയും കുത്തിയും കൊലപ്പെടുത്തിയപ്പോൾ കൊലപ്പെടുത്തിയവരുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കുവാൻ എന്തുകൊണ്ട് ശ്രീ. ടി. കെ. രാമകൃഷ്ണൻ തയ്യാറായില്ലെന്നു ചോദിക്കുവാനാഗ്രഹിക്കുകയാണ്. ഈ രാജ്യത്തെ നിയമസമാധാന നില ആകെത്തകർന്നുപോയി, ക്രമസമാധാനനില ആകെത്തകർന്നുപോയി എന്നെല്ലാം പറഞ്ഞുകൊണ്ട് ലൈസാൺ കമ്മിററി യോഗത്തിലും കോ-ഓർഡിനേഷൻ കമ്മിററിയോഗത്തിലും രൂക്ഷമായ വാദപ്രതിവാദം നടന്നില്ലേ? ആ വാദപ്രതിവാദത്തിൽ ശ്രീ. എ. സി. ഷൺമുഖദാസും ശ്രീ. പി. സി. ചാക്കോയും പങ്കെടുത്തില്ലേ? ഇന്ന് അത് നിങ്ങൾ നിഷേധിക്കുമോ ഇല്ലയോ എന്നൊന്നും എനിക്കറിയില്ല. ഈ രാജ്യത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന കാര്യത്തിൽ കേരളത്തിൽ 21 മാസക്കാലം ഭരിച്ച ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണകൂടം അമ്പേ തകർന്നുപോയിയെന്നുള്ള ഒരൊററ കാരണത്താലാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ഇപ്പുറത്തേക്ക് പോകാനുണ്ടായ സാഹചര്യം. അതിനെ

LIBRARY ARCHIVES Kerala Legislative Assembly

ക്കുറിച്ച് നിങ്ങൾ മനസ്സിലാക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. കേരള സംസ്ഥാന കോൺഗ്രസ്സ് കമ്മിററി നേതാവ് ശ്രീ. എ കെ. ആൻറണി കേരളത്തിലെ കലാപരാഷ്ട്രീയം കണ്ടപ്പോൾ, ആയുധങ്ങളും ബോംബുകളും കേരളത്തിൽ പ്രയോഗിച്ചപ്പോൾ, ബംഗാൾ രാഷ്ട്രീയം പോലെ തോന്നിയപ്പോൾ ആയുധങ്ങളും മററും കണ്ടെടുക്കണമെന്ന് അദ്ദേഹം പ്രസ്താവന ഇറക്കി. ശ്രീ. ടി. കെ. രാമകൃഷ്ണന് അത് നിഷേധിക്കുവാൻ കഴിയുമോ? അങ്ങയുടെ മുമ്പിൽ ഞാൻ നേരിട്ട് വന്ന് എഴുതി തന്ന കാര്യം അങ്ങ് നിഷേധിക്കുമോ? നാദാപുരം നിയോജകമണ്ഡലത്തിൽ വാണിമേൽ പഞ്ചായത്തിലെ ചിററാരി എന്ന സ്ഥലത്ത് കൊല്ലൻ നാരായണൻ എന്നൊരാൾ ഷെഡ് കെട്ടി ബോംബുകളും ആയുധങ്ങളും ഉണ്ടാക്കുന്നു, അതുകൊണ്ട് ആയുധങ്ങൾ പിടിച്ചെടുക്കണം, ഷെഡ് പൊളിപ്പിക്കണം എന്നുപറഞ്ഞിട്ട് ഒരാളെയെങ്കിലും അറസ്ററ് ചെയ്യുകയോ ആയുധങ്ങൾ കണ്ടെടുക്കുകയോ ചെയ്തിട്ടുണ്ടോ ? ഈ രാജ്യത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന കാര്യത്തിൽ അമ്പേ പരാജയപ്പെട്ട ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ മാർക്സിസ്ററ് പാർട്ടിയുടെ ആധിപത്യം ഈ രാജ്യത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായി മാറിയപ്പോൾ നിങ്ങളോടൊന്നിച്ചിരിക്കുവാൻ ഞങ്ങൾക്ക് നിർവ്വാഹമില്ലാതെ വന്നുവെന്നുള്ളതാണ് വസ്തുത.

സർ, ഇവിടെ ശ്രീ. എ. സി. ഷൺമുഖദാസ് അവിശ്വാസപ്രമേയം അവതരിപ്പിച്ചുകൊണ്ട് പലതും പറഞ്ഞുകേട്ടു. അദ്ദേഹത്തിൻെറ പ്രസംഗത്തിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൻെറ സംസ്ക്കാരത്തെക്കുറിച്ചും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൻെറ പാരമ്പര്യത്തെക്കുറിച്ചും എല്ലാം പറഞ്ഞുകേട്ടു. നിങ്ങൾക്കെങ്ങനെ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൻെറ പേരിൽ സംസാരിക്കുവാൻ സാധിക്കും? കേരളത്തിലെ കോൺഗ്രസ്സ് പ്രവർത്തകരിൽ 2 ശതമാനം കോൺഗ്രസ്സ് പ്രവർത്തകരുടെപോലും പിന്തുണയില്ലാതെ പഴത്തൊലിപോലെ വലിച്ചെറിഞ്ഞ നിങ്ങൾക്ക് എങ്ങനെ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെക്കുറിച്ച് സംസാരിക്കുവാൻ സാധിക്കും ? കേരളത്തിലെ കോൺഗ്രസ്സ് പ്രവർത്തകർ നിങ്ങളുടെ കൂടെയില്ലെന്നുള്ളതാണ് വസ്തുത. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെക്കുറിച്ച് സംസാരിക്കുമ്പോൾ അതിൽ ആവേശം കൊള്ളുമ്പോൾ പണ്ഡിററ് ജവഹർലാൽ നെഹ്റു പിടിച്ച പതാക, മഹാത്മാഗാന്ധി പിടിച്ച പതാക, ഇൻഡ്യയിലെ ജനകോടികൾ പിടിച്ച പതാക ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൻെറ ത്രിവർണ്ണപതാക നിരോധിക്കുവാൻ തയ്യാറായ ശ്രീ. ചരൺസിംഗിനെ നേതാവായി അംഗീകരിച്ച ശ്രീ. എ. സി. ഷൺമുഖദാസിന് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെക്കുറിച്ച് സംസാരിക്കുവാൻ എന്തധികാരം, എന്തവകാശം എന്നു ചോദിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. ഇന്ദിരാ കോൺഗ്രസ്സുമായി ഉണ്ടാക്കിയ ഐക്യത്തിൻെറ പേരിലാണ് നിങ്ങൾക്ക് ഞങ്ങളോട് വിരോധമെന്നും നിങ്ങൾ അങ്ങേവശത്ത് ഇരിക്കുന്നതെന്നും പറയുന്നു. ഞാൻ ശ്രീ. എ. സി. ഷൺമുഖദാസിനോടു ചോദിക്കട്ടെ, ഇന്ന് നിങ്ങളുടെ സ്ഥിതി എന്താണ് ? സ്വന്തമായി കേരളത്തിൽ ഒരു റേഷൻ കാർഡുപോലും ഇല്ലാത്ത പാർട്ടി അല്ലേ നിങ്ങൾ. സ്വന്തമായി ഒരു റേഷൻകാർഡ് ഉണ്ടാകണമെങ്കിൽ നാലുമുളയെങ്കിലും വച്ച് ഒരു കുടിൽ വച്ചുകെട്ടണം. എന്നാലേ സ്വന്തമായി റേഷൻകാർഡ് കിട്ടുകയുള്ളു. മാർക്സിസ്ററു പാർട്ടിയുടെ റേഷൻകാർഡിൽ റേഷൻ വാങ്ങുന്ന നിങ്ങൾക്ക് ഒരു പാർട്ടിയെക്കുറിച്ച് പറയാൻ അവകാശമുണ്ടോ ? ഇന്ദിരാകോൺഗ്രസ്സുമായി ഐക്യമുണ്ടാക്കിയതിലാണ് ശ്രീ. ചാക്കോക്ക് വിരോധം. ശ്രീ. ചാക്കോ പ്രണാബ്കുമാർമുഖർജിയെ കണ്ടപ്പോൾ വീരപ്പമൊലിയെ കണ്ടപ്പോൾ ശ്രീമതി ഇന്ദിരാഗാന്ധിക്കും സഞ്ജയ്ഗാന്ധിക്കും അനുകൂലമായി ഡൽഹിയിൽ ചർച്ച നടന്നപ്പോൾ ഇന്ദിരാ കോൺഗ്രസ്സ് വിരോധം എവിടെയായിരുന്നു. ഇത്

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കുവാൻ സാധിക്കാത്ത കാര്യമാണ്................ (ബഹളം) ശ്രീ. ചരൺസിംഗിന്റെ മന്ത്രിസഭയിൽ അന്നത്തെ എന്റെ നേതാവായിരുന്ന ഇന്ന് എന്റെ പാർട്ടി നേതാവല്ലാത്ത ഇപ്പോൾ നിങ്ങളുടെ നേതാവായിരിക്കുന്ന ശ്രീ. കെ. പി. ഉണ്ണികൃഷ്ണന് കേന്ദ്ര ക്യാബിനററ് റാങ്കോടുകൂടി മന്ത്രിപ്പദം കിട്ടാൻവേണ്ടി ശ്രീ. എ. സി. ഷൺമുഖദാസ് ഫോൺ ചെയ്തില്ലേ, ആ ഷൺമുഖദാസാണോ ഇന്ന് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെക്കുറിച്ച് വിരോധംകൊള്ളുന്നത്. നിങ്ങളുടെ നേതാവ് ശ്രീ. കെ. പി. ഉണ്ണികൃഷ്ണനെ ഇന്ദിരാകോൺഗ്രസ്സിന്റെ പിന്തുണയോടുകൂടി ക്യാബിനററ് മന്ത്രിയാക്കാമെങ്കിൽ ശ്രീ. ഷൺമുഖദാസ് തയ്യാറാണ് ഞങ്ങളോടൊപ്പമിരിക്കുവാൻ. ഇതിനുവേണ്ടിയാണ് ശ്രീ. ഷൺമുഖദാസ് പിണങ്ങിപ്പോയതെങ്കിൽ ശ്രീ. ഉമ്മൻചാണ്ടിയെ മാററാം, ഇങ്ങോട്ടു വരൂ ഇവിടെ ഇരിക്കാം...... (ബഹളം)

ശ്രീ. പി. സി. ചാക്കോ ഇന്നലെ ഇവിടെ പ്രസംഗിക്കുന്നതു കേട്ടപ്പോൾ എനിക്ക് ഖേദംതോന്നി. ഈ വേദി രാഷ്ട്രീയാഴിമതി ആരോപണത്തിന്റെ ഒരു വേദിയാക്കി മാററുവാൻ ഞാനാഗ്രഹിക്കുന്നില്ല. ശ്രീ. പി. സി. ചാക്കോ ആരാണെന്ന് വളരെക്കൊല്ലങ്ങൾക്ക് മുൻപുമുതലേ കോൺഗ്രസ് പ്രവർത്തകർക്കറിയാം. ഇന്നലെ നിങ്ങൾ പ്രസംഗിച്ചപ്പോൾ ഒരു വാചകം പറഞ്ഞു. ജനാധിപത്യത്തിന്റെ പേരിൽ ലജ്ജ കൊണ്ട് തലതാഴ്ത്തുന്നുവെന്ന്. നിങ്ങളുടെ തല താഴ്ന്നത് ജനാധിപത്യത്തിന്റെ ലജ്ജകൊണ്ടല്ല, പണത്തിന്റെ ചാക്ക് നിങ്ങളുടെ തലയിൽ കിടക്കുന്നതുകൊണ്ടാണ് നിങ്ങളുടെ തല താഴ്ന്നുപോയത്. കോട്ടയം ജില്ലയിൽ നിങ്ങളുടെ ഇന്നത്തെ ജില്ലാപ്രസിഡൻറ് നിങ്ങളെ സംബന്ധിച്ച് കേരള സംസ്ഥാന കോൺഗ്രസ് കമ്മിററിക്ക് അക്കമിട്ട് എഴുതി അയച്ച ഒട്ടനവധികാര്യങ്ങളെക്കുറിച്ച് ചാക്കോയോട് പറഞ്ഞാൽ അത് നിഷേധിക്കുവാൻ സാധിക്കുമോ ? ഇന്ന് നിങ്ങൾ തുള്ളുമെന്ന് എനിക്കറിയാം. ഇന്നലെ ശ്രീ. വി. എം. സുധീരൻ സൂചിപ്പിച്ചതുപോലെ ശ്രീ. എം. കെ. കൃഷ്ണന്റെ വായിലാണ് ശ്രീ. ചാക്കോയുടെ തല. ശ്രീ. ചാക്കോ ഇപ്പോൾ മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയുടെ ദല്ലാളനായി അടുക്കള പണിക്കാരനായി പ്രവർത്തിക്കുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ശ്രീ. ഇ. കെ. നായനാർ പറഞ്ഞതുപോലെ കുറവന്റെ കൈയിലുള്ള കുരങ്ങനെപോലെ കളിയെടാകുഞ്ഞുരാമാ എന്നുപറയുമ്പോൾ കളിക്കാനായി തയ്യാറെടുത്തു നിൽക്കുകയാണ്. എനിക്ക് നിങ്ങളോട് അവസാനമായി പറയാനുള്ളത് നിങ്ങളുടെ ആദർശപ്രസംഗം അവസാനിപ്പിക്കണമെന്നാണ്. ഈ ഗവൺമെൻറിനുവേണ്ടി അവതരിപ്പിച്ചിട്ടുള്ള നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി ഹാർദ്ദമായി സ്വാഗതംചെയ്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. ഈ കഴിഞ്ഞ മൂന്നുദിവസമായിട്ട് ഭരണകക്ഷിയിൽ നിന്നുമുള്ളവർക്ക് പറയാനുള്ളത് അവർ ജനാധിപത്യത്തിന്റെ കാവൽഭടൻമാരാണെന്നും ഇവിടെയിരിക്കുന്നവർക്ക് ജനാധിപത്യം കുറവാണെന്നുമാണ്. ചെക്കോസ്ലോവാക്യായുഗോസ്ലോവാക്യ. എന്നൊക്കെ അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾ പറഞ്ഞു,

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, ഒരു പോയിൻറ് ഓഫ് ആർഡർ എന്റെ പ്രസംഗത്തിൽ യൂറോപ്യൻ രാജ്യങ്ങളുടേയും ജനകീയ ചൈനയുടേയും സോവിയററ് റഷ്യയുടേയും ഭരണകൂടങ്ങൾ മനുഷ്യാവകാശങ്ങൾക്ക് എതിരായുള്ള നടപടികളാണ് സ്വീകരിക്കുന്നതെന്ന് പറഞ്ഞതിനെ തെററിദ്ധരിപ്പിച്ചുകൊണ്ട് പറയുന്നത് ആർഡറിലാണോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, നിങ്ങൾ പറയുന്നതുപോലെ പാർലമെൻററി ജനാധിപത്യത്തിൽ വിശ്വസിക്കുന്നുണ്ടോ ഇല്ലയോയെന്നുള്ളത് പരീക്ഷിക്കപ്പെടുകയാണ്. പാർലമെൻററി ജനാധിപത്യത്തിൽ എന്തെങ്കിലും വിശ്വാസം

LIBRARY ARCHIVES Kerala Legislative Assembly

കരുണാകരന് ഉണ്ടോയെന്ന് സംശയമാണ്. കാരണം എറണാകുളത്തുവച്ച് കോൺഗ്രസ് ഐ അനുകൂലികളായ അഭിഭാഷകൻമാരെ വിളിച്ചുകൂട്ടികൊണ്ട് പാർലമെൻററി ജനാധിപത്യം അപകടകരമാണെന്നും പ്രസിഡൻഷ്യൽ ഫോം ഓഫ് ഗവൺമെൻറിനെകുറിച്ചും ചിന്തിക്കേണ്ടിയിരിക്കുന്നുവെന്നുമുള്ള വാദ പ്രതിവാദം നടത്തിക്കൊണ്ടിരിക്കുന്നു. എന്തുമായികൊള്ളട്ടെ, പാർലമെൻററി ജനാധിപത്യത്തിൽ വിശ്വസിക്കുന്നുവെന്നുള്ളത് ആത്മാർത്ഥമായിട്ടാണെങ്കിൽ പാർലമെൻററി ജനാധിപത്യത്തിൻെറ ആണിക്കല്ല് എന്ന് പറയുന്നത് പാർലമെൻറിൻെറ അവകാശങ്ങളാണ്. ഒരു നിയമസഭയിൽ സ്പീക്കറുടെ പങ്കിനെക്കുറിച്ച് ഞാൻ ആരോടും പറയേണ്ടതില്ല. പാർലമെൻറിൽ ഭരണഘടന അവതരിപ്പിച്ചുകൊണ്ട് ഡോ. അംബേദ്കർ ചെയ്ത ശ്രദ്ധേമായ പ്രസംഗം അങ്ങും നിയമസഭാംഗങ്ങളും വായിച്ചു കാണുമെന്ന് വിശ്വസിക്കുന്നു. സ്പീക്കർ പാർലമെൻറിലെ ഒരു കക്ഷിയുടേയും അംഗമല്ല. സ്പീക്കർ പാർലമെൻറിലേയോ അല്ലെങ്കിൽ നിയമസഭയിലേയോ മുഴുവൻ അംഗങ്ങളുടേയും പ്രതിനിധിയാണ്. ബ്രിട്ടീഷ് പാർലമെൻറിൻെറ ചരിത്രം പരിശോധിച്ചാൽ സ്പീക്കർ എന്ന പദം വരാൻ കാരണം, ക്രൗണിന്, ചക്രവർത്തിക്ക് പണം ആവശ്യമായാൽ അത് കൊടുക്കണമോ വേണ്ടയോയെന്ന കാര്യം ആ രാജാവിനോട് പറയാനുള്ള അവകാശം സ്പീക്കർക്കായിരുന്നതുകൊണ്ടാണ്, ഈ രാജ്യത്തിലെ സമുന്നതനായ വ്യക്തിയാണ്, ഒരു കക്ഷിപരിഗണനയിലും പെടാത്ത ആളാണ് സ്പീക്കർ. ആ തത്വം, പാർലമെൻററി കീഴ്വഴക്കം നിങ്ങളും അംഗീകരിക്കുന്നുവെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇന്നലെ ശ്രീ. കെ.എം. മാണിയും ശ്രീ. കരുണാകരനും സ്പീക്കറുടെ കാസ്റ്റിങ്ങ് വോട്ടിൻെറ സാധുതയെക്കുറിച്ച് പറഞ്ഞു. സ്പീക്കറുടെ കാസ്റ്റിംഗ് വോട്ടല്ല ഇവിടെ പ്രസക്തി. നമ്മുടെ സംസ്ഥാനങ്ങളിൽ കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സ് ഉണ്ടാകുന്നത് ആർട്ടിക്കിൾ 164 അനുസരിച്ചാണ്. ആർട്ടിക്കിൾ 164 ലെ 2-ാം ഉപ വകുപ്പനുസരിച്ച് കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സിന് നിയമസഭയുടെ കോൺഫിഡൻസ് ഉണ്ടായിരിക്കണം. ശ്രീ. കരുണാകരനോട് ഒരുകാര്യം ചോദിക്കാനാഗ്രഹിക്കുകയാണ്. നേരത്തെ ഭൂരിപക്ഷത്തെകുറിച്ച് എന്തു പറഞ്ഞാലും ഇന്നലെ ഈ സഭയിൽ കൂടി വ്യക്തമാക്കപ്പെട്ട ചില സത്യമുണ്ട്. ആ സത്യം ഭരണഘടന അനുശാസിക്കുന്ന കരുണാകരൻെറ മന്ത്രിസഭയ്ക്ക് ഭൂരിപക്ഷമുണ്ടെന്ന് അവകാശപ്പെടുമ്പോൾ ഈ നിയമസഭയിൽ നടന്ന വോട്ടെടുപ്പിൽ ഭൂരിപക്ഷമില്ല. കാസ്റ്റിംഗ് വോട്ടോടുകൂടി ഭൂരിപക്ഷം കിട്ടിയെന്നാണ് അവകാശപ്പെടുന്നത്. ആർട്ടിക്കിൾ 164—ലെ രണ്ടാം ഉപവകുപ്പനുസരിച്ച് ഭരണഘടനാപരമായി ഈ നിയമസഭയിൽ കോൺഫിഡൻസില്ലെങ്കിൽ രണ്ട് മാർഗ്ഗമാണുള്ളത്. ഒന്ന് മുഖ്യമന്ത്രി രാജി വയ്ക്കണം. പ്രസിഡൻറും പാർലമെൻറുമായും പാർലമെൻറും കേന്ദ്ര കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സുമായും ഉള്ള ബന്ധവും സംസ്ഥാനത്തെ ഗവർണ്ണറും കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സുമായുള്ള ബന്ധവും തമ്മിൽ അൽപം വ്യത്യാസമുണ്ട്. മുഖ്യമന്ത്രി രാജിവയ്ക്കുന്നില്ലെങ്കിൽ കോൺഫിഡൻസില്ലെന്ന് ബോധ്യമായാൽ ഗവർണ്ണർ മന്ത്രിസഭയെ ഡിസ്മിസ് ചെയ്യണം. ഈ നിയമസഭയിൽ അദ്ദേഹം ഭൂരിപക്ഷം അവകാശപ്പെടണമെങ്കിൽ പാർലമെൻറിൻെറ ചരിത്രത്തിൽ കേട്ടുകേൾവി ഇല്ലാത്ത ഒരു നിഗമനത്തിലേക്ക് നാമെല്ലാവരും എത്തിച്ചേരണം. എങ്ങനെയാണ് അവർക്ക് ഭൂരിപക്ഷം അവകാശപ്പെടാൻ സാധിക്കുന്നത്? നിയമസഭയിൽ തുടർന്നുള്ള എല്ലാ സമ്മേളനങ്ങളിലും ചീഫ് വിപ്പിൻെറ നിർദ്ദേശമനുസരിച്ച് സ്പീക്കർ വോട്ട് ചെയ്യുമെന്ന നിഗമനത്തിൽ എത്താതെ ഭൂരിപക്ഷം ഉണ്ടെന്ന് പറയാൻ കഴിയുമോ? പാർലമെൻററി ജനാധിപത്യത്തിൻെറ, ബ്രിട്ടീഷ് കീഴ്വഴക്കം മാത്രമല്ല ഭരണഘടന അവതരിപ്പിച്ചുകൊണ്ട് ഡോ. അംബേദ്കർ പ്രസംഗിച്ചത്. സ്പീക്കർ ഒരു കക്ഷിയുടേയും വിപ്പിൻെറ നിർദ്ദേശമനുസരിച്ച് നടക്കേണ്ട ആളല്ല സ്പീക്കർ

LIBRARY ARCHIVES Kerala Legislative Assembly

സഭയുടെ മുഴുവൻ പ്രതിനിധിയാണെന്നാണ്. സ്പീക്കർ സഭയുടെ പ്രതിനിധിയാണ്. പാർലമെൻററി ജനാധിപത്യത്തിൻെറ ആണിക്കല്ലായ സ്പീക്കറുടെ നിഷ്പക്ഷത, സ്പീക്കർ രാജ്യത്തിൻെറ പ്രതിനിധിയാണെന്നുള്ള സകല തത്വങ്ങളും ബലികഴിച്ച് സ്പീക്കർ ഞങ്ങളുടെ ചീഫ് വിപ്പ് പറയുന്നതനുസരിച്ച് വോട്ട് ചെയ്യുന്ന ആളാണെന്ന നിഗമനത്തിൽ എത്തിയെങ്കിൽ മാത്രമേ നിങ്ങൾക്ക് ആർട്ടിക്കിൾ 164 അനുസരിച്ചുള്ള കോൺഫിഡൻസ് ഉണ്ടെന്ന് പറയാൻകഴിയു. ഇങ്ങനെ വന്നുകഴിഞ്ഞാൽ സ്പീക്കറുടെ സ്ഥിരമായ പക്ഷപാതത്തോടുകൂടി ഭരണകക്ഷിയുടെ വിപ്പിൻെറ നിർദ്ദേശമനുസരിച്ച് വോട്ട് ചെയ്യുന്ന ആളാണ് സ്പീക്കറെന്നുള്ള കൺക്ലൂഷൻെറ അടിസ്ഥാനത്തിൽ 164–ലെ രണ്ടാം ഉപവകുപ്പിൽ പറയുന്ന കോൺഫിഡൻസ് കരുണാകരൻ മന്ത്രിസഭയ്ക്ക് ഉണ്ടെന്നുള്ള നിഗമനത്തിൽ ഗവർണ്ണർ എത്തിചേരുമോ ? ജനാധിപത്യം നിങ്ങൾക്ക് കൂടുതലാണെന്നും ഞങ്ങൾക്ക് കുറവാണെന്നുമല്ലേ പറയുന്നത് ഇടതുപക്ഷജനാധിപത്യമുന്നണിയിൽ നിന്നും വിട്ടുപോയി കൂടുതൽ ജനാധിപത്യം രക്ഷിക്കാൻപോയ എൻെറ സുഹൃത്ത് തച്ചടിപ്രഭാകരനോട് ഒരു കാര്യം ചോദിക്കാനാഗ്രഹിക്കുകയാണ്. ചോദിക്കുന്നത് ശരിയാണോയെന്ന് അറിയില്ല. മൗലിക ജനാധിപത്യം, പാർലമെൻറി ജനാധിപത്യത്തിൻെറ ആണിക്കല്ലുപോലും തകർക്കുന്നതിനെകുറിച്ച് നിയമ വിദ്യാർത്ഥികൾ പഠിക്കാതിരിക്കണമെങ്കിൽ എൻെറ സ്നേഹിതൻ കരുണാകരന് ജനാധിപത്യത്തിൽ തെല്ലെങ്കിലും വിശ്വാസമുണ്ടെങ്കിൽ, അദ്ദേഹം രാജിവയ്ക്കണം. രാജിവച്ചില്ലെങ്കിൽ ഭരണഘടന അനുശാസിക്കുന്ന അധികാരം ഉപയോഗിച്ച് ഗവർണ്ണർ ഈ മന്ത്രിസഭയെ പിരിച്ചു വിടേണ്ടതായിട്ടുണ്ട്. ശ്രീ. കരുണാകരൻ ഇന്നലെ ഒരു മണിക്കൂർ സരസമായിട്ട് പല കാര്യങ്ങളും പറഞ്ഞു. ചാക്കിട്ട് പിടിത്തം ജനാധിപത്യത്തിൻെറ മൗലികാവകാശമാണെന്നാണ് അദ്ദേഹം വാദിച്ചതിൻെറ ചുരുക്കം. പണ്ട് ആരെങ്കിലും തെററ് ചെയ്തിട്ടുണ്ടെങ്കിൽതന്നെ മുഖ്യമന്ത്രി അദ്ദേഹത്തിന് കിട്ടിയ സമയം മുഴുവൻ ഉപയോഗിച്ചു കൊണ്ട് ചാക്കിട്ടുപിടിത്തം കൊണ്ട് ഒരു മന്ത്രിസഭയുണ്ടാക്കുന്നത് ജനാധിപത്യത്തിൻെറ ഉദാത്തമായ ഉദാഹരണമെന്ന് പറയുമ്പോൾ. ജനാധിപത്യം സംരക്ഷിക്കാൻവേണ്ടി ഇവിടെനിന്ന് അങ്ങോട്ട് പോയ എൻെറ സ്നേഹിതൻമാരോട് പറയാനുള്ളത് ചാക്കോയോടും ഷൺമുഖദാസിനോടും താൽക്കാലിക വിരോധമുണ്ടെങ്കിലും ജനാധിപത്യത്തെക്കുറിച്ച് പറയാതിരിക്കണമെന്നാണ്.

രണ്ടാമത് പറഞ്ഞ കാര്യം ക്രമസമാധാനമാണ്. ഞാൻ ഇന്നലെ ഒരു ചോദ്യം ശ്രീ. ഉമ്മൻ ചാണ്ടിയോട് ചോദിച്ചു. നിങ്ങൾ നിയമത്തിൻെറ വാഴ്ചയിൽ വിശ്വസിക്കുന്നുണ്ടോ എന്ന്. ഇന്നലെ എനിക്ക് വളരെ ഹൃദയ വേദന തോന്നി. ഈ നിയമസഭയിലെ ഉത്തരവാദപ്പെട്ട ഒരംഗത്തിൻെറ വീട്ടിൽ ചെന്ന് പോലീസുകാർ നിയമ വിരുദ്ധമായി അദ്ദേഹത്തിൻെറ അമ്മയെ അധിക്ഷേപിച്ചു എന്ന് അദ്ദേഹം പറഞ്ഞപ്പോൾ, ശ്രീമാൻ ഉമ്മൻ ചാണ്ടിയും, കരുണാകരനും ഗർജ്ജിക്കുന്നത് കേട്ടപ്പോൾ വാസ്തവത്തിൽ ഞാൻ തല കുനിച്ചു പോയി. ഞങ്ങൾ അടിച്ചമർത്തും, ഞങ്ങൾ എല്ലാ പേരെയും അടിച്ചമർത്തുമെന്ന് അവർ പറഞ്ഞു.

(ബഹളം)

ഞങ്ങൾ ഇന്നലെ നിയമസഭയിൽ കേട്ടതാണിത്.

രണ്ടാമതായിട്ട് പി. കെ. വി. പോലീസിനെ കൊണ്ട് അദ്ദേഹത്തിനുണ്ടായ അനുഭവത്തെക്കുറിച്ച് സംസാരിച്ചപ്പോൾ ഞങ്ങൾ എല്ലാം അടിച്ചമർത്തും, ഞങ്ങൾ തകർക്കുമെന്ന് പറഞ്ഞു. ഉത്തരവാദപ്പെട്ട നിയമസഭാ സാമാജികൻമാർക്ക് നിയമത്തിൻെറ സംരക്ഷണമില്ലെന്നുണ്ടെങ്കിൽ പിന്നെ എന്താണ് നിയമവാഴ്ചയെന്ന് പറയുന്നത് ? ലോക്കപ്പിലിട്ട് ക്രൂരമായി മർദ്ദിച്ചതിനെ

LIBRARY ARCHIVES Kerala Legislative Assembly

ക്കുറിച്ച് ഇവിടെ പറഞ്ഞു. ഞാൻ ശ്രീ. ഉമ്മൻ ചാണ്ടിയോട് ചോദിക്കുകയാണ്, ലോക്കപ്പ് മർദ്ദനം നിയമ വാഴ്ചയാണോ ? ശ്രീ. പി. ടി. ചാക്കോ ഇവിടെ ആഭ്യന്തര മന്ത്രിയായിരുന്നിട്ടുണ്ട്. ശക്തനായ ആഭ്യന്തര മന്ത്രി. അദ്ദേഹത്തിന്റെ പേരും പറഞ്ഞ് ഇപ്പോഴും തല ഉയർത്തി കൊണ്ട് നടക്കുന്ന അദ്ദേഹത്തിന്റെ അനുയായികളോട് ഞാൻ ചോദിക്കുകയാണ്, അന്ന് ആഭ്യന്തര മന്ത്രിയായിരുന്ന കാലത്ത്, അന്ന് ഞങ്ങൾ പ്രതിപക്ഷത്തായിരുന്നു. ലോക്കപ്പിലെ ഒരാളെ മർദ്ദിക്കാൻ പോകുന്നു എന്ന് ശ്രീ. പി. ടി. ചാക്കോ അറിഞ്ഞപ്പോൾ, രാഷ്ട്രീയമായി എന്ത് അഭിപ്രായമുണ്ടെങ്കിലും ശരി, കമ്മ്യൂണിസ്റ്റുകാരനല്ല, ആരായാലും ശരി ഞാൻ ആഭ്യന്തമന്ത്രിയായിരിക്കുമ്പോൾ ലോക്കപ്പിൽ വച്ച് തൊടുകയില്ലായെന്ന് പറഞ്ഞ ആ പ്രത്യേക കേസിൽ അദ്ദേഹം തന്നെ തിരുവനന്തപുരത്തു നിന്ന് പോലീസ് ഉദ്യോഗസ്ഥൻമാരെ നിയോഗിച്ച് അയാളെ ലോക്കപ്പിലിട്ട് മർദ്ദിക്കാതിരിക്കാൻ സെൻട്രൽ ജയിലിൽ കൊണ്ടു പോയി. ആ അനുഭവം ഈ കേരളത്തിലുണ്ട്. ലോക്കപ്പിലിട്ട് മർദ്ദിച്ചിട്ട്, വിദ്യാർത്ഥികളെ യൂണിവേഴ്സിററി സെൻററിൽ വച്ച്, അടിച്ചമർത്തുമെന്ന് പറഞ്ഞു. ഞാൻ ആശുപത്രിയിൽ പോയി ആ കുട്ടികളെ കണ്ടതാണ്. അവർക്ക് കിടക്കാൻ വയ്യ. അവർ എന്തെങ്കിലും ക്രിമിനൽ കുററം ചെയ്തിട്ടുണ്ടെന്ന് തന്നെ വാദത്തിനു വേണ്ടി സമ്മതിക്കാം. വി. സി. യുടെ നേരെ കല്ലെടുത്ത് എറിഞ്ഞിട്ടുണ്ടാകാം. അങ്ങ് നിയമത്തിന്റെ വാഴ്ചയിൽ വിശ്വസിക്കുന്നുണ്ടോ ; ഏതു നിയമ പുസ്തകത്തിലെ, ഏത് നിയമമനുസരിച്ചാണ് 20 കുട്ടികളെ 150 പോലീസുകാർ ചേർന്ന് മർദ്ദിക്കുകയും ലോക്കപ്പിലിട്ട് മർദ്ദിക്കുകയും ചെയ്തത് ? എന്റെ സ്നേഹിതൻ ശ്രീ. ശ്രീനിവാസൻ അവിടെ പോയി കണ്ടതാണ്. പല എം. എൽ. എ. മാരും അവരെ ലോക്കപ്പിലിട്ട് മർദ്ദിക്കുന്നത് കണ്ടു. ഞങ്ങളെല്ലാം അടിച്ചൊതുക്കും, ഞങ്ങളെല്ലാം ഒതുക്കിത്തീർക്കും എന്ന് പറഞ്ഞു കൊണ്ട് ഇങ്ങനെ ചെയ്യുന്നത് ശരിയാണോ? ഇത് നിയമത്തിന്റെ വാഴ്ചയാണോ?

(ബഹളം)

ശ്രീ. സിറിയക് ജോൺ: സർ, ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി ഇന്നലെ ഇവിടെ പ്രസംഗിച്ച അവസരത്തിൽ നീതി നിർവ്വഹിക്കുമെന്നും അതേയവസരത്തിൽ നിയമം കൈയിലെടുക്കാനോ, സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ നടത്താനോ ആരെങ്കിലും തുനിഞ്ഞാൽ അത് വളരെ നിഷ്പക്ഷമായും ശക്തിയായും നേരിടുമെന്നും മാത്രമേ പറഞ്ഞുള്ളു. അതിൽ നിന്ന് വ്യത്യസ്തമായി 'അടിച്ചമർത്തുമെന്ന്', ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രി പറഞ്ഞുവെന്ന് പറയാത്ത കാര്യം പറയുന്നത് ആർഡറിലാണോ ?

(ബഹളം)

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അദ്ദേഹം ഇപ്പോൾ പറഞ്ഞ ഉദാഹരണം തന്നെ പറയുകയാണ്. ഞങ്ങളുടെ പാർട്ടിയിലെ, ഒരു താലൂക്ക് കമ്മിററി മെംബറെ സാമൂഹ്യ വിരുധനെന്ന പേരിൽ അടിച്ചമർത്തുമെന്ന് പറഞ്ഞു. ഒരു പാർട്ടിയുടെ ഉന്നത പ്രവർത്തകനെ സാമൂഹ്യ വിരുദ്ധനെന്ന പേരിൽ ലോക്കപ്പിൽ ഇട്ട് മർദ്ദിച്ചിട്ട്, ലോക്കപ്പ് മർദ്ദനം നിയമ വാഴ്ച ആക്കുകയാണോ ? നിയമത്തിന്റെ വാഴ്ചയാണോ ഇത് ? നിയമത്തിന്റെ വാഴ്ച ഇവിടെ അവസാനിച്ചിരിക്കുന്നു.

ഉദാഹരണത്തിന്, കുന്നത്തൂർ താലൂക്കിൽ നിരാഹാരം കിടന്ന മാർക്സിസ്റ്റുകാരനായ ഒരു പഞ്ചായത്ത് മെംബറെ—പോലീസ് സ്റേറഷനിൽകൊണ്ടു പോയി അടിച്ചെങ്കിൽ എനിക്ക് പരാതി ഇല്ലായിരുന്നു—മുതലാളിയുടെ വീട്ടിൽ കൊണ്ട് ചെന്ന്—ലോക്കപ്പിലിട്ട് മർദ്ദിക്കുന്നതിന് പകരം —പോലീസുകാർ മർദ്ദിച്ച് അവശനാക്കി ; ശ്രീമാൻ ഉമ്മൻ ചാണ്ടി ഒന്ന് അന്വേഷിച്ചു നോക്കൂ ; ഇവിടെ ഇപ്പോൾ നടക്കുന്നത് പണ്ടത്തേതിൽ നിന്നും വളരെ വ്യത്യസ്ത മായിട്ടു ള

LIBRARY ARCHIVES Kerala Legislative Assembly

താണ്. എല്ലായിടത്തും, ഭരണ കക്ഷിയിൽപ്പെട്ട പാർട്ടിയിലെ അംഗങ്ങൾ, പോലീസിന് വീര്യം വന്നിരിക്കുന്നു, അത് കൊണ്ട് നിങ്ങളുടെ പേരിൽ കേസെടുക്കുമെന്ന് പറഞ്ഞിട്ട് നാടു നീളെ..................

ശ്രീ. കെ. ശങ്കരനാരായണൻ : ബഹുമാന്യനായ അങ്ങ് കേരള മന്ത്രി സഭയിൽ മന്ത്രിയായിരുന്ന കാലത്ത് പാവപ്പെട്ടവരെ ലോക്കപ്പിലിട്ട് അടിച്ചു കൊന്നപ്പോൾ അങ്ങയുടെ നാവ് കാശിയ്ക്കു പോയോ എന്നും, അങ്ങ് മന്ത്രിയായിരുന്ന കാലത്ത് പാവപ്പെട്ട വിദ്യാർത്ഥികളെ കോളേജിൽ കയറി അടിച്ച് കാലൊടിച്ച് തല്ലിപ്പതച്ചപ്പോൾ അങ്ങ് നിയമസഭയിൽ ഉണ്ടായിരുന്നില്ലേയെന്നും അങ്ങേയ്ക്ക് അന്ന് അതിനെക്കുറിച്ച് ഒരു വാചകം പറയാൻ സാധിച്ചോ എന്നും ഇന്ന് ഈ വിലാപ കാവ്യം പറയുമ്പോൾ ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : പോലീസ് ഉദ്യോഗസ്ഥൻമാർ ഏതു സമയത്തും ചില അനാവശ്യങ്ങൾ കാണിച്ചേക്കും. ഇപ്പോൾ ഞാൻ ചോദിക്കുന്ന ചോദ്യം അങ്ങനെ ചെയ്താൽ അത് നിയമ വാഴ്ചയാണെന്ന് നിങ്ങൾ പറയുന്നുണ്ടോ ? അത് ന്യായീകരിക്കുന്നുണ്ടോ ? അതോ അതിനെ എതിർക്കുന്നുണ്ടോ എന്നാണ്..

ഇവിടെ ഇന്നലത്തെ പ്രസംഗത്തിലുമൊക്കെ ആവർത്തിച്ച് പറയുന്നത് കേട്ടു. നിയമസഭയിലെ ഉത്തരവാദപ്പെട്ട നിയമസഭാ സാമാജികൻമാർ ഇങ്ങനെ നടക്കുന്ന കാര്യങ്ങൾ ഉന്നയിച്ചതിന് ശേഷവും, ഓരോ ഉദാഹരണങ്ങളും പറഞ്ഞതിന് ശേഷവും, നിയമസഭാ സാമാജികൻമാർ പറഞ്ഞതു കൊണ്ട് അതെങ്കിലും ഞാൻ പരിശോധിക്കാമെന്ന് പറയാതെ സാമൂഹ്യ ദ്രോഹികളെന്നുള്ള പേരിൽ അവരെയെല്ലാം അടിച്ചമർത്തുമെന്നും പറയുമ്പോൾ ഞങ്ങൾ ന്യായമായും എത്തേണ്ടുന്ന നിഗമനം ....

ശ്രീ. പി. സീതിഹാജി : സർ, ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ നായർ പറഞ്ഞു, ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി അടിച്ചമർത്തുമെന്ന് പറഞ്ഞു എന്ന് മന്ത്രി പറഞ്ഞത്, അങ്ങനെ വല്ലതുമുണ്ടെങ്കിൽ അത് എന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ വേഗത്തിൽ പരിഹരിക്കാൻ വേണ്ടത് ചെയ്യാമെന്നാണ്. അങ്ങനെ പറഞ്ഞതിനെ ഈ സഭയിൽ വളച്ചൊടിച്ച് പറയുന്നത് ആർഡറിലാണോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ശ്രീ. സീതിഹാജിയ്ക്കു ഈ മനഃപരിവർത്തനമുണ്ടായതിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുന്നു. അദ്ദേഹം പരിഹാരമുണ്ടാക്കാമെന്ന് പറയുന്നു. അദ്ദേഹത്തിന്റെ നീതി ബോധത്തെ ഉണർത്താൻ എന്റെ വാക്കുകൾ സഹായിച്ചിട്ടുണ്ടെങ്കിൽ ഞാൻ അതിൽ കൃതജ്ഞതയുള്ളവനാണ്. അദ്ദേഹത്തിനു തന്നെ ഇപ്പോൾ വികാരം കൊണ്ടു. ചെയ്തതു തെററാണ്, അത് പരിശോധിക്കേണ്ടതാണെന്ന് അദ്ദേഹത്തിന് തോന്നി.

നിയമ വാഴ്ച ഈ രാജ്യത്ത് അപകടപ്പെട്ടിരിക്കുന്നു. ഈ രാജ്യത്ത് ന്യായമായ മാർഗ്ഗത്തിൽ കൂടി സമരം ചെയ്യുന്നവനെ പോലീസ് സ്റേറഷനിൽ പോയിട്ട്, മുതലാളിയുടെ വീട്ടിൽ കൊണ്ടു ചെന്ന് അടിപ്പിക്കുന്നതു വരെ അധഃപതിച്ചിട്ട് സാമൂഹ്യ ദ്രോഹികളെന്ന പേരിൽ, 'നിങ്ങളെ തകർക്കുമെന്ന്' പറയുന്ന സ്ഥിതി വരെ എത്തിയിരിക്കുകയാണ്. നിയമത്തിന്റെ വാഴ്ച ഇവിടെ അവസാനിച്ചിരിക്കുന്നു. നിയമത്തിന്റെ വാഴ്ചയിൽ നിങ്ങൾക്ക് വിശ്വാസമുണ്ടോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. ബി. വി. സീതിതങ്ങൾ : സർ, ഇവിടെ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. അധികാരം നഷ്ടപ്പെട്ട് സ്ഥാനഭ്രഷ്ടരായ മാർക്സിസ്ററു പാർട്ടിയും സഹചാരികളും ഇന്ന് ഈ മന്ത്രി സഭയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഭൂരിപക്ഷമില്ലെന്ന് പറഞ്ഞു, നമ്പൂതിരിപ്പാടിന്റെ ആടിനെ പട്ടി ആക്കുന്ന മാതിരി, അങ്ങനെ ആടിനെ പട്ടിയാക്കി വീണ്ടും ഈ ഭാഗത്തേക്ക് കയറി വരാമെന്ന് ആഗ്രഹിച്ചു കൊണ്ട് ചെകുത്താൻ വേദമോതുന്ന മാതിരി അങ്ങേപ്പുറം ഇരുന്ന് ഓതിയാൽ അത് ഈ നാട്ടിലെ ജനാധിപത്യ വിശ്വാസികളാരും തന്നെ സമ്മതിക്കുകയില്ലെന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. ഈ നാട്ടിൽ 1957 മുതൽ 1980 വരെ ഉള്ള ഭരണഘട്ടങ്ങൾ എല്ലാം തന്നെ നമ്മൾ യഥാവസരം വീക്ഷിച്ചു കൊണ്ടിരുന്നതാണ്. . നയപരമായി പരാജയപ്പെട്ട് ഒന്നും തന്നെ ചെയ്യാൻ സാധിക്കാതെ പഴയ പാട്ടു മാത്രം പഠിച്ചു പാടുകയും പുതുതായി പാടാനോ പഠിക്കാനോ ശ്രമിക്കുകയും ചെയ്യാത്ത ഒരു പാർട്ടിയാണ് അങ്ങേ ഭാഗത്തിരിക്കുന്നത്. അവരുമായി സഹകരിച്ച് സഹയാത്രികരായി പോകുന്ന മററു ജനാധിപത്യ വിശ്വാസികളായ പാർട്ടികൾ തീർച്ചയായും തെററിദ്ധാരണയിൽ കൂടി അവരെ പിൻതാങ്ങുന്നുണ്ടെങ്കിൽ എനിക്ക് പറയാനുള്ളത്, "നാറിയവനെ പേറിയാൽ പേറിയവനും നാറും" എന്നാണ്. ആയതു കൊണ്ട് ഈ നാട്ടിനെ സംരക്ഷിക്കണമെങ്കിൽ, ഈ നാടിന്റെ സമ്പത് വ്യവസ്ഥ ശരിയാക്കിയെടുക്കണമെങ്കിൽ വളരെയധികം കാലം പ്രവർത്തിച്ചേ തീരൂ. സുശക്തമായ കെട്ടുറപ്പ് ഉള്ള ഒരു ഗവൺമെന്റ് ഇവിടെ ഉണ്ടാകണമെങ്കിൽ ഇന്നത്തെ ബഹുഭൂരിപക്ഷമുള്ള ഗവൺമെന്റിന് മാത്രമേ ഇവിടെ ശരിക്കുള്ള ഒരു ഭരണം നടത്താൻ സാധിക്കുകയുള്ളു എന്നുള്ള വസ്തുത ഇനിയെങ്കിലും അങ്ങേപ്പുറത്തുള്ള ആൾക്കാർ, മററു പാർട്ടികളിലുള്ള സ്നേഹിതൻമാർ മനസ്സിലാക്കണം. അവരെ ഹാർദ്ദമായി സ്വീകരിക്കാൻ ഞങ്ങൾ ഒരുങ്ങുകയാണ്. തൊഴിലാളി വർഗ്ഗങ്ങളെ വർഗ്ഗ സംഘടനകളിൽ കൂടി വേർതിരിച്ച് ഈ നാട്ടിൽ വളരെയധികം ക്രമസമാധാനക്കേടുകൾ ഉണ്ടാക്കുകയാണ് ഇവർ ചെയ്യുന്നത്. ഈ നാട്ടിൽ കാണുന്ന എല്ലാ വിഭവങ്ങളും നിങ്ങൾക്ക് മാത്രമാണെന്നുള്ള വഞ്ചനാപരമായ വാഗ്ദാനങ്ങളിൽ കൂടി ഈ നാട്ടിൽ അത്യദ്ധ്വാനം ചെയ്ത് വിയർപ്പും രക്തവും വററിച്ച് ഉണ്ടാക്കിയ ഫാക്ററികൾ എല്ലാം തന്നെ, ഈ രാജ്യത്തെ എല്ലാ തൊഴിലാളികൾക്കും അവകാശപ്പെട്ട സ്ഥാപനങ്ങൾ എല്ലാം തന്നെ, തൊഴിലാളികളിൽ ഒരു വിഭാഗമായ സി. ഐ. ററി. യുക്കാർക്ക് മാത്രം വാഗ്ദാനം ചെയ്യുകയും അങ്ങനെ ഈ നാട്ടിൽ വർഗ്ഗീയ സംഘട്ടനങ്ങൾ ഉണ്ടാക്കിവരികയും ചെയ്ത ഒരു വർഗ്ഗ സമൂഹം വാസ്തവത്തിൽ ഇനി ഒരിക്കലും ഇങ്ങേപ്പുറം വന്നിരിക്കാൻ ഇടവരികയില്ല എന്നാണ് എനിക്ക് ഓർമ്മപ്പെടുത്താനുള്ളത്. നയപരമായ വൈകല്യങ്ങൾ കാരണം കഴിഞ്ഞ 67-ൽ ഇറങ്ങിപ്പോയ നമ്പൂതിരിപ്പാടിന്റെ ഭരണം ഇനിയും നിലനിർത്താൻ വളരെയധികം വെമ്പൽ കൊണ്ട് അവസരം കാത്തു കഴിയുകയാണ്. ഉൽബുദ്ധരായ കേരള ജനത ഒരിക്കലും അത് സമ്മതിക്കാൻ പോകുന്നില്ല എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. കാരണം ഈ നാട്ടിൽ ആയിരക്കണക്കിന് കൊലയും കൊള്ളിവയ്പും നടത്തിയതിന് പുറമേ അധികാരത്തിൽ നിന്ന് മാറിയ അവസരത്തിൽ പോലും അവരുടെ പഴയ പാടവങ്ങൾ ഇനിയും നിലനിർത്താനുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. അവകാശ സമരങ്ങൾ ഈ നാട്ടിൽ പലഭാഗത്തും നടത്താൻ പ്രവർത്തിക്കുകയും അങ്ങനെ അതിന്റെ അഡ്രസ് പൊട്ടിച്ചു കൊണ്ട് ക്രമസമാധാനം വീണ്ടും തകർത്ത് ഇവിടെ അരാജകത്വം നിലനിർത്താനുമാണ് ഉദ്ദേശിക്കുന്നതെങ്കിൽ കെട്ടുറപ്പുള്ള ഒരു ഗവൺമെന്റ് ഇവിടെ ഉണ്ടെങ്കിൽ തീർച്ചയായും അതിനെ നേരിടും. 71 അംഗങ്ങൾ ഉള്ള ഗവൺമെന്റ് ന്യൂനപക്ഷ ഗവൺമെന്റ് ആണെന്ന് പറയുന്നുണ്ടെങ്കിലും ഡമോക്രസി സിദ്ധാന്തത്തിൽ ആ പറച്ചിൽ ശരിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്. യഥാർത്ഥത്തിൽ എഴുപത്തൊന്നും എഴുപതും ആയിട്ടുള്ള അംഗങ്ങൾ മറെറാരു തെരഞ്ഞെടുപ്പിൽ കൂടി തെരഞ്ഞെടുത്തു വരികയാണെങ്കിൽ വീണ്ടും അതൊരു ന്യൂനപക്ഷ മന്ത്രി സഭാ ഗവൺമെന്റ് ആകും എന്ന് നിങ്ങൾ പറയുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്, യഥാർത്ഥത്തിൽ സാദ്ധ്യമല്ല. കേരള ജനത വാസ്തവത്തിൽ

2/20/7/ G.

LIBRARY ARCHIVES Kerala Legislative Assembly

മററു ജനസമൂഹത്തെ അപേക്ഷിച്ച് ഉൽബുദ്ധരാണ്. യഥാർത്ഥത്തിൽ ജനാധിപത്യത്തിൽ വിശ്വസിച്ച് പ്രവർത്തിക്കുന്ന കേരള ജനത അതേ സമ്പ്രദായത്തിൽ തന്നെ വോട്ടു ചെയ്യുകയാണെങ്കിൽ വീണ്ടും എഴുപത്തൊന്നും എഴുപതുമായി വരികയാണെങ്കിൽ എങ്ങനെയാണ് നിങ്ങൾ ന്യൂനപക്ഷ ഗവൺമെൻറ് എന്ന് അതിനെ പറയുക എന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങനെ വരുമ്പോൾ വീണ്ടും ഒരു തെരഞ്ഞെടുപ്പ് വേണമെന്ന് നിങ്ങൾ പറയുമോ? സാദ്ധ്യമല്ല. ഇംഗ്ലണ്ട് പോലുള്ള ഡമോക്രസി സിദ്ധാന്തത്തിൽ വിശ്വസിക്കുന്ന സ്ഥലങ്ങളിൽ ഏക ഭൂരിപക്ഷം ഉണ്ടെങ്കിൽ തന്നെയും ഉറച്ച ഗവൺമെൻറായി തന്നെയാണ് കണക്കാക്കുക. ആ ഗവൺമെൻറ് നിലനിൽക്കുന്നിടത്തോളം കാലം ഭരണ സമ്പ്രദായം നല്ല നിലയിൽ നടക്കുന്നിടത്തോളം കാലം ജനങ്ങൾ അതിന് ശരിക്കുള്ള മാൻഡേററ് നൽകുകയും അതിനെ നിലനിർത്താൻ പ്രവർത്തിക്കുകയും ചെയ്യും. അതിനുള്ള പ്രവർത്തന സൗകര്യം നമ്മൾ വിട്ടുകൊടുത്തു കൊണ്ട്, ജനാധിപത്യത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ തീർച്ചയായും ഈ ഗവൺമെൻറിനെ നിലനിർത്തി കൊണ്ട് ഇവിടെ നടത്തേണ്ട പരിഷ്ക്കാരങ്ങളും വികസനങ്ങളും എല്ലാം തന്നെ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. വ്യാവസായിക വളർച്ചയ്ക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ കഴിഞ്ഞ കാലത്ത് ചെയ്തിട്ടില്ല. വിദേശങ്ങളിൽ നിന്നുള്ള വ്യവസായികൾ ആരും തന്നെ ഇവിടെ വരുന്നില്ല. ബഹുമാനപ്പെട്ട നായനാർ ബോംബയിൽ പോയി വ്യവസായികളെ ക്ഷണിക്കുകയുണ്ടായി. ഇവിടെ ആരെങ്കിലും വന്നോ? ഇവിടെയുള്ള വ്യവസായങ്ങൾ തന്നെ നശിപ്പിക്കുകയല്ലേ ചെയ്തിട്ടുള്ളത്. കുംഭകോണങ്ങൾ അതിൽ കൂടി നടപ്പിൽ വരുത്താനല്ലേ ശ്രമിച്ചിട്ടുള്ളത്. അങ്ങനെയല്ലേ ഇവിടത്തെ വ്യവസായങ്ങൾ കെട്ടിപ്പടുത്തു കൊണ്ടിരുന്നത്. ഏകാധിപത്യ പ്രവണതകളിൽ കൂടി കടന്നുപോകുന്ന സോഷ്യലിസ്ററ് രാഷ്ട്രങ്ങളിൽ തന്നെയും ഏകാധിപത്യം വളരുകയല്ല നേരെമറിച്ച് പിന്നോക്കം പോയിക്കൊണ്ടിരിക്കുകയാണ്. ചൈനയിൽപോലും രാഷ്ട്രീയ പ്രവർത്തനങ്ങളിൽ മാററം വന്നുകൊണ്ടിരിക്കുകയാണ്. റഷ്യയിലും അതു പോലെ തന്നെയാണ്. ഇങ്ങനെ വളരെയധികം പരിവർത്തനങ്ങൾ ജനങ്ങളിൽ വന്നു കൊണ്ടിരിക്കുന്ന അവസരത്തിൽ നിങ്ങൾ എന്തിനാണ് ജനങ്ങളെ പിന്നോട്ടു വലിച്ചു കൊണ്ട് പോകുന്നത്. ജനാധിപത്യത്തിൽ അധിഷ്ഠിതമായ ഈ ഗവൺമെൻറിനെ ജനാധിപത്യ വിശ്വാസികൾ നിലനിർത്തും, അതിനു വേണ്ട എല്ലാ ഒരുക്കങ്ങളും ചെയ്യും എന്നു പറഞ്ഞു കൊണ്ട് എൻെറ വാക്കുകൾ അവസാനിപ്പിക്കുകയും ഈ പ്രമേയത്തെ അനുകൂലിക്കുകയും ചെയ്യുന്നു.

ശ്രീ. സി. എഫ്. തോമസ്: ഈ നന്ദി പ്രമേയത്തെ ഞാൻ പിൻതാങ്ങുകയാണ്. എൻെറ സ്നേഹിതൻ മിസ്ററർ ദക്ഷിണാമൂർത്തി ഈ നയപ്രഖ്യാപന പ്രസംഗത്തിൽ പുതുതായി ഒന്നുമില്ലാ. പിന്നെ എന്തിനാണ് പിൻതാങ്ങേണ്ടതെന്ന് ചോദിക്കുകയുണ്ടായി. വാസ്തവത്തിൽ അദ്ദേഹം മുഴുവനും വായിച്ചു നോക്കിയില്ല എന്നാണ് എനിക്ക് തോന്നുന്നത്. അടിസ്ഥാനപരമായി കേരളത്തിൻെറ പ്രശ്നങ്ങൾ പരിഹരിക്കാൻ, ഒരു നയ പ്രഖ്യാപന പ്രസംഗമെന്നുള്ള നിലയിൽ വളരെ വിശദമായിട്ട് പറയാതെ എല്ലാ മേഖലകളിലേയ്ക്കും നമ്മുടെ വ്യാവസായിക, കാർഷിക, തൊഴിൽ മേഖലകളെയെല്ലാം സംബന്ധിച്ച് വിശദമായ പരിപാടികൾ നയപ്രഖ്യാപന പ്രസംഗത്തിലുണ്ട്. ഞാൻ ഈ അവസരത്തിൽ നന്ദി പ്രമേയത്തെ പിൻതാങ്ങുന്നത്, അങ്ങനെ ഒരുപാടുകാര്യങ്ങൾ കൂടുതലായി പറഞ്ഞിരിക്കുന്നു എന്നുള്ളതിനേക്കാൾ ഉപരി, ഏററവും പ്രധാനമായിട്ട് അച്ചടിച്ച് സർക്കുലേററു ചെയ്തിരിക്കുന്ന ഈ പ്രമേയത്തിൻെറ രണ്ടാം പേജിൽ എൻെറ സർക്കാർ എല്ലാ സാമൂഹ്യ വിരുദ്ധ ശക്തികളെയും, അവരുടെ രാഷ്ട്രീയ വിധേയത്വം കണക്കിലെടുക്കാതെ ദൃഢമായി അമർച്ച ചെയ്യുന്നതിനും ക്രമസമാധാനം പുനഃസ്ഥാപിക്കുന്നതിനും ഏററവും മുന്തിയ മുൻഗണന നൽകി കഴിഞ്ഞിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

എന്ന് പറഞ്ഞിട്ടുള്ളതുകൊണ്ടാണ്. ഓരോ പൗരനും അയാളുടെ സ്വന്തം തൊഴിൽ സമാധാനമായി നിർവഹിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഉറപ്പു വരുത്തുന്നതിന് എന്റെ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. അക്രമം അത് ഏത് രൂപത്തിലായാലും, ഏതു് രംഗത്തായാലും—തക്കസമയത്തും ഫലപ്രദമായും നിയന്ത്രിക്കുന്നതാണ്. ഞാൻ ഈ സെൻറൻസ് വളരെ മനഃപൂർവ്വമായി തന്നെ വായിച്ചതാണ്. ഇവിടെ എന്റെ ബഹുമാന്യനായ ഇ. ചന്ദ്രശേഖരൻ നായർ വളരെ വിഷമത്തോടുകൂടി ബഹു. ആഭ്യന്തരമന്ത്രിയുടെ മറുപടിയെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ നായർക്ക് ഇപ്പോൾ വലിയ ഒരു വ്യത്യാസമായിട്ട് തോന്നുന്നത്, കഴിഞ്ഞകാലത്ത് നിങ്ങളെല്ലാം കൂടി ഒരുമിച്ചിരുന്നു ഭരിച്ചപ്പോഴുള്ള പോലീസ് നയത്തിന്റെ തകരാറുകൊണ്ടായിരുന്നു ' ഇപ്പോഴത്തെ പോലീസിയെ സംബന്ധിച്ച് വലിയ വ്യത്യാസം അദ്ദേഹത്തിന് തോന്നിയത്. മുമ്പ് പോലീസ് ഡിപ്പാർട്ടുമെൻറിനെ നിർവീര്യമാക്കിയതുകൊണ്ട് പല പ്രശ്നങ്ങളിൽ നിന്നും അവർ ഒഴിഞ്ഞുമാറിയിരുന്നു. എന്നാൽ ഇപ്പോൾ എന്തെങ്കിലും കാര്യങ്ങൾ ശക്തിയായ രീതിയിൽ ചെയ്യുമ്പോൾ നിയമസമാധാനം പുനഃസ്ഥാപിക്കാൻ ആലോചിക്കുമ്പോൾ അതു വളരെ വ്യത്യാസമായി തോന്നിയിട്ടുണ്ടായിരിക്കാം. ഇന്നലെ ബഹുമാനപ്പെട്ട ആഭ്യന്തരകാര്യ മന്ത്രി ഒരു കാര്യം ഇവിടെ എടുത്തു പറഞ്ഞു. അത് അദ്ദേഹം മനഃപൂർവ്വമായി വിട്ടുകളഞ്ഞു. ഏതെങ്കിലും തെററ് എവിടെയെങ്കിലും വന്നിട്ടുണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തിയാൽ തിരുത്താൻ തയ്യാറാണെന്ന് പറഞ്ഞു. അതിനെക്കുറിച്ച് ചന്ദ്രശേഖരൻ നായർ ഒന്നും പറഞ്ഞില്ല. ഈ ഗവൺമെൻറ് അന്യായമായ മർദ്ദനത്തെ അംഗീകരിക്കുന്നില്ല. കഴിഞ്ഞകാലത്തെ അവസ്ഥ ഉണ്ടാകരുതെന്നാണ് കേരള ജനത ആഗ്രഹിക്കുന്നത്.

സർ, കഴിഞ്ഞ ഗവൺമെൻറ് നിലം പതിക്കാൻ ഇടയായ സാഹചര്യം ജനങ്ങളിൽ ഉണ്ടായ വ്യാപകമായ അരക്ഷിത ബോധമാണ്. അതുകൊണ്ട് ഇന്നത്തെ അടിയന്തിരമായ ആവശ്യം നിയമ സമാധാന രംഗത്ത് സമാധാനം പുനഃസ്ഥാപിക്കുക എന്നുള്ളതാണ്. അതിന് കുറെ കാര്യങ്ങൾ ചെയ്യാൻ ആരംഭിച്ചു. ഒട്ടും ചെയ്യാതിരുന്ന മേഖലയിൽ ചിലത് ചെയ്തപ്പോൾ അത് വലിയ വ്യത്യാസമായിട്ട് ബഹു: ശ്രീ. ഇ. ചന്ദ്രശേഖരൻ നായർക്കും അദ്ദേഹത്തിന്റെ കക്ഷിയ്ക്കും തോന്നുന്നുണ്ടെങ്കിൽ അതൊരു യാഥാർത്ഥ്യമാണ്. ~~കാര്യങ്ങൾ ചെയ്യും~~. അത് മർദ്ദനത്തിന്റെ കഥയല്ല. അന്യായമായ മർദ്ദനങ്ങളും ലോക്കപ്പ് മർദ്ദനങ്ങളും അന്യായമായ പെരുമാററങ്ങളും തീർച്ചയായും ആഭ്യന്തരമന്ത്രി ശ്രദ്ധിക്കുമെന്ന് പറയുന്നുണ്ട്. നമ്മുടെ രാജ്യത്തെ ഏററവും ബുദ്ധിമുട്ടേറിയ ഒരു സാഹചര്യമായിരുന്നു കഴിഞ്ഞമന്ത്രിസഭയുടെ കാലഘട്ടത്തിന്റെ അവസാനം ഉണ്ടായിരുന്നത്.

സർ, ഞങ്ങളെ സംബന്ധിച്ചിടത്തോളം ;അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ നടത്തിയ ഒരു പരാമർശനത്തിൽ വളരെ ഖേദമുണ്ട്. ഞാൻ വളരെ ബഹുമാനിക്കുന്ന ശ്രീ. ഇ. കെ. നായനാരോട് ഒക്ടോബർ 16-ാം തീയതിയിലെ ലെയിസോൺ കമ്മിററിയിൽ കേരളാ കോൺഗ്രസിന്റെ പ്രതിനിധികൾ പറഞ്ഞു, നമ്മൾ ഒരുമിച്ച് ഗവർണ്ണറെ കാണാൻ പോകത്തില്ല, വരത്തില്ലായെന്ന്. ഭൂരിപക്ഷം തെളിയിക്കാൻ നിയമസഭ വിളിച്ചുകൂട്ടാൻ തീരുമാനമെടുക്കാൻ ക്യാബിനററ് തുടരണമെന്ന് പറഞ്ഞപ്പോൾ ഞങ്ങൾ തയ്യാറല്ലെന്ന് പറഞ്ഞു. ആ രണ്ടു കാര്യങ്ങളും പറഞ്ഞില്ലെന്ന് ഇന്നലെ അദ്ദേഹം പറഞ്ഞത് വളരെ ഖേദകരമാണ്. അതിനു സാക്ഷിയായി അദ്ദേഹം ഇപ്പോൾ പറയുന്നത് അദ്ദേഹത്തിന്റെ പാർട്ടിയിലെതന്നെ ററി. കെ. രാമകൃഷ്ണനെയാണ്. ആ ററി. കെ. രാമകൃഷ്ണനെ സാക്ഷി പറഞ്ഞുകൊണ്ട് പറഞ്ഞകാര്യം പറഞ്ഞില്ലെന്ന്പറയുന്നത് വളരെ ഖേദകരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: സർ, ഇന്നലെ ഞാൻ പരാമർശിച്ചത് സത്യമാണെന്ന് തന്നെയാണ് ഞാൻ ഇപ്പോഴും പറയുന്നത്. ദുർ വ്യാഖ്യാനം ചെയ്യുകയും തിരുത്തുകയുമാണ് അദ്ദേഹം ഇപ്പോൾ ചെയ്യുന്നത്. 16-ാം തീയതി ശ്രീ. മാണി, റ്റി. കെ. രാമകൃഷ്ണൻ, ബേബി ജോൺ, അബ്ദുൽ റഹ്മാൻ ഹാജി, അബൂബേക്കർ, ഗൗരിയമ്മ തുടങ്ങിയവരെല്ലാം ഉണ്ടായിരുന്നു. അവരെല്ലാം കള്ളൻമാരായിട്ടാണ് ബഹു: മെമ്പർ വിശദീകരിക്കുന്നതെങ്കിൽ എനിക്ക് ആക്ഷേപമില്ല. ഞങ്ങൾ ഇരുന്ന് സംസാരിച്ചപ്പോൾ ഭൂരിപക്ഷമുണ്ട്, ഇത് ഇങ്ങനെ ഗവർണ്ണറോട് പറയാമോ എന്ന് ചോദിച്ചപ്പോൾ അതേക്കുറിച്ച് മാണി പറഞ്ഞു, പറയാം എന്ന് പർട്ടിക്കുലറായിട്ട് ഞാൻ ചോദിച്ചത് അതു തന്നെയാണ്. ഇവരൊക്കെ സാക്ഷിയാണ് ഇതിന്. അതുകൊണ്ടാണ് നിയമസഭ കൂടും എന്ന കാര്യത്തെ സംബന്ധിച്ച് ഞാൻ പത്രക്കാരോടും പറഞ്ഞത്. സത്യമായ സംഗതി പീലാത്തോസിനെപ്പോലെ കൈകഴുകി രക്ഷപ്പെടാൻ ശ്രമിക്കരുത്. അതേ എനിക്ക് പറയാനുള്ളു. സത്യം സത്യമാണെന്ന് പറയുക. യോജിക്കുന്നില്ലെങ്കിൽ യോജിക്കുന്നില്ലെന്ന് പറയുക. അത് മനസിലാക്കാം. വിമർശിക്കുകയാണെങ്കിൽ അതും മനസിലാക്കാം. പക്ഷേ സത്യത്തെ വളച്ചൊടിച്ച് പീലാത്തോസിനെപ്പോലെ കയ്യൊഴിയാൻ ശ്രമിക്കരുത് എന്ന അഭ്യർത്ഥനയെ എനിക്കുള്ളു.

ശ്രീ. സി. എഫ്. തോമസ്: എനിക്കും അതിനെക്കുറിച്ചുതന്നെയാണ് പറയാനുള്ളത്. നിങ്ങളുടെ കൂടെ ഗവർണ്ണറെ കാണാൻ വരുകയില്ലെന്ന് പറഞ്ഞത് കള്ളമാണ്, തെററാണ് എന്ന് അദ്ദേഹം പറഞ്ഞു. അങ്ങനെ പറഞ്ഞിട്ടില്ലേ ? ഞങ്ങൾ വരത്തില്ല കൂടെ ; നിങ്ങൾക്ക് എന്തുവേണമെങ്കിലും തീരുമാനമെടുക്കാം. ഞങ്ങൾ കൂടെ ഉണ്ടായിരിക്കുമെന്ന മുൻ വിധിയോടുകൂടി നിങ്ങൾ ഒരു കാര്യവും ചെയ്യരുതെന്ന് വ്യക്തമായി പറഞ്ഞു. ബഹു: ഇ. കെ. നായനാർ ഞങ്ങൾ കൂടെ വരുകയില്ല എന്നു പറഞ്ഞതിനെക്കുറിച്ച് പറയുന്നില്ല. ഗവർണ്ണറെ കാണാൻ ഞങ്ങൾ കൂടെ വരുകയില്ലെന്ന് പറഞ്ഞു. അങ്ങനെ വരുമായിരുന്നെങ്കിൽ പിന്നെ പ്രശ്നമില്ലല്ലോ. തീർച്ചയായും നമ്മൾ എല്ലാം കൂടി ഗവർണ്ണറെ കണ്ടേനെ. ഞാൻ പറഞ്ഞ ഒരു പോയിൻറ് അത് മാത്രമേയുള്ളു. സത്യസന്ധമായിട്ടല്ലാതെ വിശ്വാസവഞ്ചനയായിട്ട് യാതൊന്നും ചെയ്തിട്ടില്ല. ശ്രീമാൻ ഒ. ലൂക്കോസ് ഇന്നലെ അത് വിശദീകരിച്ചു. വളരെ വ്യക്തമാണല്ലോ. നിങ്ങളുടെ കൂടെ ഗവർണ്ണറുടെ അടുത്ത് പറയാൻ വരാമായിരുന്നെങ്കിൽ ആ മന്ത്രിസഭ നിലനിന്നേനെ. ആ മന്ത്രിസഭ നിലനിന്നില്ല. വരത്തില്ലെന്നും പറഞ്ഞു. ഞങ്ങൾകൂടി വരത്തില്ല. നിങ്ങൾ എന്തു തീരുമാനം വേണമെങ്കിലും എടുക്കാം. ആ ദിവസങ്ങളിൽ ഈ വക കാര്യങ്ങളിൽ ഞാനും കൂടി ഇടപെട്ടതുകൊണ്ട് എനിക്ക് അത് അടുത്തറിയാം. ഏതായാലും അങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ച പരാമർശനം കഴിയുന്നിടത്തോളം നടന്ന വിധത്തിൽ ആയിരുന്നാൽ കൊള്ളാമെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്.

സർ, ഇന്ന് ഇവിടെ ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ മുഖ്യമന്ത്രി കരുണാകരൻ പറഞ്ഞതിനെക്കുറിച്ച് പറഞ്ഞു. ചാക്കിട്ടു പിടുത്തം ന്യായീകരിച്ചുകൊണ്ട് സംസാരിച്ചു എന്നു പറഞ്ഞു. വാസ്തവത്തിൽ ഇത് കേട്ടപ്പോൾ എനിക്ക് അൽഭുതം തോന്നി. ഞാൻ വളരെ ആദരിക്കുന്ന ഒരു നേതാവാണ് ശ്രീ. ബേബി ജോൺ. അദ്ദേഹം പറഞ്ഞത് ഇന്ന് പത്രത്തിൽ വന്നിട്ടുണ്ട്. രാഷ്ട്രീയ കുതിരക്കച്ചവടം. അദ്ദേഹം കരുണാകരന് എതിരായിട്ട് ആരോപണം വയ്ക്കുകയാണ് കരുണാകരൻ ചാക്കിട്ട് പിടിത്തത്തെ ന്യായീകരിച്ചു എന്ന പറഞ്ഞു. ഇന്നലെ ശ്രീ. കരുണാകരൻ പറഞ്ഞ സാഹചര്യം ഓർക്കണം. ബഹു: മുഖ്യമന്ത്രി പറഞ്ഞ സാഹചര്യം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

അത് ഓർക്കണം. ഇന്നലെ ശ്രീ. ബേബിജോൺ ഈ നിയമസഭയിൽ ഭൂരിപക്ഷമുണ്ടാക്കാൻ ശ്രീ. കരുണാകരൻ ചാക്കിട്ടു പിടിത്തം നടത്തിയെന്ന് ആരോപിക്കുന്നു. കുതിരക്കച്ചവടം നടത്തിയെന്ന് ആരോപിക്കുന്നു. അതിനെക്കുറിച്ച് പറഞ്ഞപ്പോൾ ചില കഴിഞ്ഞ കാല സംഭവങ്ങൾ അദ്ദേഹം ഓർമ്മിപ്പിച്ചു. ശ്രീ. ബേബിജോൺ ഈ രാഷ്ട്രീയ കുതിരക്കച്ചവടം എന്നൊക്കെ പറഞ്ഞാൽ—ഞാൻ പഴയ പത്രം വായിക്കാറുണ്ട്. കഴിഞ്ഞ മന്ത്രിസഭകളുടെ നില നിൽപ്പുകളും, ആ കാലഘട്ടങ്ങളിൽ നടന്നതുമൊക്കെ പത്രങ്ങളിൽ വന്നിട്ടുണ്ട്. കേരളാ കിസിഞ്ചർ എന്നുപോലും ശ്രീ. ബേബിജോൺ അറിയപ്പെട്ടിരുന്നു. അദ്ദേഹം രാഷ്ട്രീയ കുതിരക്കച്ചവടത്തെപ്പററി പറയുന്നത് കേൾക്കുമ്പോൾ അത്ഭുതം തോന്നുന്നു. അതുപോലെ ചാക്കിട്ടു പിടിത്തത്തിൽ കൂടിയാണ് ഈ മന്ത്രിസഭ നിലനിൽക്കുന്നത്. എന്നതിനെ ശ്രീ. കരുണാകരൻ ന്യായീകരിച്ചു എന്ന് പറയുന്നത് ശരിയല്ല. അങ്ങനെ പറയരുത്. ഈ നിയമസഭയിൽ ഇരിക്കുന്ന കക്ഷികളെല്ലാംതന്നെ ഒരുമിച്ച് അപ്പുറത്തും ഇപ്പുറത്തും ഇരുന്നിട്ടുള്ളതാണ്. അങ്ങനെയുള്ള ആളുകൾ എങ്ങനെയാണ് ആക്ഷേപിക്കുന്നത്. എനിക്ക് നല്ല ഓർമ്മയുണ്ട്. വ്യക്തിപരമായി ആരെയും ആക്ഷേപിക്കാൻ പറഞ്ഞതല്ല. അപ്പുറത്ത് ശ്രീ. ഇ. കെ. നായനാരോടൊപ്പം ഇരിക്കുന്ന ബേബിജോണും, സി. പി. ഐ. ക്കാരും ഞങ്ങൾ 1980-ൽ കൂറുമാറി അല്ലെങ്കിൽ 1982-ൽ കൂറുമാറി എന്നൊക്കെ ആരോപണം ഉണ്ടായിരുന്നു. 57-ലെ മന്ത്രിസഭയുടെ കാര്യവും 67-ലെ മന്ത്രിസഭയുടെ കാര്യവും ഞാൻ വ്യക്തമായി ഓർക്കുന്നു. ഞാൻ പത്രത്തിൽ വായിച്ചതാണ്. 57-ലെ മന്ത്രിസഭ അവസാനിച്ചത് വിമോചന സമരത്തിലാണ്. ആ വിമോചന സമരത്തെക്കുറിച്ച് ശ്രീ. ശിവദാസൻ പറഞ്ഞപ്പോൾ ഇവിടെ ബഹളമായിരുന്നു. എന്തായിരുന്നു വിമോചന സമരത്തിൽ ആർ. എസ്. പി. യുടെ നിലപാട്. ശൂരനായ ശ്രീകണ്ഠൻ നായരും ബേബിജോണും എല്ലാം കൂടി ഈ സെക്രട്ടേറിയററിന്റെ മുകളിൽ ആർ. എസ്. പി. യുടെ പതാക കയററുമെന്ന് പറഞ്ഞ് മാർച്ച് ചെയ്തത് ഓർക്കുന്നില്ലേ ? അന്ന് ഒററ കമ്മ്യൂണിസ്ററ് പാർട്ടിയേ ഉള്ളു. കമ്മ്യൂണിസ്ററ് പാർട്ടി ഐക്യത്തോടുകൂടി ഒററ വോട്ടിന്റെ ഭൂരിപക്ഷത്തോടുകൂടി ഭരിക്കുമ്പോൾ അതിനെതിരായിട്ട് ആർ. എസ്. പി. യുടെ കൊടികെട്ടുമെന്ന് പറഞ്ഞ് മാർച്ച് ചെയ്തില്ലേ ? അന്നത്തെ സാഹചര്യത്തിൽ ചെയ്തതായിരിക്കാം. ഏതായിരുന്നാലും അങ്ങനെ ചെയ്തില്ലേ? 67-ലെ മന്ത്രിസഭ തകരാൻ ഉത്തരവാദികൾ ആരാണ്? സി. പി. ഐ. യ്ക്കും ആർ. എസ്. പി. യ്ക്കും പങ്കില്ലേ? 57-ലേയും 67-ലേയും മന്ത്രിസഭയ്ക്കെതിരായിട്ട് നിന്ന സി. പി. ഐ. യും ആർ. എസ്. പിയും ഒക്കെ കൂടി ഇപ്പോൾ അവിടെ ഇരിക്കുന്നു. അവിടെ ഇരുന്നുകൊണ്ട് 80-ലെ മന്ത്രിസഭയിൽ നിന്ന് മതിയായ കാരണങ്ങൾ കാലേകൂടി പറഞ്ഞ് ജനവികാരത്തെ മാനിച്ചുകൊണ്ട്, ജനങ്ങളുടെ താൽപ്പര്യത്തിന് മുൻതൂക്കം കൊടുത്തുകൊണ്ട് രണ്ട് കക്ഷികൾ പിൻവാങ്ങിയതിനെ വഞ്ചനയെന്ന് പറഞ്ഞാൽ എങ്ങനെയാണ് അംഗീകരിക്കുക. ഓരോ കാലത്ത് ഓരോ നിലപാട് എല്ലാവരും എടുത്തിട്ടുണ്ട്. ഇതൊക്കെ വസ്തുതകളാണ്. ഇത് കഴിഞ്ഞ കാലത്ത് പി. കെ. വി. ചെയ്തെങ്കിൽ തെററില്ല; ഇന്ന് ഉമ്മൻ ചാണ്ടി ചെയ്താൽ തെററ്. കഴിഞ്ഞ കാലത്ത് ബേബിജോൺ ചെയ്തത് തെററല്ല. ഇന്ന് കെ. എം. മാണി ചെയ്താൽ തെററ്. അത് എന്തിനാണ് ? രാഷ്ട്രീയത്തിൽ രണ്ടു നയമുണ്ടോ ? രണ്ടു താപ്പുണ്ടോ ? ഞാൻ നേരത്തെ പറഞ്ഞതുപോലെ ഈരാജ്യത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ മന്ത്രിസഭയെ സംബന്ധിച്ച് പ്രശ്നം നിയമസമാധാന പ്രശ്നമായിരുന്നു. ഞാൻ ഓർക്കുകയാണ്. ശ്രീ. ഇ. കെ. നായനാർ കൈകാര്യം ചെയ്ത വകുപ്പിനെക്കുറിച്ച് ആര് പരാതി പറഞ്ഞു. ഗൗരിയമ്മ കൈകാര്യം ചെയ്ത വകുപ്പിനെക്കുറിച്ച് ആര്

LIBRARY ARCHIVES Kerala Legislative Assembly

പരാതി പറഞ്ഞു. പറഞ്ഞില്ല. എന്നാൽ ററി. കെ. രാമകൃഷ്ണൻ കൈകാര്യം ചെയ്ത വകുപ്പിനെ സംബന്ധിച്ച് പരാതി ഉണ്ടായിരുന്നു. കോൺഗ്രസിനു പരാതി ഉണ്ടായിരുന്നു, കേരള കോൺഗ്രസിന് പരാതി ഉണ്ടായിരുന്നു. ഇന്നലെ ശ്രീ. ഒ. ലൂക്കോസ് പറഞ്ഞതുപോലെ കേരളാ കോൺഗ്രസിനെ സംബന്ധിച്ചിടത്തോളം ഈ നിയമസഭയ്ക്കകത്തും പൊതുയോഗങ്ങളിലും വിമർശിച്ചില്ല. വസ്തുതയാണ്. പക്ഷേ ലയ്സാൺ കമ്മിററിയിലും ക്യാബിനററ് യോഗങ്ങളിലും എത്രയോ പ്രാവശ്യം നമ്മുടെ ക്രമസമാധാന രംഗത്തെ പാളിച്ചയെക്കുറിച്ച് കേരളാ കോൺഗ്രസ് പറഞ്ഞിട്ടുണ്ട്. തിരുത്തിയില്ല. തിരുത്താതെ, തിരുത്താതെ ഒരു മാർഗ്ഗവുമില്ലാതെ വന്നപ്പോൾ വളരെ വ്യക്തമായി ഒരു പ്രായോഗിക പരിഹാരം നിർദ്ദേശിച്ചു. നിങ്ങൾ ദയവുചെയ്ത് ആഭ്യന്തര വകുപ്പ് കൈവിടണം. ജനങ്ങൾക്ക് പരാതിയുള്ള വകുപ്പ് അതാണ്. നമ്മൾ നല്ല കാര്യങ്ങൾ ചെയ്തു. ഞങ്ങൾ ഇപ്പോഴും പറയുന്നു. ഒ. ലൂക്കോസ് ഇന്നലെ പറഞ്ഞു. അന്ന് നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് ഞങ്ങൾ അഭിമാനിക്കുന്നു. ഞങ്ങളും കൂടി ചേർന്ന് ചെയ്ത കാര്യങ്ങളാണ്. ആ നല്ല കാര്യങ്ങളുടെ മുഴുവൻ ഗ്ലാമറും നശിപ്പിക്കുന്നത് ആഭ്യന്തര വകുപ്പാണ്. ആഭ്യന്തര വകുപ്പ് മാറണം. അത് ററി. കെ. രാമകൃഷ്ണൻെറ വ്യക്തിപരമായ കഴിവുകേടാണോ അതോ മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയുടെ നയമാണോ എന്ന് അന്ന് അറിഞ്ഞുകൂടായിരുന്നു. ഏതായിരുന്നാലും അത് മാറണമെന്ന് പറഞ്ഞിട്ട് മാററാൻ തയ്യാറായില്ല. അവസാനമായി പറഞ്ഞ മാർഗ്ഗംകൂടി സ്വീകരിക്കാതെ വന്നപ്പോൾ ജനമാണോ, അതോ മുന്നണിയാണോ വലുതെന്ന ഒരു താരതമ്യ പഠനം നടത്തി; കേരളാ കോൺഗ്രസ്. ജനങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് കേരളാ കോൺഗ്രസ്സ് പാർട്ടി ഒരു നിലപാട് എടുത്തു. കേരളാ കോൺഗ്രസ് പാർട്ടിയ്ക്ക് ജനങ്ങളുടെ ഉത്തമ താൽപര്യത്തിന് ഒന്നാമത്തെ പ്രാധാന്യവും സ്വന്തം പാർട്ടിയുടെ നിലനിൽപ്പിന് രണ്ടാമത്തെ പ്രാധാന്യവുമാണ് ഉള്ളത്. അത് കഴിഞ്ഞിട്ടേ മുന്നണിയെ നില നിറുത്താനുള്ള ബാദ്ധ്യതയുള്ളു. അങ്ങനെ ഞങ്ങൾ മുന്നണി വിടാൻ തീരുമാനിച്ചു. എൻെറ തെററിദ്ധാരണ കഴിഞ്ഞ ദിവസമാണ് മാറിയത്. വിജയവാഡയിൽ കമ്മ്യൂണിസ്ററ് മാർക്സിസ്ററ് പാർട്ടിയുടെ കോൺഗ്രസ്സ് പാസാക്കിയ പ്രമേയം വായിച്ചു നോക്കിയപ്പോൾ തെററിദ്ധാരണ മാറി. വളരെ അടിസ്ഥാനപരമായ പ്രശ്നമാണ്. കേരളത്തിലെ ഗവൺമെൻറ് അതിൻെറ പോലീസ് നയത്തിൽ കാതലായ തിരുത്തൽ വരുത്തിയിരിക്കുന്നു. നായനാർ മന്ത്രിസഭയുടെ പോലീസ് നയത്തിൽനിന്ന് എന്ന് ആ പ്രമേയത്തിൽ ആരോപണം വച്ചിരിക്കുകയാണ്. അങ്ങനെ വന്നപ്പോഴാണ് മാർക്സിസ്ററ് പാർട്ടിയുടെ പോലീസ് നയമാണ്; ററി. കെ. രാമകൃഷ്ണൻെറ വ്യക്തിപരമായ തകരാറല്ലെന്ന് മനസിലായത്. മാർക്സിസ്ററ് പാർട്ടി ആലോചിച്ചെടുത്ത നയമായിരുന്നു. അതു കൊണ്ടാണ് വിജയവാഡയിൽ, ആ നയത്തിൽ ഭേദഗതി വരുത്തിയിരിക്കുന്നു. ഈ ഗവൺമെൻറ് എന്ന് കുററപ്പെടുത്തുന്നത്. അപ്പോൾ ഫണ്ടമെൻറലായി ഇങ്ങനെയുള്ള ഒരു നയം സ്വീകരിച്ചുകൊണ്ട് കേരളത്തിൽ മുന്നോട്ടു പോയാൽഎത്ര നാൾ ആ കൊള്ളരുതായ്മകൾ സഹിക്കാൻ സാധിക്കും. അവിടെ ഇരിക്കുന്ന ബേബിജോണിനും, പി. കെ. വാസുദേവൻ നായർക്കും ഒക്കെ വിഷമമില്ലായിരുന്നോ, കഴിഞ്ഞ മന്ത്രിസഭയുടെ ഈ പോക്കിനെക്കുറിച്ച്, പോലീസ് നയത്തെക്കുറിച്ച്— അതെപ്പററി ക്യാബിനററിൽ പറഞ്ഞിട്ടില്ലേ? ഈ രാജ്യത്തെ ജനങ്ങളെ മുഴുവൻ ബലിയാടുകളാക്കികൊണ്ട്—

ശ്രീ. ഇ. കെ. നായനാർ: ഇന്ദിരാകോൺഗ്രസിൻെറ പോലീസ് നയത്തിൽ നിന്ന് വ്യത്യസ്തമാണ് ഞങ്ങളുടെ നയം എന്ന് പറഞ്ഞ നിങ്ങൾ ഇപ്പോൾ അതിൽത്തന്നെ ഉറച്ചു നിൽക്കുകയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എഫ്. തോമസ്: ഇന്ദിരാകോൺഗ്രസ്സിന്റെ പോലീസ് നയത്തിലല്ല ഈ ഐക്യമുന്നണി ഗവൺമെന്റിന്റെ പോലീസ് നയത്തിലാണ് ഞങ്ങൾ ഉറച്ചു നിൽക്കുന്നത് ഞങ്ങളെല്ലാവരുംകൂടി ചേരുന്നതാണ് ഈ ഗവൺമെന്റ്. അങ്ങനെയുള്ള ഈ ഗവൺമെന്റിന്റെ നയം ഞങ്ങളെല്ലാവരും കൂടിച്ചേർന്നുള്ള നയമാണ്. ശ്രീ. ഇ ചന്ദ്രശേഖരൻനായർ പറഞ്ഞതു പോലെ ഇതൊക്കെ തുറന്ന പുസ്തകമാണ്. തെററുകൾ എവിടെയായാലും തിരുത്തണം. അത് ഞങ്ങൾ നിങ്ങളുടെകൂടെയിരുന്നപ്പോഴും പറഞ്ഞിട്ടുണ്ട്. പറഞ്ഞു പറഞ്ഞു മടുത്തപ്പോൾ അവസാനം വകുപ്പുമാറാൻ ഞങ്ങൾ പറഞ്ഞു. രാജിവയ്ക്കണമെന്ന് ഞങ്ങൾ പറഞ്ഞില്ല. വകുപ്പുമാറാൻ പറഞ്ഞിട്ടും ചെയ്യുകയില്ലെന്നുവന്നപ്പോഴാണ് പിരിയാൻ നിർബന്ധിതരായത്. അത് അവിടെയിരിക്കുന്ന സർവ്വ ആളുകൾക്കുമറിയാം. അവരൊക്കെ വളരെ വിഷമിച്ചാണവിടെനിരിക്കുന്നത്. സി. പി. ഐ. പ്രഭൃതികൾക്കും ആർ. എസ്. പി. പ്രഭൃതികൾക്കുമൊക്കെ വിഷമമുണ്ട്. നിങ്ങൾ ഇന്ന് അവിടെ ഇരിക്കുന്നതുപോലെ അത്രയും സഹിച്ചുകൊണ്ട് ഞങ്ങൾക്കവിടെ ഇരിക്കാൻ നിവൃത്തിയില്ല.

ശ്രീ. എ. വി. താമരാക്ഷൻ: 22 സീററ് കൊടുക്കാമെന്ന് ഇന്ദിരാ കോൺഗ്രസ്സിന്റെ അഖിലേന്ത്യാ സെക്രട്ടറിയേററിൽ നിന്ന് കറുപ്പയ്യാ മൂപ്പനാർ എഴുതിക്കൊടുത്ത് കഴിഞ്ഞതിനുശേഷം ഈ മുന്നണിയിൽ നിന്ന് കാലുമാറിയ കെ. എം. മാണിയുടെ പാർട്ടി ക്രമസമാധാനത്തിന്റെ പേരിലാണ് മാറിയതെന്ന് പറയുന്നത് ഓർഡറിലാണോ ?

(സഭയിൽ ബഹളം)

ശ്രീ. സി. എഫ്. തോമസ്: ആർ. എസ്. പി. യോടുള്ള പരിഭവം കൊണ്ടോ താമരാക്ഷനോടുള്ള പരിഭവം കൊണ്ടോ അല്ല പറയുന്നത്. ഇതൊക്കെ സത്യങ്ങളാണ്. 1957-ൽ മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയെ എതിർത്ത ആർ. എസ്. പി., 1967-ലെ മന്ത്രിസഭയെ തകർത്ത ആർ. എസ്. പി. ഈ മന്ത്രിസഭയിൽ നിന്ന് ഞങ്ങൾ പോയപ്പോൾ എന്തിന് ഞങ്ങളെ കുററപ്പെടുത്തുന്നു? സാദ്ധ്യമല്ല അത്. ഇതൊക്കെ കേരളം കണ്ടതാണ്; ജനങ്ങൾ കണ്ടതാണ്. ഇതൊക്കെ നിങ്ങൾക്ക് ചെയ്യാം ഞങ്ങൾക്ക് പാടില്ല എന്നു പറയുമ്പോഴാണത്ഭുതം തോന്നുന്നത്. 1957-ലെയും 67-ലെയും മന്ത്രിസഭയ്ക്കുണ്ടായ പതനംതന്നെ 1980-ലെ മന്ത്രിസഭയ്ക്കും ഉണ്ടായതുകാണുമ്പോൾ തകരാറ് സഖ്യകക്ഷികൾക്കല്ല എന്നാണ് മനസ്സിലാകുന്നത്. ആർ. എസ്. പി. ക്ക് കുഴപ്പമൊന്നുമില്ല. സി. പി. ഐ. യ്ക്കും കുഴപ്പമൊന്നുമില്ല, കേരളാകോൺഗ്രസ്സിനും ആൻറണി കോൺഗ്രസ്സിനും ഇല്ല, ഭരണം മുന്നോട്ടുകൊണ്ടുപോകുന്നതിൽ ഐക്യമുന്നണി നയിക്കുന്നതിൽ മാർക്സിസ്ററ് പാർട്ടിക്ക് എന്തോ പിശകുണ്ട്. ഐക്യമുന്നണി കൈകാര്യം ചെയ്യേണ്ടത് എങ്ങനെയാണെന്നുള്ളതിനെക്കുറിച്ച് മാർക്സിസ്ററുപാർട്ടി ഒരു വിലയിരുത്തൽ നടത്തുന്നത് നന്നായിരിക്കുമെന്ന് ഇവിടെ പലരും പറഞ്ഞു. അതാവശ്യമാണെന്നാണെനിക്കും തോന്നുന്നത്. പല മേഖലകളെക്കുറിച്ചും ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. അതിന് നന്ദിപ്രകാശിപ്പിക്കുന്ന ഈ പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കല്ലട നാരായണൻ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ചതിയിൽ ജനിച്ച ഇന്നത്തെ ഗവൺമെന്റ് ഒരു വൻകിട ശല്യമായിത്തീർന്നിരിക്കുകയാണ്. കാലുമാററക്കാരും കൂറുമാററക്കാരും ചാക്കിൽ വീണവരും ചേർന്നുണ്ടാക്കിയ ഈ ഗവൺമെന്റിന് എന്തുനയമാണ് പ്രഖ്യാപിക്കാനുള്ളത് ? ഈ ഗവൺമെന്റുണ്ടാകുന്നതിനുമുമ്പ് നിലവിലിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

സാക്ഷാൽ കോൺഗ്രസ്-ഐ യുടെ ഭരണം എന്നു പറയുന്ന പ്രസിഡൻറ് ഭരണം തുടങ്ങിയതുതന്നെ പാവപ്പെട്ട ഒരു ഹരിജൻ സ്ത്രീയെ കൊന്നുകൊണ്ടാണ്. അങ്കമാലിയിലെ കുറുമ്പയെ കൊന്നുകൊണ്ടാണ് അന്ന് പ്രസിഡൻറുഭരണം ആരംഭിക്കുന്നത്. നെയ്യാററിൻകരയിൽ ബാബു എന്ന ഒരു ഹരിജനെ നിഷ്ക്കരുണം കൊന്നപ്പോഴും എന്തെങ്കിലും ചോദിക്കാൻ ആരെങ്കിലുമുണ്ടായിരുന്നോ ഇവിടെ? ചതിയിൽ ജനിച്ച ഈ ഗവൺമെൻറ് വന്നതിനുശേഷം ആദ്യമായി വെടിപൊട്ടിച്ചത് ബത്തേരിയിലാണ്. ഒരു നേരത്തെ ആഹാരത്തിന് വകയില്ലാതെ വലയുന്ന പാവപ്പെട്ട ആളുകളുടെ നേരെ പൊട്ടിച്ച വെടിയുടെ ഒച്ചകേട്ടുകൊണ്ടാണ് ശ്രീമാൻ കരുണാകരൻെറ ഗവൺമെൻറ് ഉൽഘാടനം ചെയ്യപ്പെട്ടത്. സംശയമുണ്ടോ ആ കാര്യത്തിൽ? അവർക്കാശ്വാസം നൽകാൻവേണ്ടി എന്തെങ്കിലും ചെയ്യാൻ നിങ്ങൾക്ക് സാധിച്ചോ എന്ന് ശാന്തമായിരുന്നു ചിന്തിക്കണം. ദിയോളിയും സാദിപ്പൂരും മദ്ധ്യപ്രദേശുമെല്ലാം ഈ മണ്ണിലും ആവർത്തിച്ചിരിക്കുകയാണ്. ഇവിടെയാണോ ക്രമസമാധാന നിലഭദ്രം? ഇക്കാര്യം ശാന്തമായിത്തന്നെ നിങ്ങൾ പരിശോധിക്കണം. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഹരിജനങ്ങളെ ക്രമത്തിലധികം ദ്രോഹിക്കുന്നുണ്ടെന്നെനിക്കറിയാം. ഈ ഗവൺമെൻറിന് ഒരു ഹരിജനമന്ത്രിയുണ്ടോ? എം. വി. രാജനോ കെ. കെ. ബാലകൃഷ്ണനോ പി. കെ. വേലായുധനോ ഒരു മന്ത്രിസ്ഥാനത്തിനുവേണ്ടി ആഗ്രഹിച്ചാൽ അവരെ ശ്രീമാൻ കരുണാകരൻ വെടിവെച്ച് കൊല്ലുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. അതാണ് ബത്തേരിയിൽ കണ്ടത്. ഇതിൽ നിന്ന് തെളിയുന്നത് നിങ്ങളുടെ കക്ഷിയിൽ ആണുങ്ങളാരുമില്ലെന്നും വിവരമുള്ളവരാരുമില്ലെന്നുമാണ്. പാവപ്പെട്ട ഗിരിജനങ്ങളെ കൊന്നൊടുക്കുന്ന വെടിയൊച്ച കേട്ടുകൊണ്ടാണ് നിങ്ങൾ മന്ത്രിക്കസേരയിലേക്ക് കയറിയത്. ഈ മന്ത്രിസഭ തകർന്ന് വീഴുമെന്നുള്ള കാര്യത്തിൽ തർക്കമൊന്നുംവേണ്ട. പോലീസ്‌വകുപ്പുമന്ത്രി ഉമ്മൻചാണ്ടി മുഖംനോക്കാതെ അടിക്കുന്നു എന്നാണ് പറയുന്നത്. മുണ്ടു നോക്കി അടിക്കും എന്നല്ലേ അതിൻെറ അർത്ഥം? ആണിനെയും പെണ്ണിനെയും ഒരുപോലെ മുണ്ടും പാവാടയുംനോക്കി നിങ്ങളുടെ പോലീസ് അടിക്കുമെന്നല്ലേ അതിനർത്ഥം? പാവപ്പെട്ട പെൺകുട്ടികളെ മുണ്ട്നോക്കി അടിച്ചു. ആണുങ്ങളെമുണ്ടുനോക്കി അടിച്ചു. അതല്ലേ നിങ്ങളുടെപോലീസ് നയം? നിരന്തരമായ ഹരിജനദ്രോഹമല്ലേ കഴിഞ്ഞ ഒരു മാസക്കാലത്തെ അനുഭവം? സാക്ഷാൽ ഹരിജനപ്രേമി എന്ന്, ഹരിജനങ്ങളുടെ ആശാൻ എന്ന്, പറയാറുള്ള ശ്രീമാൻ കരുണാകരൻ തന്നെയാണല്ലേ ഹരിജനോദ്ധാരണവകുപ്പ് കൈകാര്യം ചെയ്യുന്നത്? ആ വകുപ്പിൽ ചെലവാക്കേണ്ടിയിരുന്ന 76 ലക്ഷം രൂപ D.R.D.A. യിലേക്ക് ചെലവഴിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഒരു പാവപ്പെട്ട ഐ. എ. എസ്. കാരനായ ഒരു നല്ല ഡയറക്ടറെ പ്രീതിപ്പെടുത്തി ഈ 76 ലക്ഷം രൂപ തട്ടിയെടുത്ത് D.R.D.A. യിലേക്ക് ചെലവഴിക്കാൻ തീരുമാനിച്ചതാണോ ഹരിജനോദ്ധാരണം? കഴിഞ്ഞകൊല്ലം ഇതേ സമയത്ത് പട്ടികജാതി-പട്ടികവർഗ്ഗവികസന കോർപ്പറേഷനിൽ ഒരു സാമ്പത്തിക പ്രതിസന്ധി ഉണ്ടായി. അന്ന് യാതൊരു വൈമനസ്യവും കൂടാതെയാണ് അന്നത്തെ ഹരിജൻമന്ത്രി എം. കെ. കൃഷ്ണൻ രണ്ടേകാൽ കോടി രൂപ അനുവദിച്ചു തന്നത്. ഇന്ന് മൂന്നരക്കോടി രൂപയുടെ അപേക്ഷകൾ അവിടെ കെട്ടിക്കിടക്കുകയാണ്. സഹായിക്കണമെന്ന് ഞങ്ങളൊരുമിച്ച് ആവശ്യപ്പെട്ടിട്ട് ഒരു പൈസപോലുമില്ലെന്നു പറഞ്ഞ നാണവും മാനവുമില്ലാത്ത പുളിപ്പില്ലാത്ത ഈ മുഖ്യമന്ത്രിയാണോ ഹരിജനങ്ങളുടെ കാര്യത്തിനുവേണ്ടി നിൽക്കുന്നു എന്നു പറയുന്നത്? ഇദ്ദേഹം പൊയ്മുഖം അണിഞ്ഞിരിക്കുകയാണ്. ശ്രീമാൻ എം. കെ. കൃഷ്ണൻ ഹരിജനമന്ത്രിയായിരുന്നപ്പോൾ അവശക്രൈസ്തവ കോർപ്പറേഷൻ ഉണ്ടായി. ഒരൊററ നയാപൈസകൊടുക്കാൻ ഈ ഗവൺമെൻറ് സന്നദ്ധത കാണിച്ചോ? നിഷ്പക്ഷമായി ആലോ

LIBRARY ARCHIVES Kerala Legislative Assembly

ആലോചിക്കണം. ഇതാണോ നിങ്ങളുടെ ഹരിജനപ്രേമം? അവശക്രൈസ്തവപ്രേമം? എന്റെ നിയോജകമണ്ഡലത്തിലെ ശാസ്താംകോട്ട കായലിൽ 24 പേർ മുങ്ങിമരിച്ചു. അപ്പോൾ ശ്രീമാൻ കരുണാകരൻ ചാക്കുമായി നടക്കുകയാണ്. സംഭവം കഴിഞ്ഞ് മൂന്നാഴ്ച കഴിഞ്ഞിട്ടും ആ പാവങ്ങൾ താമസിക്കുന്ന ഗ്രാമപ്രദേശത്തേക്ക് ഒന്നു കടന്നു വരാൻ ഈ കരിങ്കാലി മുഖ്യന് കഴിഞ്ഞില്ല. ജനുവരി 16-ാം തീയതി മരിച്ച കുടുംബങ്ങൾക്ക് മൂവായിരം രൂപ വീതം നൽകിയിരിക്കുന്നുവെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചു. ഈ കരിങ്കാലി ഗവൺമെന്റ് ഈ നിമിഷംവരെയും ഒരൊററ പൈസപോലും കൊടുത്തിട്ടില്ല. പാവപ്പെട്ട കർഷകത്തൊഴിലാളികളും ബീഡിത്തൊഴിലാളികളും കയർ തൊഴിലാളികളുമെല്ലാം അവിടെ മരിച്ചു. ഇതൊന്നും കാണാൻ ശ്രീമാൻ കരുണാകരന് കണ്ണില്ല. അദ്ദേഹം ചാക്കുംകൊണ്ട് നടക്കുകയാണ്. എട്ടു മന്ത്രിമാരുള്ള ഈ മന്ത്രിസഭയിൽ ഒരു ഹരിജൻ മന്ത്രിയില്ലെന്നകാര്യം ഞാൻ നേരത്തെ പറഞ്ഞു. ഈ ഗവൺമെന്റിന് തൊഴിലാളി താൽപ്പര്യം ഉണ്ടാക്കാൻവേണ്ടിയാണ് ശിവദാസൻ മന്ത്രിയായത്. മന്ത്രിസഭയിലെ ബാക്കിയുള്ളവരെല്ലാം തൊഴിലാളി വിരുദ്ധരാണ് എന്നാണ് പറയുന്നത്. ആനയെ അണ്ണാൻ കല്യാണം കഴിക്കാൻ പോയപോലെയാണ് ഈ ശിവദാസന്റെ പോക്ക്. അണ്ണാൻ എവിടേക്ക് പോകുമെന്ന് ശിവദാസന് താമസംവിനാ കാണാം. കരുണാകരനാകുന്ന കടുവയുടെ പുറത്ത് ശ്രീമാൻ ഉമ്മൻചാണ്ടിയും ശിവദാസനും ഇരുന്നു ചിരിക്കുകയാണ്. ഏതാനും മിനിട്ടുകഴിയുമ്പോൾ കടുവയുടെ വായ്ക്കകത്തേക്ക് നിങ്ങൾ പോകുമെന്നുള്ള കാര്യത്തിൽ തർക്കം വേണ്ട. ചതിയിൽ ജനിച്ച, വൻകിടശല്യമായിത്തീർന്നിരിക്കുന്ന, ഹരിജനദ്രോഹിയായ ഈ ഗവൺമെന്റിന് ഒരു മിനിട്ട്പോലും ഭരണത്തിൽ തുടരാൻ അവകാശമില്ല. കഴിഞ്ഞകാലങ്ങളിൽ പാവപ്പെട്ട ആളുകൾ വളർത്തിയെടുത്ത അതിബൃഹത്തായ ചരിത്രപ്രസിദ്ധമായ ഇടതുപക്ഷ ജനാധിപത്യ മുന്നണി പൊളിച്ചുതകർത്തുകൊണ്ട് അപ്പുറംപോയ യൂദാസുകളേ നിങ്ങൾക്ക് മാപ്പില്ല. യേശുദേവനെ ഒററുകൊടുത്ത യൂദാസുകൾക്ക് അന്ന് മുപ്പത് വെള്ളിക്കാശാണ് കിട്ടിയതെങ്കിൽ നിങ്ങൾക്ക് കിട്ടിയത് മുപ്പത് ലക്ഷമാണ്. അത് വാങ്ങിച്ചുകൊണ്ട് ഈ മുന്നണിയെ തകർത്ത യൂദാസുകൾക്ക് മാപ്പ് തരികയില്ല. സർ, ചാക്കിട്ട് പിടിത്തത്തെക്കുറിച്ചൊക്കെ മുമ്പു പറഞ്ഞു കേട്ടിട്ടുണ്ട്. ആണും പെണ്ണും കൂടി ഒരു ചാക്കിൽ കയറുന്നത് ഇതാദ്യമായിട്ടാണ് കേൾക്കുന്നത്. ജനാധിപത്യം അംഗീകരിക്കുന്നവർക്കാർക്കും അംഗീകരിക്കാൻവയ്യാത്ത ഒരു ഗവൺമെന്റാണിത്. ഈ പ്രമേയത്തെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, 21 മാസക്കാലത്തെ മാർക്സിസ്ററ് കിരാത ഭരണത്തിൽ വീർപ്പ് മുട്ടിയിരുന്ന സംസ്ഥാനത്തെ ജനങ്ങൾക്ക് മോചനം നൽകിക്കൊണ്ട് അധികാരത്തിൽവന്ന ജനാധിപത്യമുന്നണി ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണ്ണർ വായിച്ച നയപ്രഖ്യാപനത്തിന് ബഹുമാനപ്പെട്ട തച്ചടി പ്രഭാകരൻ അവതരിപ്പിച്ച കൃതജ്ഞതാ പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ആ നയപ്രഖ്യാപന പ്രസംഗത്തിൽ എന്തെല്ലാം കാര്യങ്ങൾ പറഞ്ഞിരിക്കുന്നുവെന്ന് ഓടിച്ചു നോക്കാൻപോലും സൗമനസ്യം കാണിക്കാതെ രാഷ്ട്രീയ ചേരിതിരിവിന്റെ പേരിൽ വന്നുനിന്നുകൊണ്ട് പഴയ ഇടതുപക്ഷക്കാർ ഇപ്പോഴും ഇടതുപക്ഷത്തിന്റെപേരിൽ പ്രസംഗിക്കുന്നത് കാണുമ്പോൾ ലജ്ജതോന്നുന്നു. സർ ആനയപ്രഖ്യാപനത്തിൽ എന്തെല്ലാം പറഞ്ഞിരിക്കുന്നുവെന്ന് ഒന്ന്ഓടിച്ചു നോക്കണം നിങ്ങൾ, എന്തെല്ലാം പറഞ്ഞിരിക്കുന്നുവെന്ന് മി. കേശവാ ഇരുന്നൊന്ന് കേൾക്കൂ. അതിൽ പറഞ്ഞിരിക്കുന്നു, 21 മാസക്കാലത്തെ ഭരണത്തെക്കുറിച്ച്, സി. ഐ. ടി. യു.വിന്റെ

LIBRARY ARCHIVES Kerala Legislative Assembly

റോഡുകളിലെ ഗുണ്ടായിസംകൊണ്ട് പൊറുതി മുട്ടിയിരുന്ന ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് ക്രമസമാധാനരംഗത്ത് പൂർണ്ണമായ സംരക്ഷണം നൽകാൻ ഈ ഗവൺമെൻറ് ശക്തമായ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞിരിക്കുന്നു നിങ്ങൾ അത് കണ്ടില്ലേ ? കാരണം റൗഡിസം അവസാനിപ്പിച്ചുകൊണ്ട് നിർഭയരായി ജീവിക്കാനുള്ള അവകാശം ഈ രാജ്യത്തെ ജനങ്ങൾക്ക് നൽകാൻ ജനാധിപത്യമുന്നണി ഗവൺമെൻറ് 'സന്നദ്ധമായിരിക്കുകയാണ്. സർ, അത് കഴിഞ്ഞ് പറഞ്ഞിരിക്കുന്നു, റവന്യൂ ജില്ലകളും താലൂക്കുകളും പുനഃസംഘടിപ്പിച്ചുകൊണ്ട് ഭരണവികേന്ദ്രീകരണം ഉണ്ടാക്കുമെന്ന്. അതുപോലെ തന്നെ സർ, ഞാൻ ഏഴു ദിവസം, ഈ ഇടതുപക്ഷ സർക്കാർ ഭരിച്ചിരുന്നപ്പോൾ നിരാഹാരവ്രതം അനുഷ്ഠിച്ചിരുന്നതാണ്; പാവപ്പെട്ട കൊക്കോകൃഷിക്കാരെ സംരക്ഷിക്കണമെന്നു പറഞ്ഞുകൊണ്ട്. സർ, കൊക്കോസംസ്കരണ ഫാക്ടറി സ്ഥാപിക്കാൻ ഈ ഗവൺമെൻറ് തീരുമാനിച്ചിരിക്കുന്നു എന്ന് പ്രഖ്യാപിച്ചിരിക്കുന്നു. അത് കണ്ടില്ലേ, കർഷകനെ രക്ഷിക്കാനാണ്. സംശയമില്ല. അതുപോലെതന്നെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസപദ്ധതി നടപ്പാക്കുമെന്ന് പറയുന്നു. ഈ ഗവൺമെൻറിന്റെ നയമാണ് അത്. അത് പോലെതന്നെ കേരള യൂണിവേഴ്സിററി സംപൂജ്യരുടെ യൂണിവേഴ്സിററിയായി മാറിയിരിക്കുന്നു. അതിലേക്ക് കടന്നു സംസാരിക്കുന്നില്ല. എന്നാൽ പോലും പുതുതായി പല വിദ്യാഭ്യാസ പദ്ധതികളും ആവിഷ്ക്കരിക്കാൻ ഈ ഗവൺമെൻറ് തീരുമാനിച്ചിരിക്കുന്നു. ഞങ്ങൾ ഒരാവശ്യം ഈ അവസരത്തിൽ ഉന്നയിക്കുകയാണ്. ജോലിഭാരം കൂടിയിരിക്കുന്നതുകൊണ്ട് യൂണിവേഴ്സിററിയിൽ അഴിമതി കൂടാനുള്ള സാഹചര്യം ഉണ്ടെന്ന് മനസ്സിലാക്കിക്കൊണ്ട് കോട്ടയം കേന്ദ്രമാക്കി എത്രയുംവേഗം ഒരു യൂണിവേഴ്സിററി സ്ഥാപിക്കാനുള്ള നടപടി ഈ ഗവൺമെൻറ് സ്വീകരിക്കണമെന്നപേക്ഷിക്കുകയാണ്. ഇടതുപക്ഷ ഗവൺമെൻറ് ആദ്യം നയപ്രഖ്യാപന പ്രസംഗം നടത്തിയപ്പോൾ പബ്ലിക്മെൻ എൻക്വയറീസ് ബില്ലിനെക്കുറിച്ച് അതിനകത്തുണ്ടായിരുന്നു. രണ്ടാമത് ഗവർണ്ണർ നയപ്രഖ്യാപന പ്രസംഗം നടത്തിയപ്പോൾ ആ ഒരു വാചകം കണ്ടില്ല. പബ്ലിക്മെൻ എൻക്വയറീസ് ബില്ലിനെക്കുറിച്ച് ഒരക്ഷരം പറഞ്ഞിട്ടില്ല. കാരണമെന്താണ്? സ്പിരിററ് കുംഭകോണത്തിൽ മുങ്ങിക്കിടക്കുന്ന ചാക്കോച്ചനും എം. കെ. കൃഷ്ണനും കൂട്ടാളികളും കിടക്കുമ്പോൾ പബ്ലിക്മെൻ എൻക്വയറി ബിൽ കൊണ്ടുവരാൻ ഇടതുപക്ഷ മുന്നണി ഗവൺമെൻറിന് സാദ്ധ്യമല്ല. അഭിമാനപുരസ്സരം പറയാനാഗ്രഹിക്കുന്നു, കേരള കോൺഗ്രസ്കൂടി ഉൾപ്പെട്ട ജനാധിപത്യമുന്നണി ഗവൺമെൻറ് വളരെ ശക്തമായ രീതിയിൽ ഈ സംസ്ഥാനത്ത് നിന്ന് അഴിമതി തുടച്ചു നീക്കാൻ തീരുമാനം എടുത്തുരിക്കുകയാണ്. ഇന്ന് ഈ സംസ്ഥാനത്ത് എല്ലാ മേഖലകളിലും അഴിമതി കൊടികുത്തി വാഴുകയാണ്. അത് അവസാനിപ്പിക്കണമെങ്കിൽ ആദ്യമായി ഞാനും നിങ്ങളും ഉൾപ്പെട്ടരാഷ്ട്രീയ പ്രവർത്തകൻമാരുടെ അഴിമതി അവസാനിപ്പിച്ചേ മതിയാകൂ. രാഷ്ട്രീയക്കാരനാണെങ്കിലും അഴിമതി നടത്തുകയാണെങ്കിൽ അവരെ തക്കതായ രീതിയിൽ ശിക്ഷിക്കാൻ നടപടി സ്വീകരിച്ചുകൊണ്ട് ഈ ഗവൺമെൻ്റ് മുന്നോട്ടു പോകയാണ് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയുമായി ആരൊക്കെ കൂടുന്നോ അവരൊക്കെ പുരോഗമന വാദികൾ, മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയിൽ നിന്നും വിട്ടുമാറിയാൽ അവരൊക്കെ അവസരവാദികൾ, എന്തൊരു നാണംകെട്ട നടപടിയാണ് നിങ്ങൾ നടത്തുന്നത്.

ശ്രീ. കെ. ശ്രീധരൻ : സർ, കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ അന്ന് ധനകാര്യമന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണിയെ സംബന്ധിച്ച് നിരവധി അഴിമതിയാരോപണങ്ങൾ ബഹുമാനപ്പെട്ട ജോർജ്ജ് ഉന്നയിച്ചിരുന്നു. ആ മാണി ഇപ്പോൾ ഭരണ മുന്നണിയിൽ ഉണ്ടായിരിക്കുന്ന നിലയ്ക്ക് ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

കേരളം ഭരിക്കുന്ന ജനാധിപത്യ മുന്നണി അഴിമതിക്ക് അതീതമാണെന്ന് പറയുന്നത് ഓർഡറിലാണോ സർ ?

ശ്രീ. പി. സി. ജോർജ്ജ് : നാണംകെട്ട പോയിന്റ് ഓഫ് ഓർഡറുമായി വരാതെ ശ്രീധരാ നിങ്ങൾ ഒരുമിച്ചിരുന്നപ്പോൾ എന്തൊക്കെ കാണിച്ചുവെന്ന് എനിക്കറിയാമോ ? പലതും കാണിച്ചുകാണും അതിനൊന്നും ജനാധിപത്യ മുന്നണിക്ക് ഉത്തരവാദിത്വമില്ല.

ശ്രീ. സി.എഫ്. തോമസ് : സർ, അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട ഒരു മെമ്പർ, കഴി ഞ്ഞ ഭരണകാലത്ത് ബഹുമാനപ്പെട്ട ജോർജ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്കെതിരെ ആരോപണം ഉന്നയിച്ചുവെന്ന് പറയുന്നത് വാസ്തവ വിരുദ്ധമാണ്.

ശ്രീ. പി. സി. ജോർജ് : മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ നമുക്കറിയാം. നമ്മുടെ ബഹുമാനപ്പെട്ട സി. എച്ച്. മുഹമ്മദ്കോയയുടെ ഗവൺമെന്റിനെ തകിടംമറിക്കുവാൻവേണ്ടി എൻ. കെ. ബാലകൃഷ്ണനുപോലും മുഖ്യമന്ത്രിപദം എന്ന ചാക്കുമായി നടന്ന നാണംകെട്ടവരാണ് നിങ്ങൾ. പക്ഷേ ചിലരെങ്കിലും ആ ചാക്കിൽ വീണിരിക്കാം.

മാർക്സിസ്റ്റ് പാർട്ടി വിജയവാഡായിൽക്കൂടി എന്താണ് പറ ഞ്ഞത്? കമ്മ്യൂണിണിസ്റ്റുകാരന്റെ പ്രമേയം എന്താ ? "ഇന്ദിരാഗാന്ധിയുടെ വിദേശനയം വളരെ പഷ്ടാ. ബാക്കി ആഭ്യന്തര നയത്തിലാണ് കുഴപ്പം." നിങ്ങളുടെ അ തയൊന്നും രാഷ്ട്രീയ പാരമ്പര്യമില്ല എങ്കിലും വിദേശനയം എന്ന് പറയുന്നത് ആഭ്യന്തര നയത്തിന്റെ തുടർച്ചയാണെന്ന് നിങ്ങൾ മനസ്സിലാക്കണം.

1969-ൽ ഇന്ദിരാഗാന്ധിയ്ക്ക് പിന്തുണ കൊടുത്തവരാണ് നിങ്ങൾ. നിങ്ങൾ ആരുമായും കൂടും. മാർക്സിസ്റ്റുകാരുടെ പാരമ്പര്യമാണത്. ജനാധിപത്യ മുന്നണി നേതാക്കളെ തെരുവിൽ വച്ച് നേരിട്ടുകളയുമെന്ന് ബഹുമാനപ്പെട്ട മുൻ റവന്യൂ മന്ത്രിയും ശ്രീ. പി. കെ. വാസുദേവൻ നായരും പറ ഞ്ഞു. ഞാൻ ലജ്ജിക്കുന്നു. അതവരുടെ പാരമ്പര്യമാണ്. പാവപ്പെട്ട ജനവിഭാഗത്തെ, തൊഴിലാളികളെ സംഘടിപ്പിച്ച് അവർക്ക് കൊടുക്കുന്ന ആഹ്വാനങ്ങളും ഉപദേശങ്ങളുമാണ്. സർ, പുന്നപ്ര വയലാർ സമരം ആ സമരത്തിൽ മരിച്ച ധീരയോദ്ധാക്കൾക്ക് ഞാൻ അഭിവാദനങ്ങൾ അർപ്പിക്കുകയാണ്.

ശ്രീ. സി. എ. കുര്യൻ : സർ, ഈ സഭയിലെ മുൻമന്ത്രി സഖാവ് പി. എസ്. ശ്രീനിവാസനോ ശ്രീ. പി. കെ. വാസുദേവൻനായരോ ജനാധിപത്യ മുന്നണിനേതാക്കൻമാരെപ്പററി തെരുവിൽ നേരിടാം എന്ന് പറയാനിരിക്കെ ഈ സഭയെ തെററിദ്ധരിപ്പിക്കാൻ ശമിക്കുന്നത് ഓർഡറിലാണോ ?

ശ്രീ. പി. സി. ജോർജ്ജ് : പറ ഞ്ഞതേ ഞാൻ പറയാറുള്ളു. കുര്യന്റെ കൂട്ട് കാണുന്ന കാര്യങ്ങളെല്ലാം പറയുന്ന ഇടപാട് എനിക്കില്ല.

സർ, പുന്നപ്ര വയലാർ സമരകാലത്ത് ഈ നേതാക്കൻമാർ എന്താണ് കാണിച്ചതെന്നോ ? പുന്നപ്ര വയലാർ സ മരകാലത്ത് ഈ നേതാക്കൻമാർ പറ ഞ്ഞു, സർ സി. പി. യുടെ പോലീസിന്റെ തോക്കിനകത്ത് തീ ഉണ്ടകളല്ല. മുതിരയാണ് ഉള്ളതെന്ന്. വാരിക്കുന്തവുമായി മുന്നോട്ടുപോകാൻ പറ ഞ്ഞു. പാവപ്പെട്ട സഖാക്കൾ മുതിരകൊണ്ടുള്ള വെടിയേററ് മരിക്കുകയില്ലെന്ന വിശ്വാസത്തോടുകൂടി വാരിക്കുന്തവുമായി മുന്നോട്ടുപോയപ്പോൾ സി. പി. യുടെ കള്ളപ്പോലീസ് തീ ഉണ്ടകൾ പായിച്ച് പാവപ്പെട്ട സഖാക്കളെ കൊല്ലുകയാ

LIBRARY ARCHIVES Kerala Legislative Assembly

യിരുന്നു. ആ പാരമ്പര്യത്തോടുകൂടി ജനാധിപത്യമുന്നണി ഗവൺമെൻറിൻെറ നേതാക്കൻമാരെ തെരുവിൽ വച്ച് നേരിടാൻ ഇടതുപക്ഷ നേതാക്കൻമാർ അനുയായികൾക്ക് ആഹ്വാനം കൊടുത്താൽ ശക്തമായ രീതിയിൽത്തന്നെ തെരുവിൽവച്ചാണെങ്കിൽ തെരുവിൽവച്ച് നേരിടാൻ ജനാധിപത്യമുന്നണി യുടെ നേതാക്കളുണ്ടായിരിക്കും.

സർ, ടി. കെ. രാമകൃഷ്ണന് എന്താണ് ഇതൊക്കെ പറയാൻ അവകാശം? ടി. കെ. രാമകൃഷ്ണൻെറ പോലീസ് ഭരണകാലത്ത്, കാഞ്ഞിരപ്പള്ളിയിലെ പാവപ്പെട്ട കന്യാസ്ത്രീകളെക്കൊണ്ട് സി. ഐ. ടി. യു. ഗുണ്ടാകൾ ചുടുകട്ട ചുമപ്പിച്ചതാണ്. പാലായിലെ പാവപ്പെട്ട കന്യാസ്ത്രീകളെക്കൊണ്ട് സി. ഐ. ടി. യു. ഗുണ്ടാകൾ റബ്ബർ മരം മുറിപ്പിച്ചതാണ്. എന്നിട്ട് നിങ്ങൾ സമാധാനമായിരുന്നു എന്ന് പറയുന്നു. ഞാൻ ലജ്ജിക്കുകയാണ്. ഈ കിരാതഭരണത്തിൽ നിന്ന് മോചനം നൽകി 1965 മുതൽക്കേ ഉള്ള കേരളാ കോൺഗ്രസ്സിൻെറ ആഗ്രഹപ്രകാരം രൂപമെടുത്തിരിക്കുന്ന ജനാധിപത്യ ഗവൺമെൻറിനുവേണ്ടി അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിനുള്ള കൃതജ്ഞതാ പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്.

ശ്രീ. വി. കെ. രാജൻ: സർ, ഒരു ജാര സന്തതിയെപ്പററിയൊക്കെ ഇവിടെ ചർച്ചയുണ്ടായതാണ്. കോടതിവിധിയെപ്പററിയൊക്കെ പറഞ്ഞു.

ശ്രീ. പി. സി. ജോർജ്: ഞാൻ അതിനു മറുപടി പറഞ്ഞുകഴിഞ്ഞു. തിങ്കളാഴ്ച ആ കേസിൻെറ വിധിയാണ്. എൻെറ കൈയിലുള്ളത്.

ശ്രീ. ടി. എം. ജേക്കബ്ബ്: സർ, പോയിൻറ് ഓഫ് ഓർഡർ. ഒരു ബഹുമാനപ്പെട്ട അംഗം പ്രസംഗിച്ചു കഴിഞ്ഞു. ശ്രീ. ജോർജിനെതിരായിട്ടുള്ള കള്ളക്കേസ് കോടതി തള്ളുകയും വാദിയെ ശിക്ഷിക്കുകയും ചെയ്തതുമാണ്. മെമ്പറുടെ പ്രസംഗം കഴിഞ്ഞശേഷം ആ പ്രശ്നം സഭയിൽ ഉന്നയിക്കുന്നത് ആർഡറിലാണോ ?

മി. ചെയർമാൻ: ആർഡറിലല്ല. ബഹുമാനപ്പെട്ട തങ്കപ്പൻ സംസാരിക്കണം.

ശ്രീ. സി. എ. കുര്യൻ: സർ, ബഹുമാനപ്പെട്ട ജോർജ് അദ്ദേഹത്തെപ്പററിയുള്ള കേസിൻെറ ജഡ്ജ്മെൻറ് ഇവിടെ വായിക്കാൻ ശ്രമിക്കുകയും സഭയിൽ വയ്ക്കാമെന്ന് പറയുകയും ചെയ്തു. അത് മേശപ്പുറത്ത് വയ്ക്കുമോ ?

പാനൽ ഓഫ് ചെയർമാൻ: വായിക്കാൻ ശ്രമിച്ചില്ല, വായിക്കാനനുവദിച്ചിട്ടില്ല. വായിച്ചിട്ടുമില്ല.

ശ്രീ. വി. കെ. രാജൻ: സർ, പോയിൻറ് ഓഫ് ഓർഡർ. ശ്രീ. പി. സി. ജോർജിനെ സംബന്ധിച്ച് ഗുരുതരമായ പ്രശ്നങ്ങൾ നിയമസഭയ്ക്കകത്തു വരികയും നിയമസഭതന്നെ രണ്ടുവട്ടം ചർച്ച ചെയ്യുകയും ചെയ്തു. ലൂക്കോസിൻെറ മൂക്കും മാണിയുടെ കണ്ണും ....

പാനൽ ഓഫ് ചെയർമാൻ: ഇതിൽ എന്താണ് പോയിൻറ് ഓഫ് ആർഡർ? ബഹുമാനപ്പെട്ട അംഗങ്ങൾ ആവശ്യമില്ലാതെ പോയിൻറ് ഓഫ് ആർഡർ ഉന്നയിച്ച് സമയം കളയരുത്.

ശ്രീ. സി. കെ. തങ്കപ്പൻ: സർ, ഞാനീ പ്രമേയത്തെ ശക്തിയായി എതിർക്കുകയാണ്. കഴിഞ്ഞ മുപ്പത്തൊൻപതു ദിവസമായി കേരളത്തിലങ്ങോളമിങ്ങോളം നൂറുകണക്കിനാളുകളുടെ ജീവനപകടപ്പെടുത്തത്തക്ക രീതിയിൽ വ്യാപകമായ മർദ്ദനസംവിധാനം അഴിച്ചു വിട്ടുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിന്റെ ചരിത്രത്തിൽ കേട്ടുകേഴ്‌വിപോലുമില്ലാത്ത ഹരിജൻ കൂട്ടക്കുരുതി നടത്തിക്കൊണ്ട് അവിഹിതമായ മാർഗ്ഗത്തിലൂടെ ഇവിടെ ഇരിക്കുന്ന ഗവൺമെന്റിനുവേണ്ടി രണ്ടുമൂന്നു ദിവസം മുൻപ് ഗവർണർ ഇവിടെ നടത്തിയെന്നവകാശപ്പെടുന്ന നടത്താത്ത നയപ്രഖ്യാപനപ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഇവിടെയവതരിപ്പിച്ചിരിക്കുന്ന ഈ പ്രമേയത്തെ ഞാൻ ശക്തിയായെതിർക്കുകയാണ്. നയപ്രഖ്യാപനപ്രസംഗത്തിനു നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. തച്ചടി പ്രഭാകരൻ ദീർഘമായ ഒരു പ്രസംഗം നടത്തി. എനിക്കു മുൻപു സംസാരിച്ച സുഹൃത്തുക്കൾ അതിനു മറുപടി പറഞ്ഞു, ഞാൻ അതിലേക്കു കടക്കുന്നില്ല. ഇവിടെയിപ്പോൾ അധികാരത്തിലിരിക്കുന്ന ഗവൺമെന്റ് കഴിഞ്ഞ മുപ്പത്തൊൻപതു ദിവസമായി നടത്തിയിട്ടുള്ള നടപടികൾ പരിശോധിച്ചാൽ കൂട്ടക്കുരുതിയുടെ ഗവൺമെന്റാണിതെന്നു. മനസ്സിലാകും. അതുകൊണ്ട് ഈ കൊലയാളികൾ രാജിവച്ചിറങ്ങിപ്പോകണമെന്നാണ് ഞാനാദ്യമായി ആവശ്യപ്പെടുന്നത്. ഇടതുപക്ഷജനാധിപത്യമുന്നണിയുടെ പ്രവർത്തനത്തെപ്പററിയൊന്നും ഞാൻ പറയുന്നില്ല. നേരത്തെ സംസാരിച്ചിട്ടുള്ളതാണ്. ഇപ്പോൾ അധികാരത്തിലിരിക്കുന്ന ഗവൺമെന്റിന്റെ പോലീസ് വകുപ്പ് കൈകാര്യം ചെയ്യുന്നുവെന്നവകാശപ്പെടുന്ന ശ്രീ. ഉമ്മൻചാണ്ടി കഴിഞ്ഞ ദിവസം മറുപടി പ്രസംഗത്തിന്റെ അവസാനം പറഞ്ഞത് കേരളത്തിൽ പോലീസ് നരനായാട്ടു നടത്തുകയില്ലെന്നാണ്. കഴിഞ്ഞ മൂന്നുനാലാഴ്ചകൾക്കു മുൻപ്, നേരത്തേ ഇവിടെ സൂചിപ്പിച്ചതുപോലെ, പോലീസുകാർ നോക്കിനില്ക്കുമ്പോൾ കൊല്ലം ശ്രീനാരായണ കോളേജിന്റെ കവാടത്തിൽ ബലമായി പട്ടാപ്പകൽ കടന്ന് ഒരു പററം ആർ. എസ്. എസ്. ഗുണ്ടകൾ ശ്രീകുമാരനെന്ന വിദ്യാർത്ഥിയെ മൃഗീയമായി കുത്തിക്കൊലപ്പെടുത്തിയ സംഭവം ഉണ്ടായിട്ടുണ്ട്. അതുപോലെ നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിൽ കേട്ടുകേഴ്‌വിപോലുമില്ലാത്ത ഒരു മർദ്ദന സംവിധാനത്തിന്റെ കഥ ഈ സഭാവേദിയിലവതരിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. കുന്നത്തൂർ താലൂക്കിൽ ഏനാദിമംഗലം എന്ന പഞ്ചായത്തിലാണ് ജോസഫ് അന്ത്രപ്പേരുടെ സ്കിന്നർപുരം തോട്ടം. ആ തോട്ടത്തിൽ കഴിഞ്ഞ 5 മാസമായി സമരം നടത്തി വരികയാണ്. സി. ഐ. ടി. യു. വും എ. ഐ. ടി. യു. സി. യും യോജിച്ചു കൊണ്ടാണ് സമരം നയിക്കുന്നത്. കമ്പനി ലോക്കൗട്ടിനും തൊഴിൽ നിഷേധിക്കലിനുമെതിരായി 5 മാസമായി നടക്കുന്ന ആ സമരത്തിൽ ഇപ്പോൾ അവിടെ നിരാഹാരം നടക്കുകയാണ്. കഴിഞ്ഞ 24-1-1982 രാത്രി 1 മണിക്ക് പോലീസുകാരും മുതലാളിയും ചേർന്ന് മുതലാളിയുടെ വണ്ടിയിൽ വന്ന് സത്യാഗ്രഹഷെഡ്ഡിലുണ്ടായിരുന്ന സത്യാഗ്രഹിയായ—ആ സ്ഥലത്തെ പഞ്ചായത്തുമെമ്പർകൂടിയായ—ഞങ്ങളുടെ പ്രിയങ്കരനായ പ്രവർത്തകൻ സഖാവു ഗോപാലകൃഷ്ണപിള്ളയെ ബലം പ്രയോഗിച്ച് വണ്ടിയിൽ കയററി അന്ത്രപ്പേരുടെ ബംഗ്ലാവിൽ കൊണ്ടുപോയി പോലീസുകാര് ആവോളം മർദ്ദിച്ചു. മാത്രമല്ല ഖേദകരമെന്നു പറയട്ടെ, പ്രതിഷേധാർഹമെന്നു പറയട്ടെ, അന്ത്രപ്പേരെന്ന മുഷ്കനായ തോട്ടം മുതലാളി തന്റെ ബംഗ്ലാവിൽ വച്ച് പോലീസിന്റെ സാന്നിധ്യത്തിൽ സഖാവു ഗോപാലകൃഷ്ണപിള്ളയെ മർദ്ദിച്ചു. ഇപ്പോൾ ഗോപാലകൃഷ്ണപിള്ളയും കൂടെയുണ്ടായിരുന്ന മർദ്ദനവിധേയരായ സഖാക്കളും അടൂര് ഗവൺമെന്റാശുപത്രിയിലാണ്. ഈ കേരളത്തിൽ പല മന്ത്രിസഭകളും പല ആളുകളും പോലീസ് വകുപ്പു കൈകാര്യം ചെയ്തിട്ടുണ്ട്. എന്നെങ്കിലും ഇങ്ങനെയൊരു ചരിത്രം ബഹു. ഉമ്മൻചാണ്ടിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അങ്ങ് കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞു പോലീസ് നരനായാട്ടു നടത്തുന്നില്ല എന്ന്. ഇത് അപമാനകരമാണ്. ഈ മന്ത്രിസഭ ഈ രാജ്യത്തിന് അപമാനകരമാണ്. പോലീസു

LIBRARY ARCHIVES Kerala Legislative Assembly

കാരെ നിയന്ത്രിക്കാൻ കഴിയാത്തതുകൊണ്ടുമാത്രമല്ല ഈ മന്ത്രിസഭ രാജി വച്ച് ഒഴിഞ്ഞു പോകണമെന്നു ഞാനാവശ്യപ്പെടുന്നത്. കഴിഞ്ഞ 19-ാം തീയതി തൊഴിലാളികളുടെ ആവശ്യങ്ങൾക്കുവേണ്ടി ഒരു സമരം നടന്നു. അഖിലേന്ത്യാതലത്തിൽ പ്രഖ്യാപിച്ച സമരമാണ്. ആ സമരത്തെ കൈകാര്യം ചെയ്ത രീതിയെപ്പററി ശ്രീമാൻ ഉമ്മൻ ചാണ്ടി ഇവിടെ പറയുന്നതു കേട്ടു. കൊല്ലം ജില്ലയിൽ പതിനഞ്ചു സ്ഥലത്തു നരനായാട്ടും ലാത്തിച്ചാർജ്ജും നടത്തി. കരുനാഗപ്പള്ളിയിൽ ജാഥയെ പോലീസ് അടിച്ചു പിരിച്ച് വിട്ടു. പോലീസ് എത്തിച്ചേരാത്തിടത്ത് സമാധാനപരമായ ചെറിയ ജാഥകളെ കോൺഗ്രസ് (ഐ) ഗുണ്ടകൾ കല്ലേറു നടത്തി പിരിച്ചു വിട്ടു. കൊല്ലം ജില്ലയുടെ വിവിധഭാഗങ്ങളിൽ ഇതു നടത്തി. മനോഹരമായ ചിന്നക്കടയുടെ അന്തർഭാഗത്തുവച്ച്, ഈ രാജ്യത്തെ അറിയപ്പെടുന്ന രാഷ്ട്രീയ പ്രവർത്തകരായ കാർത്തികേയനേയും ടി. എം. പ്രഭയേയും വലിച്ചിഴച്ച് വാനിൽ കയററി. മാത്രമല്ല ചിന്നക്കടയിൽക്കൂടി കടന്നുപോയ പാവപ്പെട്ട നാട്ടുകാരെയും യാത്രക്കാരെയും മൃഗീയമായി തല്ലിച്ചതച്ചു. ബഹുമാനപ്പെട്ട സ്പീക്കറോടാണ് ഞാൻ പറയുന്നത്. സർ, പ്രധാനപ്പെട്ട ഈ കാര്യങ്ങൾ എന്നെപ്പോലെയുള്ള മെംബർമാർ സഭയിലുന്നയിച്ചാൽ കേൾക്കാൻ തയ്യാറില്ലാതെ ഉമ്മൻ ചാണ്ടി ഇപ്പോൾ അവിടെയിരുന്നു കമ്മിററി കൂടുകയാണ്. അതിൽ എനിക്കു ഖേദമുണ്ട്. ഈ കാര്യങ്ങൾക്ക് അന്തസ്സായി മറുപടി പറയണം. സ്കീന്നർപുരം തോട്ടത്തിൽ നടന്ന അപമാനകരമായ മർദ്ദനത്തെപ്പററി അന്വേഷണം നടത്താൻ തയ്യാറുണ്ടോ എന്നു ഞാൻ ചോദിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. ടി. എം. ജേക്കബ്]

എന്റെ നിയോജകമണ്ഡലമായ നെടുവത്തൂരിൽ കരീപ്ര പഞ്ചായത്തിൽ സി. പി. ഐ., സി. പി. എം. പ്രവർത്തകരെ യാതൊരു പ്രകോപനവും കൂടാതെ (ഐ) കോൺഗ്രസിന്റെ സഹായത്തോടുകൂടി ആർ. എസ്. എസ്. ഗുണ്ടകൾ വെട്ടിയും കുത്തിയും പരിക്കേൽപ്പിച്ചു. അരഡസനോളം ഞങ്ങളുടെ പ്രവർത്തകൻമാർ നെടുവങ്കാവ് ആശുപത്രിയിൽ ആണ്. ബഹുമാനപ്പെട്ട ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഈ കാര്യങ്ങൾക്കെല്ലാം മറുപടി പറയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഈ കഴിഞ്ഞ 19-ാം തീയതി രാവിലെ 25-ഓളം പിള്ളാ കോൺഗ്രസ് ഗുണ്ടകളുമായി കൊട്ടാരക്കര ടൗൺ മദ്ധ്യത്തിൽ ഒരു ആറാട്ടുമുണ്ടനെപ്പോലെ ഇറങ്ങി നിന്നിട്ട് അവിടെയുള്ള കടകൾ മുഴുവൻ അടഞ്ഞു കിടക്കുന്നതിൽ നിരാശപൂണ്ട് ശ്രീ. ബാലകൃഷ്ണപിള്ള അവിടെ നിന്ന പോലീസ്കാരോട് നോക്കിനിൽക്കാതെ അടിയെടാ പട്ടികളെ എന്നാണ് പറഞ്ഞത്. അങ്ങനെ ശ്രീ. ബാലകൃഷ്ണപിള്ള അനാവശ്യമായി ഇടപെട്ട് എത്രയോ പാവങ്ങളെ തല്ലിയെന്നു മാത്രമല്ല, ആ ടൗണിൽ സമാധാനപരമായി പ്രകടനം നടത്തിയ സി. ഐ. ടി. യു., എ. ഐ. ടി. യു. സി., യു. ററി. യു. സി. പ്രവർത്തകരെ ഇദ്ദേഹത്തിന്റെ മുമ്പിൽവച്ച് പോലീസുകാർ വലിച്ചെടുത്ത് വാനിൽ കയററി അവിടം മുതൽ പോലീസ് സ്റേറഷൻ വരെയും പോലീസ് സ്റേറഷനിൽ പോയിട്ടും മർദ്ദിക്കുകയും ചെയ്തു. ഞങ്ങളുടെ പ്രിയങ്കരനായ പ്രവർത്തകനായ ശ്രീ. രവീന്ദ്രൻ നായർ ഇദ്ദേഹത്തിന്റെ ബന്ധുവാണ്. സി. പി. ഐ. പ്രവർത്തകനായ ശ്രീ. ഇന്ദുശേഖരനും ഇതിൽ ഉൾപ്പെടും. ഞാൻ ഇത് അന്വേഷിച്ച് പോലീസ് സ്റേറഷനിൽ ചെന്നപ്പോൾ സഖാവ് പി. കെ. വി. കഴിഞ്ഞ ദിവസം പറഞ്ഞതുപോലെ അദ്ദേഹം വീട്ടിൽ നിന്നും പോലീസ്സ്റേറഷനിലേക്ക് ഫോൺ ചെയ്യുകയാണ്. അദ്ദേഹം സബ്ഇൻസ്പെക്ടറെ വിളിച്ചു പറയുകയാണ് എടോ സബ്ഇൻസ്പെക്ടറെ ഇന്ദുശേഖരനെ കിട്ടിയിട്ടുണ്ടെങ്കിൽ ശരിയായി കൈകാര്യം ചെയ്യണമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ഇതെല്ലാം ശുദ്ധഅസംബന്ധം ആണ്. ഞാൻ ആരേയും കണ്ടിട്ടുമില്ല, എന്റെ മുമ്പിൽ വച്ച് ഒന്നും നടന്നിട്ടുമില്ല, ഞാൻ ആർക്കും ഫോൺ ചെയ്തിട്ടുമില്ല.

ശ്രീ. സീ. കെ. തങ്കപ്പൻ : കഴിഞ്ഞ എലക്ഷന് കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ഉള്ള മുഴുവൻ തെങ്ങുകളിലും പിഴുത് പൊതു കവലകളിൽ നാട്ടി അന്ന് തങ്ങളുടെ പ്രിയങ്കരനായിരുന്ന ശ്രീ. ബാലകൃഷ്ണപിള്ളയ്ക്കു വേണ്ടി വോട്ടുപിടിച്ചിട്ടുള്ള പാവപ്പെട്ട കർഷകത്തൊഴിലാളികളുടെ കൈ കളെല്ലാം അടിച്ച് ഒടിക്കാൻ ശ്രീ. ബാലകൃഷ്ണപിള്ള ഫോണിലൂടെ പോലീസ്റ്റേഷനിലേക്ക് ആജ്ഞ കൊടുത്തിരിക്കുന്നു എന്നു ഞാൻ ആരോപി ക്കുകയാണ്.

അതുപോലെ മൈലം പഞ്ചായത്ത് മെമ്പർ സഖാവ് ഷംസിന്റെ സാമാന്യം ഭേദപ്പെട്ട വീട്ടിന്റെ കതകുകൾ ചവുട്ടിപ്പൊടിച്ച് അവിടെയുള്ള സ്ത്രീകളെ മാനഭംഗപ്പെടുത്താനും തെറിപ്പാട്ടുകൊണ്ട് അഭിഷേകം ചെയ്യാനും അവിടെയുള്ള പോലിസുകാർക്കു നിർദ്ദേശം കൊടുത്തത് ശ്രീ. ബാലകൃഷ്ണ പിള്ളയാണ്. ഞാൻ ഈ കാര്യങ്ങൾ പറയുമ്പോൾ ശ്രീ. മാണി അവിടെ ഇല്ല. മന്ത്രിസഭയിൽ വരാത്തതിന്റെ ഗർവ് കൊണ്ട് ഇപ്പോൾ അവിടെയാണെങ്കിലും പിള്ളാ കോൺഗ്രസ് വിളിച്ചു കൂട്ടാനുള്ള ശ്രമം കൂടി നടത്തിക്കൊണ്ടിരിക്കുക യാണെന്നുള്ള കാര്യം കേരളാകോൺഗ്രസുകാർ മനസ്സിലാക്കണമെന്നഭ്യർത്ഥി ക്കുകയാണ്. അങ്ങനെ അവിടം മുഴുവൻ കുട്ടിച്ചോറാക്കാൻവേണ്ടി അദ്ദേഹ ത്തിന്റെ കൈകളാണ് പ്രവർത്തിച്ചിട്ടുള്ളത്. അതുപോലെ മൺട്രോ ത്തുരുത്തിൽ യാതൊരു പ്രകോപനവും ഇല്ലാതെ 19-ാം തീയതിയിലെ പണി മുടക്കിന്റെ പേരിൽ 30-ഓളം പേരെ അറസ്റ്റ് ചെയ്ത് കേസെടുത്ത് ലോക്കപ്പിലാക്കിയിരിക്കുന്ന സ്ഥിതിവിശേഷമാണ് ഉള്ളത്. അതുപോലെ യാണ് വെളിയം പഞ്ചായത്തിലെ സ്ഥിതിയും. അവിടെ പണിമുടക്കു സംബന്ധിച്ച് യാതൊരു പ്രകോപനവും നടന്നിട്ടില്ല. അവിടെ കമ്മ്യൂ ണിസ്റ്റ് പാർട്ടിപ്രവർത്തകൻമാരുടെ പേരിൽ കള്ളക്കേസ് എടുത്തെന്നു മാത്രമല്ല ഇന്ന് ആ പ്രദേശത്തെ ഒരു ശ്മശാനഭൂമിയുടെ പ്രതീതി ഉളവാക്കുന്ന രീതിയിലാക്കിയിരിക്കുകയാണ്. ഇതിനെല്ലാം ഉത്തരവാദി ഇപ്പോൾ ഇവിടെ അധികാരത്തിലിരിക്കുന്ന പിന്നിലാരുമില്ലാത്ത ഗവൺമെന്റാണ്. ഈ ഗവൺ മെന്റ് രാജ്യത്തിന് ഒരു അപമാനഭാരമാണ്. ഈ ഗവൺമെന്റ് രാജിവച്ച് പോകണമെന്നാണ് എനിക്കു പറയാനുള്ളത്.

സർ, ഹരിജനങ്ങളെപ്പററി പറയുമ്പോൾ അപ്പുറത്തുള്ള പല ഹരിജൻ എം. എൽ. എ. മാരേയും അവിടെ കാണുന്നില്ല. ഈ രാജ്യത്തു ജനാധിപത്യ മുന്നണിയെന്നുള്ള പേരിൽ വന്നിരിക്കുന്ന ഈ കാളി കൂളിസംഘമാകുന്ന ഭരണകൂടം ഈ രാജ്യത്തെ ഹരിജനങ്ങളെ വഞ്ചിച്ചിരിക്കുകയാണെന്നു ഞാൻ ആരോ പിക്കുകയാണ്. ഈ വഞ്ചന ഈ രാജ്യത്തെ ഹരിജനങ്ങൾ ഒരിക്കലും പൊറു ക്കാൻ പോകുന്നില്ല. ഇവിടെ ഹരിജൻ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്നൊരു കോർപ്പറേഷൻ ഇപ്പോൾ നിലവിലുണ്ടോ ? അതിനേയും ഹരിജൻ വെൽഫെയർ കോർപ്പറേഷനേയും കൊന്ന് കുഴിച്ചുമൂടിയിരിക്കുകയാണ്. ശ്രീമാൻ വേലായുധൻ ഞങ്ങളുടെ കൂടെ മുമ്പ് ഉണ്ടായിരുന്ന ആളാണ്. ഇപ്പോൾ അദ്ദേഹം ശ്രീ. ആൻറണിയുടെ തണലിൽ അപ്പുറത്ത് ഇരിക്കുക യാണ്.

സർ, ഈ രാജ്യത്ത് ഇപ്പോൾ മന്ത്രിമാരായി പലരേയും എടുത്തിട്ടുണ്ട്. ഇവിടെ ഒരു ഹരിജൻ മന്ത്രിയെ എടുക്കാത്തത് ഹരിജനങ്ങൾ എം. എൽ. എ. മാരായി ഇല്ലാത്തതുകൊണ്ടാണോ? ഇവരുടെ ഇടയിലുള്ള കടിപിടിയെ സംബ ന്ധിച്ചിടത്തോളം വിശദമായി പറയാൻ സമയമില്ലാത്തതുകൊണ്ട് കൂടുത

LIBRARY ARCHIVES Kerala Legislative Assembly

ലായി പറയുന്നില്ല. ഡോക്ടർ കുട്ടപ്പൻ എന്നൊരു എം. എൽ. എ. ഉണ്ട്. നമ്മുടെ സെൻട്രൽ ജയിലിൽ പണ്ട് ഒരു സബ് ഇൻസ്പെക്ടർ ഉണ്ടായിരുന്നു. ഉൗച്ചാളി കുട്ടപ്പൻ. ആ കുട്ടപ്പനാണ് ഈ കുട്ടപ്പനെന്നു ഞാൻ ആക്ഷേപിക്കുന്നില്ല.

ശ്രീ. സി. ടി. കൃഷ്ണൻ: ഹരിജനങ്ങൾക്കു നേരെ ക്രൂരമായ മർദ്ദനം നടത്തിയ കാര്യങ്ങളെപ്പററിയെല്ലാം ജനപ്രതിനിധികൾ സഭയിൽ പ്രസംഗിക്കുമ്പോൾ നമ്മുടെ ഹരിജൻ വകുപ്പിന്റെ ചുമതല വഹിക്കുന്ന ശ്രീ. കരുണാകരൻ അമ്മയുടെ മകൻ എം. പി. യെ സ്വീകരിക്കാൻ പോയതാണെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർമാർക്കറിയാമോ ?

ശ്രീ. സി. കെ. തങ്കപ്പൻ: അതു തന്നെയാണ് ഞാനും പറഞ്ഞുവരുന്നത്. ശ്രീ. കുട്ടപ്പൻ ഡോക്ടർ ആയിട്ട് സർക്കാർ സർവ്വീസിൽ ഇരുന്ന ആളാണ് എന്നാണ് എന്റെ ധാരണ. അവിടെ നിന്നും രാജിവച്ചു വേറെ ചില ഐ. എ. എസ്. ഓഫീസർമാർ രാജിവച്ച് കോൺഗ്രസ് (ഐ) യിൽ ചേരുന്നതുപോലെ ശ്രീ. കുട്ടപ്പനും കുഴലും മററും ഉപേക്ഷിച്ച് കോൺഗ്രസ് (ഐ) യിൽ ചേർന്നു. ശ്രീ. കുട്ടപ്പന്റെ ഉള്ളിന്റെ ഉള്ളിലിരിപ്പ് താൻ ഒരു മന്ത്രി ആകണമെന്നുള്ളതാണ്. കുട്ടപ്പൻ മന്ത്രിയാകാൻ ശ്രീ. ബാലകൃഷ്ണൻ സമ്മതിക്കുകയില്ല. ഇവർ രണ്ടും കൂടി അങ്ങോട്ടു ചെന്നാൽ താമിയും രാമചന്ദ്രൻ മാസ്ററും കൂടി കടിപിടിയാണ്. അതിനെ സംബന്ധിച്ചിടത്തോളമുള്ള വിശദമായ വിവരം കിട്ടിയിട്ടില്ലെങ്കിലും എനിക്ക് മനസ്സിലാക്കാൻ സാധിച്ചത് ഇങ്ങനെയാണ്. ശ്രീ. പി. കെ. വേലായുധൻ പറയുന്നത്, ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ സംവിധാനം പൊളിച്ചുകൊണ്ട് ഇങ്ങനെയൊരു സംവിധാനത്തിന് വിത്തു പാകിയതിനു ഉത്തരവാദി ഞങ്ങൾ ആണെന്നാണ്. അതുകൊണ്ടു ഒരു ഹരിജൻ മന്ത്രിയെ ഇവിടെ എടുക്കുന്നുവെങ്കിൽ അത് ശ്രീ. വേലായുധൻ തന്നെ ആയിരിക്കണമെന്നുള്ളതാണ് അദ്ദേഹം പറയുന്നത്.

ശ്രീ. പി. കെ. വേലായുധൻ: സർ, ഞാൻ പറഞ്ഞിട്ടില്ലാത്ത ഒരു കാര്യം ഈ സഭയിൽ ഉന്നയിക്കുന്നത് ഓർഡറിലാണോ ?

ശ്രീ. സി. കെ. തങ്കപ്പൻ: ഈ മന്ത്രിസഭ അധികാരമേററ് സത്യപ്രതിജ്ഞ ചെയ്ത അവസരം മുതൽ ഇവിടം വരെയുള്ള ചരിത്രം പരിശോധിച്ചാൽ ഞാൻ പറഞ്ഞത് സത്യമാണെന്നാണ് എന്റെ വിശ്വാസം. അപ്പുറത്തിരിക്കുന്ന ഹരിജൻ എം. എൽ. എ. മാരുടെ കടിപിടി മൂത്ത് വന്നപ്പോൾ കരുണാകരൻ പറഞ്ഞു നാം തന്നെ ഹരിജൻ മന്ത്രിയെന്ന്. അപ്പുറത്തിരിക്കുന്ന സ്നേഹിതൻമാർ ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം മുതലക്കണ്ണീർ ഒഴുക്കുന്ന ആളുകളാണ്. ഇവർക്കു അതിനുള്ള അവകാശമില്ല. കഴിഞ്ഞ ദിവസം നമ്മുടെ സെക്രട്ടേറിയററിന്റെ മെയിൻ കവാടത്തിൽ ബത്തേരിയിൽ നിന്നും അവിടെ നടന്ന ക്രൂരസംഭവത്തെ തുടർന്ന് മരിച്ചതിന്റെ ബാക്കി അഞ്ചോളം ഗിരിജനങ്ങൾ അവരുടെ സങ്കടം പറയാൻ വേണ്ടി വന്നു. നിങ്ങൾ ആ സ്ഥലത്തേക്ക് പോയോ ? ഇല്ലെന്നുള്ളതാണ് വാസ്തവം. അതുകൊണ്ടു ഈ കാപാലിക സംഘം ആരും പുറകിലില്ലാത്ത ന്യൂനപക്ഷമാണ്. ഈ രാജ്യത്ത് കൂട്ടക്കുരുതിക്ക് കളം സൃഷ്ടിക്കുന്ന ഈ ഗവൺമെൻറ് കൊണ്ടുവന്നിരിക്കുന്ന നയപ്രഖ്യാപനപ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെ ശക്തിയായി എതിർക്കുന്നു.

ശ്രീ. എം. പി. താമി: ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ഈ നയപ്രഖ്യാപന പ്രസംഗത്തിൽ കഴിഞ്ഞ ഗവൺമെൻറിന്റെ നയത്തിൽ നിന്നും വ്യത്യസ്തമായ ഒരു വീക്ഷണം ഈ രാജ്യത്തെ പാവപ്പെട്ട, അദ്ധ്വാനിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ജനവിഭാഗങ്ങൾക്കുനേരെ നടത്തിയിട്ടുണ്ടെന്നുള്ളതാണ് എനിക്കു പറയാനുള്ളത്. ഇന്ന് ഈ രാജ്യത്തെ പാവപ്പെട്ടഹരിജനങ്ങളെ അടിച്ചു കൊല്ലുന്നു, ഇടിച്ചു കൊല്ലുന്നുഎന്നെല്ലാം ശ്രീ. കല്ലട നാരായണനും ശ്രീ. തങ്കപ്പനുമെല്ലാം പ്രസംഗിക്കുന്നതു കേട്ടു. ഞാൻ ബഹുമാനപ്പെട്ട തങ്കപ്പനോട് ഒരു കാര്യം ചോദിക്കുകയാണ്, കേരളത്തിലെ ഹരിജനങ്ങളുടെയെല്ലാം കണ്ണിലുണ്ണിയും ആശാനുമായിരുന്ന ശ്രീ. അയ്യൻകാളിയുടെ പ്രതിമ നമ്മുടെയെല്ലാം ബഹുമാനപ്പെട്ട നേതാവ് ശ്രീ. കെ. കെ. ബാലകൃഷ്ണന്റെ നേതൃത്വത്തിൽ കോയമ്പത്തൂരിൽ നിന്നും ഘോഷയാത്രയായി കൊണ്ടു വന്നപ്പോൾ അതിനെ സ്വീകരിക്കാൻ..............

(ബഹളം)

ശ്രീ. സി. കെ. തങ്കപ്പൻ : ശ്രീമാൻ കെ. കെ. ബാലകൃഷ്ണൻ എന്ന് ശ്രീ. താമി പറഞ്ഞിട്ട് എന്റെ പേരും കൂടി ചേർത്തുകൊണ്ട് നമ്മുടെ നേതാവ് എന്ന് അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നത് ഓർഡറിലാണോ ?

ശ്രീ. എം. പി. താമി : ഞാൻ പറഞ്ഞത് ശ്രീ. കെ. കെ. ബാലകൃഷ്ണൻ നേതൃത്വം കൊടുത്തുകൊണ്ട് സഖാവ് അയ്യൻകാളിയുടെ പ്രതിമ കേരളത്തിലേക്ക് ആനയിച്ച് ഘോഷയാത്രയായി കൊണ്ടുവന്നപ്പോൾ ....

(ബഹളം)

ശ്രീ. ഇ. കെ. പിള്ള : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. സാധാരണഗതിയിൽ മരിച്ചുപോയവരുടെ പ്രതിമയാണ് വയ്ക്കുന്നത്. ശ്രീ. അയ്യങ്കാളിയുടെ പ്രതിമ ശ്രീ. അയ്യങ്കാളി മരിച്ചുപോയതുകൊണ്ടാണ് വച്ചിട്ടുള്ളത്. ഈ സഭയിലെ ജീവിച്ചിരിക്കുന്ന ഒരു മെമ്പറായ ശ്രീ. കെ. കെ. ബാലകൃഷ്ണന്റെ പ്രതിമ വച്ചു വെന്നു പറയുന്നത് ഓർഡറിലാണോ ?

മി. ചെയർമാൻ : അങ്ങനെ പറഞ്ഞിട്ടില്ല.

ശ്രീ. എം. പി. താമി : ശ്രീ. അയ്യങ്കാളിയുടെ പ്രതിമയ്ക്ക് സ്വീകരണം കൊടുത്തുവെന്നുള്ള ഒരൊററ കാരണം കൊണ്ട് മാർക്സിസ്ററ് കമ്മ്യൂണിസ്ററു പാർട്ടിയിലുള്ള ഹരിജൻ സഖാക്കളെ പാർട്ടിയിൽ നിന്നും പുറത്താക്കിയ പാർട്ടിയിലെ ശ്രീ. തങ്കപ്പനോട് ഞാൻ ചോദിക്കുകയാണ്, നിങ്ങളുടെ പാർട്ടിയിൽ ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും സ്ഥാനമുണ്ടോ എന്ന്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എസ്. ഐ. സോമനെ കൊന്നു. പോലീസിനെക്കൊണ്ട് അന്വേഷണം നടത്തിക്കുവാൻ നട്ടെല്ല് കാണിക്കാത്ത ശ്രീ. നായനാർ ഗവൺമെന്റിന്റെ കൂടെ ഇരുന്നിട്ട് ശ്രീ. തങ്കപ്പൻ തല മറന്ന് എണ്ണ തേയ്ക്കരുത് എന്നുള്ള അഭ്യർത്ഥനയാണ് എനിക്കുള്ളത്. രണ്ട് യുവാക്കളെ നേമത്തുവച്ച് തല്ലിക്കൊന്നു, അവയവങ്ങൾ ഛേദിച്ചു, എന്നിട്ട് റെയിൽപാളത്തിൽ കൊണ്ടിട്ടു. അതിനെക്കുറിച്ച് ഒരു ലോക്കൽ പോലീസിനെകൊണ്ട് അന്വേഷിപ്പിക്കുകപോലും ചെയ്തില്ല. ബത്തേരിയിലെ കൊലപാതകത്തെ ക്കുറിച്ച് ശ്രീ. കല്ലടനാരായണൻ പറഞ്ഞു. അത് രാഷ്ട്രീയമായി മാററരുതേ എന്നുള്ള അപേക്ഷയാണ് എനിക്ക് ശ്രീ. കല്ലടനാരായണനോട് ഉള്ളത്. കഴിഞ്ഞ കാലത്ത് ഉണ്ടായ-അടിമ ഉടമ ബന്ധത്തിന്റെ ഭാഗമായി പാവപ്പെട്ട ഹരിജനങ്ങളേയും ഗിരിജനങ്ങളേയും കുടുംബസമേതം അടക്കി കൊല്ലുന്ന ....

ശ്രീ. കെ. ശ്രീധരൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ ഊച്ചാളിഭരണത്തിന്റെ മാതൃഭരണമായിരുന്ന ഗവർണ്ണർ ഭരണകാലത്ത് രണ്ടു പേരെ കൊന്നു. അതിനെക്കുറിച്ച് അന്വേഷിച്ച് കണ്ടുപിടിക്കുവാനുള്ള

2/2077/G.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവാദിത്വം ശ്രീ. ഉമ്മൻചാണ്ടിക്ക് ആയിരിക്കേ അതിനെക്കുറിച്ച് അദ്ദേഹത്തിന് എതിരായി പരസ്യമായി പറയുവാൻ ധൈര്യമില്ലാതെ ഇങ്ങനെ പറയുന്നത് ഓർഡറിലാണോ?

മി. ചെയർമാൻ: ഓരോ മെമ്പർമാരുടേയും അഭിപ്രായം പോയിന്റ് ഓഫ് ഓർഡർ രൂപത്തിൽ ഉന്നയിച്ചാൽ പ്രയാസമാണ്.

ശ്രീ. എം. പി. താമി: ബത്തേരിയിൽ നടന്ന സംഭവത്തെക്കുറിച്ച് ശ്രീ. കല്പട നാരായണൻ പറഞ്ഞു. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം അതിനെതിരായി ശക്തമായ നടപടി എടുക്കുകയും 24 മണിക്കൂർ കൊണ്ട് പ്രതികളെ കണ്ടു പിടിച്ച് ലോക്കപ്പിലിട്ട് ചോദ്യം ചെയ്യുകയും നിരാലംബരായ കുടുംബങ്ങളെ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി നേരിട്ട് ചെന്നുകാണുകയും അവരെ സമാധാനിപ്പിക്കുകയും ഒരു വീടിന് പകരം ഏഴു വീടുകൾ വച്ചു കൊടുക്കുകയും മരിച്ചവരുടെ ഭാര്യമാർക്കു അയ്യായിരം രൂപാവീതം കൊടുക്കുകയും മററും ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ വിദ്യാഭ്യാസമില്ലാത്തവർക്കായിരുന്നാലും വേണ്ട തൊഴിൽ കൊടുക്കുകയും അവരുടെ ജീവിതത്തിന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുള്ള ഒരു ഗവൺമെൻറാണിവിടെയുള്ളത്. ഇത് തെററാണോ? നിങ്ങൾ ഇവിടെ ഭരിച്ചപ്പോൾ ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും മററുള്ളവർക്കും എന്തെല്ലാം ചെയ്തുവെന്നുള്ള കാര്യത്തെക്കുറിച്ച് ഉള്ള കണക്ക് കാസർകോടു മുതൽ കന്യാകുമാരി വരെയുള്ളത് എടുത്തു നോക്കണം. നിങ്ങളുടെ ഭരണകാലത്ത് ഞങ്ങൾ ഈ നിയമസഭയിൽ വന്നു പറഞ്ഞു, ഞങ്ങൾക്ക് ആനുകൂല്യം വേണ്ട, വീടുവേണ്ട, ഒന്നും വേണ്ട നടക്കുന്നതിനും കിടന്നുറങ്ങുന്നതിനും വേണ്ട സുരക്ഷിതത്വം ഉണ്ടാക്കിത്തരുവെന്ന്. അതിനെ നിങ്ങൾ പുച്ഛിച്ച് തള്ളിയിട്ട് ഇപ്പോൾ ഹരിജൻ മർദ്ദനത്തെക്കുറിച്ച് പറയുന്നു.

ഇപ്പോൾ ബഹുമാനപ്പെട്ട ഗവർണ്ണർ ഇവിടെ പ്രസംഗിച്ചപ്പോൾ ഇല്ലയോയെന്നുള്ള സംശയം സി. പി. ഐ. യ്ക്ക്. ശ്രീ. പി. എസ്. ശ്രീനിവാസനോട് ഒരു കാര്യം ചോദിക്കട്ടെ, 1975-ൽ ശ്രീമതി ഇന്ദിരാഗാന്ധിയെ പുകഴ്ത്തിയത് പോരാ, സഞ്ജയ് ഗാന്ധിയെ പുകഴ്ത്തിയത് പോരാ എന്നുപറഞ്ഞ് നടന്നവരല്ലേ നമ്മൾ. അന്ന് നിങ്ങൾ സി. പി. എം. നെക്കുറിച്ച് എന്താണ് പറഞ്ഞിട്ടുള്ളത്. ഈ രാജ്യത്ത് സി. പി. എം. എന്ന പദം ഏടുകളിൽനിന്ന് നീക്കം ചെയ്യുവാൻ വേണ്ടി ശ്രമിച്ച നിങ്ങൾ ഇപ്പോൾ സി. പി. എം. നെ എന്തു ചെയ്യുന്നു. ഇപ്പോൾ നിങ്ങൾക്കു മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിക്ക് ഓണവും വിഷുവും കൊടുത്തു. അയ്യോ അതു പോരാ പുടവയും കൂടി കൊടുക്കണം. "കൊണ്ടു നടന്നതും നീയേ കോമാ, കൊണ്ടുപോയ് കൊന്നതും നീയേ കോമാ" എന്ന് വടക്കൻപാട്ടിൽ ഒരു ചൊല്ലുണ്ട്. അതുപോലെ കൊണ്ടുനടക്കുന്നതും കൊല്ലുന്നതും നിങ്ങൾ തന്നെയാണ്. അവസാനം എന്തു ചെയ്യുമെന്നുള്ളതിനെക്കുറിച്ച് ആലോചിച്ച് നോക്കണം. സർ, ഈ രാജ്യത്ത് അന്തസ്സുള്ളവരേയും തറവാടിത്വമുള്ളവരേയും മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയിൽ കിട്ടുമോ? 17 കൊല്ലത്തെ വനവാസം കഴിഞ്ഞപ്പോൾ ആയിരക്കണക്കിന് സഖാക്കളെ കൊല ചെയ്തിട്ട് ശ്രീ. പി. എസ്. ശ്രീനിവാസനും ശ്രീ പി. കെ. വാസുദേവൻനായരും ഇപ്പോൾ കരുണാകരൻ മന്ത്രിസഭയെക്കുറിച്ച് എന്താണ് പറയുന്നതെന്നറിയാമോ? ലാഭമുണ്ടെങ്കിൽ കൊള്ളാം, ലാഭമില്ലെങ്കിൽ മോശം. ഈ രാജ്യത്ത് നിങ്ങൾ നടത്തിയ കള്ളക്കളിയെക്കുറിച്ച് ആർക്കാണ് അറിഞ്ഞുകൂടാത്തത്? മാർക്സിസ്ററു പാർട്ടിയുടെ തെററായ നയത്തിൽ പ്രതിഷേധിച്ച ചൈന ഇപ്പോൾ എവിടെ നിൽക്കുന്നു? സി. പി. ഐ. യ്ക്ക് മാർക്സിസ്ററ് പാർട്ടിയെ ഇപ്പോൾ വേറംഡ് കമ്മ്യൂണിസ്ററ് പാർട്ടിയെ വേണ്ട.

LIBRARY ARCHIVES Kerala Legislative Assembly

വൈരുദ്ധ്യാധിഷ്ഠിതമായ ഭൗതികവാദത്തിൽ അധിഷ്ഠിതമായ ഒരു നയം വാർത്തെടുക്കാൻ പണിപ്പെട്ടു നടക്കുകയാണ് സി. പി. ഐ. ലുള്ളവർ.

അഖിലേന്ത്യാ മുസ്ലീംലീഗിലെ സുഹൃത്തുക്കളോട് എനിക്ക് ചോദിക്കുവാനുള്ളത് ബി. ജെ. പി. യുടെ നയം എന്താണെന്നറിയാമോ? ഹിന്ദുസ്ഥാനി, മുസ്ലീംസ്ഥാനി എന്ന് എഴുതിയിരിക്കുകയാണ് വടക്ക് അവരുടെ കൂടെയാണോ അഖിലേന്ത്യാ മുസ്ലീംലീഗ് ചേരാൻ തീരുമാനിച്ചിട്ടുള്ളത്.

പിന്നെ ആർ. എസ്. പി. യെക്കുറിച്ച് പറയുകയാണെങ്കിൽ സി. പി. ഐ യുടെ അതേ നയംതന്നെയാണ് ആർ എസ്. പി. ക്ക് ഉള്ളത്. ഈ രാജ്യത്തെ പാവപ്പെട്ടവർക്കുവേണ്ടി നിങ്ങൾ എന്തെങ്കിലും ചെയ്തിട്ടുണ്ടോ? 22 കാരററ് സ്വർണ്ണംപോലെ കുന്തത്തു വച്ച വിളക്കുപോലെ വിശ്വാസം നേടിയിട്ടുള്ള ഈ ഗവൺമെൻറിനെതിരായി നിങ്ങൾ ചെളിവാരി എറിയുന്നത് കറുത്ത വർഗ്ഗത്തിനെതിരായി എറിയുന്ന ഏറായി മാത്രമേ ഈ രാജ്യത്തെ പാവപ്പെട്ട കൃഷിക്കാർക്കെതിരെ എറിയുന്ന ഏറായിട്ടു മാത്രമേ ഞാൻ കാണുന്നുള്ളു.

ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിൽ ഹരിജനക്ഷേമ വകുപ്പ് സമ്പൂർണ്ണമായി പുനഃസംഘടിപ്പിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അതിലെന്താണ് തെററ്? കഴിഞ്ഞ കാലങ്ങളിൽ ഈ രാജ്യത്തെ പാവപ്പെട്ട ഹരിജനങ്ങൾക്കു വേണ്ടി നീക്കിവച്ച സംഖ്യകൊണ്ട് ചൂതാട്ടം നടത്തി, അവിഹിതമായി പലതുംനടത്തിപ്പോന്ന വീരൻമാരെ പിടിച്ചു കെട്ടുമെന്ന് ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗത്തിൽ പറഞ്ഞത് തെററായിപ്പോയി എന്നാണോ പറയുന്നത്.

ശ്രീ. പി. സി. ചാക്കോയോട് എനിക്ക് പറയാനുള്ളത്, മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിക്ക് സ്തുതിഗീതം പാടണമെങ്കിൽ ഇതൊന്നും വേണ്ടായെന്നാണ്. വെടക്കാക്കി തനിക്കാക്കുകയെന്നൊരു ചൊല്ലുണ്ടു. അത്തരത്തിലാണ് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി പി. സി. ചാക്കോയോട് ചെയ്തിരിക്കുന്നത്. ശ്രീ. ചാക്കോ, നിങ്ങൾ കൊടുക്കേണ്ട കമ്പിളിക്കെട്ട് ശ്രീ. എം. കെ. കൃഷ്ണന് കൊടുത്തിട്ട് രക്ഷപ്പെടാൻ നോക്കൂ. ഈ രാജ്യത്തെ ജനാധിപത്യവിശ്വാസികളെ രക്ഷിക്കേണ്ട ചുമതല നിങ്ങൾക്കുണ്ട് എന്നു ഒന്നു കൂടി ഓർമ്മിപ്പിച്ചുകൊണ്ട് ഒരിക്കൽ കൂടി ഈ നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. കെ. കേശവൻ :—സർ, ഈ ന്യൂനപക്ഷ മന്ത്രി സഭയ്ക്കു വേണ്ടി ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയെന്ന് പറയപ്പെടുന്ന പ്രസംഗത്തിന് ശ്രീ തച്ചടി പ്രഭാകരൻ അവതരിപ്പിച്ചിരിക്കുന്ന നന്ദിപ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുകയാണ്. എനിക്ക് മുൻപ് സംസാരിച്ച ശ്രീ താമി ഇവിടെ പലതും പറഞ്ഞു കേട്ടു. പുത്തനച്ചി പുരപ്പുറം തൂക്കും എന്നൊരു ചൊല്ലുണ്ട്. അദ്ദേഹം അടുത്തകാലത്ത് ഇന്ദിരാകോൺഗ്രസ്സിൽ ചേർന്ന ആളാണ്. അതുകൊണ്ട് അദ്ദേഹം ഈ പ്രവചനം നടത്തിയതിൽ പരാതിയൊന്നുമില്ല. ഇന്നിവിടെ ഈ വിഷയത്തെക്കുറിച്ച് ചർച്ച നടക്കുമ്പോൾ നമ്മുടെ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ ഇവിടെ വേണ്ടതായിരുന്നു. അദ്ദേഹം ഇവിടെ ഇല്ലാതെ പോയതിൽ എനിക്ക് ദുഃഖമുണ്ട്. ശ്രീ സി. എച്ച്. മുഹമ്മദു കോയയെങ്കിലും ഇത് കേൾക്കുവാൻ ഇവിടെ ഉണ്ടല്ലോയെന്നുള്ളതിൽ സന്തോഷമു

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇവിടെ അവതരിപ്പിച്ചുവെന്ന് പറയുന്ന നന്ദി പ്രമേയത്തിൽ ഗവർണ്ണർ പ്രസംഗിച്ചുവെന്ന് പറയുന്ന കാര്യങ്ങളിൽ നമ്മുടെ രാജ്യത്തെ സാധാരണക്കാരായ പാവപ്പെട്ടവർക്ക് വേണ്ടി ഒരു കാര്യവും പറഞ്ഞിട്ടില്ല. അങ്ങനെ പറയാത്ത കാര്യത്തെക്കുറിച്ച് ഇവിടെ വാചാലമായി അപ്പുറത്തു നിന്നും പലരും പറഞ്ഞുകേട്ടു. അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഒരു കാര്യം വ്യക്തമായി കഴിഞ്ഞിട്ടുണ്ട്. ശ്രീ കരുണാകരന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം നമ്മുടെ രാജ്യത്ത് പോലീസ് രാജ് ആക്കുവാൻ ശ്രീമാൻ കരുണാകരനും ശ്രീമതി ഇന്ദിരാഗാന്ധിയും ശ്രമിച്ചു എന്നുള്ളതാണ് സത്യം. ഇത് കേരളത്തിലെ മാത്രം കാര്യമല്ല. ഇൻഡ്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളേയും എടുത്തു പരിശോധിച്ചാൽ അവിടങ്ങളിലെ ഹരിജനങ്ങളുടെയും ആദിവാസികളുടെയും കർഷകത്തൊഴിലാളികളുടെയും സ്ഥിതിയെക്കുറിച്ച് മനസ്സിലാക്കുവാൻ കഴിയും. ജനതാ പാർട്ടി ഭരിച്ചിരുന്ന കാലത്ത് ബൽച്ചിയിൽ ഹരിജനങ്ങളെ കൂട്ടത്തോടെ കൊലപ്പെടുത്തിയെന്ന് കേട്ടപ്പോൾ ശ്രീമതി ഇന്ദിരാഗാന്ധി അവിടേയ്ക്ക് ആനപ്പുറത്ത് എഴുന്നള്ളുകയുണ്ടായി. എന്നാൽ ശ്രീമതി ഗാന്ധിയുടെ സ്വന്തം സംസ്ഥാനമായ യു. പി. യിൽ രണ്ട് സ്ഥലത്ത് ഇൻസ്റ്റാൾമെന്റ് ആയിട്ട് ഹരിജനങ്ങളെ കൊല ചെയ്തിട്ട് അതിനെക്കുറിച്ച് അന്വേഷിക്കുവാനോ കൊല്ലപ്പെട്ട ഹരിജൻ കുടുംബാംഗങ്ങളോട് സഹതാപം രേഖപ്പെടുത്തുവാനോ അവർക്ക് കഴിഞ്ഞിട്ടില്ല. ശ്രീമതി ഇന്ദിരാഗാന്ധിയും അവരുടെ പാർട്ടിയും അവരുടെ ഗവൺമെന്റും നാട്ടിൽ അങ്ങോളമിങ്ങോളം ഹരിജനങ്ങളെ കൊലപ്പെടുത്തിക്കൊണ്ട് താണ്ഡവനൃത്തം ആടിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഒരു ഭാഗമാണ് കേരളത്തിലും നടക്കുന്നത്.

ശ്രീ. കരുണാകരൻ ഗുരുവായൂരപ്പനെ സാക്ഷി നിർത്തി പറഞ്ഞല്ലോ, ഹരിജനങ്ങൾക്കു വേണ്ടി ഈ രാജ്യത്ത് മറ്റാരും കരയണ്ട, അവരുടെ കാര്യം ഞാൻ ഏറ്റിരിക്കുന്നുവെന്ന്. അദ്ദേഹം മിനിഞ്ഞാന്ന് ഹരിജൻ സ്റ്റുഡൻസ് ഫെഡറേഷന്റെ യോഗത്തിലും പോയി പറഞ്ഞു ഹരിജനങ്ങളുടെ കാര്യം ഞാൻ ഏറ്റിരിക്കുന്നുവെന്ന്. ബത്തേരിയിൽ അഞ്ച് ആദിവാസികളെ വെട്ടി കൊന്ന സ്ഥലം പാർലമെന്റിലെ അംഗമായ എസ്. കുമാരനോടൊപ്പം ഞാനും പോയി സന്ദർശിച്ചതാണ്. പാവപ്പെട്ട ആദിവാസികളുടെ ഭൂമി പിടിച്ചു പറിക്കാൻ വേണ്ടിയാണ് അങ്ങനെ ചെയ്തത്. വെട്ടി കൊന്ന ആളിന് ഭ്രാന്താണെന്ന് പറയാൻ പത്രക്കാരും പോലീസും കിണഞ്ഞു പരിശ്രമിക്കുകയാണ്. അതിനെതിരായി ഒരക്ഷരം പറയാൻ പോലീസ് വകുപ്പിന്റെ ചുമതല വഹിക്കുന്ന ശ്രീ. ഉമ്മൻ ചാണ്ടിക്ക് കഴിഞ്ഞില്ലല്ലോ എന്നതിൽ ദുഃഖം തോന്നുകയാണ്. ഞങ്ങൾ സ്ഥലം സന്ദർശിച്ച അന്ന് തന്നെ അദ്ദേഹം അവിടെ പോയിരുന്നു. അവിടെ ചെന്നപ്പോൾ ഉടനെ അദ്ദേഹം ഒരു കാര്യം ചെയ്തു. അദ്ദേഹത്തെ കാണാൻ ചെന്ന ആദിവാസികളേയും മറ്റു പ്രവർത്തകൻമാരേയും ലാത്തി ചാർജ്ജ് ചെയ്യാൻ ശ്രീ. ഉമ്മൻചാണ്ടിക്ക് മടിയുണ്ടായിരുന്നില്ല. കലാനിലയക്കാരുടെ ഡ്രാക്കുള നാടകത്തിന്റെ ഒരു പടം ചുവരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശ്രീ. ഉമ്മൻചാണ്ടിയെ കാണുമ്പോൾ ഞാൻ ആ പടത്തെപ്പറ്റി ഓർക്കുകയാണ്. ഒരു ഡ്രാക്കുളയായിട്ട്, ഒരു രക്തരക്ഷസ്സായിട്ട് കേരളത്തിൽ ഭരിക്കാമെന്നാണോ ശ്രീ. ഉമ്മൻചാണ്ടി വിചാരിക്കുന്നത് ? നടക്കുകയില്ല. ഈ രാജ്യത്തിലെ ജനങ്ങൾ പൗരബോധമുള്ളവരാണ്. ഈ രാജ്യത്ത് തല്ലി ഭരിച്ച ഒരു പാട് മന്ത്രിമാർ ഉണ്ടായിട്ടുണ്ട്. അവർക്കാർക്കും ഈ രാജ്യത്തെ ജനങ്ങൾ മാപ്പ് കൊടുത്തിട്ടില്ല. അടിച്ചമർത്തി ഈ രാജ്യത്ത് ഭരിക്കാമെന്നാണ് ഭാവമെങ്കിൽ നടക്കാൻ പോകുന്നില്ലെന്ന് ശ്രീ. ഉമ്മൻ ചാണ്ടിയോട് പറയാനാഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഈ രാജ്യത്ത് ഹരിജനങ്ങൾക്ക് സുരക്ഷിതത്വം വേണം. 76 ലക്ഷം രൂപ ഹരിജനങ്ങൾക്കു വേണ്ടി മാററി വച്ച രൂപ ഡി. ആർ. ഡി. എ. യിലേയ്ക്ക് മാററി യെന്ന് അറിയുന്നു. ഹരിജൻ ഡിപ്പാർട്ടുമെൻറ് ഒന്ന് പുതുക്കി പണിയാൻ പോവുകയാണ്. എന്നു പറഞ്ഞാൽ അനർഹരായ പത്തു പന്ത്രണ്ടു ആളുകളെ കൂടി ഓരോ ജില്ലകളിലും എടുത്തുവച്ച് ഇന്ന് സർവ്വീസിലിരിക്കുന്ന ആളുകളുടെ അവകാശത്തെ ചവിട്ടിമെതിയ്ക്കാനും സീനിയോററിററിയെ കവച്ചുവയ്ക്കാനുമുള്ള നടപടി സ്വീകരിക്കാൻ പോകുന്നുവെന്നാണ്. തിരുവനന്തപുരം ജില്ലയിലെ തെക്കൻ പ്രദേശങ്ങളിൽ, തിരുവല്ലം പ്രദേശങ്ങളിൽ കഴിഞ്ഞ മാസത്തിൽ ഉണ്ടായ ഹരിജൻ മർദ്ദനം പ്രസിദ്ധമാണ്. തിരുവനന്തപുരം കളക്ടർ വിളിച്ചു കൂട്ടിയ കോൺഫറൻസിൽ ഒരു കാര്യം പറഞ്ഞു. 71 ഹരിജൻ വീട്ടുകാരെ ആക്രമിച്ചിരിക്കുന്നു. 33 വീടുകൾ നിശ്ശേഷം നശിപ്പിച്ചിരിക്കുന്നു. ആരുടെ തണലിലാണ് സാർ, ഇതൊക്കെ നടക്കുന്നത്. ശ്രീ. കരുണാകരൻ ഈ രാജ്യത്തെ ഹരിജനങ്ങളുടെ സംരക്ഷണം ഏറെറടുത്തതിന് ശേഷമാണ് ഈ സംഭവങ്ങൾ ബത്തേരിയിൽ നടന്നത്; അങ്കമാലിയിൽ നടന്നത്, തിരുവല്ലത്തു നടന്നത്. ഈ കാര്യങ്ങളെക്കുറിച്ച് ഞങ്ങൾ പറയുമ്പോൾ ഞങ്ങൾ പറയുന്നതായതു കൊണ്ട് അതിനോട് ഒരു മറിച്ചു സമീപനം സ്വീകരിക്കുന്നത് ശരിയായിരിക്കുകയില്ലെന്നാണ് എന്റെ അഭിപ്രായം. ശ്രീ. ഉമ്മൻചാണ്ടി ഇന്നലെ ഈ സഭയിൽ പറഞ്ഞു അടിച്ചൊതുക്കുമെന്ന്. ഈ രാജ്യത്ത് ലാത്തിച്ചാർജ്ജ് നടന്നില്ല, പോലീസ് മർദ്ദനം ഉണ്ടായില്ല എന്നൊക്കെ പറഞ്ഞു. പാമ്പാടിയിൽ ശ്രീ. ഉമ്മൻചാണ്ടിയുടെ മുമ്പിൽ വച്ചല്ലേ ഇ. എം. ജോർജിനേയും സോമനാഥൻപിള്ളയേയും അടിച്ചു താഴെയിട്ടത്. ശ്രീ ഉമ്മൻചാണ്ടി കണ്ട കാര്യമല്ലേ അത്? ആ കാര്യത്തെക്കുറിച്ച് അദ്ദേഹം പറയുന്നത് ലാത്തി ചാർജ്ജ് ഉണ്ടായില്ലെന്നാണ്. കോളേജിൽ പഠിക്കുന്ന കൊച്ചു കുട്ടികളെ യൂണിവേഴ്സിററി കോളേജിന്റെ മുമ്പിൽ വച്ച് അടിച്ചു ബോധം കെടുത്തി തുണി അഴിച്ച് പോലീസ് സ്റേറഷനിൽ കൊണ്ടു പോയി. പോലീസ് സ്റേറഷനിൽ വച്ചും മർദ്ദിച്ചു. ശ്രീ. ഉമ്മൻചാണ്ടി പറയുന്നത് മർദ്ദനം നടന്നിട്ടില്ലെന്നാണ്. ഒരു കാലത്ത് വിദ്യാർത്ഥി നേതാവായിരുന്ന ശ്രീ. ഉമ്മൻചാണ്ടിയ്ക്ക് ഈ കാര്യത്തെക്കുറിച്ച് എന്തു പറയാനുണ്ടെന്ന് കേൾക്കാൻ ഈ രാജ്യത്തെ വിദ്യാർത്ഥി സമൂഹത്തിന് താൽപ്പര്യമുണ്ടായിരുന്നു. നിർഭാഗ്യവശാൽ അദ്ദേഹം പറഞ്ഞത് അങ്ങനെയൊരു സംഭവം നടന്നിട്ടില്ലെന്നാണ്. ജാനുവരി 19-ാം തീയതി നമ്മുടെ സംസ്ഥാനത്തെ തൊഴിലാളി വർഗ്ഗം പണി മുടക്കി ശ്രീ. ഉമ്മൻചാണ്ടിയുടെ ഭാര്യ മറിയാമ്മയും പണി മുടക്കി. ആ പണി മുടക്കിൽ വൈക്കത്ത് ഏഴ് സ്ഥലത്ത് പോലീസ് ലാത്തിച്ചാർജ്ജ് നടത്തി. മാർക്സിസ്ററു കമ്മ്യൂണിസ്ററ് പാർട്ടിയുടെ ലോക്കൽ കമ്മിററി സെക്രട്ടറിമാരായ വി. കെ. ഗോപിനാഥനും കെ. വിജയനും, മധുസൂദനും വഴിയിൽ കൂടി നടന്നു പോയിയെന്ന ഒററ കാരണം കൊണ്ട് ലാത്തി ചാർജ്ജ് ചെയ്യപ്പെട്ടു. ശ്രീ. ഉമ്മൻചാണ്ടിയുടെ സഹപ്രവർത്തകൻമാരായ ആളുകൾ പോലും അത് മര്യാദകേടായിപ്പോയിയെന്ന് പറഞ്ഞു. അത് മാത്രമാണോ? വൈക്കം താലൂക്കിൽ ഉദയനാപുരത്ത്, ആറാട്ടുകുളങ്ങര, ഇടവെട്ടം ഉല്ലല തുടങ്ങിയ സ്ഥലങ്ങളിൽ പോലീസ് അതികഠിനമായി മർദ്ദനം നടത്തി. ഉല്ലല ചെന്നപ്പോൾ പാർട്ടി ആഫീസ് തുറന്ന് വച്ചിരിക്കുന്നു. അവിടെ കയറി ലെനിന്റെ പടം അടിച്ച് പൊട്ടിച്ചു. ലെനിൻ 19-ാം തീയതി പണി മുടക്കിയോ? ലെനിൻ തൊഴിലാളികളോട് സംഘടിക്കാനേ പറഞ്ഞിട്ടുള്ളു ലെനിന്റെ പടം അടിച്ച് താഴെയിട്ട് തകർത്തതിനെക്കുറിച്ചും പാർട്ടി ആഫീസ് തകർത്തതിനെക്കുറിച്ചും അന്വേഷിക്കാൻ വന്ന പോലീസിന്റെ അഭിപ്രായം എന്താണെന്ന് അറിയാമോ? ഡിവൈ. എസ്. പി. പറഞ്ഞത് വൈക്കത്ത് പോലീസ് എക്സസ്സ് ഉണ്ടായിട്ടുണ്ടെന്നാണ്. ശ്രീ. ഉമ്മൻചാണ്ടി ഇത്

മനസ്സിലാക്കണം. ശ്രീ. ശ്രീനിവാസന്റെ വീട്ടിൽ പോലീസ് കയറിയപ്പോൾ, ഇത് മുൻമന്ത്രി ശ്രീനിവാസന്റെ വീടാണെന്ന് പറഞ്ഞപ്പോൾ അതിന് രണ്ടു തെറി കൂടുതൽ പറഞ്ഞു. ശ്രീനിവാസന്റെ അമ്മ 86 വയസ്സുള്ള പ്രായം ചെന്ന സ്ത്രീയാണ് അവിടെ ഉണ്ടായിരുന്ന സ്ത്രീകളോട് കണ്ണിൽ ചോരയില്ലാത്തവിധം നീചമായ തെറി പറയാൻ പറഞ്ഞു വിട്ട ശ്രീ. ഉമ്മൻചാണ്ടിയ്ക്ക് അമ്മയുണ്ടോ, സഹോദരി ഉണ്ടോയെന്ന് ചോദിക്കാനാഗ്രഹിക്കുകയാണ്. ഈ രാജ്യത്ത് പോലീസ് മർദ്ദനം നടത്തി ഭരിക്കാൻ ശ്രീ. ഉമ്മൻചാണ്ടിയ്ക്ക് താൽപ്പര്യം ഉണ്ടായിരിക്കും. കാരണം എന്താണെന്ന് അറിയാമോ? ശ്രീ. ഉമ്മൻചാണ്ടി അവിടെയാണ് ഇരിക്കുന്നത്. ശ്രീ. കരുണാകരന്റെ ഭരണത്തിന് ശ്രീ. സുന്ദരേശൻ നായർ ആണല്ലോ കൂട്ട്. സാമ്പത്തിക സംവരണം വേണമെന്ന് പറഞ്ഞ് ജാതിസംവരണം അവസാനിപ്പിക്കുമെന്ന് പറഞ്ഞ ആളാണ് അദ്ദേഹം. ശ്രീ. സി. എച്ച്. മുഹമ്മദുകോയ അടക്കമുള്ള ആളുകൾ അറിയാൻ വേണ്ടി പറയുകയാണ്, ശ്രീ. സുന്ദരേശൻ നായരുടെ സാമ്പത്തിക സംവരണ വാദം നമ്മുടെ രാജ്യത്തെ പിന്നോക്ക വിഭാഗക്കാരെ, ഹരിജനങ്ങളെ, ആദിവാസികളെ എവിടെ കൊണ്ട് എത്തിക്കുമെന്ന് ആലോചിക്കേണ്ടതാണ്. ഏതായാലും ശ്രീ. സുന്ദരേശൻ നായരും തല്ലിന്റെ ചാമ്പ്യനായ ശ്രീ. ഉമ്മൻചാണ്ടിയും എല്ലാം കൂടിയുള്ള ഈ മന്ത്രി സഭയിൽ ....

ശ്രീ. സി. കെ. തങ്കപ്പൻ ; എൻ. ഡി. പി. യുടെ പിന്തുണ കിട്ടുന്നതിന് വേണ്ടിയാണ് ഹരിജൻ മന്ത്രിയെ എടുക്കാത്തതെന്ന കാര്യം അറിയാമോ ?

ശ്രീ. എം. കെ. കേശവൻ : ഹരിജനങ്ങളായിട്ടുള്ള ആളുകളിൽ യോഗ്യൻമാർ അപ്പുറത്തില്ലെന്ന് ശ്രീ. കരുണാകരൻ തീരുമാനിച്ചതു കൊണ്ടു തന്നെയാണ്. ശ്രീ. ബാലകൃഷ്ണന്റെ വിലാപം ഇന്നലെ കേട്ടതാണ്. ശ്രീ. ബാലകൃഷ്ണന് പരാതിയുണ്ടെന്നറിയാം. പക്ഷേ ഞങ്ങളോട് പറഞ്ഞിട്ട് കാര്യമില്ല. ശ്രീ. കരുണാകരനോട് തന്നെ പറയണം. അപ്പുറത്തുള്ള ഏതെങ്കിലും ഒരാളെ ഒരു ഹരിജനെ മന്ത്രിയാക്കാൻ ശ്രീ. കരുണാകരന് വിശ്വാസമില്ലാത്തതു കൊണ്ടാണ് എല്ലാം തന്റെ കയ്യിൽ വച്ചു കൊണ്ട് ഭരിക്കുന്നത്. ഹരിജനങ്ങളെ അടിച്ചമർത്തി തകർത്ത് തരിപ്പണമാക്കാൻ തീരുമാനമെടുത്തിരിക്കുന്ന ആളാണ് ശ്രീ. കരുണാകരൻ. ഈ ഗവൺമെന്റിന്റെ ആയുസ്സ് പണ്ട് ഏതോ ഒരു സിനിമയിൽ പറഞ്ഞതു പോലെ പകിടരംഗന്റെ ആയുസ്സാണ്. ആ പകിടരംഗന്റെ ആയുസ്സിനിടയിൽ എന്തൊക്കെ ചെയ്യുമെന്ന് എനിക്കറിഞ്ഞു കൂടാ.

എം. വി. രാജൻ മാസ്റ്റർ : സാർ ഒരു ചോദ്യം

ശ്രീ എം. കെ. കേശവൻ : രാജൻ മാസ്റ്ററെ മന്ത്രിയാക്കാത്തതിൽ എന്നോട് പരാതി പറയേണ്ട ശ്രീ. കരുണാകരനോട് പറഞ്ഞാൽ മതി. രാജൻമാസ്റ്ററെ മന്ത്രിയാക്കണമെന്നാണ് എന്റെ ആഗ്രഹം. പക്ഷേ ശ്രീ. കരുണാകരൻ സമ്മതിക്കുകയില്ല. ഹരിജനങ്ങളെ കൊന്ന് ഒടുക്കുന്നു. ഈ രാജ്യത്തെ പിന്നോക്ക വിഭാഗത്തിന് വേണ്ടി മാറ്റിവച്ചിട്ടുള്ള സംവരണാനുകൂല്യം തകർക്കുമെന്ന് വാശി പിടിക്കുന്ന ശ്രീ. സുന്ദരേശൻ നായർ അടക്കമുള്ളവരുടെ കൂടെ ശ്രീ. ശിവദാസൻ എങ്ങനെയാണ് കഴിയുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അദ്ദേഹം ഈ രാജ്യത്തെ പിന്നോക്ക സമുദായത്തോടു ഇതു വരെ പറഞ്ഞിരുന്നത് കള്ളമാണോയെന്ന് വ്യക്തമാക്കണം. മനസ്സാക്ഷി കുത്ത് ഏൽക്കുകയില്ലെങ്കിൽ അദ്ദേഹം ആ കാര്യത്തെക്കുറിച്ച് ആലോചിക്കണമെന്നും അഭിപ്രായം പറയണമെന്നുമാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ സ്റ്റേറ്റിനെ പോലീസ് രാജാക്കി മാറ്റിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കരുണാകരനെ സംബന്ധിച്ചിടത്തോളം ആളുകളെ തല്ലിക്കണമെന്നുള്ളതാണ് ആഗ്രഹം. ശ്രീ ഉമ്മൻചാണ്ടി കരുണാകരന്റെ കയ്യിലെ പാവ മാത്രമാണ്. ശ്രീ. കരുണാകരന്റെ കയ്യിലെ ചരട് വലിക്കുമ്പോൾ അനങ്ങിക്കൊണ്ടിരിക്കുകയാണ്. പണ്ട് കൈമോശം വന്നുപോയ പോലീസ് വകുപ്പിന്റെ അധികാരവും സ്വാധീനവും ഉപയോഗിച്ചുകൊണ്ട് പോലീസ് സേനയിൽ ഒരു വിഭാഗത്തെ ഉപയോഗപ്പെടുത്തി ഈ രാജ്യത്ത് പഴയ തരത്തിലുള്ള ഉരുട്ടും പെരട്ടും ആവർത്തിക്കാനായി തയ്യാറെടുത്ത് മുന്നോട്ടു വരുമ്പോൾ പാവപ്പെട്ട ഉമ്മൻചാണ്ടി ബലിയാടായി നിന്നു കൊണ്ട് കൊച്ചു കുട്ടികളെ തല്ലരുത്, കർഷകത്തൊഴിലാളികളെ തല്ലരുത് എന്ന് പറയാനാഗ്രഹിക്കുകയാണ്. ഉടുമ്പൻചോലയിലെ അയ്യപ്പൻ കോവിൽ വില്ലേജിലെ കുപ്പൻ എന്ന ആളിന്റെ നെഴ്സിങ്ങിന് പഠിച്ചു കൊണ്ടിരുന്ന 18 വയസ്സുള്ള കുട്ടി പെട്ടെന്ന് മരിച്ചു. നാട്ടുകാർക്ക് അതിൽ സംശയമുണ്ട്. പോസ്റ്റുമാർട്ടം വേണമെന്ന് ആവശ്യപ്പെടുന്നു. ലോക്കൽ പോലീസ് സമ്മതിക്കുന്നില്ല. ആ കാര്യത്തെക്കുറിച്ച് അന്വേഷിക്കണം. ശ്രീ. കരുണാകരൻ മന്ത്രിസഭ അധികാരത്തിൽ വന്നതിന് ശേഷം ഈ രാജ്യത്ത് ജനങ്ങൾക്ക് രക്ഷയില്ല, ഹരിജനങ്ങൾക്ക് രക്ഷയില്ല, ആദിവാസികൾക്ക് രക്ഷയില്ല. നമ്മുടെ രാജ്യത്ത് മനസ്സ് കൊണ്ടും ശരീരം കൊണ്ടും പണിയെടുക്കുന്ന ഒരു വിഭാഗത്തിനും രക്ഷയില്ല.

ആഭ്യന്തര വകുപ്പ് മന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :—ആ കുട്ടി എന്നാണ് മരിച്ചതെന്ന് പറയാമോ ?

ശ്രീ. എം. കെ. കേശവൻ : എന്റെ കയ്യിൽ കത്തുണ്ട്. അത് മന്ത്രിയെ ഏൽപ്പിക്കാൻ തയ്യാറാണ്. ഈ രാജ്യത്തെ പാവപ്പെട്ട ആളുകൾക്ക് സംരക്ഷണം കൊടുക്കാനുള്ള ഏതെങ്കിലും സംവിധാനം ഉണ്ടാക്കുന്നില്ലെങ്കിൽ ഈ രാജ്യത്തെ ജനങ്ങൾ അവർക്ക് സംരക്ഷണം കിട്ടാൻ വേണ്ടി എന്തെങ്കിലും നടപടിയുമായി മുന്നോട്ടു പോയാൽ അവരെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ശ്രീ. കരുണാകരന്റെ ഗവൺമെന്റിന്റെ ഭൂരിപക്ഷത്തെക്കുറിച്ച് ഇവിടെ പലരും പറഞ്ഞു. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. എന്തും കാട്ടിയെടുക്കാൻ വേണ്ടി സ്പീക്കർ ഏതു നേരവും ഇവിടെയിരിക്കണമെന്ന സ്ഥിതി വിശേഷമുണ്ടായാൽ അത് ഭൂരിപക്ഷമാണോയെന്ന് എനിക്ക് അറിയില്ല, ഈ ഗവൺമെന്റ് ജനവിരുദ്ധ ഗവൺമെന്റാണ്. കേരളത്തിലെ ഭൂരിപക്ഷം ജനങ്ങളുടേയും ഇഷ്ടമില്ലാത്ത ഗവൺമെന്റാണ്. അത് കൊണ്ട് ഈ മന്ത്രിസഭ രാജിവച്ചിട്ട് എത്രയും വേഗം തെരഞ്ഞെടുപ്പ് നടത്തണമെന്ന് അപേക്ഷിച്ച് കൊണ്ട് ഈ പ്രമേയത്തെ എതിർത്തു കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. പി. വി. മുഹമ്മദ്: സർ, ബഹുമാനപ്പെട്ട തച്ചടി പ്രഭാകരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ ശക്തിയായി അനുകൂലിക്കുകയാണ്. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം അപ്പുറത്തിരിക്കുന്ന ആളുകളെ ചൊടിപ്പിക്കുമെന്ന് ഞങ്ങൾക്ക് നേരത്തെ അറിയാം. കാരണം മനഃസാക്ഷിയോടുകൂടി അത് വായിച്ചാൽ അപ്പുറത്തിരിക്കുന്ന പലർക്കും ഹാലിളക്കമുണ്ടാകും. നമ്മുടെ സംസ്ഥാനത്ത് ദാഹിച്ചുകൊണ്ടിരിക്കുന്ന ജനലക്ഷങ്ങളുടെ കണ്ണീരൊപ്പുന്ന ഒരു നയപ്രഖ്യാപനപ്രസംഗമാണത്. ഇവിടെ അധികാരത്തിൽനിന്ന് ഇറങ്ങിപോകേണ്ടിവന്ന, അതുകൊണ്ട് തളർന്നുപോയ പല മുൻമന്ത്രിമാരും അപ്പുറത്തിരിക്കുന്നത് ഞാൻ കാണുന്നുണ്ട്. പരിതാപകരം തന്നെ: എന്തൊരു ഇരുത്തമാണത്: അധികാരം പോയാൽ ഇങ്ങനെ ഒരു ക്ഷീണമുണ്ടോ? എന്താണ് ശ്രീ. നായനാരുടേയും മറ്റും ഇരുത്തം: 'അണ്ടി പോയ അണ്ണാനെപ്പോലെ' യാണ് ഇരിക്കുന്നത്. ശ്രീ. നായനായരുടെയൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

വരവ് എന്തൊരു വരവായിരുന്നു: 'വിത്തുകാള' വരുന്നതുപോലെയല്ലേ അദ്ദേഹം നിയമസഭയിൽ കടന്നു വരുന്നത്; ഇപ്പോഴം തളർന്നങ്ങനെ ഇരിക്കുകയാണ്. അതിനപ്പുറത്ത് 'അരമുറിഞ്ഞ പൊൻമാനെപോലെ' ശ്രീ. ടി. കെ. രാമകൃഷ്ണൻ ഇരിപ്പുണ്ട്: വീണിതല്ലോ കിടക്കുന്നു. ഇപ്പോഴം മാത്രമല്ല, ഒരുപാട് കാലം നിങ്ങൾക്ക് അങ്ങനെ അവിടെ ഇരിക്കേണ്ടിവരും.

നിങ്ങളെ അധികാരത്തിൽനിന്ന് പിടിച്ച് പുറത്താക്കിയത് ആരാണെന്നറിയാമോ? ജനങ്ങളാണ്. ഇപ്പുറത്തിരിക്കുന്ന ഞങ്ങളല്ല. നിങ്ങൾ ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗം വായിച്ചാൽ ഞെട്ടും. ഈ രാജ്യത്തിലെ ജനങ്ങൾക്ക് കുടിക്കുന്ന വെള്ളത്തെക്കാൾ, ആഹരിക്കുന്ന ആഹാരത്തെക്കാൾ, ധരിക്കുന്ന വസ്ത്രത്തേക്കാൾ ആവശ്യം ഭയമില്ലാതെ ജീവിക്കുക എന്നുള്ളതാണ്. നിർഭയമായി ജീവിക്കണം. സ്വൈരമായി അന്തിയുറങ്ങണം. പേടിക്കാതെ യാത്ര ചെയ്യണം. അതാണ് ഈ രാജ്യത്തിന് ആവശ്യം. ആ ആവശ്യത്തിന്റെ മുമ്പിൽ കഴിഞ്ഞ 21 മാസം നിങ്ങൾ ഈ രാജ്യത്ത് എന്താണ് ചെയ്തത്?

ഇന്നലെ ശ്രീ. ടി. കെ. രാമകൃഷ്ണൻ വളരെ വികാരനിർഭരനായി ക്രമസമാധാനത്തെപ്പററി നിയമസഭയിൽ പറഞ്ഞപ്പോൾ 'വേശ്യയുടെ ചാരിത്ര്യത്തെപ്പററിയുള്ള' പ്രസംഗം ഞാൻ ഓർത്തുപോയി. എന്തൊരു നട്ടെല്ല്; എന്തൊരു തൊലിക്കട്ടി; ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണനോട് ചോദിക്കട്ടെ, അങ്ങുതന്നെയാണോ ഇന്നലെ വികാരനിർഭരനായി പ്രസംഗിച്ചത്? അങ്ങ് പോലീസ് മന്ത്രിയായിരുന്ന കാലത്ത് ഈ രാജ്യത്ത് നടന്ന സംഭവങ്ങൾ എന്തൊക്കെയാണ്? ആ സംഭവങ്ങളെ പൈശാചികമെന്ന് പറഞ്ഞാൽ പിശാചുക്കളും മൃഗീയമെന്ന് പറഞ്ഞാൽ മൃഗങ്ങളും ആക്ഷേപിക്കുകയില്ലേ?

ഓർമ്മപ്പെടുത്താൻ വേണ്ടി ഞാൻ പറയട്ടെ. അങ്ങയ്ക്ക് മാമൂദിനെ അറിയാമോ? അഹമ്മദാബാദിൽ നിന്ന്.........

ശ്രീ. ടി. കെ. രാമകൃഷ്ണൻ:—ഇത് എത്രാമത്തെ പ്രാവശ്യമാണ് ഇവിടെ പറയുന്നത്?

ശ്രീ. പി. വി. മുഹമ്മദ്:—ആയിരം തവണയല്ല, പതിനായിരം തവണ പറഞ്ഞാലും തീരുകയില്ല. അറിയുകയില്ലേ? പാനൂരിനടുത്തുവച്ച് അദ്ദേഹത്തെ ആരാണ് കൊന്നത്. നിങ്ങളുടെ ആളുകൾ; ശ്രീ. രാമകൃഷ്ണന്റെ അനുയായികൾ; മാമൂദ് എന്ന് പറയുന്ന ചെറുപ്പക്കാരൻ അഹമ്മദാബാദിൽ നിന്ന് വന്നതായിരുന്നു. അദ്ദേഹം ഒരു ബന്ധുവീട്ടിൽ പോയതായിരുന്നു. ബസിൽ ഓടിക്കയറി, അദ്ദേഹത്തെ ആർ. എസ്. എസ്. കാരനാണെന്ന് പറഞ്ഞുകൊണ്ട് ശ്രീ. രാമകൃഷ്ണന്റെ അനുയായികൾ പേപ്പട്ടിയെ തല്ലി കൊല്ലുന്നതുപോലെ തല്ലിക്കൊന്നു; ഞാൻ ആർ. എസ്. എസ്. കാരനല്ല, എന്റെ പേര് മാമൂദ് എന്നാണ്, ഞാനൊരു മുസ്ലീമാണ്, വേണമെങ്കിൽ മുണ്ടു പൊക്കി കാണിച്ചുതരാമെന്ന് മാമൂദ് പറഞ്ഞു. എന്നിട്ട് നിങ്ങൾ വിട്ടോ? പേപ്പട്ടിയെ തല്ലികൊല്ലുന്നതുപോലെ നിങ്ങൾ തല്ലിക്കൊന്നു. അത് നിങ്ങൾ മറന്നുപോയോ? ആ രാമകൃഷ്ണനല്ലേ ഇന്ന് ഈ രാജ്യത്തിലെ ക്രമസമാധാനത്തെപ്പററി പറയുന്നത്?

ബീമാപള്ളിയിലെ റഷീദിനെ നിങ്ങൾ അറിയുമോ? 23 വയസ്സുകാരനായ, കരിങ്കല്ലുപോലെയുള്ള ഒരു പാവപ്പെട്ട തൊഴിലാളിയായ റഷീദിനെ തട്ടികൊണ്ടുപോയി കൊന്നു. കൊന്നതു മാത്രമോ? ആരാണ് പ്രതിയെന്ന് ബഹുമാനപ്പെട്ട മുൻ ആഭ്യന്തരമന്ത്രിയ്ക്ക് അറിയാമോ? ആ റഷീദിനെ കൊന്നു എന്ന് മാത്രമല്ല അറുകൊല ചെയ്തു. അദ്ദേഹത്തിന്റെ ഓരോ അവയവവും മുറിച്ചെടുത്തു; അദ്ദേഹത്തിന്റെ മൂത്രക്കുഴലുപോലും

LIBRARY ARCHIVES Kerala Legislative Assembly

മാർക്സിസ്റ്റുകാർ മുറിച്ചെടുത്തു. ഞങ്ങൾ പോയി ആ ശവശരീരം കണ്ടതാണ്. എന്നിട്ട് കനാലിന്റെ കരയിൽ ആ മൃതദേഹം കൊണ്ടിട്ടു. അവസാനിച്ചിട്ടില്ല.

ഞങ്ങളുടെ സഹപ്രവർത്തകനായ മഞ്ചേശ്വരത്തെ മൊയ്തീൻകുഞ്ഞിനെ അറിയാമോ? ബന്ദ് നടത്തിയ ദിവസം, ഒരു മൽസ്യത്തൊഴിലാളിയായ മൊയ്തീൻ കുഞ്ഞിനെ നിങ്ങളുടെ അനുയായികൾ കഠാരികൊണ്ട് കുത്തി മൃഗീയമായി കൊലപ്പെടുത്തിയില്ലേ? ബഹുമാനപ്പെട്ട രാമകൃഷ്ണൻ ഈ കൊലപാതകങ്ങളിൽ എല്ലാം കേസെടുത്തിട്ടുണ്ടോ? ഇതിലൊക്കെയായി എത്ര പ്രതികളുണ്ട്?

ഈ രാജ്യത്ത് നടന്ന സംഭവങ്ങളൊക്കെ പോകട്ടെ, വയനാട്ടിലെ കൊലപാതകത്തെ സംബന്ധിച്ച് വലിയ പ്രസംഗങ്ങൾ നടത്തിയ സഹൃത്തുക്കളോട് ഞാൻ ചോദിക്കട്ടെ. അശോകൻ ആരാണ്? ജനാധിപത്യമുന്നണിയിലെ പ്രവർത്തകനല്ല, നിങ്ങളുടെ, ഇടതുപക്ഷമുന്നണിയുടെ പ്രവർത്തകനാണ്. ആ അശോകനെ നടുറോഡിലിട്ട് അറുകൊല ചെയ്തു. എന്ത് ചെയ്തു അശോകന്റെ മൃതദേഹം? നായയെ കൊണ്ടുവന്ന് മണപ്പിച്ചു. നായ ഓടിപ്പോയി മണപ്പിച്ചത് ഒരു സഖാവിനെയാണ്. ആ സഖാവിനെ പോലീസ് സബ് ഇൻസ്പെക്ടർ കൂട്ടിക്കൊണ്ടുവന്നു. അന്ന് ഞങ്ങൾ, എല്ലാ കക്ഷികളും പ്രതിഷേധയോഗങ്ങൾ സംഘടിപ്പിച്ചു. പിറേറന്ന് മാർക്സിസ്റ്റുകാർ പ്രസ്താവന ഇറക്കിയിരിക്കുകയാണ്, നായ പിടിച്ച ആളിനെ പിടിക്കുമെന്ന്. ഈ പോലീസ് നായകൾ ഏതാണ്? ശ്രീ. കരുണാകരൻ ആഭ്യന്തരമന്ത്രിയായിരുന്ന കാലത്ത് ട്രെയിനിംഗ് കൊടുത്ത പോലീസ് നായകളാണ്. മാർക്സിസ്റ്റുകാരുടെ മണം മാത്രമേ അവർക്ക് ലഭിച്ചിട്ടുള്ളു എന്നല്ലേ ഇന്നലെ ഇവിടെ പ്രസംഗിച്ചത്? ആ കേസുകൾ രജിസ്ററർ ചെയ്തിട്ടുണ്ടോ? പ്രതികളെ അറസ്ററ് ചെയ്തിട്ടുണ്ടോ? ഇങ്ങനെ നൂറ് നൂറ് കൊലപാതകങ്ങൾ നടത്തി, അവയുടെ രക്തക്കറ പുരണ്ട കൈകളല്ലേ ശ്രീ. രാമകൃഷ്ണന്റെ കൈകൾ? ഷേക്സ്പീയർ പറഞ്ഞതുപോലെ ലോകത്തിലെ എല്ലാ സുഗന്ധദ്രവ്യങ്ങളും ഉപയോഗിച്ച് കഴുകിയാലും ശ്രീ. രാമകൃഷ്ണന്റെ കൈകൾക്ക് ഈ രക്തക്കറയിൽ നിന്ന് മോചനം കിട്ടുകയില്ലായെന്നാണ് എനിക്ക് പറയുവാനുള്ളത്. 'നരിയേയും തിന്നു, ആശാരിച്ചിയേയും കടിച്ചു പിന്നെയും മുറുമുറുപ്പ്' എന്ന് പറഞ്ഞതുപോലെ, ഇതൊക്കെ 21 മാസക്കാലം ഈ രാജ്യത്ത് ചെയ്തിട്ട് നിയമസഭയിൽവന്ന് ശ്രീ. ഉമ്മൻ ചാണ്ടിയുടെ മുഖത്തുനോക്കി പ്രസംഗിക്കാൻ നിങ്ങൾക്ക് നാണമില്ലേ എന്നാണ് ഞാൻ ചോദിക്കുന്നത്. ശ്രീ. ഉമ്മൻചാണ്ടി ചെയ്തതുപോലെ ആൺകുട്ടിയെപ്പോലെ ഒരു പ്രഖ്യാപനം നടത്താൻ 21 മാസക്കാലം ആഭ്യന്തരമന്ത്രിയായിരുന്ന ശ്രീ. ടി. കെ. രാമകൃഷ്ണന് കഴിഞ്ഞോ എന്ന് ഞാൻ ചോദിക്കുകയാണ്. നിയമം ലംഘിക്കുന്നവരാരായാലും, അക്രമം നടത്തുന്നവരാരായാലും മുഖം നോക്കാതെ നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും, ആഭ്യന്തരമന്ത്രിയും നിയമസഭയിൽ പ്രസ്താവിച്ചു. ഇത് കേൾക്കുമ്പോൾ നിങ്ങൾ ഞെട്ടും. അത് ഞങ്ങൾക്ക് അറിയാം.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്:—ഈ രാജ്യത്ത് കേരളത്തിലെ മാർക്ക് തട്ടിപ്പ് കേസിലെ ക്രിമിനൽ പുള്ളികളെ ഭരണപക്ഷത്ത് ഇരുത്തികൊണ്ട് പക്ഷപാതപരമായി പോലീസിനെകൊണ്ട് അന്വേഷണം നിറുത്തിവയ്പിച്ച ഉമ്മൻചാണ്ടിയുടെ നയത്തെ ന്യായീകരിച്ചുകൊണ്ട് അവിടെ പ്രസംഗിക്കുന്നത് ഓർഡറിലാണോ?

2/2077/G

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വി. മുഹമ്മദ്:—അതേ, നിങ്ങൾ സഹിക്കുകയില്ല ഞങ്ങൾക്കറിയാം. കാരണം 21 മാസക്കാലം നിങ്ങൾ ഈ രാജ്യത്ത് ചെയ്തു കൂട്ടിയത് എന്താണ്? ടി. കെ. രാമകൃഷ്ണനെപ്പോലുള്ള ഒരു ആഭ്യന്തരകാര്യ മന്ത്രിയെ കണ്ടിട്ടുണ്ടോ ഈ കേരളം. ഞാൻ ചോദിക്കട്ടെ ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണൻ പോലീസ് മലപ്പുറത്ത് 3 സഹോദരൻമാരെ വെടിവച്ചുകൊന്നിട്ട് നിങ്ങൾ അവിടെ വന്നില്ല. നിങ്ങൾ വന്നപ്പോൾ നൂറോളം സഹപ്രവർത്തകൻമാർ നിങ്ങളുടെ പോലീസിന്റെ വെടിവയ്പുമൂലം മാരകമായി പരിക്കേററ് മലപ്പുറത്ത് നിന്നും ഏതാനും കിലോമീററർ അപ്പുറത്തുള്ള മഞ്ചേരി ആശുപത്രിയിൽ മത്തി കൂട്ടി ഇട്ടിരിക്കുന്നതുപോലെ കിടക്കുകയായിരുന്നു. വെടികൊണ്ട് പരിക്കേററ ഞങ്ങളുടെ പ്രവർത്തകൻമാരെ നിങ്ങൾ കണ്ടോ? മജീദിന്റേയും, കുഞ്ഞാത്തുവിന്റേയും, ഹദ്രുമാന്റേയും വീടുകൾ മലപ്പുറം പരിസരത്തല്ലേ? ആ വീടുകളിൽ ഒന്നു കടന്നു ചെന്ന് ആ കുടുംബത്തെ സമാധാനിപ്പിച്ചോ? ലോകചരിത്രത്തിൽ ഇങ്ങനെയൊരു ആഭ്യന്തരകാര്യമന്ത്രി ഉണ്ടായിരുന്നോ?

സർ, ഞാൻ അതിപുരാതന ഗ്രീസിലെ ചില സംഭവങ്ങളെക്കുറിച്ച് വായിച്ചിട്ടുണ്ട്. ഗ്രീസിൽ നടക്കുന്നത് എന്താണെന്ന് അറിയാമോ? കാട്ടാളൻമാരുടെ സംസ്കാരമായിരുന്ന. ഗ്രീസിലെ അടിമകൾ പീഡനം സഹിക്കാൻ വയ്യാതായാൽ ഒളിച്ചോടും ഉടനെ അധികാരികൾ അവരെ പിടിച്ചുകൊണ്ടുവരും. എന്നിട്ട് വിശക്കുന്ന സിംഹങ്ങളുടെ കൂട്ടിൽ ഇട്ടുകൊടുക്കും. ഇതുകണ്ട് അവർ കൈകൊട്ടിച്ചിരിക്കും. ഇതായിരുന്നു ഗ്രീസിൽ നടന്ന സംസ്ക്കാരം. കാടസംസ്കാരം. മനുഷ്യനെ മനുഷ്യർ പിച്ചിച്ചീന്തുന്ന സംസ്ക്കാരം. ആ സംസ്ക്കാരത്തെപ്പോലും വെല്ലുവിളിക്കുന്ന, ആ സംസ്ക്കാരത്തെപ്പോലും നാണിപ്പിക്കുന്ന ഒരു ആഭ്യന്തരനയമായിരുന്നില്ലേ നിങ്ങൾക്കുണ്ടായിരുന്നത്. ശരിയായ ഒരു ആഭ്യന്തരനയം നിങ്ങൾക്കുണ്ടായിരുന്നോ ? ഞങ്ങളുടെ ഗവൺമെൻറിന് ശരിയായ ഒരു ആഭ്യന്തരനയമുണ്ടെന്ന് അർത്ഥ ശങ്കക്കിടയില്ലാത്ത വിധം വളരെ വസ്തുനിഷ്ഠമായി പ്രഖ്യാപിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നത്. ഇന്നലെ ഇവിടെ ബഹുമാനപ്പെട്ട നായനാർ വളരെ അക്ഷോഭ്യനായി അഭിനയിച്ചുകൊണ്ട് കരുണാകരൻ എല്ലാവരെയും പിടിച്ചുഞെക്കുന്നു, ഒതുക്കുന്നു, പിളർക്കുന്നു എന്ന് പറയുകയുണ്ടായി. നാണമുണ്ടോ നിങ്ങൾക്ക്? ഒന്നു ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ രാജ്യത്തെ രാഷ്ട്രീയ പ്രസ്ഥാനങ്ങളെ പിളർന്ന് അപ്പുറവും ഇപ്പുറവും ആക്കിയ ചരിത്രം നിങ്ങൾക്കല്ലാതെ മററാർക്കുണ്ട്. നിങ്ങളോടു കൂടിയ ആരെയെങ്കിലും നിങ്ങൾ വെറുതെ വിട്ടിട്ടുണ്ടോ? കാട്ടി എന്ന് പറയുന്ന ഒരു മൃഗമുണ്ട് കാട്ടിൽ. അത് പ്രസവിച്ചാൽ കുഞ്ഞ് ഓടും എന്നാണ് പ്രകൃതി നിയമം. ഓടിയില്ലെങ്കിലോ, കാട്ടി നക്കും. നക്കിയാലോ കുഞ്ഞ് ചത്തുപോകും. അതുപോലെയാണ് സാർ ഇവിടെ. ഞാൻ ഇവരോട് ചോദിക്കുകയാണ്. കമ്മ്യൂണിസത്തിനെതിരായി ഉണ്ടാക്കിയ ഫാദർ വടക്കന്റെ പ്രസ്ഥാനത്തെ ഇവർ നക്കിക്കൊന്നില്ലേ, മാഞ്ഞൂരാന്റെ പാർട്ടിയെ നക്കിക്കൊന്നില്ലേ. പ്രജാസോഷ്യലിസ്ററ് പാർട്ടി എത്ര വലിയ ഒരു പ്രസ്ഥാനമായിരുന്നു. ആ പ്രജാസോഷ്യലിസ്ററ് പാർട്ടിയെ ഉപ്പുവച്ച കലംപോലെ ആക്കിയത് ഇവരല്ലേ. പരേതനായ കെ. എം. ജോർജിന്റെ കേരളാ കോൺഗ്രസ്സിനെ എത്ര ഗ്രൂപ്പാക്കി. അത് ഇവരോട് കൂടിയിട്ടല്ലേ. ഞങ്ങളെ വിട്ടോ. ഞങ്ങളും കൂടി അവരുടെ കൂട്ടത്തിൽ ഞങ്ങളെ ഒരു തവണ നക്കാൻ ശ്രമിച്ചു. നക്കി, പക്ഷേ ദൈവാനുഗ്രഹത്താൽ മുസ്ലീം ലീഗ് തെറിച്ചു പോയില്ല. എങ്കിലും തൊലിയും രോമവും പോയി. കോൺഗ്രസ്സ് എസ്സിനെ വിട്ടോ. കുറെ തൊലിയും രോമവും പോയി. ഇവർ ആരെയെങ്കിലും വിട്ടിട്ടുണ്ടോ. ജനതാപാർട്ടിയെ വിട്ടോ. നിങ്ങളോട് കൂടിയ ആരെയെങ്കിലും നക്കിക്കൊല്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

ചരിത്രം ഉണ്ടോ നിങ്ങൾക്ക്. നിങ്ങളുടെ കൂടെ കൂടിയ എല്ലാവരെയും നക്കി നശിപ്പിക്കുകയും, നക്കിപ്പിളർക്കുകയും, നക്കിക്കൊല്ലുകയും ചെയ്തിട്ടുണ്ട്. ഇതല്ലേ നിങ്ങളുടെ രാഷ്ട്രീയം. എന്നിട്ട് ഈ രാജ്യത്തെ ജനങ്ങൾക്കു വേണ്ടി നല്ലകാര്യങ്ങൾ ചെയ്യാൻ ജനങ്ങളുടെ പ്രതീക്ഷയ്ക്ക് ഒത്ത് ഉയരുന്ന ഒരു ഗവൺമെൻറിനെ വിമർശിക്കുകയാണ്. എന്തിന് വിമർശിക്കണം. നിങ്ങൾ പറഞ്ഞു, കർഷകത്തൊഴിലാളി പെൻഷൻ നിറുത്തിവച്ചിരിക്കുന്നു എന്ന്. നിറുത്തിവച്ചിട്ടില്ല. നിങ്ങളുടെ തെമ്മാടിത്തം അവസാനിപ്പിക്കാനുള്ള നടപടികളാണ് എടുത്തിട്ടുള്ളത്. ഓമശ്ശേരി പഞ്ചായത്തിൽ ഒരു ജേഷ്ഠനും, അനുജനും കർഷകത്തൊഴിലാളി പെൻഷന് അപേക്ഷകൊടുത്തു. അനുജന് പാസ്സായി. ജേഷ്ഠന് മറുപടി വന്നു, നിങ്ങൾക്ക് പ്രായം തികയാത്തതുകൊണ്ട് ഈ പെൻഷൻ അനുവദിക്കുകയില്ല എന്ന്. അപ്പോൾ അനുജന് പ്രായം കൂടുതലും ജേഷ്ഠന് പ്രായം കുറവുമാണ്. പാത്തുമ്മ എന്ന് പറയുന്ന ഒരു സ്ത്രീ പെൻഷന് അപേക്ഷ കൊടുത്തിട്ട് ആ സ്ത്രീക്ക് മറുപടി വന്നിരിക്കുകയാണ്, നിങ്ങൾ മരിച്ചുപോയതുകൊണ്ട് ഈ പെൻഷൻ അനുവദിക്കാൻ നിർവാഹമില്ലെന്ന്. നിങ്ങൾ നിങ്ങളുടെ പാർട്ടിക്കാർക്ക് വാരിക്കോരികൊടുക്കുന്ന ആ സംഖ്യകൾ തിരിച്ചു പിടിക്കുകയും അത് അവസാനിപ്പിക്കുകയും അർഹരായ കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കാൻ തീരുമാനിക്കുകയുമാണ് ഈ ഗവൺമെൻറ് ചെയ്തിട്ടുള്ളത്. എന്തിനാണ് നിങ്ങൾക്ക് ഈ വെപ്രാളം. ഞാൻ ഒരിക്കൽകൂടി ബഹുമാനപ്പെട്ട തച്ചടി പ്രഭാകരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ശക്തിയായി അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. പി.പി.വി. മൂസ</u>: സർ, ഞാൻ ഈ പ്രമേയത്തെ ശക്തിയായി എതിർക്കുകയാണ്. തുണി മറന്നുപോയി. ഇന്നലെ ഹസ്സൻ അപ്പുറം ചേർന്നുപോയി എന്നുപറഞ്ഞു. അതുപോലെ തോലു മറന്നുപോയി, പി.വി.മുഹമ്മദ് അപ്പുറം ചേർന്നു, ഇങ്ങനെ തുണിയില്ലാത്തവരുടേയും തോല് ഇല്ലാത്തവരുടെയും മുന്നണിയാണ് അപ്പുറത്ത് ഇരിക്കുന്ന ജനാധിപത്യമുന്നണി. ആ മുന്നണിയിലേക്ക് പലരും ജനാധിപത്യകക്ഷികളെ വീണ്ടും ക്ഷണിച്ചുകൊണ്ടിരിക്കുകയാണ്. ക്ഷണം സ്വീകരിക്കാൻ സാധിക്കുകയില്ലെന്ന് പ്രസ്താവിച്ചുകൊണ്ടുതന്നെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തെ ഞാൻ ശക്തിയായി എതിർക്കുകയാണ്.

സർ, ഇന്നലെ ബഹുമാനപ്പെട്ട ആഭ്യന്തരകാര്യമന്ത്രി ഉമ്മൻചാണ്ടി ഇവിടത്തെ നിയമസമാധാനപാലനത്തെ സംബന്ധിച്ച് ഒരു പ്രഖ്യാപനം നടത്തുകയുണ്ടായി: നിഷ്പക്ഷമായി നീതി നിർവ്വഹിക്കുകയും നിയമസമാധാനപാലനത്തിൽ അക്രമികളായി വരുന്നവരെ ശക്തിയായി അടിച്ചമർത്തുകയും ചെയ്യുമെന്നാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. അദ്ദേഹത്തിന് അത് നിർവ്വഹിക്കാൻ സാദ്ധ്യമല്ലെന്ന് കഴിഞ്ഞ 35 ദിവസത്തെ ഭരണസംവിധാനം തെളിയിച്ചിട്ടുണ്ട്. അദ്ദേഹം ജനാധിപത്യവിശ്വാസിയും അൽപ്പമെങ്കിലും ജനാധിപത്യത്തിൽ ബോധമുള്ളവനും ആണെങ്കിൽ ഒരു കാര്യം മനസ്സിലാക്കണം. അദ്ദേഹത്തെ ഇന്നു നിയന്ത്രിക്കുന്നത് ഈ സംസ്ഥാനത്തെ ഏകാധിപത്യത്തിൻെറയും സ്വേച്ഛാധിപത്യത്തിൻെറയും ശക്തികളാണ്. പാവപ്പെട്ട വിദ്യാർത്ഥികളെയും അതേപോലെതന്നെ കൃഷിക്കാരേയും ഉരുട്ടിയും ഇടിച്ചും അടിച്ചും കൊന്ന ഉദ്യോഗസ്ഥൻമാരെ തിരിച്ചു കൊണ്ടുവന്നുകൊണ്ട് 1974-ലേയും 1976-ലേയും അടിയന്തിരാവസ്ഥയെ ഉദ്ദീപിപ്പിക്കുന്ന അക്രമ സംവിധാനങ്ങളും മർദ്ദനമുറകളും അഴിച്ചു വിടുന്നു. ശ്രീമാൻ കരുണാകരനാണ് അദ്ദേഹത്തെകൊണ്ട് ഈ ചുടുചോറ് മാന്തിക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

19-ാം തീയതി ഇവിടെ ഒരു പണിമുടക്ക് നടക്കുകയുണ്ടായി. കണ്ണൂർ സിററിയിൽ യൂണിയൻ മുസ്ലീം ലീഗിന്റെ ഓഫീസ് 18-ാം തീയതി രാത്രി ആക്രമിക്കപ്പെട്ടു. 19-ാം തീയതി രാവിലെ ആക്രമിച്ച സംഭവത്തെക്കുറിച്ച് ഞാൻ അവിടത്തെ പോലീസ് ഉദ്യോഗസ്ഥൻമാരുമായി ബന്ധപ്പെട്ടപ്പോൾ എന്റെ പാർട്ടിയിൽപ്പെട്ട ആരുംതന്നെ അക്രമത്തിൽ ഏർപ്പെട്ടിട്ടില്ല എന്ന് പറയുകയുണ്ടായി. ഞാൻ തന്നെ അത് നിഷേധിച്ചു. പക്ഷേ പോലീസിന്റെ അന്വേഷണത്തിൽ പോലീസ് പറഞ്ഞത് പത്തുമുപ്പതോളം ആളറിയാത്ത ആളുകൾ ആഫീസ് ആക്രമിച്ചു എന്നാണ്. പിറേറന്ന് വൈകുന്നേരം എന്റെ പാർട്ടിയിൽപ്പെട്ട 8 പേരെ ആഫീസ് ആക്രമണക്കേസിൽ പ്രതികളായി ചേർത്തുകൊണ്ട് അവരെ അറസ്ററ് ചെയ്തുകൊണ്ടുപോയി. അവരിൽ നാലുപേർ എന്റെ കൂടെ 18-ാം തീയതി രാത്രി എന്റെ ആഫീസിൽ കിടന്ന് ഉറങ്ങിയവരായിരുന്നു. എന്റെകൂടെ കിടന്ന് ഉറങ്ങുകയും ആക്രമണത്തിൽ പങ്കുചേരാതിരിക്കുകയും ചെയ്ത നിരപരാധികളായ പാർട്ടിപ്രവർത്തകൻമാരെ അറസ്ററു ചെയ്തുകൊണ്ടുപോയതിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ അവിടത്തെ പോലീസ് ആഫീസർ പറഞ്ഞത് ഭരണകക്ഷിയിൽപ്പെട്ട പാർട്ടിയുടെ നേതാവ് തന്ന ലിസ്ററ് അനുസരിച്ചാണ് അറസ്ററ് ചെയ്തത് എന്നാണ്. ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയോട് ഞാൻ ചോദിക്കുന്നു, ഇങ്ങനെയാണോ താങ്കൾ ഇവിടെ നീതി നടത്താൻ പോകുന്നത് എന്ന്. കണ്ണൂരിൽ യുവജനോൽസവം അരങ്ങേറുകയുണ്ടായി. യുവജനോൽസവത്തിൽ മഫ്ത്തിയിൽ പോലീസുകാരെ മുഴുവൻ സ്ക്കൂൾ കോമ്പൗണ്ടിനകത്ത് കരുണാകരൻ തിരുകിക്കയററി. അവിടെ അതിൽ പങ്കെടുക്കാൻ വന്നിരുന്ന പാവപ്പെട്ട വിദ്യാർത്ഥികൾ, പിഞ്ചോമനകൾ, വനിതകളും, വൃദ്ധൻമാരുമായ ആയിരക്കണക്കിന് ആളുകൾ തടിച്ചുകൂടിയപ്പോൾ അവരെയൊന്നും അകത്തു പ്രവേശിപ്പിക്കാതെ പോലീസ് തടഞ്ഞു നിർത്തി. അവിടെ പ്രവേശനം നൽകണമെന്ന് പറഞ്ഞപ്പോൾ പോലീസ് അവിടെ തടിച്ചുകൂടിയ ജനാവലിയെ അടിച്ച് ഓടിക്കുകയും, എല്ലൊടിക്കുകയുമാണ് ചെയ്തത്. അവിടെ കാണികളായി പോയിരുന്ന പലരും അടികൊണ്ട് ആശുപത്രിയിലായി. എന്നിട്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കാർ കരിങ്കൊടി പ്രകടനം നടത്തി ആഭാസപ്രകടനം നടത്തി എന്ന് പറഞ്ഞ് ജനങ്ങളെ തെററിദ്ധരിപ്പിക്കുകയാണ് ആഭ്യന്തരകാര്യമന്ത്രി ചെയ്തത്. സമാപനദിവസം പരിപാടി കാണാൻ പോയിരുന്ന എന്റെ വിദ്യാർത്ഥി സംഘടനയിൽപ്പെട്ട 2 പ്രവർത്തകൻമാരെ അവർ പരിപാടി കണ്ടുകൊണ്ടിരുന്നപ്പോൾ പിടിച്ചുകൊണ്ടുപോയി പരിപാടി അവസാനിക്കുന്നതുവരെ തടങ്കലിൽ വയ്ക്കുകയുണ്ടായി. കരുതൽ തടങ്കലിൽ വച്ചിരുന്നവർ പോലീസിനോടു ചോദിച്ചു ഞങ്ങൾക്ക് ആർക്കും ഈ പരിപാടി കാണാൻ പററുകയില്ലേയെന്ന്. ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട പ്രവർത്തകൻമാരേയും വിദ്യാർത്ഥിസംഘടനയിൽപ്പെട്ട പ്രവർത്തകൻമാരേയും അന്യായമായി പിടിക്കുകയും തടങ്കലിൽ വയ്ക്കുകയും ചെയ്യുന്ന ഈ പ്രതിഭാസം ആർക്കുവേണ്ടിയാണെന്ന് ഞാൻ ചോദിക്കുകയാണ്. ഇവിടെ ഇമ്മിണി വലിയ രാഷ്ട്രീയ പാർട്ടിയാണ് നിങ്ങളുടെ പാർട്ടി എന്നു പറയുന്നു. അത്ര വലിയ പാർട്ടി ഒന്നും അല്ല നിങ്ങൾ. നിങ്ങൾ ഇത്ര വലുതായത് എങ്ങനെ എന്ന് ഞങ്ങൾക്ക് എല്ലാം അറിയാം. പക്ഷേ ഇമ്മിണി വലിയ പാർട്ടിക്കു വേണ്ടി അവരുടെ വടിയായി നിന്നുകൊണ്ട് ജനാധിപത്യകക്ഷി പ്രവർത്തകൻമാരേയും വിദ്യാർത്ഥികളേയും കർഷകരേയും അടിച്ച് ഒതുക്കാമെന്ന് താങ്കൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അത് നടക്കാൻ പോകുന്നില്ല എന്നു പറയാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്.

ഈ രാജ്യത്ത് നിയമവാഴ്ച പുലർന്നു കാണണമെന്ന് ആഗ്രഹിക്കുന്ന ഒരു ജനാധിപത്യകക്ഷിയാണ് എന്റേത്. അക്രമം ഏതുഭാഗത്തു നിന്നുണ്ടായാലും കർശനമായി നേരിടുകതന്നെ വേണം. പക്ഷേ ആ

അക്രമികളെ കണ്ടുപിടിക്കുന്നതിനുള്ള സമീപനത്തിൽ, വീക്ഷണത്തിൽ വ്യത്യാസം വരുത്തണമെന്ന് ആവശ്യപ്പെടുകയാണ്. അക്രമികളെ കണ്ടുപിടിക്കുമ്പോൾ രാഷ്ട്രീയ എതിരാളികളെ തേടിപ്പിടിച്ച് അവരുടെ പേരിൽ കള്ള കേസുകൾ ഉണ്ടാക്കി അവരെ തടങ്കലിൽ വയ്ക്കുന്ന നടപടി കരുണാകരന്റേയും, അദ്ദേഹത്തിന്റെകൂടെ ഇപ്പോൾ നിൽക്കുന്ന എന്റെ പഴയ സുഹൃത്തുക്കളുടേയും നടപടിയാണ്. ആ നടപടിയാണ് ശ്രീമാൻ ഉമ്മൻചാണ്ടി ആവർത്തിക്കുന്നതെങ്കിൽ തീർച്ചയായും ഉമ്മൻചാണ്ടിക്ക് തിരിച്ചടി കിട്ടുകതന്നെ ചെയ്യും. 1974-ലെ അടിയന്തിരാവസ്ഥയിൽ "ഫെറൂക്ക് പാലം" പൊളിക്കാൻ നേതൃത്വം കൊടുത്തു എന്നു പറഞ്ഞ് എന്റെ പാർട്ടിയുടെ നേതാവായ ശ്രീ. പി. എം. അബൂബേക്കറിനെ "മിസ" ഉപയോഗിച്ച് തടങ്കലിൽ വച്ച കരുണാകരന്റെ കൂടെയാണ് നിങ്ങൾ ഭരിക്കുന്നതെന്ന് ഓർക്കേണ്ടതാണ്. കരുണാകരന്റെ കൂടെ ചേർന്ന് നീതിപാലനം നടത്താൻ ഇത്തരത്തിൽ വൃത്തികെട്ട, ഹീനമായ നടപടികളാണ് സ്വീകരിക്കുന്നതെങ്കിൽ, ആ നടപടികളിൽ നിന്ന് പിൻതിരിയുന്നില്ലെങ്കിൽ തീർച്ചയായും ഗുരുതരമായ പ്രതിസന്ധി ഉണ്ടാകും. കഴിഞ്ഞ 19-ാം തീയതിയിലെ ബന്തിൽ രാവിലെ പത്തു മണിക്ക് എന്റെ നിയോജകമണ്ഡലം കമ്മിററി ഓഫീസിൽ, ഇടയ്ക്കാട് മുസ്ലീംലീഗ് ഓഫീസിൽ പത്രം വായിച്ചുകൊണ്ടിരുന്ന വിദ്യാർത്ഥികളെ പിടിച്ചുകൊണ്ടുപോയി അർദ്ധരാത്രിവരെ വച്ചിട്ട് വിടുകയാണ് ചെയ്തത്. എന്തിനാണ് പിടിച്ചുകൊണ്ടുപോയത്. അവർ അക്രമത്തിന് പോയില്ല. അതുകൊണ്ട് രാഷ്ട്രീയ എതിരാളികളെ വകവരുത്താൻവേണ്ടിമാത്രം പോലീസിനെ ഉപയോഗപ്പെടുത്തുന്ന നീചമായ പ്രക്രിയയിൽ നിന്ന് നിങ്ങൾ പിൻതിരിയണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഒരു പക്ഷേ താങ്കൾക്ക് അത് കഴിയുമായിരിക്കില്ല. കാരണം, നിയന്ത്രണം കരുണാകരന്റേതാണെല്ലോ. കരുണാകരന്റെ നിയന്ത്രണത്തിൽ നിഷ്പക്ഷമായി നീതി നടത്താൻ ഉമ്മൻ ചാണ്ടിക്ക് കഴിയുകയില്ലെന്നാണ് ഈ സംഭവം തെളിയിക്കുന്നത്. അതുകൊണ്ട് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ തുടരുകയാണെങ്കിൽ കഴിഞ്ഞ രണ്ടുമൂന്നു ദിവസത്തെ ചർച്ചകളിലൂടെ ബോദ്ധ്യപ്പെട്ട ഈ ന്യൂനപക്ഷ മന്ത്രിസഭയെ അനുകൂലിക്കാൻ യാതൊരാൾക്കും സാദ്ധ്യമല്ല. ഈ മന്ത്രിസഭയെ വേണമെങ്കിൽ കാസ്ററിംഗ് മന്ത്രിസഭയെന്നു വിളിക്കാം. ഈ കാസ്ററിംഗ് മന്ത്രിസഭ, കഷ്ടിച്ച് രക്ഷപ്പെട്ട ഈ മന്ത്രിസഭ ഇത്തരത്തിലുള്ള പ്രവർത്തനം തുടർന്നു പോവുകയാണെങ്കിൽ സർവ്വശക്തിയുമുപയോഗിച്ച് എതിർക്കുകതന്നെ ചെയ്യുമെന്ന് പറഞ്ഞുകൊണ്ട് ശക്തിയായി ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:—സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അതിശക്തിയായി എതിർക്കുകയാണ്. കൃതഘ്നതയുടേയും രാഷ്ട്രീയ വഞ്ചനയുടേയും കാലുമാററത്തിന്റേയും ദുർഭഗ സന്തതിയായ മറുഭാഗത്തിരിക്കുന്ന ഈ വഞ്ചക മുന്നണിക്കുവേണ്ടി നമ്മുടെ ബഹുമാനപ്പെട്ട ഗവർണ്ണർ ഇത്തരമൊരു പ്രസംഗം തയ്യാറാക്കി ഇവിടെ അവതരിപ്പിക്കേണ്ടതില്ലായിരുന്നു എന്നു ഞാൻ അഭിപ്രായപ്പെടുകയാണ്. ഗവർണ്ണർ ഇവിടെ വായിച്ചു എന്നു പറയുന്ന പ്രസംഗത്തിന് കൃതഘ്നതാപ്രമേയം മാത്രമാണ് അർഹമായിട്ടുള്ളത്.

സർ, ഈ സംസ്ഥാനത്ത് ഇപ്പോൾ ശ്രീ. കരുണാകരൻ മുഖ്യമന്ത്രിയാണെന്ന് അവകാശപ്പെടുന്ന മന്ത്രിസഭാ കൂട്ടുകെട്ടിന് ഭരണഘടനാ പരമായും രാഷ്ട്രീയമായും രാഷ്ട്രീയരംഗത്തെ സദാചാരപരമായും ധാർമ്മികമായും നിലനിൽക്കാൻ അവകാശമില്ലെന്നുള്ളത് അവിതർക്കിതമായി തെളിഞ്ഞിരിക്കുകയാണ്. സർ, ഈ മന്ത്രിസഭയ്ക്ക് നിലനിൽക്കാൻ അവകാശമില്ലെന്ന് ബഹുമനാപ്പെട്ട ചന്ദ്രശേഖരൻ നായർ ഭരണഘടനാപരമായ വസ്തുതകൾ ഉദ്ധരിച്ചുകൊണ്ട് ഇവിടെ വിശദീകരിക്കുകയുണ്ടായി. ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

സ്പീക്കറുടെ കാസ്റ്റിംഗ് വോട്ടുകൊണ്ടു മാത്രം നിലനിൽക്കുന്ന ഒരു മന്ത്രിസഭ തുടരുക എന്നുപറയുന്നത് നാണവും മാനവും ഇല്ലാത്ത ആളുകൾക്ക് മാത്രമേ സാധിക്കൂ. അത്യാസന്ന നിലയിൽ നിൽക്കുകയായിരുന്ന ഈ മന്ത്രിസഭയെ ഇന്നലെ കൃത്രിമശ്വാസം നൽകി, കൃത്രിമവൃക്ക നൽകി ഇടക്കാലശ്വാസം എന്ന നിലക്ക് നിലനിർത്തിയിട്ടുണ്ടെങ്കിലും എത്ര ദിവസം നിലനിൽക്കുമെന്ന് നമുക്ക് അറിയില്ല.

സർ, ഈ പ്രസംഗം ഗവർണ്ണർ ഇവിടെ വായിച്ച സന്ദർഭത്തിൽ ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. നമ്മുടെ ഗവർണ്ണരുടെ പ്രസംഗത്തിൽ ദേശീയ മുദ്രാവാക്യമായ "സത്യമേവ ജയതേ" എന്നതിനു പുറമേ പ്രധാനമന്ത്രി പ്രഖ്യാപിച്ച "ശ്രമം ഏവ ജയതേ" എന്ന മുദ്രാവാക്യം കൂടി സ്വീകരിക്കുന്നതിൽ എന്റെ സർക്കാർ അഭിമാനം കൊള്ളുന്നു എന്ന് പറയുകയുണ്ടായി. എന്നാൽ ആ ശ്രമമേവ ജയതേ എന്നു പറയുന്നതിന്റെ കൂടെ "കാലുമാററ ശ്രമമേവ ജയതേ" എന്നു കൂടി ചേർക്കുന്നതു നന്നായിരിക്കും എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സർ, ഈ സംസ്ഥാനത്തിനകത്ത് ഇത്തരത്തിൽ രാഷ്ട്രീയമായ ആത്മവഞ്ചനയുടെ ഒരു ദുർഭഗ സന്തതി . ...

ശ്രീ. എം. എം. ഹസ്സൻ:—ബഹുമാനപ്പെട്ട മെമ്പർ സംസാരിച്ച് തുടങ്ങിയപ്പോൾ ബഹുമാനപ്പെട്ട ഗവർണ്ണർ ഇവിടെ പ്രസംഗിച്ചില്ലെന്ന് പറയുകയും ഇപ്പോൾ ഗവർണ്ണറുടെ പ്രസംഗത്തിലെ പ്രസക്തമായ ഒരു ഭാഗം ഉദ്ധരിക്കുകയും ചെയ്തിരിക്കുന്നു. ഇത് ആദ്യം അദ്ദേഹം പറഞ്ഞതിന് വിപരീതമായിട്ടുള്ളതല്ലേ. ഇത് ഓർഡറിലാണോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:—സർ, ഇവിടെ രാഷ്ട്രീയമായി ഇത്രയേറെ കാപട്യവും ആത്മവഞ്ചനയും നടത്തിയ ഒരു കാലഘട്ടം മുമ്പെങ്ങും ഉണ്ടായിട്ടില്ല. 21 മാസക്കാലത്തിനു മുമ്പ് ഇവിടെ അധികാരത്തിൽവന്ന ഇടതുപക്ഷ ജനാധിപത്യമുന്നണിയിൽനിന്ന് കോൺഗ്രസ് പിൻതിരിഞ്ഞു പോകാൻ ഇടയായ കാരണങ്ങളെക്കുറിച്ച്, അതിന്റെ വിശദാംശങ്ങളെക്കുറിച്ച്, ഞാൻ ഇവിടെ സംസാരിക്കണമെന്ന് ആഗ്രഹിക്കുന്നില്ല. മറുഭാഗത്തിരിക്കുന്ന സ്നേഹിതൻമാർ പറഞ്ഞ കാരണങ്ങൾ എന്താണെന്ന് നിങ്ങൾക്കറിയാം. അധികാരത്തിന്റെ ശീതളഛായ ഞങ്ങൾക്കാവശ്യമില്ലെന്ന് പറഞ്ഞുകൊണ്ട് അധികാരത്തിന്റെ ശീതളഛായയില്ലാതെ ഞങ്ങൾക്ക് നിലനിൽക്കാൻ കഴിയുമോ എന്നു നോക്കട്ടെ എന്ന് വെല്ലുവിളിച്ചുകൊണ്ട് അറബിക്കടൽ തീരത്തും ഹിമാലയ ശൃംഗത്തിലേക്കും അലഞ്ഞുനടക്കാൻ പോകുന്ന പാർട്ടി ഏതാണെന്ന ഉഗ്രപ്രഖ്യാപനത്തോടുകൂടി ഈ മുന്നണിയിൽനിന്ന് വിട്ടുപോയ പാർട്ടി, അന്ന് ദേശാഭിമാനിയുടെ മുഖപ്രസംഗത്തിൽ പറഞ്ഞതുപോലെ അഞ്ച് നിമിഷം അധികാരത്തിൽനിന്ന് മാറി നിൽക്കാൻ കഴിയുകയില്ലെന്നാണെങ്കിൽ അത് രണ്ടര മിനിട്ടായി കുറച്ചുകൊണ്ട് ഇന്ദിരാ കോൺഗ്രസ് നേതാവ് ശ്രീമാൻ കരുണാകരനെ കണ്ട് ഒരു ബദൽ മന്ത്രിസഭക്ക് ചട്ടം കൂട്ടുകയാണ് ചെയ്തത്. അങ്ങനെയുള്ള ആളുകൾക്ക് ഇവിടെ ആദർശത്തെക്കുറിച്ച് പറയാൻ അവകാശമില്ലസർ.

സർ, ഏതായാലും ആദർശ രാഹിത്യത്തിന്റെയും രാഷ്ട്രീയമായ ആത്മവഞ്ചനയുടേയും പ്രതീകമായ ഈ വഞ്ചക മുന്നണിക്ക് കേരളത്തിൽ നയപരമായ കാര്യങ്ങളെക്കുറിച്ച് ഗവർണ്ണറെക്കൊണ്ട് പറയിപ്പിക്കാൻ അവകാശമില്ല. ഞങ്ങളിൽനിന്ന് വിട്ടുപോയ സുഹൃത്തുക്കളും ശ്രീമാൻ കരുണാകരന്റെ പാർട്ടിയും കൂടി പുത്തരിക്കണ്ടം മൈതാനിയിൽ ചെയ്യേണ്ട പ്രസംഗത്തിലെ രാഷ്ട്രീയ കാര്യങ്ങളാണിത്. ഗവർണ്ണർക്ക് വായിപ്പിക്കാൻ തയ്യാറാക്കേണ്ടിയിരുന്നത് ന്യൂനപക്ഷ ഗവൺമെൻറായി നിലനിൽക്കുന്ന ഈ മന്ത്രിസഭ നിലനിർത്താൻ എത്ര എം. എൽ. എ. മാരെ ചാക്കിട്ടുപിടിക്കേണ്ടതായിട്ടുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

അതിനുള്ള വസ്തുവകകൾ എവിടെ നിന്നും സമാഹരിക്കാം, അത് എങ്ങനെ പ്രയോജനപ്പെടുത്താം തുടങ്ങിയുള്ള കാര്യങ്ങളായിരുന്നു.

ഇനിയുള്ളത് നിയമസമാധാനത്തിന്റെ കാര്യമാണ്. നിയമ സമാധാനം ഇവിടെ ഇപ്പോൾ വളരെ ഭദ്രമായി നടക്കുന്നുണ്ടോ? നടക്കുന്നുണ്ടെന്ന് എന്റെ ബഹുമാനപ്പെട്ട പഴയകാല നേതാവിന് പറയാൻ കഴിയുമോ? ഇന്നലെ അദ്ദേഹം ചില കാര്യങ്ങൾ പറയുകയുണ്ടായി അദ്ദേഹത്തിന് അറിയാവുന്ന നേതാവാണ് സി. ജി. ജനാർദ്ദനൻ. ഐ. എൻ. ററി. യു. സി. യുടെ നേതാവാണദ്ദേഹം. അദ്ദേഹത്തെ അറസ്ററ് ചെയ്തത് എന്തിനാണെന്ന് ആലോചിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പണിമുടക്ക് നിരോധന ഉത്തരവ് ഇന്ദിരാഗാന്ധി പ്രഖ്യാപിച്ചപ്പോൾ ആ പണിമുടക്ക് നിരോധന ഉത്തരവിനെതിരായി ആ സേതു–ഹിമാചലം സമരം നടത്തുന്നതിനനുകൂലമായി ഡൽഹിയിൽ ഐ. എൻ. ററി. യു. സി. യോഗത്തിൽ സംസാരിച്ച ശ്രീമാൻ ഉമ്മൻ ചാണ്ടിയും കൂട്ടുകാരും അന്നത്തെ പ്രമേയം നടപ്പാക്കാൻ വേണ്ടി ശ്രമിച്ച സി. ജി. ജനാർദ്ദനനെ തടങ്കലിൽ വയ്ക്കാനും അദ്ദേഹത്തെ ദേഹോപദ്രവമേൽപ്പിക്കാനും സന്നദ്ധമായതിനെക്കുറിച്ച് ആലോചിക്കാൻ കൃത്യബാഹുല്യം നിറഞ്ഞ സന്ദർഭമാണെങ്കിൽ പോലും ശ്രീമാൻ ഉമ്മൻ ചാണ്ടി ശ്രമിക്കുമെങ്കിൽ നന്നായിരിക്കുമെന്ന് അഭ്യർത്ഥിക്കാൻ ആഗ്രഹിക്കുകയാണ്.

സർ, ഇവിടെ ഞങ്ങളുടെ പേരിനെക്കുറിച്ച് മറുഭാഗത്തിരിക്കുന്ന ആളുകൾ പറയുകയുണ്ടായി. അഖിലേന്ത്യാ കോൺഗ്രസ് കമ്മിററിയും ആവശ്യമില്ല, ശരത് പവാറും ആവശ്യമില്ല ഇൻഡ്യൻ നാഷണൽ കോൺഗ്രസ് (സോഷ്യലിസ്ററ്) എന്നു ചേർക്കുന്നതിനു പകരം ശരത്പവാർ എന്നു ചേർത്താൽ മതിയെന്നു പറഞ്ഞിട്ടുള്ള ഉമ്മൻ ചാണ്ടി അടക്കം ഇന്ന് അവരുടെ ഗ്രൂപ്പിന് കോൺഗ്രസിന്റെ പേരിൽ (എസ്) കൂടി ചേർക്കണമെന്ന് പറയുന്നത് വിരോധാഭാസമാണ്: അഖിലേന്ത്യാ പാർട്ടിയുടെ ദേശീയ നയത്തിന് കടകവിരുദ്ധമായി നിന്ന് അവസരവാദപരമായി കാലുമാറിയ ആളുകളെ യഥാർത്ഥ പാർട്ടിയാണെന്ന് പറഞ്ഞുകൊണ്ട് അംഗീകരിക്കണമെന്ന് പറഞ്ഞാൽ, ഇതെല്ലാം ഇന്ദിരാഗാന്ധി ഭരിക്കുന്ന കലിയുഗകാലത്തല്ലാതെ നടക്കുന്ന കാര്യമല്ല. ഈ സംസ്ഥാനത്തിനകത്ത് കഴിഞ്ഞ ഭരണകാലത്തുണ്ടായിരുന്ന നിയമ സമാധാന തകർച്ചയെക്കുറിച്ച് ഒക്കെ ഇവിടെ പറയുകയുണ്ടായി. അതിന്റെ വിശദാംശങ്ങളിലേക്ക് കടന്നുപോകണമെന്ന് ആഗ്രഹിക്കുന്നില്ല.

സർ, എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് പി. സി. ചാക്കോ ചില കാര്യങ്ങൾ ഉന്നയിച്ചപ്പോൾ ഇവിടെ ചിലർ പറയുകയുണ്ടായി, ശ്രീമാൻ എം. കെ. കൃഷ്ണന്റെ കക്ഷത്താണ് അദ്ദേഹത്തിന്റെ തലയെന്ന്. അത് പറഞ്ഞ ആളുകളോട് ഞാൻ പറയാനാഗ്രഹിക്കുന്നു, ശ്രീമാൻ ഉമ്മൻ ചാണ്ടിയും കരുണാകരനും മറുഭാഗത്തുണ്ട്. ധൈര്യമുണ്ടെങ്കിൽ, തന്റേടമുണ്ടെങ്കിൽ അതുസംബന്ധിച്ച് അന്വേഷിക്കുന്നതിന് ഉത്തരവു പുറപ്പെടുവിക്കാൻ എന്തിനാണ് കാലതാമസംവരുത്തുന്നതെന്നു ചോദിക്കാൻ ഞാൻ ഈ സന്ദർഭത്തിൽ ആഗ്രഹിക്കുകയാണ്. ഇന്ദിരാ കോൺഗ്രസിന്റെ അടിയൊഴുക്കിൽ നിൽക്കുന്ന ആളുകൾ ഇങ്ങോട്ടു നോക്കി റേഷൻ കാർഡിനെക്കുറിച്ചൊന്നും പറയേണ്ട കാര്യമില്ല. ഇന്ദിരാ ഭവനത്തിൽ ജോലിക്ക് സന്നദ്ധരായി നിൽക്കുന്ന ആളുകൾക്ക് തൽക്കാലം റേഷൻ കാർഡ് ആവശ്യമില്ലായിരിക്കാം. ഏതായിരുന്നാലും ഞങ്ങളുടെ റേഷൻ കാർഡും ആഫീസുകളും ഉമ്മൻ ചാണ്ടിയുടെ കയ്യിലുള്ള അധികാരം ഉപയോഗിച്ച് കൈയ്യടക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അത് നടപ്പിലാകുന്ന കാര്യമല്ലെന്ന് കൂടി വ്യക്തമാക്കാൻ ഈ സന്ദർഭത്തിൽ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ കരുണാകരനേയും ഇന്ദിരാഗാന്ധിയേയും ഒക്കെ

LIBRARY ARCHIVES Kerala Legislative Assembly

എതിർക്കാൻ ഞങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു ആത്മഭയവും ഉണ്ടാകേണ്ട കാര്യമില്ല. മറുഭാഗത്തിരിക്കുന്ന ആളുകൾക്ക് അത് അറിയാം; ശ്രീ. ചാക്കോയെ നോക്കി കല്ലെറിയുന്ന ആളുകൾ കണ്ണാടിക്കൂട്ടിലിരുന്നു കൊണ്ടാണ് കല്ലെറിയുന്നതെന്ന് ആലോചിക്കണമെന്ന് മാത്രമേ ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നുള്ളു.

സർ, ഇന്നലെ പറഞ്ഞ കാര്യത്തെക്കുറിച്ച് ആൻറണി വിഭാഗക്കാർ ചിലത് ഒക്കെ പറഞ്ഞു. കോൺഗ്രസ് പാർലമെൻററി പാർട്ടി യോഗത്തിൽ ആൻറണി വിഭാഗം പ്രകടിപ്പിച്ച അഭിപ്രായം എന്തായിരുന്നുവെന്ന് അവർ ഇവിടെ പറയുന്നില്ലെങ്കിലും നിങ്ങളുടെ നെഞ്ചത്ത് കൈവച്ച് അതിനെക്കുറിച്ച് ആലോചിക്കാൻ സമയം കണ്ടെത്തണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. ഈ സംസ്ഥാനത്തിനകത്ത് ഇപ്പോൾ നിൽക്കുന്നു എന്നു പറയുന്ന ഈ ഭരണം, ഭരണമെന്ന് ഇതിനെ വിശേഷിപ്പിക്കാൻ കഴിയുകയില്ലെങ്കിലും കുറച്ചു ദിവസക്കാലമായി ഇവിടെ നടത്തിയ ഒരുപാട് അതിക്രമങ്ങളെക്കുറിച്ച്, അത്യാചാരങ്ങളെക്കുറിച്ച് സമയക്കുറവുകൊണ്ട് പറയണമെന്ന് ആഗ്രഹിക്കുന്നില്ല.

സർ, നിയമ സമാധാനത്തിൻെറ കാര്യം മററു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തി സംസാരിക്കുന്ന സന്ദർഭത്തിൽ കേരളത്തിലെ നിയമസമാധാനത്തെക്കുറിച്ച് ഇപ്പോൾ പറയേണ്ട എന്നു പറയുന്ന മറുഭാഗത്തിരിക്കുന്ന ആളുകളോട് ഒരു കാര്യം ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സുൽത്താൻബത്തേരിയിൽ ആദിവാസി കുടുംബത്തിലെ 5 പേരെ കൊലചെയ്തപ്പോൾ ഞാൻ തന്നെയാണ് ഹരിജൻ മന്ത്രി എന്നു പറഞ്ഞ ബഹുമാനപ്പെട്ട കെ. കരുണാകരന് തലസ്ഥാനം വിട്ടുപോകാൻ സാധിച്ചില്ല. കാരണം ഇവിടെ എം. എൽ. എ. മാരെ ചാക്കിട്ടു പിടിക്കേണ്ട കൃത്യനിർവ്വഹണ ബാദ്ധ്യതതന്നെ അദ്ദേഹത്തിനുണ്ടായിരുന്നു. എന്നുമാത്രമല്ല ശ്രീമാൻ ആൻറണിയുടേയും കൂട്ടുകാരുടേയും പിൻതുണയോടുകൂടി നിൽക്കുന്ന ഈ മന്ത്രിസഭ, ഏതു സമയത്താണ് അദ്ദേഹം പാലം വലിക്കുകയെന്ന് അറിയാത്തതുകൊണ്ട് തലസ്ഥാനം വിട്ടുപോകാൻ കരുണാകരന് വളരെ ബുദ്ധിമുട്ടുണ്ട്. നമുക്കറിയാം, നമ്മൾ എത്ര ആളുകളെ അധികാരത്തിലേക്ക് കയററി. ബഹുമാനപ്പെട്ട സി. എച്ച് മുഹമ്മദ് കോയ ഇവിടെയിരിക്കുന്നു. അദ്ദേഹത്തെ താഴെ ഇറക്കിയത് ആരാണ്; വാസുദേവൻ നായരെ താഴെ ഇറക്കിയത് ആരാണ്; ഏററവും ഒടുവിലായി നായനാരുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയെ താഴെ ഇറക്കിയത് ആരാണ് എന്നുള്ളതെല്ലാം ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് അറിയാം. കയററിറക്കുമതി ജോലിനിർവ്വഹണ ബാദ്ധ്യത ഏതായാലും ആൻറണി വിഭാഗം കൃത്യമായി ഏറെറടുത്തിട്ടുണ്ടെന്ന കാര്യം ജനങ്ങൾക്കറിയാം.

സർ, സി. ഐ. ററി. യു. ക്കാരുടെ അക്രമത്തെക്കുറിച്ച് പറഞ്ഞു. ഞാൻ അത് പറയണമെന്ന് ആഗ്രഹിക്കുന്നില്ല. ഏതായാലും രണ്ടു ആക്രമണങ്ങളെക്കുറിച്ച് ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. സി. ഐ. ററി. യു. ക്കാർ വളരെ അധികം അക്രമണകാരികളായി കടന്നുവന്നു. ഒരു ദിവസം അവർ പ്രഖ്യാപിച്ചു, പബ്ലിക് സർവ്വീസ് കമ്മിഷൻ ചെയർമാൻ സ്ഥാനം ഏറെറടുത്തില്ലെങ്കിൽ നിങ്ങളുടെ തല കൊയ്തെടുക്കും. പ്രാണരക്ഷാർത്ഥം അത് സ്വീകരിക്കേണ്ടിവന്നു. പിന്നീടാണ് സർ, കൊച്ചിൻ കോർപ്പറേഷൻെറ മേയർ സ്ഥാനം, തിരുവനന്തപുരം കോർപ്പറേഷൻെറ മേയർ സ്ഥാനം ഇതു രണ്ടും ഏറെറടുത്തില്ലെങ്കിൽ നിങ്ങളുടെ തല കൊയ്തെടുക്കുമെന്ന് സി. ഐ. ററി യു. ക്കാർ പ്രഖ്യാപിച്ചത്. അങ്ങനെയാണ് കൊച്ചിൻ കോർപ്പറേഷൻെറ മേയർ സ്ഥാനവും തിരുവനന്തപുരം കോർപ്പറേഷൻെറ മേയർ സ്ഥാനവും ഏറെറടുക്കേണ്ടിവന്നത്. ഇതു രണ്ടും കൂടി ഏറെറടുത്തില്ലെങ്കിൽ നിങ്ങളുടെ തല

LIBRARY ARCHIVES Kerala Legislative Assembly

വിഛേദിക്കുമെന്ന് സി.ഐ.ററി.യു. ക്കാർ പറഞ്ഞു. ഞങ്ങളെന്തുചെയ്യും? ഏറ്റെടുക്കേണ്ടിവന്നു. ഇതൊന്നും പറഞ്ഞറിയിക്കേണ്ട കാര്യമില്ല. സഖാവ് കുഞ്ഞാലിയുടെ രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തി ആര്യാടനെ ജയിപ്പിക്കണമെന്ന് പറയാൻ സഖാവ് നായനാരും സഖാവ് നമ്പൂതിരിപ്പാടും സന്നദ്ധരായപ്പോൾ അതിനു വേണ്ടി മുദ്രാവാക്യം വിളിക്കാനും സി. ഐ. ററി. യു. ക്കാർ ഉണ്ടായിരുന്നു. അങ്ങനെ സി.ഐ.ററി.യു. ക്കാർ അക്രമങ്ങൾ ഒരുപാട് ചെയ്തിട്ടുണ്ട്. അതെപ്പററി യൊന്നും വിസ്തരിക്കാൻ ഞാനിപ്പോൾ മുതിരുന്നില്ല. ഒരു കാര്യം പ്രത്യേകം എടുത്തുപറയുവാൻ ഞാനാഗ്രഹിക്കുന്നു. അതായത് ഞങ്ങളുടെ രാഷ്ട്രീയ നയത്തെ സംബന്ധിച്ചൊന്നും നിങ്ങൾക്ക് തെററിദ്ധാരണ ഉണ്ടാകേണ്ടതില്ല. ഏകാധിപത്യത്തിനെതിരായുള്ള പോരാട്ടത്തിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് (എസ്) ഉറച്ചുനിൽക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ദിയോട്ടിയിലും സാദിപ്പൂരിലും ചിന്തിയിട്ടുള്ള ഹരിജനങ്ങളുടെ രക്തത്തിന് പകരം ചോദിക്കാനുള്ള സമരത്തിൽ ഞങ്ങളുണ്ടാകുമെന്നുള്ള കാര്യത്തിൽ നിങ്ങൾക്കാർക്കും സംശയമുണ്ടാകേണ്ട കാര്യമില്ല. മഹാഭാരതത്തിലെ ഒരു കഥാപാത്രമുണ്ട്, ഉത്തരൻ. അമ്മയെ കാണണമെന്നു പറഞ്ഞ് യുദ്ധഭൂമിയിൽ നിന്നുപോയ ഉത്തരനെന്ന കഥാപാത്രത്തെയാണെനിക്കിപ്പോൾ ഓർമ്മവരുന്നത്. ഞങ്ങളുടെ മുൻകാല നേതാവായ ആൻറണി ഏകാധിപത്യത്തിനും അധികാര പ്രമത്തതയ്ക്കും കുടുംബ വാഴ്ചക്കും എതിരായ യുദ്ധഭൂമിയിൽനിന്ന് എനിക്കു ഇന്ദിരയെ കാണണമെന്നുപറഞ്ഞ് ഒളിച്ചുപോയപ്പോൾ ഞങ്ങൾ അദ്ദേഹത്തോടൊപ്പം പോയില്ല. ആത്മ വഞ്ചനയുടേയും കാപട്യത്തിൻേറയും ദുർഭഗസന്തതിയായ ഈ എട്ടുകാലി വഞ്ചക മുന്നണിക്ക് കേരളത്തിലെ ജനങ്ങളുടെ പിന്തുണയോ വിശ്വാസമോ ഇല്ല. അതുകൊണ്ട് അൽപ്പമെങ്കിലും നാണവും മാനവുമുണ്ടെങ്കിൽ ഈ മന്ത്രിസഭ രാജിവച്ച് പരിപൂർണ്ണമായ ജനാധിപത്യം സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള ഒരു തീരുമാനമെടുക്കുന്നതായിരിക്കും നിങ്ങളുടെ ആരോഗ്യത്തിനും നല്ലത് എന്നുമാത്രം ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു.

ശ്രീ. എം. കെ. കണ്ണൻ: സർ, ഗവർണ്ണർ പ്രസംഗിച്ചു എന്നു പറയുന്ന നയപ്രഖ്യാപന പ്രസംഗത്തിനുവേണ്ടി ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ഇനി പ്രസംഗിക്കാൻ അഞ്ചുപേർ കൂടിയുണ്ട്. സഭ തീരുമാനിക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട കണ്ണൻെറ പ്രസംഗംകൂടി കഴിഞ്ഞിട്ട് ബാക്കി നാളെ എടുക്കാം. (സഭ സമ്മതിച്ചു)

ശ്രീ. എം. കെ. കണ്ണൻ: സർ, ഗവർണ്ണർ ഇവിടെ പ്രസംഗിച്ചു എന്നു പറയുന്ന പ്രസംഗത്തിൽ പ്രത്യേകിച്ച് യാതൊന്നുംതന്നെ എഴുതി ചേർത്തിട്ടില്ല. കഴിഞ്ഞ ഗവൺമെൻറ് തുടങ്ങിവച്ച പല സാമൂഹ്യക്ഷേമ നടപടികളേയും പദ്ധതികളേയുമൊക്കെ തുരങ്കംവയ്ക്കുകയും വെള്ളം ചേർക്കുകയും ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. തൊഴിലില്ലായ്മവേതനം കൊടുക്കുമെന്ന് പറഞ്ഞിട്ടില്ല. യുവത്വത്തിൻെറ പ്രതീകമെന്നവകാശപ്പെടുന്ന ആൻറണി കോൺഗ്രസിന് അതിനെപ്പററി എന്താണു പറയാനുള്ളത്? അതെപ്പററി യൊന്നും അവരാരും പറഞ്ഞില്ല. കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കുന്നതിനാവശ്യമായ എന്തെങ്കിലും നടപടിയെടുത്തു എന്നുള്ള സൂചന പോലും യഥാർത്ഥത്തിൽ അതിലില്ല. കഴിഞ്ഞ ഗവൺമെൻറ് തുടങ്ങിവച്ച പദ്ധതികളും മററും പൂർത്തിയാക്കുന്നതിനാവശ്യമായ നടപടിയെപ്പററിയും

2/2077/G.

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ടില്ല. "ചെയ്യും, പരിശോധിക്കും എന്നൊക്കെയുള്ള സൂചനകൾ മാത്രമേ ഗവർണ്ണറുടെ പ്രസംഗത്തിലുള്ളു". ഇതിനേക്കാളും നല്ലൊരു പ്രസംഗം അവതരിപ്പിക്കാൻ അപ്പുറത്തിരിക്കുന്ന സ്നേഹിതൻമാർക്ക് കഴിയുകയില്ലെന്നുള്ളതാണ് വാസ്തവം. ഈ ഗവൺമെൻറിൽ പങ്കാളികളായ കക്ഷികൾക്ക് യോജിക്കാവുന്ന ഒരു നയമുണ്ടാക്കാൻ ഇവർക്ക് കഴിയുകയില്ല. എങ്ങനെയാണ് ഈ ഗവൺമെൻറ് ഉണ്ടായതെന്ന കാര്യം എല്ലാവർക്കുമറിയാവുന്നതാണ്. ആന്തുലെയും, ഭജൻലാലിനെമൊക്കെ ചെയ്തതുപോലെ ആളുകളെ വിലയ്ക്കെടുത്തുകൊണ്ടാണ് ഈ ഗവൺമെൻറുണ്ടാക്കിയത്. ഈ ഗവൺമെൻറിന് ഒരു നയപ്രഖ്യാപന പ്രസംഗം അവതരിപ്പിക്കുവാൻ കഴിയുകയില്ല, അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടി നിയമനിർമ്മാണം നടത്തുമെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടെന്നാണ് അപ്പുറത്തുനിന്നു പ്രസംഗിച്ച സ്നേഹിതൻമാർ പറഞ്ഞത്. അങ്ങനെയുള്ള ഒരു നയപ്രഖ്യാപന പ്രസംഗത്തിന് നന്ദിപ്രമേയം അവതരിപ്പിക്കുവാൻ ശ്രീ. തച്ചടി പ്രഭാകരൻ സർവ്വഥാ യോഗ്യനാണെന്നുള്ള കാര്യത്തിൽ തർക്കമൊന്നുമില്ല. കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്ത് ക്രമസമാധാനം തകർന്നതുകൊണ്ടാണ് മുന്നണി വിട്ടുപോയതെന്നാണ് ശ്രീ. സുധീരൻ ഇന്നലെ പ്രസംഗിച്ചത്. എവിടെയാണ് ക്രമസമാധാനം അപകടപ്പെട്ടത്? ജൻമിമാർക്കും മുതലാളിമാർക്കും ആളുകളെ ഇഷ്ടാനുസരണം പോലീസ് ലോക്കപ്പിലിട്ട് തല്ലാൻ കഴിഞ്ഞിരുന്നില്ല. തൊഴിൽ സമരങ്ങളെ അടിച്ചമർത്താൻ കഴിഞ്ഞിരുന്നില്ല. അതിനുള്ള വേവലാതിയല്ലേ ക്രമസമാധാനം അപകടപ്പെട്ടു എന്ന പ്രസംഗം? തൃശ്ശൂരിൽ ചുമട്ടുതൊഴിലാളി കാലാനുസൃതമായി കൂലി ചോദിച്ചു സമരം നടത്തിയപ്പോൾ ശ്രീമാൻ സുധീരനും തൊഴിൽ വകുപ്പു മന്ത്രിയും ആരുടെ പക്ഷത്തായിരുന്നു എന്നു ഞാൻ പറയണമോ? ഡി. സി. സി. പ്രസിഡൻറ് പി. ആർ. ഫ്രാൻസിസ്പോലും സുധീരന്റെ തൊഴിലാളി വിരുദ്ധ സമീപനത്തിൽ അരിശംകൊണ്ട് ചാടിയെഴുന്നേൽക്കുന്ന സ്ഥിതിയുണ്ടായി. അതേ അനുഭവം തന്നെയാണ് അരിമ്പൂരിലും ഉണ്ടായത്. അരിമ്പൂരിലെ മുതലാളിയെ വിലങ്ങുവച്ചതിനെക്കുറിച്ച് ഈ രാജ്യത്തു പ്രസംഗിച്ചുനടന്നു. 20 വർഷം ജോലി ചെയ്ത തൊഴിലാളിയെ അന്യായമായി പിരിച്ചുവിട്ടതിനെതിരായി അരിമ്പൂരിലെ പ്രഭാകരൻ എന്ന തൊഴിലാളി മാച്ച്ഫാക്ടറി ഉടമയുടെ പടിക്കൽ സത്യാഗ്രഹം നടത്തി. ഗുണ്ടകളെ ഇറക്കി മുതലാളി തൊഴിലാളിയെ മർദ്ദിച്ചപ്പോൾ മുതലാളിയെയും തൊഴിലാളിയെയും നിയമമനുസരിച്ച് അറസ്റ്റ് ചെയ്ത് കോടതിയിലേക്ക് കൊണ്ടുപോയി. തൊഴിലാളിയെയും മുതലാളിയെയും കൈയാമംവച്ചു പക്ഷേ മുതലാളിയെ കൈയാമം വച്ചതിലാണ് ആക്ഷേപം. കഴിഞ്ഞ തിരഞ്ഞെടുപ്പുകാലത്ത് രാപകലില്ലാതെ സുധീരനുവേണ്ടിപ്രവർത്തിച്ച 12 തൊഴിലാളികളെ കൈയാമം വച്ചതിൽ സുധീരന് ആക്ഷേപമുണ്ടായിരുന്നില്ല അദ്ദേഹം വിയ്യൂർ ജയിലിൽ പോയി മുതലാളിയെ കണ്ടു. ആ മുതലാളിയോടൊപ്പം അവിടെ കിടന്നിരുന്ന 12 തൊഴിലാളികളെ കാണാനുള്ള സൻമനസ്സ് മുതലാളിയുടെ ദാസനായ സുധീരനുണ്ടായില്ല. ഇപ്പോൾ ക്രമസമാധാനം ഭദ്രമായി എന്നാണ് പറയുന്നത്. ആരുടെ ക്രമസമാധാനമാണ് ഭദ്രമായത്? മുതലാളിയുടെ, തൊഴിലാളികളെയും കർഷകതൊഴിലാളികളെയുമൊക്കെ അടിച്ചമർത്തുന്ന മുതലാളിമാരുടെയും ഭൂസ്വാമിമാരുടെയും ക്രമസമാധാനം ഇപ്പോൾ ഭദ്രമാണ്. അതിൽ തർക്കമൊന്നുമില്ല. ഇടതുപക്ഷജനാധിപത്യമുന്നണി ഭരിച്ചിരുന്നകാലത്ത് അതിനൊന്നും കഴിഞ്ഞിരുന്നില്ല. ഇന്നു വീണ്ടും അത് ആവർത്തിക്കപ്പെട്ടിരിക്കുകയാണ്. അടിയന്തിരാവസ്ഥയിലെപ്പോലെയുള്ള അടിച്ചമർത്താലാണ് ഇപ്പോഴുള്ളത്.

സർ, 19-ാം തീയതിയിലെ സമരത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. മുൻപൊരു ഗവൺമെൻറും ചെയ്തിട്ടില്ലാത്ത രീതിയിലാണ് ഈ ഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

ആ സമരത്തെ നേരിട്ടത്. പോലീസിനെ മാത്രമല്ല എക്സൈസുകാരെയും ഹോംഗാർഡുകളെയും ഫോറസ്റ്റുഗാർഡുകളെയുമെല്ലാം ആ സമരത്തെ നേരിടാൻ വേണ്ടി ഉപയോഗിച്ചു. എന്തിനുവേണ്ടിയായിരുന്നു ഈ പണിമുടക്കു സമരം? 1981 ജൂൺ മാസത്തിൽ ബോംബെയിൽ ചേർന്ന തൊഴിലാളി സംഘടനകളുടെ സമ്മേളനത്തിൽ ശ്രീ. ഉമ്മൻചാണ്ടിയും പങ്കെടുത്തിരുന്നു. ആഭ്യന്തര സുരക്ഷിതത്വനിയമത്തിനെതിരായി ഈ പണിമുടക്കുസമരം നടത്തണമെന്ന് ആ സമ്മേളനം തീരുമാനിച്ചതാണ്. അതിനെതിരായി സമരം ചെയ്താൽ മാത്രം പോരാ ഇന്ദിരാഗാന്ധിയുടെ വംശാധിപത്യത്തിനെതിരായിപ്പോലും സമരം ചെയ്യണമെന്ന് അന്നു പ്രസംഗിച്ച ഉമ്മൻചാണ്ടിയാണ് ഇന്നുപറയുന്നത്, ഈ പണിമുടക്കുസമരം രാഷ്ട്രീയപ്രേരിതമാണെന്ന്. ഈ സമരത്തെ അടിച്ചമർത്തുമെന്നാണ് ഉമ്മൻചാണ്ടി പ്രഖ്യാപിച്ചത്. ഈ സമരത്തോടനുബന്ധിച്ച് ഒരു ജാഥപോലും നടത്താൻ അനുവദിച്ചില്ല. തൃശ്ശൂരിൽ പണിമുടക്കിയ തൊഴിലാളികൾക്ക് ഒരു പൊതുയോഗം നടത്താനുള്ള അനുവാദംപോലും ഉമ്മൻചാണ്ടിയുടെ പോലീസ് കൊടുത്തില്ല. ക്രമസമാധാനം സംരക്ഷിച്ചു എന്നുപറയുന്ന ഉമ്മൻചാണ്ടിയുടെ പോലീസ് കൊടുത്തില്ല. പൊതുയോഗ സ്ഥലത്തുനിന്ന് തൊഴിലാളികളെ അറസ്റ്റു ചെയ്തു കൊണ്ടുപോയി. നൂറുകണക്കിനു സി.ഐ.ടി.യു. ക്കാരുടെ പേരിലും മററു ട്രേഡുയൂണിയൻ പ്രവർത്തകൻെറപേരിലും കള്ളക്കേസുകൾ ചാർജു ചെയ്തിരിക്കുകയാണ്. 18-ാം തീയതി രാത്രി ഉത്തരവാദപ്പെട്ട ട്രേഡ് യൂണിയൻ പ്രവർത്തകരെയൊക്കെ അറസ്ററുചെയ്തു ജയിലിൽവച്ചു. അവരൊക്കെ സാമൂഹ്യദ്രോഹികളാണെന്നാണ് ഉമ്മൻചാണ്ടി പ്രസംഗിക്കുന്നത്. ഐ.എൻ.ടി.യു സി. യുടെ തൃശ്ശൂർ ജില്ലാ പ്രസിഡൻററായ ജനാർദ്ദനൻ അടക്കമുള്ള ആളുകളെ സാമൂഹ്യദ്രോഹികളായിട്ടാണ് ഉമ്മൻചാണ്ടി ചിത്രീകരിക്കുന്നത്. അടിയന്തിരാവസ്ഥയിൽ എന്തൊക്കെയാണ് നടന്നതെന്ന് ഞാൻ പറയേണ്ടതില്ല. നാവടക്കൂ പണിയെടുക്കൂ എന്നാണ് അടിയന്തിരാവസ്ഥകാലത്ത് പറഞ്ഞിരുന്നതെങ്കിൽ ഇപ്പോൾ അച്ചടക്കം, കഠിനാദ്ധ്വാനം എന്നതാണ് മുദ്രാവാക്യം. അടിയന്തിരാവസ്ഥയിലെ മുദ്രാവാക്യം തെററായിപ്പോയി എന്നു പറഞ്ഞ ഇന്ദിരാഗാന്ധിയുടെ സ്വേച്ഛാധിപത്യത്തെ എതിർത്ത സുധീരനും ഉമ്മൻചാണ്ടിയും ഉൾപ്പെടെയുള്ള ആളുകൾ ഇന്ന് അച്ചടക്കം കഠിനാദ്ധ്വാനം എന്ന മുദ്രാവാക്യം നടപ്പാക്കാൻ പോകുകയാണ്.

മറെറാന്ന്, ഈ രാജ്യത്തെ ക്രമസമാധാനം അപകടത്തിൽ എന്നുപറയുന്നു. ഇവിടെ നായനാർ ഗവൺമെൻറ് രാജിവച്ചതിനുശേഷം ലോക്കപ്പ് മർദ്ദനം ഉണ്ടായിട്ടില്ലേ? ആളുകളെ കൊണ്ടുപോയി ലോക്കപ്പിലിട്ടു തല്ലുന്നു. തൃശ്ശൂർ പട്ടണത്തിൽ പ്രകടനം നടത്തിയ വിദ്യാർത്ഥികളെ, എസ്. എഫ്. ഐ. യുടെ സംസ്ഥാന ജോയിൻറ് സെക്രട്ടറി കാലിക്കട്ട് യൂണിവേഴ്സിററിയിലെ സിൻഡിക്കേററ് അംഗം കൂടിയായ ഇക്ബാലിനെ തൃശ്ശൂർ ലോക്കപ്പിലിട്ടാണ് ക്രൂരമായി മർദ്ദിച്ചത്. യാതൊരു നടപടിയും എടുത്തിട്ടില്ല, അതുപോലെതന്നെ തൃശ്ശൂർ നെടുപുഴ പോലീസ് സ്റേറഷൻെറ മുമ്പിൽ വച്ചാണ് ഗവൺമേൻറ് കോളേജ് യൂണിയൻ ചെയർമാനും എസ്. എഫ്. ഐ. നേതാവുമായ സഖാവ് തോമസിനെ ആർ. എസ്. എസ്സുകാർ കുത്തി കൊലപ്പെടുത്തിയത്. ആ പ്രതികളെ സംബന്ധിച്ചിടത്തോളം ജാമ്യം കൊടുക്കുന്നതിന് പ്രോസിക്യൂഷൻ ഭാഗത്തുനിന്ന് എതിർപ്പുപോലും ഉണ്ടായിട്ടില്ല. സെക്കൻറ്ക്ലാസ് കോടതിയിൽ കൊലപാതക കേസിലെ പ്രതിക്ക് ജാമ്യം കിട്ടി. സർ, അതാണ് ഈ രാജ്യത്ത് നടക്കുന്നത്. ഇവിടെ എന്തു ക്രമസമാധാനം? ഈ രാജ്യത്ത് ക്രമസമാധാനം മുതലാളിമാർക്കും ജൻമിമാർക്കുമാണ്. അതുപോലതന്നെ പണിമുടക്ക് കുററകരമാണെന്നാണ് പറയുന്നത്. 19-ാം തീയതി ഇന്ദിരാകോൺഗ്രസ്സിൻെറ എം. എൽ. എ. ബാലകൃഷ്ണൻെറ പാടത്തെ കർഷകതൊഴിലാളികൾ പണിമുടക്കിയത് കുററകര

LIBRARY ARCHIVES Kerala Legislative Assembly

മാണെന്ന് പറഞ്ഞ് പണിമുടക്കിയ തൊഴിലാളികളെ ശ്രീമാൻ ബാലകൃഷ്ണന്റെ നിർദ്ദേശമനുസരിച്ച് അറസ്റ്റ് ചെയ്ത് കള്ളക്കേസ് ചാർജ്ജ് ചെയ്തു. അതാണ് ഈ രാജ്യത്ത് നടക്കുന്നത്. നിഷ്പക്ഷമായ പോലീസ് നയമാണ് നടപ്പാക്കുന്നത് എന്നാണ് പറയുന്നത്. ഈ ഗവൺമെന്റിന്റെ പോലീസ് നയം എന്താണെന്നു വ്യക്തമാക്കണം. വിദ്യാർത്ഥികൾ സമരങ്ങളിലൂടെ നേടിയെടുത്ത അവകാശമാണ് കലാലയങ്ങൾക്കകത്തുള്ള കലാലയാധികൃതരുടെ അനുവാദമില്ലാതെ പോലീസ് പ്രവേശിക്കുകയില്ലായെന്ന്. അനുമതി ഇല്ലാതെ പ്രവേശിക്കുമെന്നാണ് ഇന്ന് ഉമ്മൻചാണ്ടി പറയുന്നത്. കലാലയങ്ങൾക്കകത്തുള്ള കലാലയാധികൃതരുടെ അനുമതിയില്ലാതെ പ്രവേശിക്കുമെന്നാണോ നയം? ആഭ്യന്തര സുരക്ഷിതത്വനിയമത്തെ ഈ നിയമസഭയിലെ ഉമ്മൻചാണ്ടി അടക്കം എതിർത്തതാണ്. ആഭ്യന്തര സുരക്ഷിതത്വ നിയമത്തെ അദ്ദേഹത്തിന്റെ പാർട്ടി അനുകൂലിക്കുന്നുണ്ടോ? ശ്രീ. കരുണാകരൻ അതിന് എതിരായിരുന്നു. ഉമ്മൻചാണ്ടി അനുകൂലിക്കുന്നില്ലെങ്കിൽ തുറന്നു പറയണം.

അതുപോലെതന്നെ പണിമുടക്ക് നിരോധന നിയമം ഈ രാജ്യത്തെ തൊഴിലാളികൾക്ക് പണിമുടക്കാനുള്ള അവകാശം നിഷേധിക്കുന്ന പണിമുടക്കു നിരോധന നിയമം തെററാണെന്നു പറഞ്ഞാണ് ശ്രീ. കെ. എം. മാണിയുടെ പാർട്ടിയും ശ്രീ. ഉമ്മൻചാണ്ടിയുടെ പാർട്ടിയും ഞങ്ങളെല്ലാവരുംകൂടി ഈ നിയമസഭയിൽ പ്രമേയം പാസ്സാക്കിയത്. ആ പണിമുടക്ക് നിരോധന നിയമം തെററാണെന്നു പറയാനുള്ള തന്റേടം ഉമ്മൻചാണ്ടിക്ക് ഉണ്ടോ? അദ്ദേഹവും അദ്ദേഹത്തിന്റെ പാർട്ടിയും അടക്കം എതിർത്ത പണിമുടക്ക് നിരോധന നിയമത്തെ അനുകൂലിക്കുന്നുവെന്നു ആണോ ഉമ്മൻചാണ്ടി പറയുന്നത്.

അതുപോലതന്നെ ഈ ഗവൺമെന്റ് കേന്ദ്രവുമായി രചനാത്മകമായ സമീപനം പുലർത്തുന്ന ഗവൺമെന്റാണ്. പദ്ധതി വിഹിതം കൂട്ടാൻവേണ്ടി ഡൽഹിക്കുപോയി. മററു സംസ്ഥാന പദ്ധതികളുടെ വിഹിതം വർദ്ധിപ്പിച്ചു. എന്നാൽ കേരളത്തിന്റെ പദ്ധതി വിഹിതം വെട്ടിക്കുറച്ചുകൊണ്ടാണ് ന്യൂനപക്ഷ ഗവൺമെന്റ് വന്നത്. അതേക്കുറിച്ച് ഈ ഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്നു കേൾക്കാൻ ആഗ്രഹമുണ്ട്. അതുപോലെതന്നെ ഈ രാജ്യത്തെ കൃഷിക്കാരെ ദ്രോഹിക്കുന്ന ഇറക്കുമതി നയമാണ് സ്വീകരിച്ചിരിക്കുന്നത്. വെളിച്ചെണ്ണയും റബ്ബറും കൊക്കോയും ഇറക്കുമതി ചെയ്തുകൊണ്ടുള്ള കേന്ദ്രഗവൺമെന്റിന്റെ ഇറക്കുമതി നയത്തിൽ ഗവൺമെന്റിന്റെ സമീപനം എന്താണെന്നു പറയണം. അതിനെ എതിർക്കാൻ ഈ ഗവൺമെന്റ് തയ്യാറുണ്ടോ? കേരളത്തിലെ ജനങ്ങളെ ചൂഷണം ചെയ്യുന്ന കേരള സംസ്ഥാനത്തെ സമ്പദ്ഘടനയെ തകർക്കുന്ന കേരളത്തിലെ ജനങ്ങളെ പട്ടിണിക്കിടുന്ന കേന്ദ്രത്തിന്റെ തെററായ ഇറക്കുമതി നയത്തിനെതിരായി പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുന്നതിനെതിരായി ശബ്ദിക്കാൻ അപ്പുറത്തിരിക്കുന്നവർ തയ്യാറുണ്ടോ? അതുകൊണ്ട് ഈ ഗവൺമെന്റിന്റെ നയം വ്യക്തമാക്കണം. ഈ ഗവൺമെന്റിനുവേണ്ടി അവതരിപ്പിക്കപ്പെട്ട നയപ്രഖ്യാപനത്തിന് ബഹുമാനപ്പെട്ട തച്ചടി പ്രഭാകരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ശക്തിയായി എതിർക്കുന്നു.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും 8-2-1982 തിങ്കളാഴ്ച രാവിലെ 9 മണിക്ക് കൂടുന്നതുമാണ്.

(1982 ഫെബ്രുവരി 8-ാം തീയതി തിങ്കളാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 12.36-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly